


THE MALAYALA RAJYAM

st June 1953. ILLUSTRATED WEEKLY Three Ann



സിനിമാപംക്തി

ടി. മുത്തുലക്ഷ്മി

★

സാധാരണക്കാർ സിനിമാകാണുന്നതു് വിനോദിക്കുവൻവേണ്ടി മാത്രമാണ്. ഏതൊരു മനുഷ്യനും അവന്റെ ജീവിതത്തിൽ ചില വിനോദങ്ങളും അത്യന്താപേക്ഷിതവുമാണല്ലോ. നിർദ്ദയരായ ഭരിപക്ഷം ജനങ്ങളും ചുരുങ്ങിയ ചിലവുകൊണ്ടു വിനോദിക്കുവാൻ സൗകര്യം നൽകുന്നതു സിനിമാഅല്ലാതെ മറ്റൊന്നുമല്ല. പകൽമുഴുവനും ഏതെങ്കിലുംതരത്തിൽ കഠിനമായി അധ്വാനിക്കുകയും കുടുംബത്തെപ്പറ്റി സദാ ക്ലേശം അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഇത്തരക്കാരെ രണ്ടോ മൂന്നുമണിക്കൂർ സമയത്തേയ്ക്കു് ചിന്താശൂന്യരാക്കി ആനന്ദിപ്പിക്കുന്നതിനാം സിനിമായ്ക്കു് കഴിവുണ്ട്. സിനിമായിലെ ഹാസ്യനടന്മാരും നടികളും ഇക്കൂട്ടരുടെ പ്രത്യേകമായ ശ്രദ്ധയെ ആകർഷിക്കുന്നതു് സാധാരണമാണ്. തമിഴ് ചലച്ചിത്രവേദിയിലെ ഒരു ഹാസ്യനടിയായ ടി. മുത്തുലക്ഷ്മി വിനോദരസികരായ സിനിമാപ്രേമികളുടെ ഒരു പ്രിയപ്പെട്ട താരവുമാണ്. അനായാസവും അകൃത്രിമവുമായ അഭിനയകുശലതയും ആ നടിയുടെ പേരും പ്രശസ്തിയും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു.

തൂത്തുക്കുടിയിലാണ് മുത്തുലക്ഷ്മി ജനിച്ചതു്. മുത്തുലക്ഷ്മി നാടകസ്റ്റേജിൽനിന്നു സിനിമാരംഗത്തേയ്ക്കു് വഴിതിരിവീണ ഒരു നടിയല്ല. വിദ്യാർത്ഥിനിയായിരിക്കുമ്പോൾതന്നെ സ്കൂളിലെ നാടകങ്ങളിൽപോലും അവർ അഭിനയിച്ചിട്ടില്ല. പക്ഷെ ചെറുപ്പത്തിലേതന്നെ നാടകം, നൃത്തം, സിനിമാ തുടങ്ങിയവയെല്ലാം മുത്തുലക്ഷ്മി കാണുകയും ക്രമേണ അവരിൽ കലാഭിരുചി മൊട്ടിട്ടുവികസിക്കുകയുംചെയ്തു. പക്ഷെ മുത്തുലക്ഷ്മിയുടെ രക്ഷകർത്താക്കൾ കടുത്ത യാഥാസ്ഥിതികരായിരുന്നു. കലാരംഗത്തേയ്ക്കു പ്രവേശിച്ച തങ്ങളുടെ മകൾ മേന്മയൊന്നും നേടേണ്ട എന്നു അവർ ശഠിക്കുകയും ചെയ്തിരുന്നു. ഗത്യന്തരമില്ലാതായപ്പോൾ മുത്തുലക്ഷ്മി സഹഗൃഹത്തിൽനിന്നു ഒരു രാത്രി അജ്ഞാതമായി തിരോധാനംചെയ്തു. മുത്തുലക്ഷ്മിയുടെ ഒരു അമ്മാവൻ മി: പെരുമാൾ അന്നു മദ്രാസിൽ താമസമുണ്ടായിരുന്നു. മുത്തുലക്ഷ്മിനേരെ തന്റെ അമ്മാവനെ വിവരങ്ങളെല്ലാം ധരിപ്പിക്കുകയുംചെയ്തു. ഒരു കലാപ്രേമിയായ പെരുമാൾ അനന്തരവളുടെ കലാഭിരുചിയെ വളർത്തുന്നതിനുള്ള അനുകൂലസാഹചര്യങ്ങളും സൃഷ്ടിച്ചുകൊടുക്കുകയുംചെയ്തു. തിരുച്ചിറപ്പള്ളി മീനാക്ഷിസുന്ദരത്തിന്റെയും സംഗീതവിദ്വാൻ അനന്തഗോപാലന്റെയും ശിക്ഷണത്തിൽ മുത്തുലക്ഷ്മി നൃത്തകലയും സംഗീതവും ശാസ്ത്രീയമായി അഭ്യസിച്ചു തുടർന്നു ജെമിനിയുടെ ചന്ദ്രലേഖയിൽ ഒരു നർത്തകിയായി മുത്തുലക്ഷ്മിയെ തെരഞ്ഞെടുത്തു. ചന്ദ്രലേഖയിൽ മുത്തുലക്ഷ്മി ഭംഗിയായി നൃത്തംചെയ്തിട്ടുണ്ട്. തുടർന്നു "മഹാബലി" എന്ന ചിത്രത്തിൽ നായികയായി അഭിനയിക്കുന്നതിനു് മുത്തുലക്ഷ്മി തിരഞ്ഞെടുക്കപ്പെട്ടു. അജ്ഞാതമായ കാരണങ്ങളാൽ ഈ ചിത്രം ഇതുവരെ വെള്ളിത്തിരയിലെ വെളിച്ചം കണ്ടിട്ടില്ല.

മോഡേൺതിയേറ്റേഴ്സിന്റെ "പൊൻമുടി" എന്ന ചിത്രത്തിലെ അഭിനയത്തിനുശേഷമാണ് മുത്തുലക്ഷ്മിക്കും ഹാസ്യനടികളുടെകൂട്ടത്തിൽ ഗണ്യമായ സ്ഥാനം ലഭിച്ചതു്. മോഡേൺതിയേറ്റേഴ്സിന്റെ മന്ത്രികുമാരിയിലും മുത്തുലക്ഷ്മി അഭിനയിച്ചിട്ടുണ്ട്. തുടർന്നു എ. വി. എം. കമ്പനിക്കാരുടെ "ഒരു ഇരവു്" മോഡേൺതിയേറ്റേഴ്സിന്റെ "സവ്വാധികാരി" "കല്യാണി" "വളയാപതി" നാരായണൻകമ്പനിക്കാരുടെ "തായുള്ളം" ജൂപ്പിറ്റർകമ്പനിക്കാരുടെ "ജമീന്ദാർ" നാഷനൽപിക്ചേഴ്സിന്റെ "പരാശക്തി" അരുണാചലിംസിന്റെ "രാജാമ്പാൾ" രാജരാജേശ്വരിപിക്ചേഴ്സിന്റെ "ഇളൈഉഴവൻ" എന്നീചിത്രങ്ങളിൽ മുത്തുലക്ഷ്മി വിജയകരമായി അഭിനയിച്ചിട്ടുണ്ട്. ജയന്തിപ്രൊഡക്ഷൻസിന്റെ "പൊൻവയൽ" സംഗീതാപിക്ചേഴ്സിന്റെ "നാൽവർ" മദ്രാസ് ആർട്ട്സ് പ്രൊഡക്ഷൻസിന്റെ "രോഹിണി" മനോഹർപിക്ചേഴ്സിന്റെ "മനോഹര" എന്നീചിത്രങ്ങളിൽ മുത്തുലക്ഷ്മി ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്നു. ജെമിനി തമിഴിൽ നിർമ്മിക്കുന്ന "ദോളി" എന്ന ഹിന്ദി ചിത്രത്തിലും ആ നടി പ്രത്യക്ഷപ്പെടുന്നുണ്ട്. ജൂപ്പിറ്റർപിക്ചേഴ്സിന്റെയും മോഡേൺതിയേറ്റേഴ്സിന്റെയും പുതിയ ചിത്രങ്ങളിലും അഭിനയിക്കുന്നതിനുള്ള കോൺട്രാക്ടുകളിലും ഒപ്പുവച്ചിട്ടുണ്ട്. മുത്തുലക്ഷ്മി ചില ചിത്രങ്ങളിൽ ഓവർ ആക്ടുചെയ്തിട്ടുണ്ട്. അതിനുള്ള ഉത്തരവാദിത്വം മുഴുവൻ ആ നടി ഡയറക്ടന്മാരുടെ ചുമലിൽ വെച്ചുകെട്ടുകയാണ് ചെയ്തിട്ടുള്ളതു്. മുത്തുലക്ഷ്മിയുടെ മാതൃഭാഷ തമിഴാണെങ്കിലും അവർ തെലുങ്കുഭാഷയിലും ഇംഗ്ലീഷിലും പരിജ്ഞാനംനേടിയിട്ടുണ്ട്. അവരിപ്പോൾ ഹിന്ദിഭാഷയും അഭ്യസിക്കുന്നുണ്ട്. ഹിന്ദിയിലെ ഒരു പ്രസിദ്ധ ഹാസ്യനടിയായിത്തീരണമെന്നുള്ളതാണ് മുത്തുലക്ഷ്മിയുടെ വലിയ ആഗ്രഹം. ആ ഹാസ്യനടിയുടെ കലാജീവിതം ശോഭനവും ഭാസുരവുമായി പ്രശോഭിക്കുന്നതിനു് ഇടയാകട്ടെ. വ്യത്യസ്തരംഗങ്ങളിൽ പ്രശംസിക്കത്തക്കവിധം മുത്തുലക്ഷ്മി അഭിനയിക്കാറുമുണ്ട്.

★

ചലച്ചിത്രനിരൂപണം

"സത്യശോധന"

ഗ്രബ്ബികണ്ണാടകപ്രൊഡക്ഷൻസ് തെലുങ്കിൽനിന്നിച്ച ചിത്രത്തിന്റെ തമിഴ്പതിപ്പാണ് "സത്യശോധന" എച്ച്. എൽ. എൻ. സീംഹയാണ് ചിത്രത്തിനു കഥരചിച്ചതു്. സാധാരണക്കാർക്കു വിശ്വസിക്കുവാൻ വിഷമമേറിയ സംഭവങ്ങളിൽക്കൂടിയാണ് കഥ മുന്നോട്ടുനീങ്ങുന്നതു്. കഥാഗതിയെന്താണെന്നറിയുന്നതിനുമുമ്പായി സത്യൻഎന്നൊരു വക്കീലിന്റെ ശാന്തിഎന്നൊരു സുശീലയെ വിവാഹംകഴിക്കുന്നു. സത്യന്റെ ഇളയസഹോദരൻ വിജയൻ നേരത്തെതന്നെ ശാന്തിയുടെ ഒരു കാമുകനായിരുന്നു. ജ്യേഷ്ഠൻ ശാന്തിയെ വിവാഹംചെയ്തതിനുശേഷവും വിജയൻ അവളിൽ മൃഗീയമായ കാമാഭിലാഷം പുലർത്തിയിരുന്നു. പക്ഷേ വിവാഹത്തിനുശേഷം സത്യൻ ഉടൻതന്നെ വ്യാപാരസംബന്ധമായി സ്ഥലംവിട്ടു. അഞ്ചാംദിവസം രാത്രി സത്യൻ ശാന്തിയെ രഹസ്യമായി സന്ദർശിക്കുകയും ചെയ്യുന്നു. ശാന്തി അതേതുടർന്നു ഗർഭംധരിക്കുന്നു. സത്യൻ തന്റെ വിരലിൽകിടന്നിരുന്ന മോതിരം ഊരി ശാന്തിയെ ധരിപ്പിച്ചിട്ടു് മടങ്ങിപ്പോകുകയുംചെയ്യുന്നു. വിജയൻ ചേട്ടന്റെ ശാന്തിയെ ഉപദ്രവിച്ചിരുന്നുവെങ്കിലും അയാളുടെ മാതാവു് അവളെ ഉപദ്രവങ്ങളിൽനിന്നു് സൂക്ഷിച്ചിരുന്നു. എന്നാൽ ശാന്തി ഗർഭിണിയായതോടുകൂടി വിജയൻ് പ്രതികാരംനിർവ്വഹിക്കുവാൻ സന്ദർഭവും ലഭിച്ചു. വൃഭചാരക്കുറ്റംആരോപിച്ചു് ശാന്തി പഞ്ചായത്തിന്റെ തീരുമാനത്തിനു് ആനയിക്കപ്പെടുന്നു. താൻ ചാരിത്ര്യവതിയാണെന്നു തെളിയിക്കുന്നതിനായി ഭർത്താവുനൽകിയ മോതിരം അന്വേഷിച്ചപ്പോൾതന്നെ അതു് അവരുടെ ഭർത്തൃസഹോദരികൾ അപഹരിച്ചിരുന്നു. ഗത്യന്തരമില്ലാതെ ശാന്ത വധശിക്ഷ സ്വീകരിക്കുവാൻ തയ്യാറാകുന്നു പക്ഷേ ശാന്തിയെ വധിക്കാൻതുടങ്ങുമ്പോൾ അവിടെ ഈശ്വരനെ സ്തുതിക്കുന്നു. ഈശ്വരൻ പാമ്പിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു് ഘാതകരെ ഭയപ്പെടുത്തി ഓടിക്കുന്നു. തുടർന്നു് ശാന്തി ആ കാട്ടിൽ അലഞ്ഞുതിരിയുകയും രണ്ടുപ്രാവശ്യം ആത്മഹത്യാശ്രമംനടത്തുകയും ദൈവീകശക്തിയാൽ അവിടെ രക്ഷപ്രാപിക്കുകയും ചെയ്യുന്നു. ഒരു കരടി അവളുടെ സഹായത്തിനു് എത്തീചേരുന്നു. കരടി ശാന്തിയെ ഒരു ഗുഹയിൽകൊണ്ടുചെന്നു് താമസിപ്പിക്കുകയും അവർക്കു് ആവശ്യമുള്ള എല്ലാം സുഖസൗകര്യങ്ങളും നേടിക്കൊടുക്കുകയുചെയ്യുന്നു. അവിടെവെച്ചു് ശാന്തിക്കു് ഒരു ആൺകുട്ടി ജനിക്കുന്നു. അനന്തരം കരടി ഒരു സന്യാസിയായിത്തീരുകയും ആ പതിവ്രതയെ രക്ഷിക്കുവാനാണു് താൻ കരടിരൂപം ധരിച്ചിരുന്നതെന്നുമുള്ള യഥാർത്ഥം വെളിപ്പെടുത്തുന്നു. ഇതിനിടയിൽ മോതിരത്തിന്റെ രഹസ്യങ്ങളും വെളിപ്പെടുന്നു അതേടുകൂടി വിജയൻ് താൻ ചെയ്യുപോയ പാപപ്രവർത്തനങ്ങളിൽ പശ്ചാത്താപമുണ്ടായി. അയാളും ശാന്തിയെ അന്വേഷിച്ചു് വനത്തിലേക്കു പുറപ്പെടുകയുംചെയ്യുന്നു അവിടെവെച്ചു് വിജയൻ സപ്തദർശനം ഏറ്റുമരിക്കുന്നു. ശാന്തി വീണ്ടും തന്റെ ഭർത്താവായ സത്യനുമായി ഒന്നുചേരുകയും ആനന്ദകരമായ ജീവിതം നയിക്കുകയുംചെയ്യുന്നു.

(ശേഷം 25-ംപേജിൽ)

മുഖചിത്രം

★

എലിസബത്തു് II.

[ജൂൺ 2 ംനു- കിരീടധാരണം]

മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

T. K. T. Vidyasala LIBRARY & READING ROOM PERINAD QUILON. THE PERINAD

C. K. P

പുസ്തകം ൨൫ | കൊല്ലം ൧൮൭൨ ഇടവം ൧൯ൻ൦൦൭ തിങ്കളാഴ്ച | ലക്കം ൩൧൫

ബ്രിട്ടനിലെ കിരീടധാരണം

★

കിരീടധാരണം—അന്നും ഇന്നും



സെൻറ് എഡ്വർഡിൻെറ (കൺഫസ്സർ) കിരീടം. കൺഫസ്സർ എഡ്വർഡ് രാജാവു ധരിച്ചിരുന്ന കിരീടത്തിൻെറ ഒരു തനിപ്പകർപ്പാണ് ചാൾസ് ദ്വിതീയൻെറ കാലത്തു പണിതിട്ടുള്ള ഈ കിരീടം. കിരീടധാരണകർമ്മത്തിനുമാത്രം ഉപയോഗിക്കപ്പെടുന്ന ഇതിനു 7 റാത്തൽ ഭാരമുണ്ട്.

ബ്രിട്ടനിലെ പൊതുരംഗ്ടീയജീവിതത്തിലെ അതിപ്രധാനമായ ഒരു സംഭവമാണ കിരീടധാരണം. എലിസബത്തു ദ്വിതീയ രാജ്ഞിയുടെ കിരീടധാരണകർമ്മം ഏറ്റവും ചുരുങ്ങിയ സമയംകൊണ്ടു നിർവ്വഹിക്കപ്പെടുന്നതായിരിക്കുമെന്നുള്ളതു അതിൻെറ ഒരു പ്രത്യേകതയാണ് യുവതിയായ രാജ്ഞിയെ ആയാസപ്പെടുത്താതെ കഴിയുന്നതിനു അത്യാവശ്യമായ ചടങ്ങുകൾമാത്രം ഉൾപ്പെടുത്തി ചരിത്രപ്രധാനമായ പ്രസ്തുതകർമ്മം നിർവ്വഹിക്കപ്പെടണമെന്നാണ് ഭൂരിഭാഗികളുടെ അഭിപ്രായം.

ഇതിലും ചുരുങ്ങിയ സമയംകൊണ്ടു കിരീടധാരണകർമ്മം നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. അതിലൊന്നു ഹെൻറി ദ്വിതീയൻെറതായിരുന്നു. പിതാവു ജൺരാജാവിൻെറ കിരാതവും രാജകീയഭ്രഷ്ടനങ്ങളും കൈമോശം വന്നുപോയതിനുശേഷമായിരുന്നു മാതാവിൻെറ ഒരു കൃകനമാണ രാജാവിൻെറ ശിരസ്സിൽച്ചൂടി കർമ്മം നിർവ്വഹിക്കപ്പെട്ടതു്. അന്നു ലണ്ടൻനഗരം പ്ലേഗുപടുടെ അധീനത്തിലായിരുന്നു. പ്ലേഗുകാർ ബഹിഷ്കൃതരായശേഷം വെസ്റ്റ്മിൻസ്റ്റർ ദേവാലയത്തിൽവച്ചു വീണ്ടും ഒരു കിരീടധാരണം നടത്തപ്പെടുകയുണ്ടായി.

ദീർഘമായ ചടങ്ങുകൾ

അഞ്ചും ആറും മണിക്കൂർ നീണ്ടുനിൽക്കുന്ന പരിപാടികൾ ഉൾപ്പെട്ടതാണ് കിരീടധാരണകർമ്മങ്ങളും അസാധാരണമല്ല. ഏറ്റവും ദീർഘമായ പരിപാടികളുണ്ടായിരുന്നതു ജെയിംസ് ഒന്നാമൻെറ കിരീടധാരണത്തിനുണ്ടായിരുന്നതു്. എലിസബത്തു രാജ്ഞിയുടെ കിരീടധാരണത്തിനുള്ള ചടങ്ങുകൾ പകുതി ലത്തീൻഭാഷയിലും പകുതി ഇംഗ്ലീഷിലുമുള്ള വാക്യങ്ങൾ ചൊല്ലിയാണു നടത്തപ്പെട്ടതു്. അതിനു ശേഷം മുഴുവൻ ഇംഗ്ലീഷുഭാഷയിലാക്കി. ജെയിംസിനു ഇംഗ്ലീഷും അന്നത്തെ കർമ്മങ്ങൾ നടത്തിയ ബിഷപ്പു മാർക്കു ജർമ്മനും അപരിചിതമായിരുന്നുവെന്നുള്ളതു് ഓർക്കുമ്പോൾ ഈ ഭാഷാവ്യത്യാസം ഒരു പക്ഷേ അത്ര കാര്യമായി തോന്നുകയില്ല. ഏതായാലും അന്നു കർമ്മങ്ങൾ നടത്തപ്പെട്ടതിനുശേഷം അവ നിർവ്വഹിക്കപ്പെട്ടതു മൂന്നു മണിക്കൂർ നേരംകൊണ്ടായിരുന്നു. ഒൻപതു മണിക്കു രാജാവു് ആഗതനായി. തിരിച്ചെഴുന്നള്ളിയതു പന്ത്രണ്ടുമണിക്കായിരുന്നു. ജർമ്മൻകാരുടെ "നിഷ്കൃഷ്ടതയ്ക്കും" ഇംഗ്ലീഷുകാരുടെ "അനാരംഭകത"ത്തിനും ഉത്തമോദാഹരണമായിരുന്നു അന്നത്തെ ചടങ്ങുകൾ.

ജെയിംസ് ഒന്നാമൻ ഒരു മതഭക്തനായിരുന്നു. "കമ്മ്യൂണിയൻ" സന്ദർഭത്തിൽ കിരീടം ധരിക്കുന്നതു അവിഹിതമാണെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. ബിഷപ്പിൻെറ അഭിപ്രായംപോലും അവഗണിച്ചു് അദ്ദേഹം നഗ്നശിരസ്സനായാണ് പ്രസ്തുത ക്രിയയിൽ സംബന്ധിച്ചതു്. ഇതു് ഒരു കീഴ്നടപ്പായി അംഗീകരിക്കപ്പെടുകയുണ്ടായി. പെരുത്തവെ ചടങ്ങുകൾ അദ്ദേഹത്തിനിഷ്ടപ്പെട്ടു. കർമ്മങ്ങൾ ഭംഗിയായി നടന്നു. നേരേമറിച്ചായിരുന്നു പുരുഷൻ ജെയിംസ് തൃതീയൻെറ അനുഭവം. അന്നു് എല്ലാം തലകീഴായിപ്പോയി. ഇതിനു കാരണക്കാരൻ ഡെപ്യൂട്ടി ഏൾമാർഷൽ എഡിങ്ങ്ടണിലെ ഹൗവാർഡുപ്രഭുവായിരുന്നു. ദേഷ്യംകൊണ്ടു തുടുത്തപോലും അന്നു കുഴപ്പത്തിലാണ്ടു. ദേവാലയത്തിൽ രാജാവു് എത്തിയതു് ഒന്നരമണിക്കായിരുന്നു.

രാജാവു് അസംതൃപ്തനായി

കർമ്മത്തിനു് അത്യാവശ്യമായ ചില സാധനങ്ങൾ തയാറില്ലായിരുന്നു. ഉടവാൾ സമയമായപ്പോൾ കാണ്മാനില്ല. ചാർൾ മേയർടെ ഖഡ്ഗമാണു പകരം ഉപയോഗിക്കപ്പെട്ടതു്. കിരീടധാരണകർമ്മത്തിനിടയ്ക്കു കിരീടത്തിൽ പതിച്ചിരുന്ന ഒരു വലിയ വജ്രം നിലത്തുവീണു. രാജാവു് പരിഭ്രാന്തനായതിൽ അത്ഭുതപ്പെടാനില്ലല്ലോ. ചടങ്ങുകൾ പരിസമാപിച്ചശേഷം അദ്ദേഹം ഹൗവാർഡുപ്രഭുവിനെ വിളിച്ചു തൻെറ അതൃപ്തി പ്രകടിപ്പിച്ചു. അ

ത്തരത്തിലേയ്ക്കു പ്രവേശിക്കുന്നതിനു മുമ്പായി ഒരു പ്രാർത്ഥന ചൊല്ലുന്നു. ഈ പ്രാർത്ഥനയിൽ രാജ്ഞിയുടെ ശിരസ്സിലേയ്ക്കു താഴുന്നു. രാജ്ഞിയുടെ ഉത്തമാംഗത്തിൽ പൂട പ്പെടുന്നു. 'എലിസബത്തു രാജ്ഞി നീണാൾ വാഴട്ടെ' എന്ന ആശംസകൾ മുഴങ്ങുന്നു; കാഹളങ്ങൾ, മണി നാദം, ലണ്ടൻ ഗോപുരത്തിൽനിന്നുള്ള ആചാരവെടി, അന്തരീക്ഷം മുഖരിതമാക്കുന്നു.

അനന്തരം സിംഹാസനാരോഹണമായി. വിശിഷ്ടവസ്ത്രങ്ങളണിഞ്ഞ പ്രഭുക്കന്മാർ മുട്ടുകുത്തി രാജ്ഞിയെ അഭിവാദ്യംചെയ്തു അംഗീകരിക്കുന്നു.

സാമ്രാജ്യകിരീടവുമണിഞ്ഞു അധികാരചിഹ്നങ്ങളായ സ്വർണ്ണഗോളവും രാജദണ്ഡും വഹിച്ചുകൊണ്ടു രാജ്ഞി ദേവാലയാങ്കണത്തിലെ ദേവാലയംവിട്ടു പുറത്തിറങ്ങി. തെരുവീഥികളിൽ തിങ്ങിക്കൂടിനില്ക്കുന്ന ജനതതിയിൽനിന്ന് ഹൃദയംഗമമായ ആശംസകൾ ഉയർന്നു.

[കോളിൻഫ്രേയിം—സ്റ്റാർ]

ദേവാലയം

വില്യം എന്ന നോർമൻജേതാവിന്റെ കിരീടധാരണമാണ് വെസ്റ്റ്മിൻസ്റ്റർ ദേവാലയത്തിൽവച്ചു ഇടം പ്രഥമമായി നടത്തപ്പെട്ടതെന്നു കാണുന്നു. 1066-ൽ വില്യം ഒന്നാമൻ നോർമൻഡിയിൽനിന്നിറങ്ങി അന്നത്തെ ഇംഗ്ലണ്ടു ആക്രമിച്ചു കീഴടക്കിയതു്. അതിനുശേഷമുള്ള രാജാക്കന്മാരിൽ രണ്ടുപേരുടെയൊഴികെയുള്ള കിരീടധാരണം ലണ്ടൻ നഗരത്തിന്റെ ഏടയത്തിലുള്ള വെസ്റ്റ്മിൻസ്റ്റർ ദേവാലയത്തിൽവച്ചാണ് ആഘോഷിക്കപ്പെട്ടിട്ടുള്ളതു്. എഡ്വർഡു അഞ്ചാമനും എഡ്വർഡു എട്ടാമനും കിരീടധാരണകർമ്മം നടത്തുകയുണ്ടായില്ല.



എലിസബത്തു II—ഇടം ചുവപ്പുവസ്ത്രങ്ങളണിഞ്ഞ് രാജ്ഞി ധരിച്ചിരിക്കുന്നതു്. സ്റ്റാർ ഓഫ് ദി ഗാർട്ടറിന്റെ നീലപ്പട്ടയും ധരിച്ചിട്ടുണ്ട്. കണ്ഠാഭരണവും (നെക്ക് ലെസ്) കമ്മലുകളും, കങ്കണങ്ങളും ഖഡ്ഗവും ചിതമാണ്. രണ്ടുവരി മുത്തുകളും രണ്ടുവരി യജ്ഞവും കൊണ്ടുള്ള തലയ് ധരിച്ചിരിക്കുന്ന കിരീടം—വിക്ടോറിയാരാജ്ഞിയുടെ കാലത്തു അഴിച്ചു പണിതീർത്തതാണ് അതു്.

ജോർജ്ജ് തൃതീയന്റെ കിരീടധാരണപരിപാടികളിൽ ഏറ്റവും ആകർഷകമായിരുന്നതു് അന്നത്തെ സംഗീതസംവിധാനമായിരുന്നു. വിശ്രുതജർമ്മൻ സംഗീതവിദ്വാനായ ഹെൻഡൽ സംവിധാനംചെയ്ത സംഗീതപരിപാടിയാണ് അന്നുമുതൽ കിരീടധാരണകർമ്മത്തിനു് തുടർന്നുവരുന്നതു്. തൈലസേചനത്തിനുശേഷം സ്ഥാനാരോഹണം നടക്കുന്നു. ബിഷപ്പിന്റെ വസ്ത്രങ്ങളോടു സദൃശമുള്ള വസ്ത്രങ്ങളാണ് രാജാവിനെയോ രാജ്ഞിയെയോ ധരിപ്പിക്കുന്നതു്. രാജാധികാരത്തിന്റെ ആത്മീയവശമാണ് ഇതുദ്യോതിപ്പിക്കുന്നതു്. അനന്തരം ഹോമേജ്മെൻസ്സ്, രാജകീയമായ ഉടവാൾ, രാജോചിതമായ വസ്ത്രങ്ങൾ ഇവ രാജാവിനു് അർപ്പിക്കുന്നു. സ്വർണ്ണഗോളം, അംഗുലീയം, രാജദണ്ഡുകൾ എന്നിവയാണ് പിന്നീടു രാജാവിനു് നൽകുക. ഓരോ രാജചിഹ്നവും നൽകപ്പെടുമ്പോൾ അതിന്റെ ആന്തരാർത്ഥത്തെ സൂചിപ്പിച്ചുള്ള ചൊല്ലുസംഗവും ഉണ്ടായിരിക്കുന്നതാണ്. ഒടുവിലാണ് കിരീടധാരണം എന്ന കർമ്മം.

കിരീടധാരണം


എഡ്വർഡുപുണ്യവാളന്റെ കിരീടം ആശ്ലിഷിപ്പു കയ്യിലെടുക്കുന്നു. സ്വർണ്ണത്തെക്കാൾ ഉജ്ജ്വലവും രത്നങ്ങളെക്കാൾ പ്രകാശമാനവും ഏതൊരു കിരീടത്തെയുംകാൾ മനോജ്ഞതയുമായ ഒരു ഭരണത്തെ സൂചിപ്പിക്കുന്ന ഒരു രാജചിഹ്നമായി ബ്രിട്ടീഷുവർഗ്ഗത്തിന്റെ ചരിത്രം പാശ്ചാത്തലമാക്കിക്കൊണ്ടു് അതു് അദ്ദേഹത്തിന്റെ ഹസ്തങ്ങളിലിരുന്നു തിളങ്ങിവിളങ്ങുന്നു. സംവിധാനത്തിൽ അതു് അതാതു രാജ്ഞിയുടെ ശിരസ്സിലേയ്ക്കു താഴുന്നു, രാജ്ഞിയുടെ ഉത്തമാംഗത്തിൽ പൂടപ്പെടുന്നു. 'എലിസബത്തു രാജ്ഞി നീണാൾ വാഴട്ടെ' എന്ന ആശംസകൾ മുഴങ്ങുന്നു; കാഹളങ്ങൾ, മണിനാദം, ലണ്ടൻ ഗോപുരത്തിൽനിന്നുള്ള ആചാരവെടി, അന്തരീക്ഷം മുഖരിതമാക്കുന്നു.

അനന്തരം സിംഹാസനാരോഹണമായി. വിശിഷ്ടവസ്ത്രങ്ങളണിഞ്ഞ പ്രഭുക്കന്മാർ മുട്ടുകുത്തി രാജ്ഞിയെ അഭിവാദ്യംചെയ്തു അംഗീകരിക്കുന്നു.

സാമ്രാജ്യകിരീടവുമണിഞ്ഞു അധികാരചിഹ്നങ്ങളായ സ്വർണ്ണഗോളവും രാജദണ്ഡും വഹിച്ചുകൊണ്ടു രാജ്ഞി ദേവാലയാങ്കണത്തിലെ ദേവാലയംവിട്ടു പുറത്തിറങ്ങി. തെരുവീഥികളിൽ തിങ്ങിക്കൂടിനില്ക്കുന്ന ജനതതിയിൽനിന്ന് ഹൃദയംഗമമായ ആശംസകൾ ഉയർന്നു.



ചാൾസ്രാജകുമാരനും അൻരാജകുമാരിയും. കുമാരന്റെ ജനനം 1948 നവംബർ 14. കുമാരി 1950 ആഗസ്റ്റ് 15.



വിക്ടോറിയാരാജ്ഞിയുടെ കിരീടധാരണം. എഡ്വർഡു് പുണ്യവാളന്റെ കിരീടം ആശ്ലിഷിപ്പു രാജ്ഞിയെ ചൂടിക്കുന്നു.


അതിപുരാതനമായ ഒരു ദേവാലയത്തിന്റെ സ്ഥാനത്തു എഡ്വർഡ് ടി കൺഫസ്സർരാജാവു 1045-നും 1065-നും ഇടയ്ക്കു പണികഴിപ്പിച്ചതാണു വെസ്റ്റ്മിൻസ്റ്റർ. പഴയ ദേവാലയം പീറ്റർപുണ്യവാളനാൽ പ്രോൽഘാടനം ചെയ്യപ്പെട്ടതാണെന്നാണു വിശ്വാസം. വെസ്റ്റ്മിൻസ്റ്റർ പ്രസ്തുത പുണ്യവാളന്റെ നാമധേയത്തിലാണു പണിതിരിക്കുന്നതു്. വില്യം ഒന്നാമന്റെ കിരീടധാരണകാലത്തു് ദേവാലയം പഴക്കമുള്ളതായിരുന്നില്ല.

മദ്ധ്യകാലത്തു പലപ്പോഴായി അതിനു പരിഷ്കാരങ്ങളും ഭേദഗതികളും വരുത്തുകയുണ്ടായിട്ടുണ്ടു്. ഉദാഹരണമായി മനോഹരമായ അതിന്റെ മദ്ധ്യഭാഗം (നേവു്) 13-ംനൂറ്റാണ്ടിലെ ഇംഗ്ലീഷുശില്പികലയുടെ ഒരു മാതൃകയാണു്. ദേവാലയത്തിനുള്ളിൽ 15 രാജാക്കന്മാർ അന്ത്യനിദ്ര കൊള്ളുന്നു; എലിസബത്തു്, സ്കോട്ട്സ് രാണി മേരി എന്നിവരും അതിലുൾപ്പെടും. ബ്രിട്ടീഷുചരിത്രത്തിൽ മായാത്ത മുദ്രപതിപ്പിച്ച നിരവധി മഹാന്മാരുടെയും അന്ത്യവിശ്രമസ്ഥാനം പ്രസ്തുത ദേവാലയമാണു്. 1914-18-ലെ ലോകമഹായുദ്ധത്തിലെ അജ്ഞാതഭടന്റെ കുടീരമാണു് ഏറ്റവും പ്രധാനമായ സ്മാരകത്തു സ്ഥിതിചെയ്യുന്നതു്.

കിരീടധാരണാസനം

ദേവാലയത്തിന്റെ സ്ഥാപകനായ എഡ്വർഡ്പുണ്യവാളൻ (കൺഫസ്സർ) രാജാവിന്റെ ചാപ്പലാണു് ഏറ്റവും പാവനമായി കരുതപ്പെട്ടുന്ന സ്ഥാനം. മദ്ധ്യകാലത്തെ രാജാക്കന്മാരുടെ കുടീരങ്ങളുടെ മദ്ധ്യത്തിലായി കാണപ്പെടുന്നതാണു് 1297 മുതലുള്ള എല്ലാ കിരീടധാരണകർമ്മങ്ങൾക്കും ഉപയോഗിച്ചുവരുന്ന ആസനം. കിരീടധാരണകർമ്മത്തിനായി ആദ്യമായിട്ടാണു് ഈ മാറ്റം വരുത്തിയതു്.

നിരവധി ചരിത്രസ്മാരകങ്ങളും ഉൾക്കൊള്ളുന്ന ഒരു മന്ദിരമാണു് വെസ്റ്റ്മിൻസ്റ്റർദേവാലയം. മദ്ധ്യഭാഗത്തു കാണാവുന്ന സ്തംഭങ്ങൾ ചാന്ദ്രൽനിർമ്മിതിയിലുള്ള ശിലയാണെന്നു കാഴ്ചക്കാർ തെറ്റിദ്ധരിക്കുമെങ്കിലും യഥാർത്ഥത്തിൽ പർബക്ക് മാർബിളാണു് അവ. വടക്കുഭാഗത്തുകാണുന്ന ബെൻജാൺസൺ മഹാകവിയുടെ ശവകുടീരത്തെസംബന്ധിച്ചു ഒരു കഥയുണ്ടു്. ഏറ്റവും വലിയ ഒരു സ്മാരകശിലയാണു് ബെൻജാൺസന്റേതു്. രാജാവായ ജെയിംസ് ഒന്നാമൻ ബെൻജാൺസനു് എന്തെങ്കിലും ഉപഹാരമായി കൊടുക്കൽ ചോദിച്ചപ്പോൾ വെസ്റ്റ്മിൻസ്റ്റർദേവാലയത്തിൽ ഒരു ചതുരശ്രയടി സ്ഥലമാണു മഹാകവി ആവശ്യപ്പെട്ടതു്. ജാൺസൺ നിലകൊള്ളുന്ന നിലയിലാണു സംസ്കരിക്കപ്പെട്ടിരിക്കുന്നതു്; രാജാവു നൽകിയ ഒരു ചതുരശ്രയടി സ്ഥലത്തു്.



ജാർജ്ജ് ആറാമന്റെ കിരീടധാരണം. പ്രഭുക്കന്മാർ രാജാവിനെ മുട്ടുകുത്തി അഭിവാദനം ചെയ്യുന്നു.

ഹെൻറി സപ്തമന്റെ ചാപ്പലും മനോഹരമായ ഒരു ഭാഗമാണു്. പുണ്യവാളന്മാരുടെ നിരവധി വിഗ്രഹങ്ങൾ അവിടെ കാണാം. മാതൃപുണ്യവാളൻ കണ്ണാടി ധരിച്ചിരിക്കുന്നതിന്റെ കാരണമായി അതിന്റെ ശില്പി പറഞ്ഞതു് അദ്ദേഹം ചുങ്കംവകുപ്പിൽ ഉദ്യോഗംവഹിച്ചിരുന്ന കാലത്തു് പുസ്തകങ്ങൾനോക്കി കാഴ്ചയ്ക്കു കോട്ടംസംഭവിച്ചു എന്നാണു്. അവിടെത്തന്നെയാണു് രണ്ടാംലോകമഹായുദ്ധത്തിന്റെ ഒരു അസംഖ്യാരണസ്മാരകവും. ശത്രുവിന്റെ ഒരു ബാംബു് 4 ഇഞ്ചു ചതുരത്തിലുള്ള ഒരു വിടവു കിഴക്കുവശമുള്ള ഭിത്തിയിലുണ്ടാക്കി. പ്രസ്തുത വിടവു് അടയ്ക്കുന്നതിനു മുമ്പു് അതേ കണ്ണാടി തൽസ്ഥാനത്തു് സ്ഥാപിച്ച ഒരു സ്മാരകമായി സൂക്ഷിച്ചുവരികയാണു്.

[സെഡ്രിക്ക് വെനബിൾസ്]

രാജകുടുംബം

ആധുനികലോകത്തിൽ അതിവിശിഷ്ടമായ ഒരു സ്ഥാനമാണു് എലിസബത്തു് ദ്വിതീയയ്ക്കു ജനനാ സംസിദ്ധമായിരിക്കുന്നതു്. 27 വയസ്സുള്ള രാജ്ഞി ബ്രിട്ടന്റെയും പല സമുദ്രാന്തരരാജ്യങ്ങളുടെയും രാജ്ഞി മാത്രമല്ല; കോമൺവെൽത്തിന്റെ അധിപകൂടിയാണു്.

അരശതാബ്ദത്തിനുമേലായി ഒരു രാജ്ഞി ബ്രിട്ടന്റെ ഭരണഭാരം വഹിച്ചുകഴിഞ്ഞിട്ടു്. 1901 ൽ വിക്ടോറിയാ നാട്ടുനിങ്ങിയശേഷം ലോകം ദർശിച്ചിട്ടുള്ള സംഭവവികാസങ്ങളും നിരവധിയും ദൂരവ്യാപകവുമാണു്. സാമൂഹ്യസംവിധാനത്തിൽ ബാല്യമുതൽ മായ വ്യതിയാനങ്ങളും സംഭവിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും രാജസ്ഥാനം സുസ്ഥിരമായിത്തന്നെ സ്ഥിതിചെയ്യുന്നു. ചിതറിക്കിടക്കുന്ന സമുദായങ്ങളും, വൈവിദ്ധ്യംകൊണ്ടു രാഷ്ട്രീയാഭിപ്രായങ്ങളും, ആധുനികജീവിതരീതികളുടെ ഗതിവേഗം ഇവയെല്ലാം ഒത്തിണക്കിനിർത്തുന്നതിനു അഭംഗുരമായി അചഞ്ചലമായി നിലകൊള്ളുന്ന ഒരു കേന്ദ്രസ്ഥാനം അനപേക്ഷണീയമാണു്. 'രാജ്ഞി നാടുവാഴുന്നു, പക്ഷേ രാജ്ഞിയുടെ പ്രവൃത്തികളും വാക്കുകൾപോലും പ്രാധാന്യമനുസരിക്കുന്നതു രാജ്യധികാരം ഉപയോഗിച്ചു നിർമ്മിക്കപ്പെടുന്ന നിയമങ്ങളുടെ ശക്തിയല്ല, രാജ്ഞി പ്രവർത്തിയിലും വാക്കിലും പ്രദർശിപ്പിക്കുന്ന മഹനീയ മാതൃകയാണു്.

ജാർജ്ജ് ആറാമനായി രാജ്യഭാരം നടത്തിയ യശ്ശഃപ്രഭാവിന്റെ പ്രഥമസന്താനമായി ലണ്ടൻനഗരത്തിൽ ജനിയായ എലിസബത്തു് അലക്സാണ്ഡ്രാമേരിയുടെ ജനനദിനം സ്മരണയിലുള്ളവരാണു രാജ്ഞിയുടെ പ്രജകളിൽ ഭൂരിപക്ഷവും. ശൈശവം മുതൽ കുമാരിയുടെ പുരോഗതിയെ സകൗതുകം സൂക്ഷിച്ചു വീക്ഷിച്ചുവരുന്നവരാണു് അവർ. വിക്ടോറിയാ മഹാരാജ്ഞിയുമായി ബന്ധമുള്ള ഒരു രാജകുമാരനാണു് രാജ്ഞിയെ 1947 ൽ പാണിഗ്രഹണംചെയ്തതു്. രാജകീയഭദ്രതാകർമ്മങ്ങളുണ്ടായിരുന്നു; പാരീസ്രാജകുമാരനും ആൻ രാജകുമാരിയും. മാതാവിന്റെ സിംഹാസനാരോഹണത്തോടുകൂടി ചാൾസ്, ഡ്യൂക്ക് ഓഫ് കോൺവാൾ പദം പ്രാപിച്ചു. കിരീടധാരണശേഷം നൽകപ്പെടുന്ന പദവിയാണതു്. താമസിയാതെ വെയിൽസ് രാജകുമാരൻ എന്ന സ്ഥാനവും അദ്ദേഹത്തിനു നൽകപ്പെടുമെന്നിടയുണ്ടു്. കഴിഞ്ഞ നവംബർ 14-ംതിയതിയാണു രാജകുമാരനു 4 വയസ്സു പൂർത്തിയായതു്.

ഇന്നത്തെ രാജ്ഞിയുടെ മുൻഗാമികളിൽ ധീരമതികളുടെ ഭരണകാലം ചരിത്രം സുവർണ്ണലിപികളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്, എലിസബത്തു്, ആൻ, വിക്ടോറിയാ, അവരുമായിട്ടുമതിയാകുന്ന ഒരു സൗഭാഗ്യം ഇന്നത്തെ രാജ്ഞിയെ അനുഗ്രഹിക്കുന്നുണ്ടു്; ഒരു മാതാവിന്റെയും ഒരു സഹോദരിയുടെയും സാന്നിദ്ധ്യം. രാജകുടുംബത്തിലെ ഇതര വ്യക്തികളും രാജ്ഞിക്കു സഹായമായിട്ടുണ്ടുള്ളതു ഒരു അനുഗ്രഹമാണു്. ഡ്യൂക്സ്റ്റർപ്രഭുവും പ്രഭ്വിയും, കെൻറിലെ പ്രഭു, പ്രിൻസസ്സ റോയൽ

[ഒളിവർ ഏർണർ]

റേഡിയോ ടെലവിഷൻ പ്രക്ഷേപണം

രാജ്ഞിയുടെ കിരീടധാരണം സംബന്ധിച്ചുള്ള വെസ്റ്റ്മിൻസ്റ്റർ ദേവാലയത്തിലെ പരിപാടികളുടെയും തുടർന്നുള്ള ഘോഷയാത്രയുടെയും വിവരണം നൽകുന്നതിനു 250 പേരുൾക്കൊള്ളുന്ന റേഡിയോ വിഭാഗം സംഘം നിയുക്തമായിട്ടുണ്ടു്. ബി. ബി. സി-യുടെ ജനറൽ ഓഫീസ് സീസ്സ്വീസു ഗോളത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കുമായി 40 ഭാഷകളിൽ, അവരുടെ സർവ്വീസും റേഡിയോസും ഉപയോഗിച്ചു പ്രക്ഷേപണം നടത്തുന്നതാണു്. അപ്പോൾതന്നെ നടക്കുന്ന പരിപാടികൾ ടെലിവിക്കുന്നതിനു സൗകര്യം ലഭിക്കുമാറുണ്ടാക്കിയിട്ടുണ്ടു്. അടുത്ത 12 മണിക്കൂർ നേരം ജനറൽ ഓഫീസ് സർവീസിൽനിന്നും പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട വിവരണങ്ങൾ നൽകുന്നതായിരിക്കും. ലണ്ടനിലെ ആഘോഷങ്ങളും, പ്രശസ്തരായ സന്ദർശകരുമായുള്ള അഭിമുഖ സന്ദർശനവിവരങ്ങളും കിരീടധാരണകർമ്മത്തിന്റെ ക്രമീകരിച്ചുചെയ്യപ്പെട്ട ഭാഗങ്ങളും ഇതിൽ ഉൾപ്പെടുന്നതാണു്. ഇതുകൂടാതെ പരിപാടികളും ടെലവൈസ് ചെയ്യുന്നതിനും ഹിലിംചെയ്യുന്നതിനും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.


ജൂൺ 2-ംതിയതി G. M. T. 2 മണിക്കു (രാത്രി 1-30 ഇൻഡ്യൻ സ്റ്റാൻഡാർഡുസമയം) രാജ്ഞി ഈ പ്രക്ഷേപണവും നടത്തുന്നതാണു്.

FOR NEW WATCHES, CLOCKS and REPAIRS also PENS Sales & Service

KRISHNAN NAIR'S WATCH Co

TRICHUR-ERNAKULAM & QUILON





ഇന്ത്യൻ വക്കിണ്ട് ജേണ്ടലിസ്റ്റ് ഫെഡറേഷൻ പ്രസിഡൻറ് ശ്രീ: ചലപതിറാവു.

മാവോ-സേ-തുങ്ങ്

★

— ശാസ്താംകോട്ട, എ. എം കുഞ്ഞു —

"ആരേ! അയ്യ സംഭവിക്കേണ്ട വേണം. ലോകചരിത്രത്തിൻറെ രൂപവശ്യമാണത്". മഹാരഥന്മാരുടെ ജീവരക്തം എത്രതന്നെ ആഹുതി ചെയ്താലും അനന്തരയുഗങ്ങൾ അതിനെ സംശുകരിക്കാതിരിക്കുകയില്ല." എന്നു പ്രത്യക്ഷമായി പ്രഖ്യാപിച്ചുകൊണ്ടാണ് ചൈനയിലെ ജനകീയ ജനാധിപത്യവിപ്ലവം ഉടലെടുത്തത്. ഏഷ്യയുടെ ചരിത്രത്തിലൊരു നവോദ്യമം കുറിച്ചുകൊണ്ട്— കമ്മ്യൂണിസ്റ്റ് ശത്രുവായ ചിയാങ്കൈഷെക്കിനെ ഫോർമോസാ ദ്വീപിലേയ്ക്കു തള്ളിവിട്ടുകൊണ്ട് — അരങ്ങേറിയ ആ മഹൽസംഭവത്തിൻറെ പിന്നിലുള്ള 'ബുദ്ധിവിലാസം' എന്തുകൊണ്ടും മാവോ — സേ — തുങ്ങിൻറേതുതന്നെയാണ്.

ചൈനയിലെ സാമ്രാജ്യത്വചൂഷണം അവസാനിപ്പിച്ച, പുരോഗതി ആഗ്രഹിക്കുന്ന അവിടത്തെ ജനകോടികളെ സ്വാതന്ത്ര്യത്തിലേയ്ക്കും ജനാധിപത്യത്തിലേയ്ക്കും വഴിനടത്തിയ ആ ജനാധിപത്യവിപ്ലവം ലോകചരിത്രത്തിൻറെ മായാത്ത മുദ്രയാണ്. മർദ്ദകവർഗ്ഗത്തിനെതിരായ ആശയും ആവേശവും നൽകി, ഏഷ്യൻജനതയുടെ വിമോചനസമരങ്ങൾക്കു മാർഗ്ഗവും മാർഗ്ഗവും നൽകി, മുന്നേറിയ തൊഴിലാളികർഷകവിഭാഗത്തിനെ നേതൃത്വം കൊടുത്ത മാവോ-സേ—തുങ്ങ് തീച്ചയായും വിപ്ലവനേതാവുതന്നെയല്ലേ?

ജന്മിമർദ്ദനത്തിനും ഫാസിസ്റ്റ് ഭീകരവാഴ്ചയ്ക്കും വിധേയരായ 40 കോടി ജനങ്ങളെ സോഷ്യലിസത്തിനേറയും ജനാധിപത്യത്തിനേറയും വൻകിടമുതലാളിമാരുടെ സമ്പൂർണ്ണാധിപത്യത്തിനേറയും നരകത്തിൽനിന്നും കരകയറ്റുവാനുള്ള സമരത്തിലേയ്ക്കു നയിച്ചതിൻറെ പിന്നിൽ അണിനിരത്തി, 1912-ൽ ആഭ്യന്തരവിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ തുങ്ങും വിപ്ലവസേനയിൽ ചേർന്നു. രാഷ്ട്രീയവാരികകളും ഗ്രന്ഥങ്ങളും മാവോയെ വീണ്ടും അഭ്യുദയകാംക്ഷിയായ ഒരു നിർബന്ധിച്ചു. അങ്ങനെ അഭ്യുദയകാംക്ഷിത്തിനുശേഷം കലാശാലാബോർഡിൽ നേടിയ മാവോ ദിനംപ്രതി ജീവിതവിജയം നേടിവന്നു. 1917-ൽ 'നൃപീപ്പിൾ സ്റ്റഡിസൊസൈറ്റി' സ്ഥാപിക്കുകയും വിപ്ലവകാരികളുമായി അടുത്ത സമ്പർക്കം പുലർത്തുകയുംചെയ്തു. ചൈനയുടെ ഭാവി ഏതാണ്ടഭിവിടംമുതൽ ഒരു നിർണ്ണായകഘട്ടത്തിൽ എത്തിനിന്നിരുന്ന 1918-ൽ ലൈബ്രറിയിൽ ഒരു ഉദ്യോഗം സ്വീകരിച്ചു. മാർക്സിസവും റഷ്യൻവിപ്ലവചരിത്രവും മാർഗ്ഗദർശനമായി സ്വീകരിച്ച മാവോ അനന്തരം 'സൊസൈറ്റി ഓഫ് ഫിലോസഫി ആൻറ് ജേർണ്ണലിസത്തിൽ ചേർന്നു പഠിക്കാൻതുടങ്ങി. രാഷ്ട്രീയവിജ്ഞാനവും അനുദിനം അഭ്യുദയകൃതലായി സമ്പാദിച്ചു.

സൺയാറ്റ്സൻ രൂപീകരിച്ച കുമിൻതാംഗ്സംഘടന അഭ്യുദയത്തിൻറെ കാലശേഷം ചിയാങ്കൈഷെക്കിൻറെ നേതൃത്വത്തിൽ ജന്മി—മുതലാളിതപക്ഷത്തിൽ ചേർന്നകാലം മാർക്സിസത്തിൽ വിശ്വസിച്ച മാവോസാതുങ്ങിനെതിരായ ഒരു തൊഴിലാളിസംഘടനയുടെ ആവശ്യം മനസ്സിലാക്കുകയും തൽഫലമായി 1921-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപംകൊള്ളുകയും ചെയ്തു. അന്നത്തെ ഒരു മെമ്പറായ മാവോ ഇന്നത് അതിൻറെ ചെയർമാനാണെന്നറിയുമ്പോഴാണ് അദ്ദേഹത്തിൻറെ പ്രവർത്തികശലത പ്രകടമാകുന്നത്.

1923-ൽ കൂടിയ കമ്മ്യൂണിസ്റ്റ് സമ്മേളനം കുമിൻതാങ്ങുസംഘടനയിൽ ലയിക്കാൻ തീരുമാനപ്പെടുത്തുകയും അങ്ങനെ രണ്ടിൻറേയും നേതൃത്വം മാവോയിൽ കൈവരുകയും ചെയ്തു. കർഷകരെ ഉൽബുദ്ധരാക്കാൻ സംഘടനകൾ രൂപീകരിച്ചും വിജ്ഞാനപ്രഭങ്ങളായ പ്രസംഗങ്ങൾ നടത്തിയും കർഷകബാലനായിരുന്ന മാവോ കാർഷികവിപ്ലവകാരിയായി തിരിഞ്ഞു. ജന്മിമാരേയും വൻകിടമുതലാളിമാരേയും എതിത്ത മാവോ അവരുടെ ജന്മശത്രുവായിമാറി. അവരുടെ മർദ്ദനങ്ങൾക്കും ശത്രുത്വത്തിനും കാരണഭൂതനായ മാവോ പ്രവർത്തനസ്ഥലം മാറി, അറസ്റ്റുചെയ്യിക്കുവാനും. മാവോ കമ്മ്യൂണിസ്റ്റുപാർട്ടി പുനഃസംഘടിപ്പിച്ച രണ്ടുപേരുടേയും സഹകരണം ചൈനയ്ക്ക് ഒരു നവജീവൻ നൽകി, സായുധവിപ്ലവം കഴിഞ്ഞു പ്രതികൂലപരിതഃസ്ഥിതികളിൽക്കൂടി ഭൂമി മോചിപ്പിക്കപ്പെട്ടു. കർഷകനു ഭൂമി ലഭിച്ചു. കൃഷിയുടെ വ്യതിയാനം ലോകം തുറിച്ചുനോക്കിത്തുടങ്ങി, തുങ്ങ് റവല്യൂഷനറികമ്മറ്റികൾക്കും രൂപീകരിച്ചു. കഞ്ഞുപ്പെട്ടന്ന കർഷകനും വിയർപ്പുചിന്തുന്ന തൊഴിലാളിയും നെടുതായൊന്നു ആശ്വസിച്ചു. അവരുടെ മുഖത്തു ഒരു പ്രസന്നത പ്രകാശിച്ചു.

അപ്പോഴേക്കും മറ്റൊരു ഉപദ്രവംകൂടി ഫാസിസ്റ്റ്ജപ്പാൻ ചൈനയെ ആക്രമിച്ചു. ദേശീയവിഭാഗവുമായിചേർന്നു വിപ്ലവസേനയുടെ സമരശേഷിക്കൊണ്ട് ജപ്പാനെ നാട്ടിൽനിന്നു ആട്ടിപ്പായിച്ചു. ഒടുവിൽ ജനകീയസൈന്യം ചിയാങ്കൈഷെക്കിൻറെ ക്രൂപ്പട്ടാളവുമായി ഏറ്റുമുട്ടി. വിപ്ലവസൈന്യം പൂട്ടെയുടെ നേതൃത്വത്തിൽ ചൈനയുടെ തലസ്ഥാനത്തേക്കു പാഞ്ഞുകയറി. ചിയാങ്കും കൂട്ടരും ചൈനയോടു യാത്രപറഞ്ഞു ഫോർമോസായിൽ അഭയംതേടി. എന്നിട്ടും ചൈനയുടെമേൽ അധികാരം ആവശ്യപ്പെടുകയാണ് ചിയാങ്ങ്.

അമേരിക്കൻ കുത്തകമുതലാളിത്വത്തിനു ചൈനയെ അടിയറവച്ചു ചിയാങ്കൈഷെക്കിനേയും കൂട്ടരേയും സ്ഥാനഭ്രഷ്ടനിന്നും പിടിച്ചിറക്കി കർഷകതൊഴിലാളി മർദ്ദകവിഭാഗത്തിനേതായ ഒരു ഭരണകൂടം പടുത്തുയർത്തി, സോഷ്യലിസത്തിനേറയും ജനാധിപത്യത്തിനേറയും മഹനീയത വ്യക്തമാക്കി, ഏഷ്യൻജനതയുടെ കണ്ണിലുണ്ണികളിലൊന്നായ മാവോ—ഇന്നും ജനകീയജനാധിപത്യരാഷ്ട്രത്തിൻറെ ചെയർമാനായി വിരാജിക്കുന്നു.

★

മലയാളരാജ്യം

"മാക്കിയവില്ലിയൻ പോളിറ്റിക്സ്"



കെ. അപ്പനമ്പ്യാർ എം എ.

ഭരണതന്ത്രജ്ഞന്മാർ വളരെ ശ്രദ്ധിച്ചു പഠിക്കുന്ന പുസ്തകങ്ങളിലൊന്നാണ്, "ദിപ്രിൻസ്"[1]. മാക്കിയവില്ലിയുടെ ഈ ഗ്രന്ഥത്തെ ആക്ഷേപിക്കുന്നവർക്കുപോലും ഒരു കാര്യം ഉറപ്പു സമ്മതിക്കും മാക്കിയവില്ലിയൻസിദ്ധാന്തങ്ങളും ഭരണതന്ത്രജ്ഞന്മാരുടെ വഴികാട്ടിയാണെന്ന്.

1469-ൽ ഫ്ലോറൻസ്സിൽ ജനിച്ച മാക്കിയവില്ലി ഒരു ഗവർമെൻറ് ഉദ്യോഗസ്ഥന്റെ ശ്രദ്ധപൂർവ്വജീവിതത്തിനു ശേഷം 1527-ൽ തന്റെ 58-ാം വയസ്സിലാണ് മരിച്ചത്. ഉദ്യോഗജീവിതകാലത്തു് അദ്ദേഹത്തിന്റെ സ്നേഹിതന്മാർക്കുപോലും മാക്കിയവില്ലി ഒരു മഹാനാണെന്ന സംഗതി അറിഞ്ഞിരുന്നില്ല.

ചില രാഷ്ട്രീയചിന്തകന്മാർ മാക്കിയവില്ലി എഴുതിയ പുസ്തകങ്ങളിൽ പ്രാധാന്യം കൊടുക്കുന്നതു് 'ദിപ്രിൻസ്സി'നാണ്. പഴയ ലോകത്തിലെ ഭരണകർത്താക്കന്മാർക്കു മാക്കിയവില്ലിയൻ സിദ്ധാന്തങ്ങളും വേദവാക്യമായിരുന്നു. ഭരണനൈപുണ്യം സിദ്ധിക്കുവാൻ 'രാവും പകലും' പഠിക്കുവാൻ കൊടുക്കുന്ന പുസ്തകങ്ങളിലൊന്നായിരുന്നു 'ദിപ്രിൻസ്'. നവീനലോകത്തിലും മാക്കിയവില്ലിയൻ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി അന്തരാഷ്ട്ര ചർച്ചചെയ്യുന്ന രാജ്യങ്ങളും ഇല്ലെന്നില്ല. ഇന്നും മാക്കിയവില്ലിയൻ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി പ്രവൃത്തിച്ചുവരുന്ന സചിവന്മാർ സമയാദിക്കുവാനും വൈരികളെ നശിപ്പിക്കുവാനും സാധിക്കുന്നു. ചാണക്യസൂത്രത്തെ കവച്ചുവെക്കുന്ന തത്വങ്ങളൊന്നും മാക്കിയവില്ലി പ്രതിപാദിച്ചിട്ടില്ല. എങ്കിലും മാക്കിയവില്ലിയെ ഇറാലിയൻ ചാണക്യനെന്നു വിളിക്കുന്നതിൽ തെറ്റില്ല.

കപ്പലോടിക്കുന്നതുപോലെ രാജ്യഭരണവും മാക്കിയവില്ലിയുടെ ദൃഷ്ടിയിൽ ഒരു കലയാണ്. രണ്ടിന്റെയും പ്രവർത്തനത്തിൽ സദാചാരത്തിന്റെ നിഴൽപോലും തട്ടേണ്ട. മനസ്സില്ലാമനസ്സോടെ ഈ വാദം എല്ലാ രാജ്യതന്ത്രജ്ഞന്മാരും സമ്മതിച്ചിട്ടുമുണ്ട്. ജനനം നീചനായ മനുഷ്യൻ ഉപകാരബാഹുല്യതമേലേ നന്മചെയ്യൂ. മാക്കിയവില്ലിയൻ സിദ്ധാന്തങ്ങളുടെ നിരായവർ ഈ പ്രത്യക്ഷപ്രമാണംതന്നെ. ഉപകാരബാഹുല്യതയില്ലെങ്കിൽ മാനുഷികതയിൽ പെരുമാറുന്നവനല്ല മനുഷ്യൻ. പേരെങ്കിൽ നന്മചെയ്യുന്നതിനേക്കാൾ തിന്മചെയ്യുന്നതിലാണ് മനുഷ്യനു് അധികം ആസക്തി. നീചനായ മനുഷ്യന്റെ ഹൃദയാന്തർഭാഗം ദുഷ്ടതയുടെ കൂടാണെന്ന പരമാർത്ഥം ഭരണതന്ത്രജ്ഞന്മാർ ഒരിക്കലും മറക്കരുതു്. മനുഷ്യസ്വഭാവം മാറുവാൻ വളരെ പ്രയാസം. അതിനെ അടിച്ചമർത്തുകതന്നെ വേണം.

മാറാമില്ലാത്ത മനുഷ്യസ്വഭാവം ചരിത്രഗതിയെ നിയന്ത്രിക്കുന്നതിനാൽ ചരിത്രം ഏകസ്വരമായ സംഭവങ്ങളുടെ ഗതിയാകുന്നു. പക്ഷേ നമുക്കു് ചരിത്രഗതി മാറിയതായി തോന്നും ചില പ്രത്യേക കാലഘട്ടങ്ങളിൽ. കാരണം, വസ്തുക്കളുടെ വളർച്ചയോടുകൂടി അതിനെ നശിപ്പിക്കുവാൻ വേറെ ഒരു ശക്തി അതിൽത്തന്നെ വളർന്നുവരുന്നു എന്നതാണ്. ജനനം, വളർച്ച, മരണം ഇന്നിയമം ചരിത്രത്തേയും ബാധിക്കുന്നതുകൊണ്ടാണ് സാമ്രാജ്യങ്ങളും ഉത്ഭവിക്കുകയും, വളരുകയും, അസ്തമിക്കുകയും ചെയ്യുന്നതു്. പക്ഷേ ചരിത്രഗതിയെ നിയന്ത്രിക്കുന്നതു് മാറാമില്ലാത്ത മനുഷ്യമനസ്സാകയാൽ ചരിത്രം എന്നും ഏകസ്വരത്തോടുകൂടിത്തന്നെ പ്രവഹിക്കുന്നു; സാമ്രാജ്യങ്ങളുടെ ഉത്ഭവം, വളർച്ച, നാശം. മനുഷ്യന്റെ ദുർമോഹങ്ങളേയും വികാരത്തേയും എന്നും ഏകസ്വരത്തോടുകൂടിത്തന്നെ നശിപ്പിക്കുവാൻ സാധിക്കുന്നുവെന്നതുമാത്രമേ ചരിത്രഗതി മാറൂ.

മാക്കിയവില്ലി പറയുകയാണ്:, നന്മയാണ് തിന്മയുടെ കാരണം. ഈ നിയമം രാജ്യഭരണസമ്പ്രദായത്തേയും ബാധിക്കുന്നുണ്ട്. നന്മയും തിന്മയും മാറി മാറി വളർന്നുവരുന്നതോടൊപ്പം രാജ്യഭരണരീതിയും മാറുന്നു.

തിന്മ എങ്ങിനെയാണ് ഒരു നല്ല രാജ്യത്തിൽ വളർന്നുവരുക? ഭരണകൂടം 'നശിക്കുവൻപോകുന്നുവോ'യെന്നുള്ള സൂചനകൾ? മാക്കിയവില്ലിയുടെ കണ്ണിൽ അധികാരദുർമോഹം ഭരണകർത്താവിനെ ബാധിക്കുന്ന ഒരു വ്യാധിയാണ്. ഭരണകർത്താക്കന്മാർ എന്നും സംതൃപ്തരാകുകയില്ല. പരമാധികാരംകിട്ടിയാൽക്കൂടി അവർ പിന്മാറുകയില്ല. അവിടെനിന്നും പിന്നെയും അധികാരംകിട്ടുവാൻ അവർ ശ്രമിക്കും. മനുഷ്യന്റെ സ്വഭാവവിശേഷണമാണ് ഇതിനു കാരണം. പ്രകൃതി മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവന്റെ ആശയ്ക്കു് അതൃത്തിയിട്ടില്ല. അതേസമയത്തു് അവന്റെ ആശയ്ക്കു് സംതൃപ്തി വരുത്തുവാൻ ഒരുവഴി പ്രകൃതി കാട്ടിയതുമില്ല. ഇതാണ് കലഹത്തിന്റേയും യുദ്ധത്തിന്റേയും അടിത്തറ. അധികാരദുർമോഹം ആരെയും കൈവിടുകയുമില്ല: അധികാരത്തിലിരിക്കുന്നവരെ പിടിച്ചുവലിച്ചു താഴത്തിടുവാൻ അധികാരമില്ലാത്തവർ സദാ ശ്രമിക്കും. മനുഷ്യന്റെ ഈ നശിച്ച വാസന രാഷ്ട്രത്തെ നശിപ്പിക്കുകയും ചെയ്യും.

മാക്കിയവില്ലിയുടെ അഭിപ്രായത്തിൽ സൽഭരണം സമാധാനത്തിലും സമാധാനം അലസതയിലും, അലസത നാശത്തിലും അവസാനിക്കുന്നു. സൽഭരണം രാജ്യത്തിൽ ശാന്തിപരത്തുന്നു. ശാന്തി വ്യാപിക്കുമ്പോൾ രാജ്യത്തു അലസതയുണ്ടാകും. അലസതയും ക്രമക്കേടും വളർന്നുവളർന്നു രാജ്യത്തെ നശിപ്പിക്കുകയും ചെയ്യും. രണ്ടാമതും സൽഭരണം വളരും.

ഈ സ്ഥിതിയെ മനുഷ്യന് നിയന്ത്രിക്കുവാൻ സാധിക്കും. മനുഷ്യൻ ജന്മനാ ഒരു ക്രമക്കേടുള്ളവനായതിനാൽ അവനെ ഏതു ഭരണസമ്പ്രദായമായാലും നിയന്ത്രിക്കേണ്ടിവരും. അവനെ നിയന്ത്രിക്കുവാൻ നിയമം അവശ്യമാകുന്നു. രാജ്യതന്ത്രജ്ഞന്മാർ ഒരുകാര്യം മറക്കരുതു്. അവർ ഉണ്ടാക്കിയ നിയമത്തെ അവർതന്നെ എന്നെങ്കിലുമൊരു അവസരത്തിൽ നിയമപരിപാലനം തടസ്സപ്പെടുത്തുമെന്നു്.

എന്നാൽ മാക്കിയവില്ലിയുടെ അഭിപ്രായത്തിൽ നിയമംകൊണ്ടുമാത്രം ഒരു രാജ്യത്തെ ഭരിക്കുവാൻ സാധ്യമല്ല. മതം രാജ്യത്തിന്റെ നിലനിൽപ്പിനു അത്യാവശ്യമാണ്. അതിന്റെ അഭാവം രാജ്യത്തിന്റെ ക്ഷയത്തിനു കാരണമാകുന്നു. നിലവിലുള്ള മതങ്ങളേയും, സ്ഥാപനങ്ങളേയും നശിപ്പിക്കാതെ ഭരണകർത്താക്കന്മാർ സൂക്ഷിക്കണം. രാജ്യഭരണം അങ്ങിനെചെയ്താൽ ഏളുപ്പമാകുകയുംചെയ്യും. ഭരണകർത്താക്കന്മാർ മതത്തിലടങ്ങിയ തത്വങ്ങളെ ചോദ്യംചെയ്യേണ്ട. തെറ്റായ മതാചാരങ്ങളെക്കൂടി രാജ്യത്തിൽ വളരുവാൻ സമ്മതിക്കണം, ഭരണകർത്താവിനു് ദൈവത്തിൽ തീരെ വിശ്വാസമില്ലെങ്കിൽക്കൂടി ജനങ്ങളെ വിശ്വസിപ്പിക്കുവാൻവേണ്ടി പ്രാർത്ഥനനടത്തണം. ഈശ്വരവിശ്വാസിയായ ഭരണകർത്താവു് നന്മയേ ചെയ്യുവെന്നു ജനങ്ങൾ തെറ്റിദ്ധരിച്ചുകൊള്ളും. ജനങ്ങളുടെ ആചാരത്തേയും മതപരമായ പ്രവർത്തികളേയും തടയുവാൻ ശ്രമിക്കുന്ന ഭരണകർത്താവു് തനി ഭ്രാന്തനാണ്. നിയമത്തെ ജനങ്ങൾ വിലവെക്കാതിരിക്കുകയും മതം ഇല്ലാതാകുകയും ചെയ്യുന്ന പരിതഃസ്ഥിതിയിൽ രാജ്യഭരണം പൊളിയുന്നു. സാമാന്യമായി പറയുകയാണെങ്കിൽ മാക്കിയവില്ലിയുടെ സിദ്ധാന്തങ്ങളെ തീരെ നിഷേധിക്കുവാൻ പ്രയാസം.

ഭരണകർത്താക്കന്മാർ പുതിയ പരിഷ്കാരം നടപ്പിൽക്കൊണ്ടുവരുവാൻ പാടില്ലെന്നല്ല മാക്കിയവെല്ലി പറയുന്നതു്. നവീനപരിഷ്കാരം രാജ്യത്തിൽ കൊണ്ടുവരുന്നതു് ജനങ്ങളുടെ സമ്പൂർണ്ണസമ്മതത്തോടെയായി സ്വീകരിക്കേണമെങ്കിൽ പുതുതായി കൊണ്ടുവരുന്ന പരിഷ്കാരത്തെ പഴയതുപോലെതന്നെ ധരിപ്പിക്കണം. കാരണം ഒന്നിൽ തൊണ്ണൂറുശതമാനം ജനങ്ങളും നിയമത്തിന്റെ പുറംചട്ടകണ്ടു് തൃപ്തിപ്പെടുന്നവരാണ്. ജനങ്ങളുടെ ക്ഷോഭം നിയമത്തിന്റെ പുറംചട്ടയോടാണ് കാട്ടുക. ആ പുറംചട്ടയുടെ ഉള്ളിൽ എന്തുതന്നെ പൊതിഞ്ഞുകൊടുത്താലും ജനങ്ങൾ സന്തോഷപൂർവ്വം സ്വീകരിക്കും. പക്ഷേ ഒരു ചെറിയ ജനവിഭാഗത്തെ മാത്രം ഇങ്ങിനെ തോല്പിക്കുവാൻ സാധ്യമല്ല. അതിസമർത്ഥന്മാരായ ഈ ന്യൂനപക്ഷത്തെ നാടുകടത്തുകയൊ, മാറ്റവല്ലവിധത്തിൽ നശിപ്പിക്കുകയൊവേണം. ഈ വിഭാഗത്തെ ഉന്മൂലനാശം ചെയ്യാത്ത ഭരണാധികാരി വെറും ഭീരുവാണ്—മീരിച്ചവനു് പ്രതികാരം ചെയ്യുവാൻ സാധ്യമല്ല.

രാജ്യഭരണകർത്താവു് എങ്ങിനെയാണ പെരുമാറേണ്ടതു് സ്വന്തം അനന്യയികളോടു്? അനന്യയികളെ രണ്ടായി തരംതിരിക്കാം. രാജ്യത്തിന്റെ നന്മയെ മുൻനിർത്തി പ്രവർത്തിക്കുന്നവരും, അങ്ങിനെ പ്രവർത്തിക്കാത്തവരും. ആദ്യത്തെ തരത്തിലുള്ളവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയുംവേണം. രണ്ടാമത്തെ കൂട്ടത്തിലുള്ളവരെ പിന്നേയും രണ്ടായിവേർതിരിക്കാം—നെഞ്ചു് ഉറപ്പില്ലാത്ത ബുദ്ധിജീവികളും; പിന്നെ സ്വന്തം നന്മയ്ക്കായി പ്രവൃത്തിക്കുന്ന സ്വാർത്ഥികളും. ആദ്യത്തെ കൂട്ടത്തിൽപ്പെട്ടവരെ അടർത്തിക്കാം, അവർ നിരുപദ്രവികളാണ്. പക്ഷേ രണ്ടാമത്തെ ഇനത്തിൽപ്പെട്ടവരെ തീരെ തള്ളണം. അവരെ അടർത്തിക്കരുതു്" കഷ്ടകാലം രാഷ്ട്രത്തിനുവരുത്തുവോളം അത്തരക്കാർ എതിരാളികളാകും.

നമ്മുടെ നിത്യജീവിതത്തെ സ്പർശിക്കുന്ന ഒരു സംഗതിക്കുടി മാക്കിയവില്ലി പ്രതിപാദിച്ചിട്ടുണ്ടു് ഇവിടെ ഉദ്ധരിക്കാം. മനുഷ്യനെ സ്നേഹിച്ചു ഭരിക്കുന്നതൊ അല്ല, ഭയപ്പെടുത്തി അടക്കുന്നതൊ, ഏതാണ് അധികാരത്തിലുള്ളവർ സ്വീകരിക്കേണ്ടതു്? മാക്കിയവില്ലിയുടെ ചിന്താഗതി ഇവിടെ വളരെ വളഞ്ഞതായി കാണാം. നന്ദിഇല്ലാത്ത മനുഷ്യനെ സ്നേഹിച്ചു് ഭരിക്കുവാനുള്ളശ്രമം പരാജയത്തിലേ അവസാനിക്കൂ. അതുകൊണ്ടു് മനുഷ്യനെ ഭരിക്കേണ്ടതു് ഭയപ്പെടുത്തിയാണ്. കാരണം, സ്നേഹിതന്മാരെ വെടിപ്പിക്കുന്നതിൽ ഒരാൾക്കു് ഭയമുണ്ടാകുകയില്ല. നേരേമറിച്ചു് ശത്രുവിനെ ഉപദ്രവിക്കുമ്പോൾ വളരെ കരുതിയേ അവൻ പ്രവൃത്തിക്കൂ. എങ്കിലും ജനങ്ങളെ വെടിപ്പിക്കാതെ കഴിച്ചുകൂട്ടുവാൻ മനുഷ്യൻ ശ്രമിക്കണം.

ഭരണകർത്താക്കന്മാർ പുതിയ പരിഷ്കാരം നടപ്പിൽക്കൊണ്ടുവരുവാൻ പാടില്ലെന്നല്ല മാക്കിയവെല്ലി പറയുന്നതു്. നവീനപരിഷ്കാരം രാജ്യത്തിൽ കൊണ്ടുവരുന്നതു് ജനങ്ങളുടെ സമ്പൂർണ്ണസമ്മതത്തോടെയായി സ്വീകരിക്കേണമെങ്കിൽ പുതുതായി കൊണ്ടുവരുന്ന പരിഷ്കാരത്തെ പഴയതുപോലെതന്നെ ധരിപ്പിക്കണം. കാരണം ഒന്നിൽ തൊണ്ണൂറുശതമാനം ജനങ്ങളും നിയമത്തിന്റെ പുറംചട്ടകണ്ടു് തൃപ്തിപ്പെടുന്നവരാണ്. ജനങ്ങളുടെ ക്ഷോഭം നിയമത്തിന്റെ പുറംചട്ടയോടാണ് കാട്ടുക. അ പുറംചട്ടയുടെ ഉള്ളിൽ എന്തുതന്നെ പൊതിഞ്ഞുകൊടുത്താലും ജനങ്ങൾ സന്തോഷപൂർവ്വം സ്വീകരിക്കും. പക്ഷേ ഒരു ചെറിയ ജനവിഭാഗത്തെ മാത്രം ഇങ്ങിനെ തോല്പിക്കുവാൻ സാധ്യമല്ല. അതിസമർത്ഥന്മാരായ ഈ ന്യൂനപക്ഷത്തെ നാടുകടത്തുകയൊ, മാറ്റവല്ലവിധത്തിൽ നശിപ്പിക്കുകയൊവേണം. ഈ വിഭാഗത്തെ ഉന്മൂലനാശം ചെയ്യാത്ത ഭരണാധികാരി വെറും ഭീരുവാണ്—മീരിച്ചവനു് പ്രതികാരം ചെയ്യുവാൻ സാധ്യമല്ല.

രാജ്യഭരണകർത്താവു് എങ്ങിനെയാണ പെരുമാറേണ്ടതു് സ്വന്തം അനന്യയികളോടു്? അനന്യയികളെ രണ്ടായി തരംതിരിക്കാം. രാജ്യത്തിന്റെ നന്മയെ മുൻനിർത്തി പ്രവർത്തിക്കുന്നവരും, അങ്ങിനെ പ്രവർത്തിക്കാത്തവരും. ആദ്യത്തെ തരത്തിലുള്ളവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയുംവേണം. രണ്ടാമത്തെ കൂട്ടത്തിലുള്ളവരെ പിന്നേയും രണ്ടായിവേർതിരിക്കാം—നെഞ്ചു് ഉറപ്പില്ലാത്ത ബുദ്ധിജീവികളും; പിന്നെ സ്വന്തം നന്മയ്ക്കായി പ്രവൃത്തിക്കുന്ന സ്വാർത്ഥികളും. ആദ്യത്തെ കൂട്ടത്തിൽപ്പെട്ടവരെ അടർത്തിക്കാം, അവർ നിരുപദ്രവികളാണ്. പക്ഷേ രണ്ടാമത്തെ ഇനത്തിൽപ്പെട്ടവരെ തീരെ തള്ളണം. അവരെ അടർത്തിക്കരുതു്" കഷ്ടകാലം രാഷ്ട്രത്തിനുവരുത്തുവോളം അത്തരക്കാർ എതിരാളികളാകും.

നമ്മുടെ നിത്യജീവിതത്തെ സ്പർശിക്കുന്ന ഒരു സംഗതിക്കുടി മാക്കിയവില്ലി പ്രതിപാദിച്ചിട്ടുണ്ടു് ഇവിടെ ഉദ്ധരിക്കാം. മനുഷ്യനെ സ്നേഹിച്ചു ഭരിക്കുന്നതൊ അല്ല, ഭയപ്പെടുത്തി അടക്കുന്നതൊ, ഏതാണ് അധികാരത്തിലുള്ളവർ സ്വീകരിക്കേണ്ടതു്? മാക്കിയവില്ലിയുടെ ചിന്താഗതി ഇവിടെ വളരെ വളഞ്ഞതായി കാണാം. നന്ദിഇല്ലാത്ത മനുഷ്യനെ സ്നേഹിച്ചു് ഭരിക്കുവാനുള്ളശ്രമം പരാജയത്തിലേ അവസാനിക്കൂ. അതുകൊണ്ടു് മനുഷ്യനെ ഭരിക്കേണ്ടതു് ഭയപ്പെടുത്തിയാണ്. കാരണം, സ്നേഹിതന്മാരെ വെടിപ്പിക്കുന്നതിൽ ഒരാൾക്കു് ഭയമുണ്ടാകുകയില്ല. നേരേമറിച്ചു് ശത്രുവിനെ ഉപദ്രവിക്കുമ്പോൾ വളരെ കരുതിയേ അവൻ പ്രവൃത്തിക്കൂ. എങ്കിലും ജനങ്ങളെ വെടിപ്പിക്കാതെ കഴിച്ചുകൂട്ടുവാൻ മനുഷ്യൻ ശ്രമിക്കണം.



വയറുകടി-അമീബിക്ക് ഡിസൻറി

ഇൻഡ്യയിലേക്കും ഏറ്റവും ദീകരമായ മൃഗമേതാണെന്നുചോദിച്ചാൽ മനുഷ്യഭോജിയായ കടുവാ ആണെന്നു നിങ്ങളും പറഞ്ഞേക്കാം. "എന്നാൽ ഈ വരയൻ നാല്പതിലുമധികത്തേക്കാളും ന്യായിരം മടങ്ങ് നാശത്തെ വരുത്തിക്കൂട്ടുന്ന ഒരു കുടുവാ ഇൻഡ്യയിൽ ഉണ്ട്". വലിപ്പത്തിൽ അണുമാത്രമായ ഈ കുടുവാ ഇൻഡ്യൻജനതയിൽ അഞ്ചിൽ മൂന്നുപേരുടെ ഉള്ളിൽ വസിച്ചു ഭക്ഷിച്ചു ജീവിക്കുന്നതായിക്കാണാം. ഇപ്രകാരം മനുഷ്യന്റെ ആരോഗ്യത്തെ നശിപ്പിക്കുന്ന അമീബിയാസിസ് (Amebiasis) അല്ലെങ്കിൽ അമീബിക്ക് ഡിസൻറി (Amebic Dysentery) എന്ന പറയപ്പെടുന്ന ഒരുതരം വയറുകടിക്കു കാരണഭൂതമായ സൂക്ഷ്മവ്യാപിയായ ഈ വ്യാഘ്രത്തിന്റെപേര് അമീബാ (Amoeba) എന്നാണ്.

ജീവജന്തുക്കളുടെ പടിയിൽ ഏറ്റവും താഴെ സ്ഥിതിചെയ്യുന്നതും, സൂക്ഷ്മദർശിനിയിൽക്കൂടിയല്ലാതെ കാണാൻ കഴിയാത്തവിധത്തിലുള്ള ഒരൊറ്റ അറമാത്രം വലുപ്പമുള്ളതുമായ ഒരു അണുവാണ് അമീബാ. എന്നാൽ ഈ ഒരറമാത്രം വലുപ്പമുള്ള ജീവി മറ്റുള്ള ജീവികളോടൊപ്പം ഭക്ഷിക്കുക വളരുക, വർദ്ധിക്കുക എന്നീ ജീവിതകൃത്യങ്ങളും നിർവ്വഹിക്കുന്നു. അമീബാവർഗ്ഗത്തിൽപ്പെട്ട എൻഡമീബാ ഹിസ്റ്റോളിറ്റിക്കാ (Endamoeba Histolytica) എന്നൊരു വിഭാഗമാണ് ചൈനാ, ആഫ്രിക്കാ മുതലായ രാജ്യങ്ങളിലെ ചില ഭാഗങ്ങളിൽ 80 ശതമാനം ആളുകളുടെ ദേഹത്തു വസിച്ചു, ഭക്ഷിച്ചു വളർന്നുവരുന്നത്. അതുകൊണ്ട് ഇൻഡ്യക്കും ലോകമൊട്ടുക്കും അമീബിക്ക് ഡിസൻറി (അമീബാവയറുകടി) ഒരു വലിയ പ്രശ്നമായിത്തീർന്നിരിക്കുന്നു.

അമീബിക്ക് ഡിസൻറി എങ്ങനെ പിടിപെടുന്നു

അമീബിക്ക് ഡിസൻറി സാധാരണയായി ജനനിബിഡമായും ശുചിത്വം കുറഞ്ഞിരിക്കുന്നതുമായ സ്ഥലങ്ങളിലാണ് ആക്രമണം നടത്തുന്നത്. ഈ അണുക്കളും പുത്തിഹീനമായ ഭക്ഷണപാനീയങ്ങളിൽക്കൂടി ശരീരത്തിൽ കടന്നുകൂടി സാധാരണമായി കുടലിൽവസിച്ച് കുടലിന്റെ നേരിയ ഭിത്തികളിൽ വ്രണങ്ങളും ഉണ്ടാക്കുന്നു. അതുപോലെ അവ രക്തക്കുഴലുകളിൽ പ്രവേശിച്ചു അതുവഴികൂടെ മുതലായ മറ്റു ഭാഗങ്ങളിൽ കടന്നുകൂടി അവിടവും ചിലപ്പോൾ വ്രണപ്പെടുത്തുന്നു. മറ്റു രോഗാണുക്കളെപ്പോലെ അമീബാ അല്ലെങ്കിൽ അമീബിക്ക് ഡിസൻറി എന്നു പറയുന്നതു്.

ഈ അണുക്കളും വയറും കുടലുംവിട്ട് ദേഹത്തിന്റെ മറ്റുഭാഗങ്ങളിൽ കടന്നുകൂടുമ്പോഴാണ് സിസ്റ്റമിക്ക് "വയറുകടി" (Systemic or Constitutional Amoebiasis) ഉണ്ടാകുന്നതു്. അവ കുടലിനുനാടനബന്ധിച്ച ചെറിയ രക്തക്കുഴലിൽക്കൂടെ വലിയ രക്തക്കുഴലുംകടന്നു കരളിൽപ്രവേശിച്ചു അവിടെ പഴുപ്പു ഉണ്ടാക്കുന്നു. ചില സന്ദർഭങ്ങളിൽ അവ ചങ്കിലും അവിടെനിന്നു ശ്വാസകോശങ്ങളിലും പ്രവേശിച്ചു അവിടെയും വ്രണങ്ങളും ഉണ്ടാക്കുകയോ അല്ലെങ്കിൽ ചിലപ്പോൾ സഞ്ചരിച്ചു ദേഹത്തിന്റെ ഏതുഭാഗത്തും പ്രവേശിക്കുകയോചെയ്യുന്നു.

ചികിത്സ

ആല്ക്കലോയ്ഡ് (Alkaloid) കുനേളിൻ (Quinoline) ആർസെനിക്കൽ (Arsenical) സൽഫനാമൈഡ് (Sulfonamide) ഇവകൊണ്ടുള്ള ചികിത്സയുടെ അനുഭവത്തിൽ 36 പേർ പൂർണ്ണസുഖംപ്രാപിക്കുകയും ചെയ്തു. എന്നാൽ അതിൽ 8 പേർ കുടലിൽമാത്രമല്ലാതെ മറ്റു ചിലഭാഗങ്ങളിലും രോഗം ബാധിക്കപ്പെട്ടവരായിരുന്നു.

ചൂടുരോഗങ്ങളിൽ കാണപ്പെടുന്ന ഏറിയും കുറഞ്ഞും ഉള്ള പനി (Undulant Fever) യിൽ ബാധിതനായ ഒരു രോഗിക്ക് ഓറിയോമൈസിൻ ചികിത്സകൊണ്ടു പനി മാറിയെന്നുമാത്രമല്ലാ, തനിക്കുണ്ടായിരുന്ന അമീബാ വയറുകടിയും അതോടുകൂടെ സുഖപ്പെട്ടു.

നിർഭാഗ്യവശാൽ അമീബാ-വയറുകടി ശീഘ്രം പകരുന്ന ഒരു സുഖക്കേടാണ്. കുടലിൽനിന്നു അണുക്കളെ ബഹിഷ്കരിച്ചാൽത്തന്നെ, ദേഹത്തിന്റെ മറ്റുഭാഗങ്ങളിലും വയറിലുള്ള വ്രണങ്ങളിലും അവ മറഞ്ഞിരിക്കാൻ ഇടയുണ്ട്. തന്മൂലം തൽക്കാലം പൂർണ്ണസുഖംപ്രാപിച്ചെന്നുവരികിലും വീണ്ടും അതു പിടിപെടാൻ ഇടയുണ്ട്. ഈ കാരണത്താൽ രോഗിയുടെവീട്ടിലുള്ള മറ്റെല്ലാവരേയും ഡോക്ടർ പരിശോധിക്കേണ്ട ആവശ്യംഉണ്ട്. ഉദാഹരണമായി അടുത്തകാലത്തു് 14 രോഗികളുടെ ഗൃഹാംഗങ്ങളെ പരിശോധിച്ചതിൽ 7 പേരുടെ കുടുംബത്തിൽ മറ്റാംഗങ്ങൾക്കും ചിലർക്ക് ഈ സുഖക്കേടുള്ളതായി കാണപ്പെട്ടു. അതുപോലെതന്നെ മലിനവസ്തുക്കൾ ശ്രദ്ധിക്കുക, ഭക്ഷണപാനീയങ്ങളും മാലിന്യപ്പെടാതെ സൂക്ഷിക്കുക, ഇവയും അത്യന്താപേക്ഷിതമാണ്.

എന്നാൽ ഈ സവ്വ്യാപിയായ, അണുമാത്രമായി കുടവയെ നശിപ്പിക്കുന്നതിന് പറ്റിയ ആയുധത്തെ, ഓറിയോമൈസിൻ (Aureomycin) എന്നുപറയപ്പെടുന്ന ആൻറിബയോ ടിക്കിൽ (Antibiotic) ലഭ്യമായിരിക്കുന്നുവെന്നു് വൈദ്യലോകം ഇപ്പോൾ ഉദ്ഘോഷിക്കുന്നു. ഈ ആൻറിബയോട്ടിക്കിന്റെ പ്രയോഗത്തെപ്പറ്റിയും അതിന്റെ ജീവചക്രത്തെപ്പറ്റിയും ഞാൻ അടുത്തപ്രാവശ്യം പ്രതിപാദിക്കാം.

സന്മാർഗ്ഗബോധത്തിന്റെ നിഴൽപോലുംതട്ടാത്ത ഈ സിദ്ധാന്തങ്ങളും ഒരാൾ 'പ്രവൃത്തി പദ്ധതിയിൽക്കൊണ്ടുവരുമ്പോൾ നാം അതിനെ 'മാക്കിയവില്ലിയൻ പോളിറിക്സ്' എന്നുപറഞ്ഞു് അധിക്ഷേപിക്കുന്നു; പക്ഷേ മാക്കിയവില്ലിയൻ മാത്രത്തെ വെറുക്കുന്നില്ല. രാജ്യതന്ത്രം കപ്പലോടിക്കുന്നതുപോലെ ഒരു കലയാണെന്നേ അദ്ദേഹം സിദ്ധാന്തിച്ചിട്ടുള്ളൂ.

★

ആർട്ടെയിൻ

★

"വെട്ടുവാത" രോഗികൾക്കു ഒരു പുതിയ പ്രത്യാശ

★


മനുഷ്യനു് ഉപകാരപ്രദമായ ഔഷധങ്ങളെ കണ്ടുപിടിക്കുവാനുള്ള അക്ഷീണപരിശ്രമത്തിന്നിടയിൽ അമേരിക്കയിലുള്ള ഒരു ലബോറട്ടറിയുദ്യോഗികന്മാരായി കണ്ടെത്തിയ ഒരു സാധനം പാർക്കിൻസൺസുഖക്കേടു് (Parkinson's disease) അല്ലെങ്കിൽ വെട്ടുവാതം (Shaking Palsy) എന്നുപറയുന്ന രോഗത്താൽ കഷ്ടപ്പെടുന്ന അനേകായിരങ്ങൾക്കു ഒരു പുതിയ പ്രത്യാശ നൽകിയിരിക്കുന്നു.

ഏകദേശം നൂറിലധികം പതിറ്റാണ്ടുകൾക്കുമുൻപു് പാർക്കിൻസൺ എന്നുപറയുന്ന ഒരു ഇംഗ്ലീഷുകാരൻഡാക്ടർ തിരിച്ചറിയപ്പെട്ട ഈ സുഖക്കേടിന്റെ പ്രധാനലക്ഷണങ്ങൾ മാംസപേശികളുടെ കാഠിന്യതയും വിറയലും ആണു്. ഇതിനുള്ള സാധാരണകാരണം തെരുപ്പകം തലച്ചോറിനോടു് ചേരുന്നിടത്തു് കേടുസംഭവിക്കുന്നുഎന്നുള്ളതാണു്. തൽഫലമായി രോഗിയുടെ മാംസപേശികളെ (Muscle) നിയന്ത്രിക്കൻ കഴിയാതെയും വേദനയോടെ വിറയ്ക്കുകയും മുതുകുകയുംചെയ്യുന്നു. പലപ്പോഴും നിലവാരത്തിലുമുള്ള കട്ടി ദേഹത്തിനു് ഉണ്ടാകുകയും സംഭാഷണത്തിനു് പ്രയാസമുണ്ടാകയും തെളിച്ചക്കുറവുംവരുകയുംചെയ്യുന്നു.

വിറയൽ, അല്ലെങ്കിൽ വെട്ടൽമൂലം പലരോഗികൾക്കും ഭക്ഷണംകഴിക്കുന്നതിനും, വസ്ത്രംധരിക്കുന്നതിനും, അതുപോലെയുള്ള മറ്റു സാധാരണകൃത്യങ്ങളും നിർവഹിക്കുന്നതിനും സാധ്യമല്ലാതെ വരുന്നു. ഈ നിസ്സഹായാവസ്ഥയിൽ പലരുടെയും മനസ്സിടിഞ്ഞു് അവരുടെ അടുത്തുനിന്നു് സഹായിക്കേണ്ട ആളുകൾപോലും ഒഴികെ മാറിവരുന്നതിനും ഒളിച്ചുജീവിക്കുവാൻ ശ്രമിക്കുകയുംചെയ്യുന്നു.

അമേരിക്കൻ സൈനമിഡ് കമ്പനിയുടെ രണ്ടുവിഭാഗങ്ങളായ ലാഡർലി ലബോറട്ടറിയിലും കാൽക്കോ കെമിക്കൽഡിവിഷനിലും പെട്ട വിദഗ്ദ്ധന്മാർ മൂന്നുകൊല്ലംമുമ്പു് കണ്ടുപിടിച്ച 'ആർട്ടയിൻ' വെട്ടുവാതത്തിന്റെ ചികിത്സയിൽ ഡാ: ജെയിംസ് പാർക്കിൻസൺ 1817-ൽ ആണ്ടിൽ ആദ്യമായി കണ്ടുപിടിച്ചതിൽ പിന്നീടുള്ള ഏറ്റവും വലുതായ പുരോഗമനമാണെന്നു കരുതിവരുന്നു. ലോകംഒട്ടുംകൊണ്ടാക്കിയാൽ ഏതുമാത്രം ആളുകളും 'ആർട്ടയിൻ' മുഖാന്തിരം സുഖപ്രാപിക്കുവാൻ പോകുന്നുവെന്നു പറയുവാൻ പ്രയാസമാണെങ്കിലും ഏകദേശം ശരിയായ ഉദ്ദേശമനസരിച്ചു് അതു അമേരിക്കയിൽമാത്രം 5 ലക്ഷം ആളുകളുണ്ടെന്നു കണക്കാക്കാം.

വലിയതോതിൽ 'ആർട്ടയിൻ' ചികിത്സ തുടങ്ങിക്കഴിഞ്ഞിടത്തോളം, ഇതു വെട്ടുവാതത്തിനു് ഏറ്റവും ഉപയോഗപ്രദമാണെന്നു തെളിഞ്ഞിട്ടുണ്ടു്. ഈ മരുന്നു വലിയതോതിൽ ഉണ്ടാക്കി ഡാക്ടർമാർക്കു് ആവശ്യത്തിനു കിട്ടിത്തുടങ്ങി ആദ്യമാസത്തിനകം ഏകദേശം 45000 രോഗികളെ ചികിത്സിച്ചതിൽ 75 ശതമാനം ആളുകളും ഗുണപ്പെട്ടിട്ടുണ്ടെന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്. ഈ ഔഷധം വെളിയിൽ പ്രചരിപ്പിക്കുന്നതിനുമുള്ള ചികിത്സാപരിശോധനകളും ഇത്രമാത്രം വിജയത്തെ തെളിയിച്ചു. 'പാർക്കിൻസൺസുഖക്കേടിന്റെ' വിദഗ്ദ്ധന്മാരായ ന്യൂയോർക്കിലെ കൊളമ്പിയാ പ്രസ്ബിറ്റേറിയൻ മെഡിക്കൽസെന്ററിൽപെട്ട ഡാ: കോറ കോൺസ്റ്റബിളും ഡാ: മൂയീസ് ഭേദപ്പെടുവാൻ രണ്ടാഴ്ചത്തെ പഠിത്തത്തിന്റെഫലമായി ഈ 75 ശതമാനം ഗുണത്തെത്തന്നെ സ്ഥാപിച്ചുപറഞ്ഞു അമേരിക്കൻ അക്കാഡമി ആഫ് ന്യൂറോളജിക്കുവേണ്ടി എഴുതിയിരിപ്പോർട്ടിൽ ഈ പരിശോധനകളും ഔഷധത്തിന്റെ പാർക്കിൻസൺസുഖക്കേടിനെതിരായിട്ടുള്ള പ്രവർത്തനത്തെ തെളിയിക്കുന്നതിനും യാതൊരു അനിഷ്ടഫലങ്ങളും ഇതിനില്ലെന്നും തെളിയിക്കുകയുണ്ടായി.



ജാക്ക് ആർമന്റെ കിരീടധാരണം.

പത്തുദിവസത്തിനുശേഷം റോച്ചസ്റ്ററിലുള്ള മേയോക്ലിനിക്കിലെ ഡാ: കെൻഡൽകോർബിൻ അമേരിക്കൻ മെഡിക്കൽ അസോസിയേഷന്റെ ഒരു മീറ്റിങ്ങിൽ പ്രസ്താവിച്ചതനുസരിച്ചു്, 104 രോഗികളെ ചികിത്സിച്ചതിൽ മുക്കാൽഭാഗത്തിൽ കൂടുതൽ പേർക്കും രോഗം ഭേദമായി. ഒന്നാമതായി ഈ മരുന്നു് കട്ടിപ്രാപിക്കുന്ന മാംസപേശികളെ മൃദുലമാക്കുന്നു; അതേസമയം പ്രകൃതിയിൽ കൂടുതൽ പേർക്കു വിറയലും കുറഞ്ഞുകാണപ്പെട്ടു എന്നു് അദ്ദേഹം പ്രസ്താവിക്കയുണ്ടായി.

വൈദ്യശാസ്ത്രപ്രവർത്തകരിൽപ്രകാരം 'ആർട്ടയിൻ' എന്നുപറഞ്ഞാൽ ചലനത്തെ ശമിപ്പിക്കുന്ന ഒരു സാധനം എന്നാണർത്ഥം. അമേരിക്കൻ സയനമിഡ് കമ്പനിയുടെ കാൽക്കോ കെമിക്കൽകമ്പനിവിഭാഗത്തു് വേരോടുസംഗതിവശൽ ഗവേഷണത്തിൽഇരുന്ന ഏകദേശം മൂന്നാഴ്ചസൻ സാധനങ്ങളെ, പതിവിൻപ്രകാരം അവരുടെ ലാഡർലി ലബോറട്ടറിയിൽ പരിശോധിച്ചതിന്റെ ഫലമായിട്ടാണു് 'ആർട്ടയിന്റെ' മേൽ പറഞ്ഞ ലക്ഷണം പ്രത്യക്ഷപ്പെട്ടതു്.

275-സി. എന്നു പറയപ്പെടുന്ന ആർട്ടറിനു് വിറയലിനെ നശിപ്പിക്കുന്ന ഗുണമുള്ളതുകൊണ്ടു്, അതിനു മാംസപേശികളെ മരുന്നുഷോക്കുടാതെ മൃദുപ്പെടുത്തുന്നതും അപ്രകാരം പാർക്കിൻസൺ സുഖക്കേടുള്ളവർക്കു് ആശ്വാസംനൽകുന്നതും പറഞ്ഞിരിക്കുന്നു. എന്നാൽ ഈ മരുന്നായി ഉപയോഗിക്കുമെന്നു് ലാഡർലിയിലെ ശാസ്ത്രജ്ഞന്മാർ കരുതുന്നു. ഇതിനുമുമ്പുകൂടെ ഈ രോഗത്തിനു് ചികിത്സ, ചൂടുപിടിക്കുക, തിരുമ്മുക, മനസ്സിനെ ബലപ്പെടുത്തുക, ബലഡോണാവർഗ്ഗത്തിൽപെട്ട ചെടിയിൽനിന്നും എടുക്കുന്ന കട്ടിഗുളികയുമാണു് മരുന്നുകൾ ഇവയായിരുന്നു.

എന്നാൽ ബലഡോണായിൽനിന്നെടുക്കുന്ന മരുന്നിനെ വലുതായ മാറ്റങ്ങളും ഉണ്ടായിരുന്നു. അതു് ഏകദേശം പകുതിപ്രയോജനമാത്രം, കേവലം തല്ക്കാലത്തേയ്ക്കു ഗുണമായി കണ്ടു. കൂടാതെ ഇതിനെയെങ്കിലും ആശ്രയിക്കുന്നതും കഴിയാതെ വന്നതോടെ. എന്തെന്നാൽ ബെലഡോണാമരുന്നു് അധികവും ബഹുഭാഗിയായിൽനിന്നാണു കിട്ടിക്കൊണ്ടിരുന്നതു്. ആ രാജ്യം രണ്ടാംമഹായുദ്ധത്തിൽ ഹിറ്റ്ലർ പിടിച്ചടക്കി. ഇപ്പോഴും അതു് ഇരുമ്പുമറയുടെ പുറകിലും മറഞ്ഞു.

ആർട്ടയിൻചികിത്സയോടനുബന്ധിച്ചു് മാനസികമായ ക്രമീകരണം വളരെ സൂക്ഷ്മവും ലളിതവുമായ വ്യായാമം തിരുമ്മൽ ഇതുമൂലം ഏകദേശം 90 ശതമാനം രോഗികൾക്കും ആശ്വാസം ലഭിക്കുമെന്നും വളരെ ക്രമത്തിലേയ്ക്കു സുഖക്കേടിനെ അമർത്തിവയ്ക്കുൻകഴിയുമെന്നും വൈദ്യശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു.

ഒരു തലച്ചോറുവിദഗ്ദ്ധൻ പറയുന്നു – "ഈ അവസ്ഥയ്ക്കു് ആർട്ടയിന്റെ ഉപയോഗം വളരെ സന്തോഷകരവും പ്രയോജനകരവും ആണു്. എന്നാൽ – ഇതിലും സന്തോഷകരവും പ്രയോജനകരവുമായ വസ്തുത, അതു് ഒരു നിമ്മണവസ്തുവാണെന്നും ഉള്ളതാകുന്നു. ഇതുവരെയ്ക്കും നാം ചെടികളിൽനിന്നുകിട്ടുന്ന ഔഷധത്തെമാത്രം ആശ്രയിക്കേണ്ടിയിരുന്നു. എന്നാൽ അവയിൽ ആവശ്യമായ ഗുണങ്ങളൊക്കെയും അടങ്ങിയിരിക്കുവാൻ നിവൃത്തിയില്ലല്ലോ. എന്നാൽ ഒരു ലബോറട്ടറിയിൽവച്ചുകൂടെ ഗുണവസ്തുക്കൾ എല്ലാംചേർത്തു്, രോഗത്തിനു ചേർന്നമരുന്നു് സൃഷ്ടിക്കുവാൻ സാധ്യമാകുന്നു.."

★



ഇൻഡ്യൻ ഫുട്ട്ബാൾടീമിനു് റുമേനിയായിലേയ്ക്കു ക്ഷണം

★

മദ്രാസ് വിംകോസ്പോർട്ട്സ് കോയമ്പത്തൂരിൽവച്ചുനടന്ന മൂന്നാമതു അഖിലേന്ത്യാ ഫുട്ട്ബാൾടൂർണ്ണമെൻറുവർക്കിംഗ്സിൽ മൈസൂരിലെ നേതാജി ഫുട്ട്ബാൾക്ലബ്ബിനെ മൂന്നുഗോളടിച്ചു് തോല്പിച്ചിരിക്കുന്നു. വിംകോയുടെ സെൻറർഫാർവേഡായ തങ്കരാജാണു് മൂന്നുഗോളും നേടിയതു്. ഇവിടെവച്ചു എട്ടത്തവർക്കിഫുട്ട്ബാൾഹോൾസ് ബാലട്ടിൽ തങ്കരാജിനെയാണു് ഏറ്റവും നല്ല സെൻറർഫാർവേഡായി തിരഞ്ഞെടുത്തതു്. 730 പേർ വോട്ടുചെയ്തു. തിരഞ്ഞെടുക്കപ്പെട്ട നല്ല കളിക്കാർക്കുള്ള ട്രാഫികളം താമസിയാതെ ഇവിടെവച്ചുനടക്കുന്ന ഒരു എക്സിബിഷൻ ഫുട്ട്ബാൾമത്സരത്തിൽ സമ്മാനിക്കുന്നതാണു്.

ഈവാരം രാജമുന്ദ്രിയിൽവച്ചുനടന്ന ആന്ധ്രാ ഫുട്ട്ബാൾടൂർണ്ണമെൻറു് ഫൈനൽസിൽ ഒരു ഗോളിനെതിരായി രണ്ടുഗോളടിച്ചു് ബാംഗ്ലൂരിലെ ഹിന്ദുസ്ഥാൻ എയർക്രാഫ്റ്റു കോളർ നാഷനൽസ്പോർട്സ്ക്ലബ്ബിനെ തോല്പിച്ചിരിക്കുന്നു. എണ്ണായിരംപേർ കളികാണാൻ സന്നിഹിതരായിരുന്നു. ജഗനാഥനം യെല്ലാസ്വാമിയും വിജയികൾക്കുവേണ്ടിയും പെരുമാൾ കോളർടീമിനുവേണ്ടിയും ഗോളുകൾനേടി.

റുമേനിയായിലേയ്ക്കു ക്ഷണം

റുമേനിയൻ ഫുട്ട്ബാൾഫെഡറേഷൻ ആഗസ്റ്റ് 2 മുതൽ 16 വരെ ബുക്കാറെസ്റ്റിൽവച്ചുനടക്കുന്ന സാവ്രാഷ്ട്രിക അമച്വർഫുട്ട്ബാൾചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുവാൻ കല്ക്കട്ടായിലെ ഈസ്റ്റ്ബംഗാൾക്ലബ്ബിനെ ക്ഷണിച്ചിരിക്കുന്നു.

ടെന്നീസ്

വിംബിൾഡണിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ അഖിലേന്ത്യാ ലാൺടെന്നീസ് അസോസ്യേഷൻ നരേഷ്കുമാറിനേയും നരേന്ദ്രനാഥിനേയും നാമിനേറ്റുചെയ്തിരിക്കുന്നു.

ഹാക്കി

ബാംഗ്ലൂരിൽ രംഗസ്വാമി കപ്പിനുവേണ്ടിയുള്ള നാഷനൽ ഹാക്കി ചാമ്പ്യൻഷിപ്പ് മത്സരത്തിൽ ബാംബെ ഹാക്കിടീം ഡെൽഹി ഹാക്കിടീമിനെ ഒരു ഗോളിനു് തോല്പിച്ചിരിക്കുന്നു. ബാംബെ ഇനി കപ്പാർട്ടർ ഫൈനൽസിൽ ബംഗാളിനെ നേരിടുന്നതാണു്. ബാംബെയുടെ ഇൻസൈഡ്റൈറ്റു് ജെ. വീമല്ലോയാണു് മൂന്നുഗോളും നേടിയതു്. നേരത്തെ ഉത്തരപ്രദേശം ഒരു ഗോളിനെതിരായി രണ്ടുഗോളടിച്ചു് മഹാരാഷ്ട്രയെ തോല്പിച്ചു. ഹൈദ്രബാദ് ഒന്നിനെതിരായി രണ്ടുഗോളടിച്ചു് മൈസൂരിനേയും തോല്പിച്ചു.

മദ്രാസ് ഹാക്കിഅസോസ്യേഷൻ XI മദ്ധ്യപ്രദേശിനെ മേ 20-നു് ചെപ്പാക്കുഗ്രൗണ്ടിൽവച്ചുനടന്ന എക്സിബിഷൻമത്സരത്തിൽ രണ്ടുഗോളിനെതിരായി നാലുഗോളടിച്ചു് പരാജയപ്പെടുത്തി.

ക്രിക്കറ്റു്

ആസ്ത്രേലിയൻ ക്രിക്കറ്റ്ടീം ആക്സ്ഫോർഡ്ടീമിനെ പരാജയപ്പെടുത്തിയതോടെ ഇംഗ്ലണ്ടിൽ തങ്ങളുടെ അഞ്ചാമത്തെ മത്സരം നേടിയിരിക്കുന്നു. ആക്സ്ഫോർഡിൻറെ ആദ്യ ഇന്നിംഗ്സ് മൊത്തമായ 70-നു ബതലായി ആസ്ത്രേലിയ ആദ്യഇന്നിംഗ്സിൽ 330 റൺസ് നേടുകയുണ്ടായി. ആക്സ്ഫോർഡ് രണ്ടാമത്തെ ഇന്നിംഗ്സിൽ 174 റൺസിനു പുറത്താവുകയുംചെയ്തു.

ആസ്ത്രേലിയായ്ക്കെതിരായുള്ള മേരിലെബോൺക്രിക്കറ്റ്ക്ലബ്ബിൻറെ മത്സരം ലാർഡ്സിൽവച്ചു് ഡ്രായിലവസാനിച്ചു.

★

"അഞ്ചു ഹൃദയങ്ങൾ"

★

മേയ് 18-നു-ലെ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "അഞ്ചുഹൃദയങ്ങൾ" എന്ന ചെറുകഥയുടെ കർത്താവു് ശ്രീ: വി. കെ. ബാലഗോപാലൻ ആണു്. പി. കെ. ബാലഗോപാലൻ എന്നു പിശകായി ചേർത്തുകാണുന്നതു് തിരുത്തിവായിക്കണമെന്നുപേക്ഷ.

(മ: രാ: പ:)



കിരീടധാരണത്തിനുപയോഗിക്കുന്ന സിംഹാസനം. 1300-01-ൽ ഒരക്കത്തടിയിൽ പണിതീർത്ത ഇതു് എഡ്വർഡ് തൃതീയൻറെ കാലം മുതൽ കിരീടധാരണകർമ്മത്തിനു് ഉപയോഗിക്കപ്പെട്ടുവരുന്നു. 6 അടി 9½ ഇഞ്ചു് ഉയരമുള്ള സിംഹാസനത്തിനു വിചിത്രമായ ശിൽപരൂപങ്ങൾ സ്ഫടികവും വേലകളും ചെയ്തിരുന്നതാണു്. നാലു സിംഹങ്ങളാണു് അതു വഹിക്കുന്നതു്. ഇരിപ്പിടം ഉള്ളിലേയ്ക്കും പുറത്തും തള്ളിവയ്ക്കാവുന്നതാണു്. അതിനടിയിലാണു് "കിരീടധാരണശില" സ്ഥാപിതമായിരിക്കുന്നതു്.

വായനക്കാർ പറയുന്നു

ഇടവം 5-തീയതിയിലെ മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിരുന്ന പടിയത്തിൻറെ "നിയമം ലംഘിച്ചു" എന്ന കഥ വായിച്ചു. ഘനഗാംഭീര്യമുള്ള കഥ. ഈ തിനുമുമ്പു മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പടിയത്തിൻറെ കഥകളേക്കാൾ മികച്ച ഒന്നാണു് "നിയമം ലംഘിച്ചു." ഇത്തരത്തിലുള്ള കഥകളും ഇനിയും മലയാളരാജ്യത്തിൽ പ്രസിദ്ധീകരിക്കുമെന്നു വിശ്വസിക്കുന്നു. പടിയത്തിൻറെ തൂലിക ഇനിയും ഇമ്മാതിരിയിൽ മത്തിലെ ചീഞ്ഞുനാറിയ നിയമങ്ങളേയും അനാചാരങ്ങളേയും ഊറ്റം കൊണ്ടിക്കുമെന്നും പൂർണ്ണമായി വിശ്വസിക്കുന്നു. പടിയത്തിനു ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ.

കൃപ്പുകയ്യോടെ,
റ്റി. എം. എം. എസ്.

★

റബ്ബർമുദ്രകൾ

വിവിധ ഡിസൈനുകളിലുള്ള റബ്ബർമുദ്രകൾ വളരെക്കാലംഉപയോഗിക്കത്തക്കവിധം ഉറപ്പായും ഭംഗിയായും മിതമായ ചാർജ്ജിൽ ഇവിടെ ചെയ്തുകൊടുക്കുന്നതാണു്.

മാനേജർ
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

മത്സ്യാഹാരവും മത്സ്യവ്യവസായവും



പി. സി. എം. രാജാ, ബി. ഏ., എൽ. ടി.

ഒരിംഗ്ലീഷുകാരൻ ശരാശരി കൊല്ലം 42 റാത്തലും ജപ്പാൻകാരൻ 110 റാത്തലും മത്സ്യം തിന്നുമ്പോൾ ഒരിന്ത്യാക്കാരൻ 4 റാത്തൽമാത്രം കഴിക്കുന്നു. തിരുവിതാംകൂർ–കൊച്ചി രാജ്യത്തിലൊരുവൻ ശരാശരി ഒരു കൊല്ലം 16.44 റാത്തൽ മത്സ്യമാണു കഴിക്കുന്നതു്. പരുപ്പുവർഗ്ഗങ്ങൾ, ശവ്യങ്ങൾ, പഴങ്ങൾ മുതലായവയൊന്നും വേണ്ടത്ര ഭക്ഷിക്കാത്ത ഇന്ത്യാക്കാർ അരിമാത്രമല്ലാതെ ധാരാളം മത്സ്യവും ഭക്ഷിക്കുന്നപക്ഷം നല്ല ആരോഗ്യമുള്ളവരായിത്തീരുമായിരുന്നേനേ. സിന്ധു താഴ്വരത്തിൽ നിന്നും കുഴിച്ചെടുക്കപ്പെട്ട പുരാതന വസ്തുക്കൾ പറയുന്നതു് ക്രിസ്തുവിനു് 4000 വർഷങ്ങൾക്കുമുമ്പുപോലും ഭാരതീയർ മത്സ്യം ഭക്ഷിച്ചിരുന്നുവെന്നാണു്.

വൃത്താന്തപ്രസ്താവങ്ങളിൽ മത്സ്യസംബന്ധമായ അല്പമെങ്കിലും വിവരമില്ലാതെ ഇപ്പോൾ കാണാറില്ലല്ലൊ. വിദേശീയരായ ജപ്പാൻ മീൻപിടിത്തക്കാരെ ബോംബയിലും മദ്രാസും വരുത്തിയും ഇന്ത്യാഗവൺമെൻറിൻറെ ധനസഹായത്തോടുകൂടി നോർവേക്കാരായ മത്സ്യഗവേഷകന്മാരെ തിരുവിതാംകൂർക്കൊച്ചി കടൽക്കരയിലെ മത്സ്യത്തൊഴിലാളികളെ ഉന്നമിക്കുവാനേല്പാട്ടുചെയ്യും മറ്റുപ്രകാരേണയും കേന്ദ്രഗവൺമെൻറും സ്റ്റേറ്റുകളും മത്സ്യവ്യവസായം ഉയർത്തുവാൻ ഉറച്ചുപോലെ കാണുന്നു. എന്നാൽ ജനസംഖ്യാക്രമാതീതമായി വർദ്ധിച്ചതോടുകൂടി അതുകണ്ടു് ഭക്ഷ്യോല്പാദനം വർദ്ധിച്ചിട്ടില്ലാത്ത നമുക്കു കൃഷിമാത്രമല്ലാതെ മത്സ്യത്തെക്കൂടി അവലംബിക്കുന്നതു് ഒഴിച്ചുകൂടാത്തതാണല്ലൊ,

ലോകമുണ്ടായതുമുതൽക്കേ മനുഷ്യർ സസ്യങ്ങൾക്കുപുറമേ മത്സ്യവും മാംസവും ഭക്ഷിച്ചുണ്ടാകുന്നു. വിദേശസഞ്ചാരംചെയ്തിരുന്ന കച്ചവടക്കാർക്കും കണ്ടുപിടുത്തക്കാർക്കും ദീർഘകാലത്തെ കപ്പൽയാത്രകളിൽ മിക്കപ്പോഴും മത്സ്യമായിരുന്നു പ്രധാനാശ്രയം. മഹാഭാരതകാലത്തും ഹിന്ദിസ്ഥാനികൾ മാംസം ഭുജിച്ചിരുന്നതായി തെളിയുന്നതിനാൽ മത്സ്യവും ഭക്ഷിച്ചിരിക്കണം. മാംസം ക്ഷണം ദഹിക്കയില്ലെന്നറിഞ്ഞ ശേഷമാണു് ഭാരതീയർ ഗോമാംസഭക്ഷണം ഉപേക്ഷിച്ചതു്. ഭാരതത്തിലെ കടൽക്കരനിവാസികൾ മത്സ്യഭക്ഷണത്തിൽ മുന്നിട്ടു് പ്രവർത്തിച്ചിട്ടുണ്ടാവണം. ഇന്നും മാനവസമുദായത്തിൻറെ ഭക്ഷണവസ്തുക്കളിൽ 13 മില്യൻ (1 മി: 10 ലക്ഷം) സമുദ്രത്തിൽ നിന്നു് ലഭിക്കുന്ന മത്സ്യം മുതലായതാണു്: ഹാസ്റ്റക്സ്ലി മുതലായ ശാസ്ത്രജ്ഞന്മാർ നിർദ്ദേശിച്ചിരിക്കുന്നു. 1946-ലെ കണക്കുപ്രകാരം ഇന്ത്യയിലെ ജനങ്ങളിൽ 15 കോടി പേർ മത്സ്യം ഭക്ഷിക്കുന്നവരായിരുന്നു. 2 ഔൺസ് വീതം എല്ലാവരും മത്സ്യം ഭക്ഷിക്കണമെന്ന സിദ്ധാന്തം നടപ്പിൽവരുത്തുവാൻ അന്നു നമുക്കു 30 ലക്ഷം ടൺ മത്സ്യം കിട്ടേണ്ടതുണ്ടായിരുന്നു; എന്നാൽ അതിൻറെ പകുതിയേ ലഭിച്ചിരുന്നുള്ളൂ.

മത്സ്യത്തിൽ യവക്ഷാരപദാർത്ഥം (Carbo-hydrotes) എന്ന സത്തുമാത്രം ഇല്ലെന്നു ഒരു ന്യൂനത കാണുമെങ്കിലും ബാക്കി സകല പോഷകാംശവും അതിനുണ്ടു്, ഫോസ്ഫറസ് (Phosphorus) അയോഡിൻ (Iodine) മാൻഗനീസ് (Manganese) ചെമ്പു് (Copper) കാൽസിയം (Calcium) ഇരുമ്പു് മുതലായ ലവണധാതുക്കളും മത്സ്യം ഭക്ഷിക്കുന്നതിനാൽ ദേഹത്തിനു് ലഭിക്കുന്നു. മീനെണ്ണയിൽ ജീവകങ്ങളായ വിറ്റാമിൻ എ, ഡി, ഡി എന്നീ ഗുണാംശങ്ങളും വളരെയാണു്. ക്ഷയരോഗം മത്സ്യഭുക്കുകളെ അധികം ബാധിക്കുന്നില്ല. "കോഴിയെ തിന്നുന്നവനയക്കോ വാതം!" എന്നു് ഒരു അംഗ്ലൊ വൈദ്യൻ മൂസ്സ് ആശ്ചര്യപ്പെട്ട പഴഞ്ചൊല്പോലെ മത്സ്യംഭക്ഷിക്കുന്ന കടൽക്കരനിവാസികൾ ക്ഷയബാധിതരായി (കഷ്ടവും മണ്ണാകലും മത്സ്യഭക്ഷണംനിമിത്തമല്ല ഉണ്ടാവുന്നതെന്നു് തെളിഞ്ഞിട്ടുണ്ടു്)ന്നില്ല വളരുന്നകുട്ടികൾ ദിവസേന 6000-8000 യൂനിറ്റും (unit=മാത്ര) അളവും ഗർഭിണികൾ 5000 യൂനിറ്റും ഒരു മുതിർന്നാൾ 3000 യൂനിറ്റും വിറ്റാമിൻ ഏ ഭക്ഷിക്കേണ്ടതായാവശ്യമാകയാൽ ഇംഗ്ലണ്ടു് മുതലായ പരിഷ്കൃതരാജ്യങ്ങളിൽ ഏതുകുട്ടിക്കും ഗവൺമെൻറുവകയായി സൗജന്യമായി Codliver Oil മീനെണ്ണ) ഭക്ഷിപ്പാൻകൊടുക്കുന്നു. ബ്രിട്ടിഷ് രാജ്ഞിയുടെ കിടാങ്ങൾക്കുകൂടി ഈ സൗജന്യം അനുവദിച്ചിട്ടുണ്ടു് മത്സ്യഭക്ഷണം പരീക്ഷിച്ചു് ഉത്തമമെന്നറിഞ്ഞതുകൊണ്ടു് ജപ്പാനൊഴിച്ചുള്ള ഇന്നത്തെ പരിഷ്കൃതരാജ്യങ്ങളും മത്സ്യം പ്രധാനഭക്ഷണമായംഗീകരിച്ചിരിക്കുന്നു. ഇന്ത്യ, തെക്കേഅമേരിക്ക, ആഫ്രിക്ക ഈ രാജ്യങ്ങളും മാത്രമാണു് ഈ വിഷയത്തിൽ പിന്നോക്കം.

പരുപ്പുവർഗ്ഗങ്ങളും, ശവ്യങ്ങളും, പഴങ്ങളും മുതലായവയൊന്നും വേണ്ടത്ര ഭക്ഷിക്കാത്ത ഇന്ത്യക്കാർ അരിമാത്രമല്ലാതെ ധാരാളം മത്സ്യവും തിന്നുവെങ്കിൽ നല്ല ആരോഗ്യമുള്ളവരായിത്തീരുമായിരുന്നേനെ. ഇന്ത്യയിലെ ഓരോ കുടുംബത്തിൻറെ ഭക്ഷണരീതിയെപ്പറ്റിയുള്ള കണക്കു് എടുക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടേയുള്ളൂ. അറിഞ്ഞേടത്തോളം 1/3 കുടുംബങ്ങളും മാത്രമാണു് നിത്യഭക്ഷണത്തിൽ പരുപ്പുവർഗ്ഗങ്ങളും ഉൾക്കൊള്ളിക്കുന്നതു്. 1950-ലെ കണക്കുപ്രകാരം ഇന്ത്യയുടെ പകുതിഭാഗംമാത്രം മത്സ്യം കഴിക്കുന്നവരാണു്. ഒട്ടുകെ ഇന്ത്യയിൽ ഇന്നു് ശരാശരി ഒരുകൊല്ലം 5 റാത്തൽവീതം മത്സ്യമേ ഉല്പാദിപ്പിക്കപ്പെടുന്നുള്ളൂ. അതേസമയം ജപ്പാനിൽ 111 റാത്തലും കനഡയിൽ 109 റാത്തലും ഡെൻമാർക്കിൽ 63 റാത്തലും ഇംഗ്ലണ്ടിൽ 49 റാത്തലും അമേരിക്കയിലെ ഐകൃനാടുകളിൽ 35 റാത്തലും റഷ്യയിൽ 8 റാത്തലും ഐസ്ലണ്ടു് നോർവേരാജ്യങ്ങളിൽ 680 റാത്തലും കണ്ടു് ഉല്പാദിപ്പിക്കപ്പെടുന്നു. 1931-ലെ കാനേഷുമാരിപ്രകാരം ഭാരതത്തിൽ 3000 ജാതികൾ ഉണ്ടെന്നു കണ്ടുവെങ്കിലും മത്സ്യം നിരോധിക്കപ്പെട്ടവർ ഇവരിൽ വളരെ കുറവാണു്. സിന്ധുതാഴ്വരത്തിൽ നിന്നും കുഴിച്ചെടുക്കപ്പെട്ട പുരാതനവസ്തുക്കൾ പറയുന്നതു് ക്രിസ്തുവിനു് 4000 വർഷങ്ങൾക്കു മുമ്പുപോലും ഭാരതീയർ മത്സ്യം ഭക്ഷിച്ചിരുന്നു എന്നാണു്. ചില പ്രത്യേക ദിവസങ്ങളിൽമാത്രം മത്സ്യം പിടിക്കുന്നതും തിന്നുന്നതും പാടില്ലെന്നു ബുദ്ധമതചക്രവർത്തിയായ അശോകനും പ്രഖ്യാപിച്ചിരുന്നുള്ളൂ.

ജാതിമഹിമനിമിത്തം മത്സ്യം ഭക്ഷിക്കാൻ അർഹതയില്ലാത്തവർ പഞ്ചാബിൽ വളരെ അപൂർവം. ജാതിയെ ആസ്പദിച്ചുനോക്കിയാൽ ഹൈദ്രബാദു്, മൈസൂർ, കൂടകു് സംസ്ഥാനക്കാരിൽ പകുതിയിലധികം പേരും മത്സ്യം കഴിക്കുന്നവരാണു്. സിന്ധിൽ ബ്രാഹ്മണർ മാത്രമേ മത്സ്യം ഉപേക്ഷിച്ചിരുന്നുള്ളൂ. ബോംബേസംസ്ഥാനത്തിലും തെക്കൻ കണ്ണാടകത്തിലും ബഹുഭൂരിപക്ഷം ജനവും മത്സ്യം കഴിക്കുന്നവരാണു്. ബങ്കാൾ, ഒറീസ ജനതയുടെ 95 ശതമാനവും മത്സ്യം ഭക്ഷിക്കുന്നു. വിരോധമുള്ളവരല്ല. എല്ലാം ആസ്സാംകാരും മത്സ്യം കഴിക്കും. ഒട്ടുകെ ദക്ഷിണേന്ത്യയിലാണു് മതം ജാതി അടിസ്ഥാനമാക്കി അധികം പേരും മത്സ്യം കഴിക്കാതിരിക്കുന്നതു്. ജീവകങ്ങൾ, ലവണധാതുക്കൾ, ഔജസവസ്തുക്കൾ, കൊഴുപ്പുകൾ മുതലായ വിശിഷ്ട വസ്തുക്കൾ ധാരാളമുള്ളതിനാണു് അമേരിക്കക്കാരും മറ്റും ദിവസേന ധാരാളം മത്സ്യം കഴിക്കുന്നതു്. ശരാശരി ഒരിന്ത്യക്കാരൻ കഴിക്കുന്ന മത്സ്യത്തിൻറെ നാലിരട്ടി ഒരു അമേരിക്കക്കാരൻ കഴിക്കുന്നു. ഒരു ബ്രിട്ടിഷുകാരനാണെങ്കിൽ ഒരിന്ത്യക്കാരൻ ഭക്ഷിക്കുന്നതിൻറെ 12 ഇരട്ടി മത്സ്യം കഴിക്കുന്നു. ഒരു ജർമൻകാരൻ ഇന്ത്യക്കാരനേക്കാൾ 5 ഇരട്ടിയും സ്വിറ്റ്സർലണ്ടുകാരൻ രണ്ടിരട്ടിയും മത്സ്യം കഴിക്കുന്നു. മത്സ്യമായിട്ടോ, മീനെണ്ണയായിട്ടോ,

> മത്സ്യം ക്ഷണം ദീപനംവരുത്തുമെന്നതിനു പുറമെ വിലകുറഞ്ഞ ഭക്ഷണംകൂടിയാണു്. മലബാറിൽ സാധുക്കരം അതിനെ 'കുടുംബംപുലത്തി' എന്നാണു് പറയാറു്. മത്സ്യവ്യവസായം ശരിയ്ക്കഭിവൃദ്ധിപ്പെട്ടതായാൽ ഇന്ത്യയുടെ 75 ശതമാനം ഭക്ഷണക്ഷാമത്തിനും പരിഹാരമുണ്ടാകുന്നതാണു്. നാലായിരം മൈലിൽ കുറയാതെ സമുദ്രക്കരയുണ്ടു്. ഇപ്പോഴാകട്ടെ കരവിട്ടു് നാലഞ്ചു മൈലിലധികം സമുദ്രത്തിലേയ്ക്കു പോകുവാൻ മീൻപിടിക്കാറില്ല. സജ്ജീകരണങ്ങളുടേയും മറ്റും കുറവാണു് ഉള്ളിലേയ്ക്കു പോകുവാൻ പ്രതിബന്ധമുണ്ടാക്കുന്നതു്. നാല്പതുമൈൽ ദൂരെവരെ സമുദ്രത്തിൽ പോയാൽ കിട്ടാവുന്ന മത്സ്യത്തിനു കണക്കില്ല. അങ്ങനെ പോകുമ്പോഴാണു് വളരെ ആഴത്തിൽനിന്നും മീൻപിടിക്കാനും സാധിക്കുന്നതു്.

ഇന്ത്യൻയൂണിയനിലെ ഒരാൾ ഒരു കൊല്ലം ശരാശരി 3.36 (മുക്കാൽ ½) ശതമാനമേ കഴിക്കുന്നുള്ളൂ, അതായതു് ശരാശരി ഏതുപേർക്കുടിച്ചാലും ഒരു ദിവസം ആകെ ഒരാളിൽ കുറഞ്ഞുമാത്രം ഭക്ഷിക്കുന്നു. ഓസ്ട്രേലിയക്കാരൻ ശരാശരി കൊല്ലം 42 റാത്തലും ജപ്പാൻകാരൻ 110 റാത്തലും മത്സ്യം തിന്നുമ്പോൾ ഒരിന്ത്യക്കാരൻ 4 റാത്തൽമാത്രം കഴിക്കുന്നു. മദിരാശിനഗരക്കാരിൽ 9/10 ഭാഗവും മത്സ്യഭക്ഷകരാണെങ്കിലും മദിരാശിസംസ്ഥാനത്തിൽ ശരാശരി ഒരുവൻ കൊല്ലം മൂന്നരാത്തൽമാത്രമേ ഭക്ഷിക്കുന്നുള്ളൂ. എന്നാൽ കോഴിക്കോട്ടുനഗരത്തിൽ ഒരുവൻ ശരാശരി കൊല്ലത്തിൽ 52 റാത്തൽ മത്സ്യം കഴിക്കുന്നുണ്ടു്". ഇന്ത്യയിലെ കടലോരത്തിലെങ്ങും ഇത്രയധികം കഴിക്കുന്നവരില്ല. തിരുവിതാംകൂർ-കൊച്ചീരാജ്യത്തിലെ ഒരുവൻ ശരാശരി ഒരു കൊല്ലം 16.44 റാത്തൽ മത്സ്യമാണു് കഴിക്കുന്നതെന്നു് കണക്കാക്കിയിരിക്കുന്നു. മദിരാശിസ്റ്റേറ്റിലെ കടലോരപ്രദേശത്തുകാരുംപ്പെടെ ശരാശരി ഒരുവിഭാഗം മത്സ്യം കഴിക്കുന്നു. ആസ്സാംകാരൻ ശരാശരി 5.4 റാത്തലും ബിഹാർകാരൻ 2.22 റാത്തലും കൊല്ലം ഭക്ഷിക്കുമ്പോൾ 100 പഞ്ചാബികൾ ചേർന്നു മാത്രമെ 6 റാത്തൽ മത്സ്യം കഴിക്കുന്നുള്ളൂ. മത്സ്യം ലഭിക്കാനുള്ള അസൌകര്യം നിമിത്തമല്ല, ഉദാസീനതയും, മത്സ്യഭക്ഷണത്തിന്റെ ഗുണമറിയായ്കയും ജാത്യാചാരവും എല്ലാം ഇന്ത്യാക്കാരനെ മത്സ്യഭക്ഷണത്തിൽനിന്നും അകറ്റിനിർത്തുന്നുണ്ടു്. ബാംഗ്ലൂർ, കച്ചൂട്ട, ബോംബെ, മദിരാശി മുതലായ നഗരങ്ങളിൽ കടൽനിന്നിത്രയും ദൂരത്തിലും ദാരിദ്ര്യത്താലും അധികം പേർ മത്സ്യം കഴിച്ചുവരുന്നു. യഥാക്രമം 38.10, 21.4, 16.2, 15.2 റാത്തൽ ഈ നഗരക്കാരൻ ആണ്ടിലേയും കഴിക്കുന്നുവെങ്കിലും അതേ സമയം ഇംഗ്ലീഷുകാരൻ 42 റാത്തലും അമേരിക്കൻ ഐക്യനാട്ടുകാരൻ 15 റാത്തലും ജർമൻകാരനും പരന്തീസുകാരനും 18 റാത്തലും, ഇറാലിക്കാരൻ 11 റാത്തലും, സ്വിറ്റ്സർലണ്ടുകാരൻ 6.6 റാത്തലും ഡെൻമാർക്കുകാരൻ 124 റാത്തലുമാണു് ഭക്ഷിക്കുന്നതു്.

മത്സ്യം ക്ഷണം ദീപനംവരുത്തുമെന്നല്ല, ഒട്ടുകെ വിലകുറഞ്ഞ ഭക്ഷണവസ്തുവുംകൂടിയാണു്. സാധുക്കരം അതിനെ "കുടുംബംപുലത്തി" യെന്നാണു് മലബാറിൽ പ്രായേണ പറയാറു്. മത്സ്യവ്യവസായം ശരിയ്ക്കഭിവൃദ്ധിപ്പെട്ടതായാൽ ഇന്ത്യയുടെ 75 ശതമാനം ഭക്ഷണാഭാവത്തിനും പരിഹാരമായി. തിരുവിതാംകൂർ, മലബാർ രാജ്യങ്ങളിലെ കടലോരപ്രദേശങ്ങളിലെ 99 ശതമാനം ജനവും മത്സ്യംകഴിച്ചാണു് പിഴയ്ക്കുന്നതെന്നതിനുപുറമെ, അവിടങ്ങളിലെ ജനങ്ങളിൽ നല്ലൊരുഭാഗം മത്സ്യവ്യവസായം മാത്രമവലംബിച്ചു് നിത്യവൃത്തി കഴിക്കേണ്ടിവരുന്നവരുമാണു്. ഇന്ത്യയിൽ 20 ലക്ഷം മീൻപിടുത്തക്കാരും മീൻസംബന്ധിച്ച ഉപതൊഴിലുകാരുംമാത്രം നടത്തുന്നവർ 7 ലക്ഷം പേരുമാണു്. എല്ലാവരും വേണ്ടതു മീൻ കഴിക്കുന്നപക്ഷം ഇപ്പോൾ കിട്ടുന്നതിന്റെ പത്തിരട്ടി മീൻ കൂടുതൽ ഉണ്ടായിരിക്കണം. കേടുവരാതെ സൂക്ഷിക്കപ്പെട്ടതും മാരകമായ മത്സ്യം ഇന്ത്യയ്ക്കു പുറംനാടുകളിൽനിന്നു വരാറുണ്ടു്. കോഡ്ലീവർ എണ്ണയും വളരെ ഇവിടെ ഇറക്കുമതിചെയ്യുന്നു. തിരുവിതാംകൂറും പ്പെടെയുള്ള തെക്കെ ഇന്ത്യയിൽനിന്നു ധാരാളം മത്സ്യം പെഗുസ്ട്രൈറ്റ്സ് ദ്വീപ്പ്രദേശങ്ങളിലേക്കു കയറ്റി അയയ്ക്കാറുമുണ്ടു്. എന്നാൽ നമ്മുടെ മത്സ്യവ്യവസായം വളരെ അധികം പോഷിപ്പിക്കേണ്ടതുണ്ടു്, അതിനു സംഭാവനകളുമുണ്ടു്. ഇന്ത്യയുടെ ഒരുഭാഗം പാകിസ്ഥാനായി വേറെ പോയതോടുകൂടി ഫലപുഷ്ടിയുള്ള മീ വളരെയാണു് നമുക്കു നഷ്ടപ്പെട്ടതു്. സ്വന്തം കാലിനടിയിൽ നിന്നുകൊണ്ടു് ഭക്ഷണപ്രശ്നം തരണംചെയ്യുവാൻ മീൽപിടുത്തസമ്പ്രദായങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയല്ലാതെ വേറെ നല്ലമാർഗ്ഗമില്ല. 4000 മൈലിൽ കുറയാതെ സമുദ്രക്കരയുണ്ടു് നമുക്കു്, അതായതു് 17000 ച. നാഴിക കടലോരമുണ്ടെന്നു പറയപ്പെടുന്നു. ഇപ്പോൾ സമുദ്രക്കരയിൽനിന്നും നാലഞ്ചുനാഴികയിലധികം സമുദ്രത്തിലേക്കുചെന്നു് മീൻപിടിക്കാറില്ല. പ്രാകൃതമായ തോണിയും മറവകരണങ്ങളുമുപയോഗിച്ചു് അധികദൂരം പോകാൻ ആവുന്നില്ല. എന്നാൽ കരയിൽനിന്നും 40 നാഴിക ദൂരെവരെ സമുദ്രത്തിലെല്ലാംപോയാൽ കിട്ടാവുന്ന മത്സ്യത്തിനു കണക്കില്ല. കോഴിക്കോട്ടുകാരായ മുക്കുവന്മാർ പണ്ടു 20 നാഴികയോളം ദൂരെപ്പോയി മത്സ്യം പിടിച്ചിരുന്നു. വളരെ ആഴത്തിൽനിന്നും പിടിക്കാൻ ശ്രമിക്കുന്നില്ല. കായലുകളും, പുഴകളും, തോടുകളും, കുളങ്ങളും, വയലുകളും ഇവയെല്ലാം മത്സ്യം പിടിക്കാൻ പറ്റിയ സ്ഥലങ്ങളാണു്. സമുദ്രത്തിൽനിന്നുമാത്രം കിട്ടിയ മത്സ്യംകൊണ്ടു തൃപ്തിപ്പെടുത്തു്. ഇന്ത്യയിലെ ആകെ മത്സ്യത്തിൽ 2/3 ഭാഗവും സമുദ്രത്തിൽനിന്നുള്ളതാണെന്ന വസ്തുത മറന്നുകൊണ്ടുതന്നെ, ചിലർ ബ്രഹ്മബാദ് മുതലായ സ്ഥലങ്ങളിൽ ശുദ്ധജലതടാകങ്ങളിലും മാരകം വളർത്തപ്പെടുന്ന മത്സ്യം ബാക്കി 1/3 ഭാഗംവരുന്നതു നല്ല കാര്യമല്ലെ! സമുദ്രത്തിൽനിന്നു് വളരെ അകലത്തിരിക്കുന്ന ഹൈദ്രബാദിലെ ജലാശയങ്ങളിൽ .97 വിധം മത്സ്യം വളർത്തപ്പെടുന്നു. കായലുകളിൽ മത്സ്യം വളർത്തപ്പെട്ടാൽ കൃഷി നശിപ്പിക്കുന്ന പ്രാണികളെ അതു തിന്നും.

പ്രാചീനമായ തോണിയും അപരിഷ്കൃതമായ വലയുംമാത്രമുപയോഗിച്ചു് ചിലകൊല്ലം നമ്മുടെ മുക്കുവർ 7 ലക്ഷം ടൺ മീൻ പിടിക്കുന്നുണ്ടു്. ജപ്പാൻകാരുടെയും നോർവക്കുകാരുടെയും സമ്പ്രദായം കരസ്ഥമാക്കിയാൽ നമുക്കു ലഭിക്കാനിരിക്കുന്ന മീൻമുതലു് എത്ര വമ്പിച്ചതാവണം! ജപ്പാന്റെ വരവിന്റെ വലിയഭാഗവും മത്സ്യത്തിൽനിന്നാണു്. 1949-ൽ ഇന്ത്യയ്ക്കു് പഴയരീതിയിൽതന്നെ 6 കോടി ഉറുപ്പിക യിലധികം വിലയുള്ള മത്സ്യം കിട്ടിക്കൊണ്ടിരുന്നു. കേരളത്തിലെ മത്സ്യവ്യവസായം തികച്ചും അഭിവൃദ്ധിപ്പെടുന്നപക്ഷം അമേരിക്കയിലെ ലോകപ്രസിദ്ധി നേടിയ ഫുൽട്ടൺ (Fulton) മാർക്കറ്റുപോലെ നമുക്കു് എത്രയോ അഖിലലോക കമ്പോളങ്ങളും കിട്ടാനിടയുണ്ടു്. മഴക്കാലത്തു മീൻപിടുത്തം മിക്കവാറും നിലയ്ക്കുവെള്ളത്തിനാൽ കൊല്ലത്തിൽ നാലഞ്ചുമാസംമാത്രമേ മീൻപിടിക്കാവുള്ളൂ. അടുത്തകാലത്തായി മദിരാശി, ബോംബെ, കച്ചൂട്ട, ഒറീസാ മുതലായ പ്രദേശങ്ങളിലെ മത്സ്യവ്യവസായം വളരെ പുരോഗതിയിൽ വന്നിട്ടുണ്ടു്. 1050 ലക്ഷം രൂപാവില കിട്ടിയ 180 ലക്ഷംമണം മത്സ്യംകിട്ടിയ ആണ്ടും ഉണ്ടായിട്ടുണ്ടു്. മദിരാശിനിമിത്തമാണു് അധികം ലഭിക്കുന്നതു് സാധിച്ചതു്. 1949-ലെ കണക്കുവെച്ചുനോക്കുമ്പോൾ ഇന്ത്യയിൽ ആകെ കിട്ടുന്ന മത്സ്യത്തിന്റെ 48 ശതമാനവും മദിരാശി സ്റ്റേയിറ്റിൽനിന്നാണെന്നുകാണാം. ആകെ കിട്ടുന്നതിന്റെ 24 ശതമാനം തിരു-കൊച്ചിയിൽനിന്നും 5.7 ശതമാനംഭാഗം പടി ബങ്കാളിൽനിന്നും 14.9 ശതമാനം ബോംബെയിൽനിന്നും 7 ശതമാനം ഒറീസ്സയിൽനിന്നുമാണെന്ന 1949-ലെ വിവരങ്ങളും സൂക്ഷ്മം വഹിക്കുന്നു. എന്നാൽ ശുദ്ധജലങ്ങളിൽനിന്നും കിട്ടിയ മത്സ്യത്തിന്റെ 29 ശതമാനവും പടി. ബങ്കാളിൽനിന്നത്രെ. 1949-ൽ സമുദ്രത്തിൽനിന്നു 1 കോടിമണവും ശുദ്ധജലാശയങ്ങളിൽനിന്നു 40 ലക്ഷംമണവും ആയിരുന്നതു് 1952-ൽ യഥാക്രമം 1 കോടി 47 ലക്ഷവും 60 ലക്ഷവുമായി വർദ്ധിച്ചു. ഇങ്ങിനെ എല്ലാം മാർഗ്ഗങ്ങളും വേണ്ടതുപോലെ അഭിവൃദ്ധിയിലായാൽ ഇപ്പോൾ കിട്ടുന്നതിന്റെ 30 ഇരട്ടിമത്സ്യം നമുക്കു കിട്ടുന്നതിരിക്കയില്ലെന്നാണു് വിദഗ്ദ്ധാഭിപ്രായം.

നമ്മുടെ മീൻപിടുത്തക്കാരായ മുക്കുവർ, അരയർ, പുതുജസ്ലാംമുക്കുവർ മുതലായവരുടെ ഒട്ടുകെസ്ഥിതി വളരെ മോശമാണു്. അന്ധവിശ്വാസവും അനാചാരവും അറിവില്ലായ്മയും ദാരിദ്ര്യവും അവരെ കണക്കിലേറെ കുഴയ്ക്കുന്നുണ്ടു്. സാമൂതിരിയുടെ കപ്പൽ സൈന്യത്തിൽ ആളുകളെ ചേർക്കാൻവേണ്ടി കൊല്ലത്തിൽ കുറെ മുക്കുവരെ ജസ്ലാമിൽ ചേർക്കാൻ (മാരാ ഹിന്ദുക്കളാണു് അന്നു ജസ്ലാം സ്വീകരിച്ചിരുന്നില്ല.) സാമൂതിരി 14-16 ശതകങ്ങളിൽ അറബിമുഹമ്മദീയർക്കു് അനുമതി കൊടുത്തതിന്റെഫലമായിട്ടാണു് പുതുജസ്ലാം എന്ന വർഗ്ഗക്കാരായ മീൻപിടുത്തക്കാർ മലബാറിൽ ആവിർഭവിച്ചതു്. പണ്ടു് ഇവർ (ഹിന്ദു) പല്ലക്കു് എടുത്തിരുന്നു. എന്നാൽ ഇവർ ഇന്നും ഹിന്ദുക്കളുടെ ചില ആചാരങ്ങളും അനുഷ്ഠിക്കുന്നതിനാൽ മുസ്ലീംകളും ഇവരെ വെക്കുന്നതുതന്നെ മാരാ മുക്കുവർ ഇവരെ ചേർക്കിയും ചെയ്യുന്നതു് ഇവർ ജസ്ലാംസ്വീകരിച്ചു പള്ളിയിൽ പോകുന്നതിനാലത്രെ. പക്ഷെ മാപ്പിളസ്ഥാൻ വാദികളായ ഒരു വലിയവിഭാഗം മലബാറിലെ ലീഗുമുസ്ലീംകളും ജനസംഖ്യ വലുതാക്കിക്കാണിക്കേണ്ടതിലേയ്ക്കു ഈ പുതുജസ്ലാംകാരെയെല്ലാം മുസ്ലീംകളായിട്ടാണു് ഗണിച്ചിരിക്കുന്നതു്. ഹിന്ദുക്കളായ മുക്കുവരുടെ ഇടയിൽതന്നെ ബ്രാഹ്മണൻ, ശൂദ്രൻ എന്നീ ആഭിജാത്യവഴക്കങ്ങൾ ധാരാളമുണ്ടു്. ചാവക്കാട്ടിലെ ചില അരയപ്രമാണികളും ഈ ലേഖകനോടുപറഞ്ഞതു്

നമ്പൂതിരിമാർ മുമ്പു മുക്കുവരുടെ ക്ഷേത്രകാരായിരുന്നുവെന്നാണ്. മുക്കുവരുടെയും മറവും അന്ധവിശ്വാസവും അവശതയും നീങ്ങുവാൻ ഏകമാർഗ്ഗം അവരെ ഹിന്ദുമതത്തിൽനിന്നും വിടുത്തി ഇതരമതങ്ങളിലേയ്ക്കു മാർഗ്ഗാന്തരം ചെയ്യുകയാണെന്നു മുസ്ലീംകളും ക്രിസ്ത്യൻ പാതിരിമാരും ധരിച്ചിരുന്നു. 1505-ൽ സേവിയർ എന്ന പറങ്കിപ്പാതിരി തിരുവിതാംകൂർ-കൊച്ചി രാജ്യങ്ങളിലെ ഏതാണ്ടു് എല്ലാ അധഃകൃതരേയും പ്രത്യേകിച്ചു മീൻ പിടിത്തക്കാരേയും ക്രിസ്തുമതത്തിൽ ചേർത്തിരുന്നല്ലൊ. ഇങ്ങിനെ മതംമാറിയിട്ടും ഈ മുക്കുവരും അരയരും പുതുഇസ്ലാംകാരും ഇന്നും അന്ധവിശ്വാസങ്ങളിൽത്തന്നെ ആണ്ടുകിടക്കുന്നതിൽ അതിശയിപ്പാനില്ല. ലോകത്തിൽവച്ച പരിഷ്കാരത്തിലും സംസ്കാരത്തിലും മെച്ചപ്പെട്ട വരെന്നു വളരെ ശതാബ്ദങ്ങളായി സമ്മതിക്കപ്പെട്ട ബ്രിട്ടീഷുവർഗ്ഗക്കാരുടെ മീൽപിടുത്തവിഭാഗക്കാർ ഇന്നും യാഥാസ്ഥിതികരും അന്ധവിശ്വാസികളുമായ ക്രിസ്ത്യാനികളായിട്ടാണിരിക്കുന്നതു്. ഈ ഗ്രന്ഥകർത്താവു് കുറച്ചുമുമ്പു പവൻറെ വില കയറാനിടയാക്കിയതു് ഈ ക്രിസ്ത്യൻ മീൻപിടിത്തക്കാരുടെ മൂഢവിശ്വാസമാണ്. തെക്കെ പടിഞ്ഞാറൻ ഇംഗ്ലണ്ടിലെ മുക്കുവന്മാർ പൊട്ടെന്നു കാതുതുളച്ചു സ്വർണ്ണക്കടുക്കൻ ധരിക്കുക എന്ന പഴയ ആചാരം വീണ്ടും നടപ്പാക്കാൻ തുടങ്ങിയതിനാൽ പവന്റെ വില കൂടി. ഒരേദിവസം ആയിരക്കണക്കിൽ യുവാക്കന്മാരായ ഈ മുക്കുവർ പുരുഷന്മാർ, പുരോഹിതന്മാരെക്കൊണ്ടു് കർണ്ണവേധം നടത്തിച്ചു സ്വർണ്ണക്കടുക്കൻ ധരിക്കാൻ ധൃതികൂട്ടി. ഒരു തുള്ളി അശ്രീക്കില്ലിങ്ങുവീതം ഭക്ഷിണയും കൊടുത്തു. ഒരു കടുക്കന്റെ ഒരു പവന്റെ സ്വർണ്ണവും ഇത്തരം കർമ്മങ്ങളും നിറവേറിയാൽ മീൻപിടുത്തത്തിൽ സമ്പദ്ദിവർദ്ധിക്കുക, ആപത്തില്ലാതെ സമുദ്രത്തിൽനിന്നും മടങ്ങിവരിക, സമുദ്രത്തിൽ അധികം ദൂരെ ദൃഷ്ടി എത്തുക മുതലായ കാര്യങ്ങളും നേടുമെന്നാണ് വളരെ തലമുറകളായി ഇവർ വിശ്വസിച്ചുവന്നിരിക്കുന്നതു്.

നമ്മുടെ മുക്കുവർ അധികവും ദരിദ്രരാണ്. ഒരുപ്പിക്കൊടുത്തു നാം വാങ്ങുന്ന മത്സ്യംനിമിത്തം യഥാർത്ഥത്തിൽ അവർക്കു 4 അണയേ കിട്ടുന്നുള്ളൂ. ബാങ്കി മുഴുവനും മദ്ധ്യവർത്തികൾ തട്ടിയെടുക്കുന്നു. മദ്ധ്യവർത്തികൾ പ്രായേണ ഇവരുടെജാതിക്കാർതന്നെയാണ്. മിക്ക മീൻപിടുത്തകുടുംബവും കടത്തിലാണ്. ഉദരപോഷണങ്ങൾപോലും അവർക്കു അവശ്യമാകുന്നതു് മഴക്കാലത്തു് പട്ടിണിതന്നെ. ആകെ പിടിക്കുന്ന മത്സ്യത്തിന്റെ 7.5 ശതമാനം വീട്ടാവശ്യത്തിനുകിട്ടും. കൊല്ലം 150 കു. മുതൽ 1500 കു. വരെ വരുമുള്ളവരാണ് അധികം. പരസ്പരസഹായസംഘങ്ങളും അവക്കുവേണ്ടിയുള്ള പ്രത്യേകസ്വത്തുക്കളും കുറെയൊക്കെ അവരെ ഉന്നമിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്. 1943-ൽ കൊച്ചിയിലെ ഒരു മീൻപിടുത്തക്കാരന്റെ ശരാശരിദിവസസമ്പാദ്യം 11 പൈ മാത്രമായിരുന്നപ്പോൾ, തലശ്ശേരി കണ്ണൂർ കടൽപ്രദേശങ്ങളിലെ മദ്ധ്യം നമിത്തം കുറെയധികം സമ്പാദിക്കുന്നവരായി അധികം മീൻപിടുത്തക്കാരും പട്ടിണിയിലാണ്.

കേരളക്കരയിലെ മത്സ്യവ്യവസായം

ജനസംഖ്യ വല്ലാതെ വർദ്ധിക്കുന്ന സമയം ഭക്ഷണാവശ്യത്തിനുള്ള കൃഷി കുറഞ്ഞും മേശമായും കാണുന്ന കേരളത്തിന്റെ ദുരവസ്ഥയ്ക്കു ശാശ്വതമായ പരിഹാരം ആരായുന്നതു ഇനി നീട്ടിവെച്ചുകൂടാ. മലനാഴപലതിയും കൂട്ടനാട്ടുനീരും മുന്തിയ നമുക്കു മതിയാവുന്ന ധാന്യം നൽകുകയില്ല. ആന്ധ്രയെത്തുടർന്നു് അചിരേണ കർണ്ണാടക തമിഴ് പ്രവിശ്യകൾ ശ്രമപ്പെടുകയോടും കേരളം അവശേഷിക്കപ്പെട്ട സംസ്ഥാനമായും. മദിരാശിക്കാർ മലബാറിന്റെ സൊല്ലയൊഴിഞ്ഞാൽ സ്വയംപര്യാപ്തമായ ഭക്ഷണപദ്ധതിയും മാത്രം താനേവന്നുചേരുമെന്നു ശിവജ്ഞാനഗ്രാമണി തുടങ്ങിയ അമിത തമിഴകവാദികളും ഇടയ്ക്കിടയ്ക്കു പ്രസംഗിക്കാറുമുണ്ട്. തിരുവിതാംകൂറിന്റെ നെൽകലവറയായ തെക്കൻതാലൂക്കുകളും തമിഴകത്തോടുചേർക്കാൻ ബുദ്ധിമുറയും പ്രത്യക്ഷത്തിലും നടത്തുന്ന തന്ത്രങ്ങളും അചിരേണ ഫലപ്രദങ്ങളാവാതിരിക്കുന്നതിനാലും ഭക്ഷണക്ഷാമം ഒന്നുകൂടെ വർദ്ധിച്ചുവരുവാതിരിക്കയില്ല. കേന്ദ്രഗവർമ്മെന്റിന്റെ ഡാളർവരുമാനത്തിനു പ്രധാനഹേതുക്കളും കേരളോല്പന്നങ്ങളായ തേങ്ങ, കുരുമുളക് മുതലായവയാണെന്നും നാം വാദിച്ചതുകൊണ്ടു് യൂണിയൻഗവർമ്മെന്റും എക്കാലവും നമ്മെ തീറ്റിപ്പോറ്റുമെന്നുവ്യാമോഹിക്കുന്നതും ബുദ്ധിപൂർവ്വകമല്ല. ചക്കരവള്ളിക്കിഴങ്ങ്, പൂളക്രീനിക്കിഴങ്ങ്, സേമയാബീൻ മുതലായവയും കേരളമണ്ണു് വളരെ ഉത്തമമെന്നു സമ്മതിച്ചു് ആ വഴിയിൽകൂടി പോയാലും ഭക്ഷണക്ഷാമം നമ്മെ വിട്ടുമാറുമെന്നു് ആശിക്കേണ്ട. തിരുവിതാംകൂർ മാത്രമാണെങ്കിൽ ഇന്നു് അവിടത്തെ പകുതിജനസംഖ്യയുടെ ഭക്ഷണത്തിനു മതിയാവുന്ന നെൽകൃഷിമാത്രമേ അവിടെയുള്ളൂ. തിരുവിതാംകൂറും കൊച്ചിയും ഉൾപ്പെടുന്നപക്ഷം ജനങ്ങൾക്കാവശ്യമായ അരിയുടെ 33 ശതമാനം മാത്രമല്ലാതെ ഉല്പാദിപ്പിക്കപ്പെടുന്നില്ല. മലബാറിൽ മലനാഴപലതിയുൾപ്പെടാതെ 15 ലക്ഷം ഏക്കർ സ്ഥലത്താണ് കൃഷിയുള്ളതു്; അതിൽ 9 ലക്ഷം ഏക്കറിലെ നെൽവിതയ്ക്കുന്നുള്ളൂ. അതിനാൽ ജനങ്ങൾക്കു കൊല്ലത്തിൽ 5 മാസത്തെ ഭക്ഷണമേ കിട്ടുന്നുള്ളൂ. ജനസംഖ്യകൊണ്ടു് മദിരാശിസ്റ്റേറ്റിലെ ജില്ലകളിൽ രണ്ടാംസ്ഥാനമാണു് മലബാറിനു്, മിക്കവാറും മലയാളികളുള്ള തെക്കൻകണ്ണാടക്കജില്ലയിലെ കാസർകോഡ് താലൂക്കുംപ്പെടാതെയുള്ള ജനസംഖ്യയാണിതു്.

എന്നാൽ കേരളത്തിനു വേറെ നല്ലൊരു മെച്ചമുള്ളതു് പലതരം മത്സ്യങ്ങളുള്ള വലിയ കടലാണ്. ഇന്ത്യയുടെ പശ്ചിമതീരവും അതിൽ പ്രത്യേകിച്ചു് ദക്ഷിണഖണ്ഡവും ഏറ്റവും അധികം മത്സ്യങ്ങളുള്ള സമുദ്രതീരമാണ്. തിരുവിതാംകൂറിന്റെ കടൽക്കരയ്ക്കു 165 നാഴിക നീളമുണ്ടെങ്കിൽ കൊച്ചിയും ചേർന്തോട്ടുകൂടി അതു് സുമാർ 210 നാഴികയോളമായി. കൊച്ചിക്കുമാത്രമായി 50 നാഴിക സമചതുരം കടൽത്തട്ടു (Sea bed) മുഴുവൻ ബ്രിട്ടീഷ് കൊച്ചിയായിരുന്നതിന്റെ കടൽക്കരകൂടാതെ മലബാറിനിപ്പോൾ 150 നാഴികനീളം കടലോരമുണ്ട്. ഇനി

> ഇന്ത്യയിൽ ആകെ കിട്ടുന്ന മത്സ്യത്തിന്റെ 48 ശതമാനം മദ്രാസ് സ്റ്റേറ്റിൽനിന്നും 24 ശതമാനം തിരു-കൊച്ചിയിൽനിന്നുമാണെന്നു കണക്കാക്കുന്നു. 1952-ൽ സമുദ്രത്തിൽനിന്നു 1 കോടി 47 ലക്ഷം മന്നു മത്സ്യവും ശുദ്ധജലാശയങ്ങളിൽ നിന്നു് 80 ലക്ഷം മന്നു മത്സ്യവും ലഭിച്ചിട്ടുണ്ട്.

ന്യായമായി കിട്ടേണ്ട കാസർഗോഡ് താലൂക്കും നമുക്കു് ചേർന്നാൽ സുമാർ 175 നാഴിക നീളം ആകെ കടൽക്കര മലബാറിനുമാത്രമായുണ്ടാവും. ഇന്ത്യയിൽ ഒരുകൊല്ലംകിട്ടുന്ന മത്സ്യത്തിന്റെ സുമാർ കാൽഭാഗവും തിരു-കൊച്ചി രാജ്യത്തിൽനിന്നാണത്രെ. തിരുവിതാംകൂർ മാത്രമായി ഇന്ത്യയുടെ മത്സ്യത്തിന്റെ പത്തിലൊരുഭാഗം പ്രദാനംചെയ്യുന്നു. ഇന്ത്യയിലൊന്നായി കിട്ടുന്ന മത്സ്യത്തിന്റെ സുമാർ പകുതിയും മദിരാശിസംസ്ഥാനത്തിൽനിന്നാണത്രെ. എന്നാൽ മദിരാശിസംസ്ഥാനത്തിൽനിന്നുകിട്ടുന്ന മത്സ്യത്തിന്റെ 2/3 ഭാഗവും മലബാറിൽനിന്നാണ്. ഇതിൽ മലബാറിനോടു ചേരേണ്ട കാസർഗോഡ്താലൂക്കു കൂടുവിട്ടു് മാറിപ്പോയതും തെക്കൻകണ്ണാടക്കജില്ലയിലും പ്പെടും. സാധാരണകൊല്ലങ്ങളിൽ 20 ലക്ഷംരൂപാ വിലയുള്ളമത്സ്യം തിരുവിതാംകൂറിൽനിന്നു് ബമ്മ, സിലോൺ മുതലായ പുറംരാജ്യങ്ങളിലേക്കു കയറ്റിപ്പോകുന്നുപോൽ. സുമാർ ഒന്നേകാൽലക്ഷം രൂപയ്ക്കുള്ള മത്സ്യം തിരുവിതാംകൂറിലെ കടലുകളും കായലുകളും ആണ്ടുതോറും നൽകുന്നു. സമുദ്രത്തിൽ 5000 ചതുഃനാഴിക സ്ഥലത്തെല്ലാം മത്സ്യം സുലഭമാണെങ്കിലും 1100 ചതുഃനാഴികസ്ഥലം മാത്രമാണുപയോഗപ്പെടുത്തുന്നതു്. കൊച്ചിയിലെയുംകോഴിക്കോട്ടെയും സമുദ്രത്തിൽ 40-ഓളംനാഴിക ദൂരെപ്പോയാലും ധാരാളം മത്സ്യം കിട്ടുമെങ്കിലും കൊച്ചിക്കാർ 7 നാഴികയും കോഴിക്കോട്ടുകാർ 20 നാഴികയും ദൂരമേതുമേ പോകുന്നുള്ളൂ.

മലബാറിലെ മത്സ്യവ്യവസായത്തിനു് പ്രാധാന്യമർഹിക്കുന്ന ചരിത്രവിശേഷമുണ്ട്. മലബാർകടലിൽനിന്നു എത്രയോജാതി മത്സ്യങ്ങളെ ധാരാളമായി കിട്ടുന്നുവെന്നതിനുപുറമേ ഇവയിൽ ചില ജിനസുകൾ ലോകത്തിൽവെച്ചു് ഏറ്റവും വിശേഷപ്പെട്ടവയെന്നു് പരക്കെ സമ്മതിക്കപ്പെട്ടവയത്രെ. മഴക്കാലങ്ങളിൽ മത്സ്യം പിടിക്കാനുള്ള പ്രയാസമുണ്ടായിട്ടുകൂടി ഇന്ത്യയിൽ ആകെകിട്ടുന്ന മത്സ്യത്തിന്റെ പകുതിയും മലബാറിൽനിന്നാണു് വരുന്നതെന്നു് വളരെ അഭിമാനകരമാണെല്ലോ. നോർവേക്കാരും ജപ്പാൻകാരും സഹായിച്ചാൽ മലബാറിലെ മത്സ്യവ്യവസായം ലോകപ്രസിദ്ധിനേടും. സർഡൈൻസ്(Sardines) എന്നതരം മത്സ്യം സുമാർ 20 കൊല്ലമായി അപ്രത്യക്ഷപ്പെട്ടുവെങ്കിലും വീണ്ടുംകാണ്മാൻതുടങ്ങീട്ടുണ്ട്. കോഴിക്കോട്ടിലെ സ്രാവ്മീനെണ്ണ വിശേഷത്തരമെന്നു ഗണിക്കപ്പെട്ട കോഡ്ലിവർ എണ്ണയേക്കാളും വിശേഷമാണെന്നു കഴിഞ്ഞയുദ്ധകാലത്തു പരീക്ഷണങ്ങൾമൂലം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. യുദ്ധകാലത്തു് യൂറോപ്പിൽനിന്നു സ്കാൻഡിനേവിയൻ കോഡ്ലിവറെണ്ണ തീരെ വരായ്കയാൽ ഇന്ത്യയിൽ 10 മീനെണ്ണക്കമ്പനികളും സ്ഥാപിച്ചു ഒട്ടാകെ രണ്ടുലക്ഷം എണ്ണ ഉണ്ടാക്കിപ്പോന്നു. ഇവയിൽ ഏറ്റവും പ്രാധാന്യമർഹിച്ചതു് കോഴിക്കോട്ടെ സ്രാവെണ്ണക്കമ്പനിയായിരുന്നു. 'യുദ്ധാവശ്യത്തിനും മാർഗമായി ഇന്ത്യാഗവർമ്മെന്റ് കൊല്ലത്തിൻ 3000 ത്തിലധികം ഗ്യാലൻ എണ്ണ വിലയ്ക്കുവാങ്ങുകയുണ്ടായി. ജപ്പാൻകാർ ഈ യുദ്ധകാലത്തു മീൻവ്യവസായവും (എണ്ണയുൾപ്പെടെ) മാർഗം പോഷിപ്പിച്ചുകൂട്ടത്തിൽ അന്തമാൻ ദ്വീപുകളുടെ ചുറ്റുപാടുകളിൽനിന്നു സ്രാവുകളെപിടിച്ചു് വളരെയധികം എണ്ണയുണ്ടാക്കി പണം സമ്പാദിച്ചു.

കോഴിക്കോട്ടിലെ മത്സ്യവ്യവസായത്തിനു് മുക്കാൽ നൂറ്റാണ്ടു് കാലത്തെ ചരിത്രമുണ്ട്. കോഴിക്കോട്ടിനു് 15 നാഴികതെക്കുള്ള തനൂരിലെ മത്സ്യവും വ്യവസായവും പണ്ടേ കേൾവിപ്പെട്ടതാണ്. തീവണ്ടിയുടെ എക്സ്പ്രസ് തനൂർസ്റ്റേഷനിൽ നിർത്തുന്നതിന്റെ ഉദ്ദേശം അ

പ്പോൾ പിടിച്ച പുതുമത്സ്യം പിറേന്നുരാവിലെ 8 മണിക്ക് മദിരാശി ഇംഗ്ലീഷ് ശവണ്ണന്റെ ഭക്ഷണത്തിനുകിട്ടാൻസൗകര്യപ്പെടാനായിരുന്നു. കോഴിക്കോട്ട് സ്രാവെണ്ണശാല പൊതുസ്വരാജ്യങ്ങളിൽവെച്ച് ഏറ്റവും വലുതാണ്. ഈ വ്യവസായശാല 1854-ലാണാരംഭം സ്ഥാപിച്ചതു്. എന്നതിനാൽ ഒരു ശതാബ്ദം പഴക്കമുള്ളതാണ്. വിറ്റാമിൻ എന്ന ജീവകവസ്തു കണ്ടുപിടിച്ചിട്ടില്ലാതിരുന്ന കാലത്തു് തുടങ്ങപ്പെട്ട ഈ കമ്പനിയിലെ സ്രാവെണ്ണ ആദ്യംതന്നെ മദിരാശി സിവിൽ സർജ്ജന്റെ മേൽനേപേക്ഷണത്തിൽ നിർമ്മിക്കപ്പെട്ടതിനാൽ വളരെ മുന്തിയതായിരുന്നു. 1870-തോടുകൂടി യൂറോപ്പിൽനിന്നും കോഡ് ലിവർഓയിൽ വരാൻതുടങ്ങിയപ്പോൾ കോഴിക്കോട്ടിലെ സ്രാവെണ്ണയെക്കാളും ഉത്തമമാണതെന്നു് എണ്ണിനെയോ ഒരു ധാരണപരന്നു. ക്രമേണ കോഴിക്കോട്ടെണ്ണയുടെ വിലയിടിഞ്ഞു് വ്യവസായം അധഃപതിച്ചു. ഒടുവിൽ തേങ്ങിങ്ങുടെ അടിയിൽതേയ്ക്കാൻമാത്രം ആ വിശിഷ്ട എണ്ണ ഉപയോഗപ്പെടുത്തുക എന്ന നിന്ദ്യസ്ഥിതി എന്നിച്ചേന്നു. 1940-ൽ രണ്ടാം ലോകയുദ്ധംകാരണം വീണ്ടും കോഴിക്കോട്ടെ സ്രാവെണ്ണയുടെ സുവർണ്ണകാലം വന്നു. വളരെ പരിശോധനകൾ നടത്തിയശേഷം ശവമെൻറതന്നെ ആഎണ്ണ കോഡ് ലിവറോയലിനേക്കാൾ ഗുണം കൂടിയതാണെന്നു സമ്മതിച്ചു.

1884-ലും മറ്റും മീനുകളെ ജിനുസ്സുകളാക്കുക (Grading) എന്നതൊഴിലെ മലബാറിൽ പ്രധാനമായുണ്ടായുള്ളൂ. മീനുണക്കുന്നരീതിക്കും മറ്റും ക്രമേണ ഭേദഗതിവരുത്തി. 1898-ൽ മദിരാശിമ്യൂസിയത്തിന്റെ കൃട്ടേർ വന്നു് പ്രധാന മത്സ്യങ്ങളെപ്പറ്റി പല അന്വേഷണവും നടത്തി. എന്നാൽ താമസിയാതെ സർ ഫ്രാൻസിസ് നിക്കോൾസൺ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ കോഴിക്കോടിന്റെ മത്സ്യവ്യവസായാഭിവൃദ്ധിക്ക് സഹായകരമായിത്തീർന്നു. ചുങ്കം ഇല്ലാതെ നാട്ടുപ്പുകൊണ്ടു് മീനുണക്കാൻ പ്രേരിപ്പിച്ചതിനുപുറമേ ആദ്യമായിട്ട് തുറുക്കുടിലുപ്പു് എത്തിയ്ക്കുന്നതും ശട്ടംകെട്ടി. വടകര മുക്കുവരുടെ ഒരു തേങ്ങിക്കും സ്രാവുകളെ പിടിക്കാനുള്ള ഒരു വലയ്ക്കുകൂടി അക്കാലം 1000 രൂപാ വിലയായിരുന്നു. 1885-മുതൽക്കേ നവീനരീതിയിൽ മത്സ്യയുണക്കൽ കോഴിക്കോട്ടിൽ ഏർപ്പെടുത്തി നല്ല ആദായംകിട്ടിയിരുന്നു. മദിരാശിസംസ്ഥാനത്തിൽ ശവമെൻറവകയുള്ള 8 മത്സ്യവ്യവസായകേന്ദ്രങ്ങളിൽനിന്നുകൂടി കിട്ടിയ മത്സ്യത്തിന്റെ 3 ഇരട്ടി കോഴിക്കോട്ടിലെ കേന്ദ്രത്തിൽനിന്നു മാത്രം 1904-ൽ കിട്ടിയതായി.

മി. നിക്കോൾസന്റെ ഉപദേശത്തിനേൽ മദിരാശിശവമെൻറ് തല്സ്ഥിരക്കാരനായ മി. വി. ഡി. ഗോവിന്ദൻ നവീനമത്സ്യവ്യവസായപരിശീലനാർത്ഥം 1907-നടത്തു് അമേരിക്കൻ ഐക്യനാട്ടുകളിലേക്കയച്ചതാണ് ഒന്നാമത്തെ ഇന്ത്യാക്കാരനെ ഈ വിഷയത്തിൽ ഇന്ത്യയ്ക്കു പുറമെ അയച്ചതിന്റെ ഉദാഹരണം. അക്കാലത്തു കോഴിക്കോട്ടിലെ മത്സ്യം കോയമ്പത്തൂർ ചേലം ജില്ലകളിലേക്ക് ദിവസേന തീവണ്ടിവഴി കയറ്റി അയച്ചിരുന്നു. ജലമർഗ്ഗമായി സിലോൺ, ചൈന, ബർമ്മ ഇവിടങ്ങളിലേക്കും ധാരാളം അയയ്ക്കപ്പെട്ടു. തലശ്ശേരി, വടകര, കൊയിലാണ്ടി, കോഴിക്കോട് മുതലായ തുറമുഖങ്ങളിലെ മീൻപിടിത്തക്കാർ പത്തുമത്സ്യം നിറച്ച ഭാരിച്ച ചുമട്ടുമായി കുന്നും കുണ്ടും തോട്ടും കടന്നു്, വെയിലും മഴയും മഞ്ഞുമാക്കാതെ ഏതുയോദ്ധരെ കിടക്കുന്ന വയനാട്ടു് ഏറനാട്ടു താലൂക്കുകളിലെ ഏറ്റവും കിഴക്കൻ പ്രദേശങ്ങളിൽപോലും അതതുദിവസംപിടിച്ച മത്സ്യക്കൂട്ടത്തെ എത്തിക്കുന്ന കാഴ്ച ആരേയും അൽഭുതപ്പെടുത്തും—ഉണക്കമീൻ തെങ്ങിനും മറ്റും നല്ല വളവുമായനുഭവപ്പെട്ടു.

ഇതുപോലെയുള്ള പറഞ്ഞതു് മത്സ്യവ്യവസായത്തിനു് കേരളത്തിലുള്ള സംഭാവനകളെ നാട്ടുകാരെ ഉൽബോധിപ്പിക്കാനും മത്സ്യാഹാരത്തിന്റെ ആവശ്യകത തെളിയിപ്പാനും ആണു്. വളരെ തലമുറകളായി മത്സ്യമംസാദികം ഭക്ഷിക്കാതെയും അവ ഭക്ഷിക്കുന്നവരുമായി സംഹചര്യംപോലുമനുവദിക്കപ്പെടാത്തവരായും ഇരിക്കുന്ന കേരളത്തിലെ നമ്പൂതിരി, ക്ഷത്രിയൻ, തമ്പുരാൻ മുതലായവർക്കു മത്സ്യം എന്നു കേട്ടാൽത്തന്നെ ഓക്കാനം വരുമെന്നു അത്തരക്കാരിൽപെട്ട ഈ ലേഖകനു അനുഭവമാണു്. മത്സ്യം ആക്കിയ പാത്രത്തിന്റെ പുറം സഹിക്കാതെ ഛർദ്ദിച്ചുവന്നിട്ടുണ്ടീലേഖകൻ. പാലക്കാട്ടുബ്രാഹ്മണസ്ത്രീകൾപോലും ടോണിക്കായി (Tonic) മീനെണ്ണ കഴിക്കുന്നതു് കണ്ടിട്ടുപോലും ഡോക്ടർ ശാസിച്ചിട്ടുകൂടിയും ഈയുള്ളവനു് അല്പം മീനെണ്ണ കുടിക്കാൻ സാധിച്ചതു് ഏതാനുംവർഷങ്ങൾക്കുമുമ്പുമാത്രമാണു്. ഇങ്ങനെയാണെങ്കിലും ആരോഗ്യത്തെ ലക്ഷ്യമാക്കി എവരും ദിവസം ആറൗൺസ് മീൻഎണ്ണയെങ്കിലും സേവിക്കണമെന്നു പറഞ്ഞുകൊണ്ടു് ഈ ദീർഘലേഖനം അവസാനിപ്പിക്കുന്നു.

★

നാടുവിട്ടവൻ

— പടിയത്തു് —

വീട്ടിന്റെ ചെരുപ്പായംമുതൽതന്നെ എറണാകുളം പട്ടണം എനിക്കു സുപരിചിതമാണു്. ആ പരിചയപ്പെടലിന്റെപിന്നിൽ നീണ്ടനിവർന്നുകിടക്കുന്ന ഒരു കഥയുണ്ടു്. നിങ്ങൾക്കാകഥകേൾക്കുവാൻ താല്പര്യമുണ്ടായിരിക്കും. കാരണം നിങ്ങൾ കഥാപ്രിയരാണല്ലോ? എങ്കിലും തല്പരലോകമായ ആ കഥാപരയുവാനെനിക്കുമനസ്സില്ല. കാരണമോ? മനസ്സില്ല അത്രതന്നെ.

അന്നു് ഞാൻ എറണാകുളത്തുചെന്നതു് ഒരു "ഫൈക്കോർട്ട്" വക്കീലിനെ കാണാനായിട്ടാണു്. അദ്ദേഹവുമായി കണ്ടു് ഉല്ലിഷ്ടകാര്യം സാധിച്ചിട്ടു് അന്നുതന്നെ നാട്ടിലേയ്ക്കുമടങ്ങേണമെന്നു ഞാൻ നിശ്ചയിച്ചുറച്ചിരുന്നു. എന്നാൽ എന്റെകഷ്ടകാലംകൊണ്ടോ അതോ, ഈ കഥ എഴുതുവാനുള്ളഭാഗ്യംകൊണ്ടോ എനിക്കു് വക്കീലിനെ കാണ്മാൻസാധിച്ചില്ല. അദ്ദേഹം എന്തോ അത്യാവശ്യംപ്രമാണിച്ചു് സ്വന്തനാട്ടിലേയ്ക്കു പോയിരിക്കുകയായിരുന്നു.

"നാളെവരും."

അവിടത്തെ വേലക്കാരൻ പയ്യൻ എന്നോടുപറഞ്ഞു.

"നാളെ വിട്ടുപോകില്ലല്ലോ?"

സംശയസ്വരത്തിലായിരുന്നു എന്റെചോദ്യം.

"ഇല്ല."

ആ പയ്യൻ ദൃഢസ്വരത്തിൽതന്നെ പറഞ്ഞു.

അടുത്തദിവസം വക്കീലിനെ കണ്ടിട്ടു് നാട്ടിലേയ്ക്കുമടങ്ങാമെന്നു ഞാനുറച്ചു. അവിടെനിന്നും ഇറങ്ങിയ ഞാൻ ഒരുഹർലോങ്ങിലധികം നടന്നിട്ടു് ചിറ്റൂർറോഡിൽ പ്രവേശിച്ചു. എന്നിട്ടു് വടക്കോട്ടായിരുന്നു. വെയിലും നാലുമിനിറ്റിനകം ഞാൻ ബാനർജി റോഡിൽ കാലുകുത്തി. അവിടെ, അടുത്തു എന്റെ ഒരു സുഹൃത്തു് താമസിച്ചിരുന്നു. അദ്ദേഹത്തെ കണ്ടു ബാനർജിറോഡിൽ തിരിച്ചുവന്ന ഞാൻ പടിഞ്ഞാട്ടുനടന്നു. അവസാനം മാക്രോറോഡും, ജൂതത്തെരുവും, ബ്രോഡ്വേയും, ആലുംകടവും പിന്നിട്ട ഞാൻ ക്ഷൺമുഖം റോഡിൽ പ്രവേശിച്ചിട്ടു് പടിഞ്ഞാറുഭാഗത്തുടെ തെക്കോട്ടുനടന്നു.

ഒരു നല്ലസായാഹ്നം. കുളിമയോടെ വീശിക്കൊണ്ടിരുന്ന ആ കാറ്റു് അപ്പോഴത്തെ വെയിലിന്റെചൂടിനെ തെല്ലൊന്നു ശമിപ്പിച്ചിരുന്നു. കാലുകൊക്കുകഴച്ചിൽ. ഞാനാ റോഡിന്റെ പടിഞ്ഞാറുഭാഗത്തു് തെക്കുവടക്കായി കെട്ടിപ്പൊക്കിയിരുന്ന അരമതിലിൽകയറി ഇരുപ്പുറപ്പിച്ചു. അങ്ങു്, ദൂരെയല്ലാതെ സ്ഥിതിചെയ്തിരുന്ന ആ സിനിമാതിയ്യറ്ററിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന ശോകസംഗീതവും കണ്ണഞ്ചിപ്പീയൂഷവുമായ ഒരു ഹിന്ദിഗാനംകേട്ടു്, ഞാനന്നോവരെ കണ്ടിട്ടില്ലാതിരുന്ന പുതിയൊരു ലോകത്തിൽ വിഹരിക്കുകയായിരുന്ന ഞാൻ.

"അല്ല! ആരിതു്?"

അത്യുത്തമകലന്ന ഒരുചോദ്യം. ഞാൻ ഇടതുഭാഗത്തേയ്ക്കു് തിരിഞ്ഞുനോക്കി. എന്റെ ഒരു പരിചിതൻ എന്നതിനും പുറമെ നാട്ടുകാരനുമായ രസ്സാക്ക്.

ഞാൻ ജനിച്ചുവളർന്ന ആ ഗ്രാമത്തിലെ ഒരു പുരാതന തറവാട്ടിലെ കാരണവരായിരുന്ന കരീംസാഹിബ്ബിന്റെ മൂത്തമകനാണു് രസ്സാക്ക്. പണ്ടു് എന്നുപറഞ്ഞാൽ ഏതാണ്ടു് ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ ആ കുടുംബക്കാർ ആനന്ദത്തിന്റെയും, ഐശ്വര്യത്തിന്റെയും കളിത്തൊട്ടിലിൽ ആടിപ്പാടി വിഹരിച്ചിരുന്നവരാണു്. എന്നാൽ ഇന്നോ? പാപ്പർ. അല്ല, 'തൊറപതി. പാപ്പരായിട്ടില്ല. സ്വത്തിൽ തൊണ്ണൂറഞ്ചുശതമാനവും നശിച്ചു. ഇപ്പോഴവർ, ഷർട്ടിനുള്ളിലിരുന്നു് ഉണങ്ങിമരിക്കുന്ന ഒരു കൂട്ടരുണ്ടല്ലേ?.....എന്നെന്നാണവരെ പറയുന്നതു്?..... ആ ഇടത്തരക്കാർ.....അവരുടെലിസ്റ്റിലേക്കു താഴ്ന്നിരിക്കുകയാണു്. അത്രമാത്രം.

"എന്താ, റസ്സാക്കേ?"

ഞാനൊന്നു് പുഞ്ചിരിച്ചുകൊണ്ടു ചോദിച്ചു.

"ഓ!.....നല്ലതുതന്നെ."

എന്റെ ചോദ്യത്തിനുത്തരംതന്നിട്ടായാലും ചോദ്യമായി.

"ഇവിടെവല്ല ജോലിയുമുണ്ടോ?"

"ഹേയ്.....ഒന്നുമില്ല."

;'പിന്നെന്താ?"

"ഒരാളെ കാണാനായിവന്നതാ."

"ആരെ?"

ഞാനാ "ഫൈക്കോർട്ട്" വക്കീലിന്റെ പേർ പറഞ്ഞുകൊടുത്തു. റസ്സാക്ക ചോദ്യമായി.

'എന്നിട്ടു് കണ്ടില്ലേ?'

'ഇല്ല.'

'ഉവ്വോ?.....'

'അദ്ദേഹം നാട്ടിലേയ്ക്കുപോയിരിക്കുന്നു.'

'അദ്ദേഹത്തെ കണ്ടിട്ടേ മടങ്ങുകയുള്ളൂ; അല്ലേ?'

'അതെ.'

തുടർന്ന് ഞാൻ ചോദിച്ചു.

'ഇവിടെ ഇന്നാണോ വന്നതു"?'

'അല്ല. ഞാൻവന്നിട്ട് മാസം രണ്ടായി.'

'ഉവ്വോ?...വല്ല ജോലിയുമുണ്ടോ?'

'.....,'

'ഏതാഫീസ്സിലാ.'

'ഓഫീസ്സിലൊന്നുമല്ല.'

'പിന്നെ?'

'ഒരു പലചരക്കുകടയിൽ.'

'കണക്കെഴുത്താണോ?'

'അല്ല. സാമാനങ്ങളെടുത്തുകൊടുക്കൽ.'

'ഛെ.....?'

ഞാൻ ഞെട്ടിപ്പോയി. അല്ലെങ്കിൽ എങ്ങിനെ ഞെട്ടാതിരിക്കും? ഒരു സ്കൂൾഫൈനൽ ബിരുദധാരി കേവലമൊരു പലചരക്കുകടയിലെ ക്ലർക്കാകുന്നതിനു വേലചെയ്യുന്നുവെന്നു കേൾക്കുമ്പോൾ ആരാണ് ഞെട്ടാതിരിക്കുക? തെല്ലിടകഴിഞ്ഞ് ഞാൻ ചോദിച്ചു.

'പലചരക്കുകടയിലല്ലാതെ വേറെയെങ്ങും ജോലിയന്വേഷിച്ചില്ലേ?'

'അന്വേഷിച്ചു.'

'എന്നിട്ട്?'

'പാപ്പിച്ചെല്ലന്നിടം പാതാളമെന്നുമാപോലെ ഞാൻ ചെന്നിടത്തൊന്നും ജോലിയുണ്ടായിരുന്നില്ല.'

'അവസാനം പലചരക്കുകടയിൽ തന്നെ കയറിനിന്നു; അല്ലേ?'

'.....'

ഒരു നിണ്ടമൌനം. ഒടുവിൽ ഞാനതിന് വിരാമമിട്ടു.

'നാട്ടിൽതന്നെ ഇതിനേക്കാൾഭേദമായ വല്ലജോലിയും കിട്ടുമായിരുന്നുവല്ലോ? പിന്നെന്താ ഇങ്ങോട്ടുപോന്നതു?'

'പോരേണ്ടതായിവന്നുകൂടി.'

'കാരണം!.

'കാരണംപറഞ്ഞാൽ നിങ്ങളെന്നെ കളിയാക്കിക്കൊല്ലും.'

'ഒരിക്കലുമില്ല.'

'നിങ്ങളതൊരുപക്ഷെ കഥയാക്കിമാറ്റും.'

'എനിക്കുപറ്റിയതാണെങ്കിൽ.'

'അതിന്റെ പകപ്പുവകാശം?'

'എനിക്ക്.'

'അതുപറ്റില്ല.''

'പിന്നെ നിങ്ങൾക്കുവേണോ?'

'ഉം.'

'കഥയെഴുതാൻ ഞാൻ. അവകാശംവാങ്ങാൻ നിങ്ങളും. തരക്കേടില്ല. നല്ലജോലി.'

'കഥ എന്റേതല്ലേ?'

'അതെങ്ങിനെവേണമെങ്കിലുംചെയ്യാം. കഥപറയൂ.'

ഞാൻ പോക്കറ്റിൽനിന്നും ഒരു ബീഡിയെടുത്തു. തീപ്പെട്ടിയില്ല. ഞാൻ അടുത്തിരുന്നിരുന്ന ഒരപരിചിതന്റെപക്കൽനിന്നും തീപ്പെട്ടിവാങ്ങി. ഒരുകോലെടുത്തു ഉരസി. "ശ് ശ് ശ്ശ്..." എന്ന ഒരു ശബ്ദമുണ്ടാക്കിക്കൊണ്ട് അതു കത്തിജ്വലിച്ചു. പടിഞ്ഞാറുനിന്നും പാഞ്ഞുവന്ന ഒരു കാറ്റ് അതിനാളത്തേയുംതട്ടിക്കൊണ്ടുപോയി. രണ്ടാമതും ഒരുകോലെടുത്തു ഉരസി. കാറ്റിന്റെ ആക്രമണം. അതും കെട്ടുപോയി. മൂന്ന്.....നാല്.....അഞ്ച്..... അപരിചിതൻ തികഞ്ഞവാത്സല്യത്തോടെ ഇരുളുള്ളവനെ നോക്കി.

'താനതിലുള്ള കൊള്ളിയെല്ലാം തീർക്കുമല്ലോ?'

അയാളുടെ നീട്ടിയകയ്യിൽ ഞാനാ തീപ്പെട്ടിവെച്ചുകൊടുത്തു. എന്നിട്ട് മഞ്ഞളിച്ചമുഖത്തോടെ അധരങ്ങൾക്കിടയിൽ തിരുകിവെച്ചിരുന്ന ബീഡിയെടുത്തു പോക്കറ്റിലിട്ടു.

നിണ്ടസമയത്തിനുശേഷം ഞാനൊരു "പച്ചച്ചിരി" പൊഴിച്ചിട്ട് ആവശ്യപ്പെട്ടു.

'കഥപറയൂ.....'

കായൽപരപ്പിലൂടെ വിദൂരതയിലേക്കു കണ്ണോടിച്ചുകൊണ്ടിരുന്ന ഒരാൾ എന്നെ സംവീക്ഷിച്ചു താഴ്ന്നസ്വരത്തിൽ പറഞ്ഞുതുടങ്ങി.

"ഞാൻ സ്കൂൾഫൈനൽപാസ്സായിട്ട് പലയിടങ്ങളിലും ജോലിക്കപേക്ഷിച്ചു. എങ്ങുനിന്നും സാന്ത്വനപൂർണ്ണങ്ങളായ മറുപടികളാണ് ലഭിച്ചതു. ബീഡി, ചായ തുടങ്ങി സ്വന്തം ആവശ്യങ്ങൾപോലും നിറവേറ്റുവാൻ കഴിവില്ലാതെ വിഷമിക്കുകയായിരുന്നു ഞാൻ."

ഒരു നിണ്ട മൌനം. അതിനെ ഭഞ്ജിച്ചുകൊണ്ട് റസ്സാക്ക് ചോദിച്ചു.

"ഞങ്ങളുടെ വീടിനെസംബന്ധിച്ച് നിങ്ങൾക്കറിയാമല്ലോ?"

"ഉം."

ഞാൻ അവരുടെവീട്ടിൽനടക്കുന്ന ഒരോ സംഭവവികാസങ്ങളും അപ്പപ്പോൾ അറിയുന്നുണ്ടെന്ന നാട്യത്തോടെ തലയാട്ടി. റസ്സാക്ക് തുടർന്നു.

"കൊല്ലംതോറും പത്തുനാല്പതു പറ നെല്ലുണ്ടാവും. അതുകൊണ്ടു കഴിച്ചു രണ്ടുരണ്ടര മാസം അങ്ങിനെ കഴിച്ചുകൂട്ടും. അതുകഴിഞ്ഞാൽ റേഷൻകാർഡുതന്നെ അവലംബം. പിന്നെയുള്ള ഏക വരുമാനം നാളികേരം ഒന്നുമാത്രമാണ്. അതു വേണ്ടുവോളമുണ്ടെങ്കിൽ അഞ്ഞൂറ്, അറുന്നൂറോളം കാണും. അതു കള്ളക്കച്ചവടക്കാരിടനിലക്കാരുടെ കൈയിലാണെങ്കിൽ നൂറുനൂറമ്പതേ കാണൂ. ഈ ഒരു വരുമാനംകൊണ്ടു വിട്ടുചിലവുകളും, അനാചാരങ്ങളുടെ വിദ്യാഭ്യാസച്ചിലവുകളും പറയുമ്പോൾ, നിലങ്ങളിലും ചെയ്യുന്നതിനുള്ള വേലകൂലി, വളം എന്നിവയെല്ലാം നടക്കണം. എങ്കിലും വാപ്പ അതെല്ലാം ഒരുവിധം അങ്ങു നിർവ്വഹിക്കും. ഞാനതിൽ പലപ്പോഴും അസ്വസ്ഥപ്പെട്ടിട്ടുണ്ട്."

ഞാൻ ബുക്കിംഗ്ഓഫീസ്സിനുമുമ്പിലേക്കു നോക്കി: ഭയങ്കര തിരക്കു ടിക്കറ്റുകൊടുത്തുതുടങ്ങിയിരിക്കുന്നു:

"സിനിമാക്കു കയറാം. ബാക്കികഥ പിന്നൊപറയാം."

ഞാൻ പറഞ്ഞു.

"ഉം."

റസ്സാക്കു സമ്മതംമൂളി.

ഞങ്ങൾ എഴുന്നേറ്റ് ബുക്കിംഗ് ആഫീസിനരുകിലേക്കു നടന്നു. റസ്സാക്കു രണ്ടു ടിക്കറ്റെടുത്തു. ഞാൻ ആശ്വാസനിശ്വാസമുതിർത്തുകൊണ്ട് ഒരു നെടുവീർപ്പിട്ടു. കാരണമുണ്ട് ഒരു രൂപ രണ്ടണ വീതം. അതുതന്നെ.

ഞങ്ങൾ തിയ്യറ്ററിനുള്ളിൽ പ്രവേശിച്ചു രണ്ടു കസേരകളിലായി ഇരുപ്പുറപ്പിച്ചു. സൈഗാൾ, ശീതാദേവി, ഫ്രാൻസിസ്, ലീല എന്നിവരുടെ കണ്ണഞ്ചിപ്പിക്കും അന്തരീക്ഷത്തിൽ അലയടിച്ചുകൊണ്ടിരുന്നു. ഞാൻ റസ്സാക്കിനോടായിപ്പറഞ്ഞു.

"കഥപറയൂ."

റസ്സാക്കു തൻറെ കഥ തുടർന്നു.

"അങ്ങിനെയിരിക്കെയാണ് ഉമ്മായുടെ ഒമ്പതാമത്തെ പ്രസവമടുത്തതു. ഉദരമാസക്കാലം. വാപ്പായുടെകയ്യിൽ ഒരു കൊച്ചുകാര്യവുമുണ്ടായിരുന്നില്ല. വിവിധങ്ങളായ ചിലവുകൾ വാപ്പായെ ഇടവും വലവുംതിരിയാനനുവദിക്കാതെ ഞെരുക്കുകയായിരുന്നു. സ്നേഹിതരും, ഞാൻ പലസന്ദർഭങ്ങളിലും വാപ്പായ്ക്കു ഭാരമുപിടിപെടുമോ എന്നു ശങ്കിച്ചിട്ടുണ്ട്. വീട്ടിൽ ഞങ്ങളുടെശല്യം; പുറത്തു കടക്കാരുടേയും."

"പ്രസവാവശ്യങ്ങൾ...വാപ്പാ വല്ലാതെ കുഴങ്ങി. പലരോടും വാപ്പ പണത്തിനുവേണ്ടി കെഞ്ചി. ഫലമോ? നിറഞ്ഞ നിരാശമാത്രം. അരിയും, തേങ്ങയുംവാങ്ങിക്കഴഞ്ഞ വയറാട്ടി കാത്തുനിൽക്കുകയാണ്; പണത്തിനുവേണ്ടി. ഒരു മുഴുഭ്രാന്തൻ കണക്കെ വാപ്പ കിഴക്കോട്ടും പടിഞ്ഞാറോട്ടും, തെക്കോട്ടും, വടക്കോട്ടും ഓടിക്കൊണ്ടിരുന്നു. എന്തുചെയ്യണം? ഒരെത്തുംപിടിയുമില്ല."

തിയ്യറ്ററിനകത്തു കത്തിജ്വലിച്ചുകൊണ്ടിരുന്ന വൈദ്യുതദീപങ്ങളണഞ്ഞു. പുറത്തേയ്ക്കുള്ള വഴികളടഞ്ഞു. വെള്ളിത്തിരയെ മറച്ചുപിടിച്ചിരുന്ന ആ കർട്ടൻ ഇരുവശങ്ങളിലേക്കും മെല്ലെ നിങ്ങി. തുടർന്ന് ആ വെള്ളിത്തിരയിൽ പലതും പ്രത്യക്ഷപ്പെട്ടു. ഞങ്ങളതെല്ലാം കണ്ടു. രണ്ടേമുക്കാൽമണിക്കൂറിനുശേഷം ഞങ്ങൾപുറത്തിറങ്ങി നടന്നു. ആലുംകടവും, ബ്രോഡ്വേയും, ജൂതത്തെരുവും, മുസ്ലീംസ്ട്രീറ്റുംപിന്നിട്ട ഞങ്ങൾ ഏഴുപതടിറോഡിൽ പ്രവേശിച്ചു. അടുത്തുകണ്ട ഒരു ചായക്കുടിൽകയറിയ ഞങ്ങൾ രണ്ടു ചായയ്ക്കു ഓർഡർ കൊടുത്തു. ഞാനോർമ്മിച്ചു.

"കഥ"

റസ്സാക്കു ശേഷിപ്പുണ്ടായിരുന്ന കഥ തുടർന്നു.

"ഒടുവിൽ വാപ്പ ഒരു പോംവഴി കണ്ടുപിടിച്ചു. ആഭരണങ്ങളണിഞ്ഞഹങ്കരിച്ചുനടക്കുന്ന സ്ത്രീകളുണ്ടല്ലോ, ആ വർഗ്ഗത്തിൽപ്പെട്ട ഒരുത്തിയായിരുന്നല്ലോ ഉമ്മായും. നിങ്ങൾക്കറിയാമല്ലോ?

ഞാനറിയാമെന്നനാട്യത്തിൽ തലയാട്ടി. റസ്സാക്കു തുടർന്നു.

"ഉമ്മായുടെ കല്യാണംകഴിഞ്ഞ അവസരത്തിലുണ്ടായിരുന്ന ആ അയ്യായ്പവന്റെ ആഭരണങ്ങളും യാതൊരു കോട്ടവുംതട്ടാതെ ഉമ്മാ അന്നേവരെ സൂക്ഷിച്ചിരുന്നു. അതിലേതെങ്കിലുമൊരെണ്ണം വാങ്ങിപണയംവെച്ച് തൽക്കാലാവശ്യം നിറവേറ്റാമെന്നായിരുന്നു വാപ്പായുടെ ഉദ്ദേശം."

"വാപ്പാ വിവരം ഉമ്മായെ അറിയിച്ചു. ആഭരണങ്ങളൊന്നുംതന്നെ പണയംവെക്കാൻ കൊടുക്കുകില്ലെന്ന് ഉമ്മാ തീർത്തുപറഞ്ഞു. അവർ വാപ്പായുടെ അപ്പോഴത്തെ വേദനയും പൂർണ്ണമായ അവസ്ഥയെക്കുറിച്ച് തെല്ലുപോലും ആലോചിച്ചില്ല. അടുത്തമാസത്തെ തെങ്ങുകയറ്റംകഴിയുമ്പോൾ പണം തിന്നു എടുപ്പിച്ചുകൊടുക്കാമെന്ന് വാപ്പാ നൂറുസത്യം ചെയ്തശേഷം ഉമ്മാ സമ്മതിച്ചു. ഒരു പവൻ തൂക്കമുള്ള രണ്ടു വളകളും ഉമ്മാ മനസ്സില്ലാമനസ്സോടെയാണെങ്കിലും വാപ്പായെ ഏല്പിച്ചു. വാപ്പാ അതെന്റെ കൈവശം തന്നിട്ടുപറഞ്ഞു.

"നീബോംബായിലേയ്ക്കു ഇന്നു പണമെച്ചു മുപ്പതു രൂപിക ബാങ്കിക്കൊണ്ടുവാ" എന്ന്.

"ഞാൻ സമ്മതഭാവേന തലയാട്ടി,"

ചായക്കടയിലെ വേലക്കാരൻപയ്യൻ ഞങ്ങളുടെ മുമ്പാകെ രണ്ടുഗ്ലാസ്സ് ചായകൊണ്ടുവച്ചു. ഞങ്ങൾ ചായകഴിച്ചിട്ട് ഓരോ ബീഡിയും പുകച്ചു റസ്സാക്കു കഥ തുടർന്നു.

"വളകളുംകൊണ്ട് ഞാൻ ബാങ്കിലേയ്ക്കു യാത്രയായപ്പോൾ ഉമ്മാ എന്നെ വിളിച്ചു. ഞാനങ്ങോട്ടുചെന്നു. അവർ ചോദിച്ചു.

"ഇതെത്ര രൂപയ്ക്കിക്കാ പണയെക്കുമ്പോഴത്തെ?" എന്ന്.

"ഞാൻ പറഞ്ഞു."

"മുപ്പതു"".

"ഉമ്മാ എന്നെക്കൊണ്ട് അവരുടെ ഇരുമ്പുപെട്ടി എടുപ്പിച്ചു. അവരതു തുറന്നു. നോട്ടുകൾ. പുന്നിന്റെ രണ്ടിന്റെ, അഞ്ചിന്റെ, പത്തിന്റെ. പിന്നെ ചില്ലറകൾ. പലതരത്തിൽ. ഉമ്മായുടെ സഹായ്ത്തിനുമാണത്. തെങ്ങുകയറ്റമാസങ്ങൾക്കു വാങ്ങിക്കുന്ന അരിയും, മുളകും, ഉപ്പും മറ്റും മറ്റും വിറ്റു സമ്പാദിച്ചിരുന്നവയാണവ. എന്തിനാണവർ സമ്പാദിക്കുന്നതെന്ന് ചോദിച്ചാൽ മറുപടി പറയുവാനെനിക്കറിഞ്ഞുകൂടാ. അവരതിൽനിന്നും മൂന്നു പത്തുരൂപാനോട്ടുകൾ എടുത്തു എന്റെ കയ്യിൽ തന്നു. എന്നിട്ടവർ പറഞ്ഞു."

"മോനെബിടെങ്കിലും പോയിട്ടുകൊറേ കയ്യെത്തു" ഇങ്ങട്ടു ബന്നാ

മതി. ബാപ്പ ശേദിച്ചും ബളകളും പണേന്നെച്ചെന്ന പറഞ്ഞേക്ക്. ബാപ്പ ഇതെടുപ്പിക്കാൻ കാത്തു തരുമ്പോ അതിങ്ങട്ടു തന്നാമതി. പലിശ തരണ്ടാ മോനിക്കെടുക്കാം.'' എന്നു്.

,'ഞാൻ ആലോചിച്ചുനോക്കി. ഉമ്മയുടെ അഭിപ്രായം ബുദ്ധിപൂർവകമാണു്. വാപ്പ പണയപ്പണ്ടമെടുപ്പിക്കുവാൻ പണം തരുമ്പോൾ അതും ഉമ്മക്കു് കൊടുത്താൽ മതി. വെറുതെ ബാംകുകാർക്കു് കൊടുക്കണ പലിശ—കുറഞ്ഞതു് ഏഴരയ്ക്കണയെങ്കിലും—എനിക്കു് എടുക്കാം. തല്ക്കാലം മൂന്നരനാഴികയോളം ദൂരമുള്ള ബാങ്കിലേക്കു നടന്നു ബുദ്ധിമുട്ടുകയും വേണ്ട. ഞാൻ സമ്മതഭാവേന തലയാട്ടിക്കൊണ്ടു പുറത്തേക്കിറങ്ങി.

"സ്നേഹിതം, ചുരുക്കിപ്പറയാംമല്ലോ അടുത്ത തെങ്ങുകയറ്റം കഴിഞ്ഞപ്പോ ഉമ്മാ വാപ്പായെ വിളിച്ചോമ്മിപ്പിച്ചു.''

"എന്റെ പണ്ടം''.

വാപ്പാ മറുപടിയൊന്നും പറഞ്ഞില്ല. എന്താണു മറുപടി പറയേണ്ടതെന്നറിയാതെ വിഷമിച്ചു നിൽക്കുകയായിരുന്നു അദ്ദേഹം

"എന്താണൊന്നും മിണ്ടാത്തേ''?

"ഉമ്മയുടെ ഗൗരവസ്വരത്തിലുള്ള ആ ചോദ്യത്തിനുത്തരമായി വാപ്പാ പറഞ്ഞു.''

"തേങ്ങടെ കാര്യം കിട്ടട്ടെ.'' എന്നു്.

തേങ്ങയുടെവിലയിൽ കുറച്ചുപണം വാപ്പാ മുമ്പുതന്നെ കളക്കാരനിൽനിന്നും വാങ്ങിക്കഴിഞ്ഞിരുന്നു. ബാക്കി കുറച്ചു രൂപക്കുടെ ഉണ്ടായിരുന്നുള്ളു.

"പുറത്തുപോയ വാപ്പ തിരിച്ചു വരുമ്പോൾ ഉമ്മാ ചോളിക്കും. കാര്യം കിട്ടീലേ?'' എന്നു്.

"അതൊരു സൈപരക്കേടായി വാപ്പാക്കു തോന്നി. അന്നു തേങ്ങ വിറ്റ പണം കിട്ടി. അന്നു കിട്ടിയ പണത്തേക്കാൾ കൂടുതൽ പണത്തിന്നാവശ്യമുണ്ടായിരുന്നു. അരി, ചില്ലറ കടംതുടങ്ങി കുറിനം; അനുജന്മാർക്കു് മൂന്നുപേർക്കു് ഫീസും പിഴയും മറ്റൊരിനം, പറമ്പുകിളക്കാൻ കൂലി മൂന്നാമതൊരിനം. പണയപ്പണ്ടമെടുപ്പിച്ചാൽ മാത്രം പോരാത്തൊരു കാര്യങ്ങളും നടക്കേണ്ടിയിരുന്നു. മാത്രം പോരാത്തതൊന്നും തന്നെ നടന്നില്ലെങ്കിലും വേണ്ടില്ല, പണയപ്പണ്ടം എടുപ്പിച്ചേ മതിയാകൂ എന്നാണു് ഉമ്മയുടെ നിർബന്ധം. അതെടുപ്പിച്ചുകൊടുത്തില്ലെങ്കിൽ അന്നു് ആ വീടു് ഒരു കൊച്ചു പടക്കളമാക്കി അവർ മാറും. അക്കാര്യം മൂന്നരത്തരം''.

"വാപ്പാ എന്നെ വിളിച്ചു് മുപ്പത്തൊന്നു രൂപാ എന്റെ കയ്യിൽ തന്നിട്ടു് ഉമ്മ കേൾക്കെ പറഞ്ഞു. "നീ പോയി ആ പണ്ടമെടുപ്പിച്ചു കൊണ്ടുവാ' എന്നു്.

"എന്നിട്ടു വാപ്പാ എന്നെ അരികിൽവിളിച്ചു സകാര്യം പറഞ്ഞു.''

"നീ എവിടേക്കിലും പോയി കൊറേയുഞ്ഞു് ഇങ്ങട്ടു ബന്നാ മതി. ഇന്നു ബാംകു മൊടക്കോണെന്നു് ഉമ്മോടു പറഞ്ഞേക്കു്. എന്നിട്ടു കാശിങ്ങട്ടു് തന്നാ മതി'' എന്നു്.

"ഞാൻ വല്ലാതെ കുഴങ്ങി. ബാംകു് മുടക്കമാണെന്നു് ഉമ്മയോടു പറയുവാൻ വയ്യ. കാരണം ഉമ്മയുടെ പക്കലാണല്ലോ പണമിരിക്കുന്നതു്? വാപ്പയോടെന്തു പറയും; ഉമ്മയുടെ പക്കലാണു് പണമിരിക്കുന്നതെന്നു പറഞ്ഞാലും വാപ്പാക്കു പണം കൊടുക്കണം. ഉമ്മക്കും പണംകൊടുക്കണം. വാപ്പാ പറഞ്ഞ രഹസ്യം ഉമ്മയോടു പറഞ്ഞാലോ? തീർന്നു... ശാന്തസുന്ദരമായ വീട്ടിലെ അന്തരീക്ഷം വർഷങ്ങളായിത്തീരാൻ പിന്നെ ഒന്നും വേണ്ട''.

"വാപ്പ.....''

"അദ്ദേഹത്തിന്റെമേൽ ഞാനെന്റെ കരുണാമൃതം ചൊരിഞ്ഞില്ലെങ്കിൽ, ഒരുപക്ഷെ ആ വയസ്സൻഹൃദയം പൊട്ടിത്തകരും.''

"ഉമ്മ.....,'

"ഞാനവർക്കു പണം കൊടുത്തില്ലെങ്കിൽ അവരെന്നെ കൊല്ലുന്നതെ കൊല്ലും. പിന്നെ എന്റെ ആ വീട്ടിലെ ജീവിതം നരകസദൃശമാണു്''.

"സ്നേഹിതേ, ഞാനെന്താണു് ചെയ്യേണ്ടതു്?,,

ഠസ്സാക്കിന്റെ പ്രസ്തുത ചോദ്യത്തിനു് ഞാൻ മറുപടി നൽകിയില്ല. സ്വല്പം കഴിഞ്ഞു ഠസ്സാക്കു് തുടർന്നു.

"വാപ്പയും ഉമ്മയും.''

"ഇടവും വലവും തിരിയാൻ വഴി കാണാതെ ഞാൻ കുഴങ്ങി. ഒടുവിൽ ആരുമാരും കാണാതെ വാപ്പായുടെ ഷർട്ടിന്റെ പോക്കറ്റിൽ മുപ്പതു രൂപാ ഇട്ടിട്ടു ബാക്കി ഒരുരൂപായുംകൊണ്ടു' ഞാൻ നാട്ടിപ്പിടി.''

ഠസ്സാക്കു് കഥനിർത്തി.

അങ്ങു ദൂരെ, സിനിമകൊട്ടകയിൽനിന്നും ഒരു ശോകാത്മകഗാനമുയർന്നു് അന്തരീക്ഷത്തിൽ മാറ്റൊലിക്കൊള്ളുന്നുണ്ടായിരുന്നു.....

★

വിശ്വമഹാകവിടാഗോർ

★

— സി. എം. ബാലൻനായർ —

[ഈ കഴിഞ്ഞമെയ് 7-ാം തീയതിമഹാകവിയുടെ 93-ാം ജന്മദിനം ഇന്ത്യയൊട്ടുക്കു കൊണ്ടാടി]

ടാഗോർകവിതകളും വിശ്വസാഹിത്യത്തിൽ സമുന്നതമായൊരു സ്ഥാനം നേടിക്കഴിഞ്ഞിരിക്കയാണു്. ഏതൊരു ഭാരതീയനും അതിൽ ആനന്ദിക്കാനവകാശമുണ്ടു്. കവിയുടെയും അനുവാചകന്റെയും അന്തരംഗങ്ങളുടെ അഗാധതലങ്ങളും അന്യോന്യം മന്ത്രിക്കുന്നതുപോലെ തോന്നും അവ വായിക്കുമ്പോൾ. വായനക്കാരെ വിചിത്രമായ ഒരു കല്പനാലോകത്തിലേക്കു് അതിന്റെ പൂർണ്ണരൂപവിലാസങ്ങൾ കണ്ടാസ്വദിക്കാൻ ക്ഷണിക്കുന്നതുകൊണ്ടായിരിക്കാം, ഒരുപക്ഷേ, ടാഗോർകൃതികൾ മറ്റേതിനെക്കാളുമേറെ മെച്ചപ്പെട്ടനിലയ്ക്കുന്നതു്. അതു വായിക്കുമ്പോൾ മഹാകവിയോടു് ഒരു പ്രത്യേക അടുപ്പം അനുഭവപ്പെടാനും കാരണം മറ്റൊന്നല്ല. ടാഗോർകൃതികൾ കവിയുടെയും ആസ്വാദകന്റെയും ഹൃദയതന്ത്രികൾ ഒന്നായി കോർത്തിണക്കുന്ന വൈദ്യുതജാലമായ ഈ വിശ്വാസത്തിന്റെ രഹസ്യം ആരാഞ്ഞറിയാനുള്ള ആനന്ദാത്മകമായ വ്യാപാരത്തിൽ അവ ഒന്നായി ഏർപ്പെട്ടതുപോലെതോന്നും. ടാഗോർ സൃഷ്ടികൾക്കു് അതിന്റെതായ ഒരു പുതുമയും പ്രത്യേകതയുമുണ്ടു്.

രവീന്ദ്രന്റെ ബാല്യകാലജീവിതം മിക്കവാറും വേദനാത്മകമായിരുന്നു. 1861 മെയ്മാസത്തിൽ കല്ക്കത്തയിലെ വിഖ്യാതമായ ഒരു കുടുംബത്തിൽ കവി ജനിച്ചു. കുട്ടി മുതിരുന്നതിനു മുമ്പുതന്നെ മാതാവു് നിര്യാതയായി. അവർ അതിനുമുമ്പു പലപ്പോഴും പറയുമായിരുന്നു; "എന്റെ രവി ഒരു dark boy ആണു്'' എന്നു്. അധികം തരമേസിയാതെ, വീട്ടിലെ മട്ടുപ്പാവിൽ ഇരുന്ന പഴയ പദ്യങ്ങളും ഉരുവിട്ടു പഠിച്ച രവി, സെൻറ് സേവ്യേഴ്സ് സ്കൂളിലേയ്ക്കയയ്ക്കപ്പെട്ടു. എട്ടുവയസ്സിൽ രവി കവിത എഴുതി. തമരയെപ്പറ്റിയും പൂമ്പാറ്റയെക്കുറിച്ചും അന്നു് രവി എഴുതിയ പദ്യങ്ങളും ഇന്നു് അപ്രത്യക്ഷങ്ങളാണു്. ഒരുപക്ഷേ, അവ കവിയുടെ പൂർണ്ണരൂപം ഗ്രഹിക്കുന്നതിനു നമ്മെ സഹായിക്കുമായിരുന്നു. പതിനെട്ടു വയസ്സിനുമുമ്പുതന്നെ യശസ്സിന്റെ പരിമളം നാടെങ്ങും വ്യാപിച്ചു. 17 മുതൽ 22 വരെ "വൈരം നിയമവിഹീനമായ' കാലമാണെന്നു കവി നമ്മെ അറിയിക്കുന്നു. പിന്നീടു പ്രസിദ്ധീകൃതങ്ങളായ എല്ലാം കവിതകളും തന്നെ ഏതാണ്ടിക്കാലത്തു തിട്ടപ്പെടുത്തിക്കഴിഞ്ഞതാണെന്നുവേണം പറയാൻ. ബാഹ്യലോകജീവിതവുമായി യാതൊരു ബന്ധവും വച്ചുപുലർത്താതെ സ്വന്തം ഹൃദയാന്തരഭിത്തിയിലെ വല്ലികളിൽ പിണഞ്ഞു്, അതിൽത്തന്നെ വ്യാപൃതനായി, കല്പനാശക്തി അസ്പഷ്ടമായ വികാരങ്ങളിലും ആ ഗാനങ്ങളിലുംകൂടി ചരിക്കുന്ന ഒരു ദശയിൽകൂടി കവി കടന്നു. "ഭഗ്നഹൃദയ'' വും "ഹൃദയ—കാനന''വും ഇക്കാലത്തിന്റെ മഹൽസൃഷ്ടികളാണു്. എന്തെങ്കിലും ഒന്നു ശരിയായി തോന്നുകയോ, വിചാരിക്കുകയോ, ബോദ്ധ്യപ്പെടുകയോ ചെയ്താൽ കവി അതിന്റെ സ്വാഭാവികമായ അവസാനം പ്രത്യക്ഷപ്പെടുത്താൻ വെമ്പൽകൊള്ളുകയായി. രവീന്ദ്രനും വളരെ ചെറുപ്പമായിരുന്നപ്പോഴേതന്നെ കവിത അദ്ദേഹത്തിന്റെ പ്രാണേശ്വരിയായിക്കഴിഞ്ഞിരുന്നു. മകൻ രതീന്ദ്രനു് 5 വയസ്സുള്ളപ്പോൾ കവി ഒരു സ്നേഹിതനു് എഴുതി: "കവിത എന്റെ ഒരു പഴയ പ്രണയിനിയാണു്. രതിയുടെ പ്രായമായപ്പോഴേതന്നെ ഞാനവൾക്കു വാക്കുകൊടുത്തിരിക്കണം. വളരെക്കൊല്ലങ്ങൾക്കു മുമ്പുതന്നെ ഞങ്ങളുടെ കൂട്ടുത്തിനുവേണ്ടുന്നിടത്തുള്ള പഴയ ആലിൻമുവട്ടിലെ വിഹാരങ്ങൾ, ഗ്രഹാന്തർഭാഗത്തു പരിലസിക്കുന്ന തോട്ടങ്ങൾ വീട്ടിലെ താഴത്തെനിലയിലുള്ള അജ്ഞാതവും അൽഭുതകരവുമായ ഭാഗങ്ങൾ, വെളിയിൽ ലോകംമുഴുവൻ, തരുവൃന്ദാനങ്ങൾ ഇവയെല്ലാംതന്നെ അൽഭുതം സംഹരിക്കുന്ന ഒരു കല്പനാലോകം എനിക്കു കാണിച്ചുതന്നു.....'' ഈ കല്പനാലോകത്തിലെ പല ഭാഗങ്ങളും ടാഗോർകവിതകളിൽ നിഴലിട്ടുനിൽക്കുന്നതു കാണാം. ബാഹ്യലോകവുമായുള്ള അഭേദ്യമായ ബന്ധത്തിനു മുക്കും കൂട്ടുവാൻ കവി അന്നേ ആഗ്രഹിച്ചിരിക്കണം. "ഉറക്കത്തിൽ അടങ്ങിക്കിടക്കുന്ന ബോധശക്തി ഉണരാൻ നിശയുടെ നിസ്സഹായതയോടു് എത്ര കണ്ടു സമരംചെയ്യണമോ, അത്രത്തോളം അടങ്ങിക്കിടക്കുന്ന അന്തഃകരണം അതിന്റെ വലകളിൽനിന്നു രക്ഷപ്പെടാൻ പരിശ്രമിക്കുന്നു... എന്റെ ഈ കൃതി—സംഘഗീതങ്ങളും—ആ പരിശ്രമത്തിന്റെ ചരിത്രമാണു്'' ഇത്രയും കവി തന്റെ കൃതിക്കു് ആമുഖമായി പറയുന്നു. ഈ 'ഗീത'ങ്ങളിൽ വിഷാദോന്മേഷവും നൈരാശൃജടിലവുമായ ഒരു ലോകരംഗത്തെയാണു് കവി കാണുന്നതു്. ഈ മനോഭാവത്തിൽനിന്നും കൂതറിച്ചാടി പ്രേമവിശ്വാസത്തിന്റെ അപരിമിതപ്രദേശത്തിലെ ആനന്ദാത്മകമായ ഭാവം പ്രത്യക്ഷപ്പെട്ടതിനെക്കുറിച്ചു കവി ഒരിക്കൽ സൂചിപ്പിച്ചു:—

"ആ സായാഹ്നത്തിൽ ജോറാസങ്കോവിലെ വീട്ടിന്റെ മുകളിലത്തെ നിലയിൽക്കൂടി ഞങ്ങളും നടക്കുകയായിരുന്നു. അസ്തമയസൂര്യന്റെ വർണ്ണപ്രപഞ്ചം സന്ധ്യാസമയത്തിന്റെ മങ്ങിയ ഇരുട്ടുമായി യോജിച്ചു അനിർവ്വചനീയമായ ഒരുകർഷതയെ പ്രദാനംചെയ്യുന്നതുപോലെ എനിക്കുതോന്നി. അടുത്ത വീട്ടിന്റെ കൽഭിത്തികൾപോലും സന്ധ്യാരശ്മി തട്ടി തുടുത്തിരിക്കയാണു്.....ബാഹ്യലോ

കത്തിലെ കടുത്ത നിസ്സഹായതയെ നിർമ്മർജ്ജനംചെയ്യുന്നു" അ സായഹ്നത്തിലെ വെളിച്ചമാണോ എ നെക്കുടി ഞാൻ അത്ഭുതപ്പെട്ടു. അല്ല. ഒരിക്കലും അങ്ങിനെയാവരുതേ തരമില്ലല്ലോ. എന്നിൽവന്ന ആ വൈകു ന്നേരത്തിന്റെ ഫലമായിരുന്നെന്ന എനിക്കു പെട്ടെന്നു മനസ്സിലായി."

മനുഷ്യസ്നേഹിയായ മഹാകവി അനുനിമിഷം അനുഭവിച്ചുകൊണ്ടിരുന്ന പ്രേമവിശ്വത്തിന്റെ ആനന്ദാത്മകത "പ്രഭാതഗീത"ങ്ങളിൽ തന്മയത്തമായി രമണനിഞ്ഞു. മഹാകവിയുടെ ഹൃദയകവാടങ്ങളെ തള്ളിനീക്കിക്കൊണ്ടു പുറത്തുചാടിയ,—പിന്നീടു് ഈ വിശ്വത്തെക്കൂടി അതിക്രമിച്ചു മുന്ന— സ്നേഹത്തിന്റെ പ്രതീകങ്ങളാണ് അക്കാലങ്ങളിലെ കൃതികളെക്കെ. ലോകത്തിലെ ഓരോ രംഗത്തിലും അനന്തമായ ആനന്ദത്തിന്റെ അളവാറാ ആഴത്തെ കവി ദർശിച്ചു. ആ അഗാധത ചിലപ്പോഴൊക്കെ കവിയെ വേദനിപ്പിച്ചുമിരുന്നു.

കവി പ്രകൃതിയിൽ അലിഞ്ഞുചേർന്നിരുന്നു. നന്നേ കുട്ടിക്കാലത്തുതന്നെ പ്രകൃതിയുമായി അഭേദ്യമായൊരുബന്ധത്തിൽ കവി ഏർപ്പെട്ടിരുന്നു. ടഗോർഗ്രന്ഥത്തിലെ ഓരോ തെങ്ങിലും കായാറാ വൃക്തിത്വം നിറഞ്ഞുതുളുമ്പിയിരുന്നുവെന്ന അദ്ദേഹം പറയുന്നു. ചക്രവാളത്തിന്റെ മനോഹരമായ നീലിമയിൽ വെള്ളം വഹിച്ച വെൺമേഘങ്ങളും തത്തിക്കളിക്കുന്നതുകാണുമ്പോൾ ടഗോറിന്റെ പിഞ്ചുഹൃദയത്തിൽ ആനന്ദം തള്ളിക്കയറുമായിരുന്നു. ഈ "ആനന്ദം" കവിക്കു് മറക്കാൻ കഴിഞ്ഞിരുന്നില്ല. യുവത്വത്തിന്റെ മാദകമായ കാലുനലോറപ്പോഴും കവിയും പ്രകൃതിയുമായുള്ള സമഞ്ജസമായ ബന്ധത്തിനു കോട്ടംവന്നു. പ്രകൃതിയുമായുള്ള സമ്പർക്കത്തിനു സംഭവിച്ച അന്തരം കവിഹൃദയത്തിൽ വിഷാദലിപ്തമായ മുള്ളുകൾ കയറി. ഈ കടുവിഷാദത്തിന്റെ പ്രതിച്ഛായയാണ് "സായാഹ്നഗീതങ്ങ"ളിൽ നാം ദർശിക്കുന്നതു്. പക്ഷെ, ഭാവനാസമ്പന്നനായ രവീന്ദ്രകവിക്കു ഈ നഷ്ടത്തെ പരിഹരിക്കുവാനും, മനോഹാരിണിയായ പ്രകൃതീദേവിയുമായി സുസംഘടിതമായൊരു സമ്മേളനത്തിലേർപ്പെടാനും സാധിച്ചു. ഈ വിജയസാധ്യത "പ്രഭാതഗീതങ്ങ"ളിൽ മറ്റൊരിലിക്കൊണ്ടു. സ്ഥായിയായ ഈ ഭാവത്തിൽനിന്നാണ് പ്രശസ്തങ്ങളായ ഇതരകൃതികളാവേഷമണിഞ്ഞതു്.

പലപ്പോഴും, ടഗോർ ഒരാധ്യാത്മികവാദിയായാണ് പ്രത്യക്ഷപ്പെടാറു്. പ്രകൃതിയുമായുള്ള സമ്മേളനത്തിൽക്കൂടി അനന്തമായ ഐക്യത്തെ പ്രാപിക്കാൻ കവി ഇച്ഛിച്ചുകാണും. "പ്രകൃതിനിഷേധ"മെന്ന നാടകംമുഴുവനെ അരങ്ങേറിയതും മറ്റൊരു ചിന്താഗതിയല്ല. ഇതിലെ നായകൻ ഒരു സന്യാസിയാണ്—ലൗകികമോഹങ്ങളെ വെട്ടിനീക്കി ആത്മീയരംഗസ്യം മനസ്സിലാക്കുന്ന കിണഞ്ഞുപരിശ്രമിക്കുന്ന ഒരു സന്യാസി. ഒരു ചെറിയ പെൺകുട്ടി അദ്ദേഹത്തെ മനുഷ്യസ്നേഹത്തിലേക്കു വീണ്ടും കൊണ്ടുവരുന്നു. ഇപ്രകാരം തിരിയെ വന്നപ്പോൾ, അനന്തത പരിമിതമായ ശ്രുതിത്തിന്റെ വല്ലതു് ചെവിയിലും ആത്മാവിന്റെ സ്വാതന്ത്ര്യം സ്നേഹത്തിലൂടെന്നാണ് സന്യാസിക്കു് ബോധ്യംവന്നു. സ്നേഹത്തിന്റെ അത്യുൽകൃഷ്ടമായ പ്രകാശത്തിലാണല്ലോ സകലതും അനന്തതയിൽ ലയിക്കുന്നതു്. ഇതിനെക്കുറിച്ചു" ടഗോർ പ്രസ്താവിക്കുന്നു: "..... ഈ വിശ്വം തന്നെയാണ് എന്റെ എല്ലാകൃതികളിലും ഞാൻ പ്രതിപാദിച്ചിട്ടുള്ളതു്. പരിമിതത്തിൽ അനന്തയെ പ്രാപിക്കുന്ന ആനന്ദം."

കവി സൌന്ദര്യാരാധകനാണ്. കവി രവീന്ദ്രൻ സൌന്ദര്യത്തിൽക്കൂടി സത്യത്തെ ദർശിക്കുന്നു. ടഗോർ രേഖപ്പെടുത്തുന്നു "എന്താണെസത്യം? അതു കേവലം വസ്തുതകളുടെ ഭണ്ഡാരമൊന്നുമല്ല. പക്ഷേ, അവയുമായുള്ള ബന്ധമാണ്". എന്നിതിട്ടപ്പെടുത്താൻ വയ്യാത്ത ബന്ധം. അളന്നു കണക്കാക്കാനോ, വേർപെടുത്തിനിർത്താനോ സാധിക്കാത്ത ബന്ധമാണതു്. വസ്തുക്കളെക്കുറിച്ചുള്ള നമ്മുടെ അറിവു്, വസ്തുക്കളുമായുള്ള വിശ്വവുമായുള്ള ബന്ധമാണ്. ആ ബന്ധമാണ് സത്യം. നമ്മുടെ മുമ്പിൽ എപ്പോഴും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു് അടുക്കുംയല്ല, സത്യമാണ്. വസ്തുക്കളുടെ എണ്ണമല്ല; അവയുടെ ഭാവമാണ്. കാലത്തിന്റെ തരളിതമായ പോക്കു്, വെളിച്ചവും നിഴലും കലർന്നുള്ള കളി, ജനനംമുതൽ പരിപ്പാനപോകുന്ന ജീവിതശകലത്തിന്റെ വിവിധരംഗങ്ങളുടെ ചിറകടികൾ—, ഇവയുടെയുള്ള പ്രാധാന്യം അവ അങ്ങിനെ ഉണ്ടെന്നുള്ളതല്ല. പക്ഷെ, അവയുടെ സമ്മേളനത്തിൽ തരളമാകുന്ന ഭാഷയിൽ, നമ്മുടെ ആത്മാവിനെ അവ അറിയിക്കുന്ന ഭാഷയിലാണുള്ളതു്." അതിനാൽ സത്യസൌന്ദര്യാദികൾ വിഭിന്നങ്ങളല്ല. അവയുടെ കാഹളങ്ങളും അതുപോലെതന്നെ.

ഈ സത്യത്തിന്റെ—സൌന്ദര്യത്തിന്റെ പൂർണ്ണത്വം പ്രാപിക്കുമ്പോൾ ആനന്ദം ജനിക്കുന്നു. വിവിധതയിൽ ഐക്യം ദർശിക്കാതെ അപൂർണ്ണതയുടെ പിന്നാലെ ഓടുന്നവൻ വിഷാദാത്മകനായിത്തീരുന്നു. "ആനന്ദം ആന്തരമായുള്ള ഐക്യംകൊണ്ടാണ്" സിദ്ധിക്കുന്നതു്. "അനന്തമായ ആനന്ദമാണ് ജീവിതനിയമമെന്ന ടഗോർ വിശ്വസിച്ചു.

ജീവിതസങ്കടങ്ങളെ നിസ്സാരമാക്കാൻ ഈ "ബോധ"ത്തിനു സാധ്യമല്ല. 1894-ൽ മഹാകവി ഒരു കത്തിൽ എഴുതി: "ചിലപ്പോൾ ജീവിതയാത്രയിൽ അഭിമുഖീകരിക്കേണ്ടിവരുന്ന സങ്കടങ്ങൾ അനവധിയാണെന്നു എനിക്കു ബോധ്യംവരുമ്പോൾ എന്റെ മനശ്ശക്തിയെ സുരക്ഷിതമാക്കാൻ കണക്കിലധികം ശ്രമം വേണ്ടിവരുന്നു. രാത്രിയിലെ നിശ്ശബ്ദതയിൽ മേശവലിക്കുള്ളിലെ ക്ഷീണിച്ച ജ്വാലയെങ്കിലും കത്തിക്കുന്നതുകാണുമ്പോൾ ഞാൻ പ്രതിജ്ഞചെയ്യും, ജീവിതത്തിൽ യാതൊരു ഭാരവുമില്ലാതെ ധൈര്യവാനായി ജീവിക്കണമെന്ന്.....പക്ഷെ....., ജീവിതം വീണ്ടും ഭീർഘമേറിയതും എന്റെ ശക്തി കുറഞ്ഞതും ആയിത്തീരുന്നു....."

കവി മരണത്തെ ഭയപ്പെട്ടു. 24-ാമത്തെ വയസ്സിൽത്തന്നെ മരണത്തിന്റെ കാഠിന്യത്തെക്കുറിച്ചു് കവി ആലോചിച്ചിരുന്നു. സുഖദുഃഖസമ്മിശ്രിതമായ ലൗകികജീവിതത്തിന്റെ പെട്ടെന്നൊരു വിരാമമിടുന്നതിനെക്കുറിച്ചു്, പിന്നീടു്, കവി വളരെ ആലോചിച്ചുകാണും. ജീവിതത്തിന്റെ മധുരം കാണാൻ കഴിയാത്തതുകൊണ്ടു് ജീവിതമാണ് സകലതുമെന്നു, പലരെപ്പോലെ, ടഗോറും ധരിച്ചു.

ഇവയെല്ലാം പുറമെ ടഗോറിന്റെ 'ജീവിതവേദനകളും' ഇതര കൃതികളിലും മുഴച്ചിനിൽക്കുന്നു. അതു പാശ്ചാത്യന്റെയും പൌരസ്ത്യന്റെയും ഹൃദയത്തിൽ മുട്ടിനിൽക്കുകയാണ്. ജീവിതശിഖരങ്ങളിൽ നമ്മെ അരിക്കലും തടവുകാരല്ല സങ്കടത്തിൽ സന്തോഷവും വിവിധതയിൽ ഐക്യവും കവി ലോകത്തിനു കാണിച്ചുതന്നു. ഇതു കവിയുടെ കൃതികളിൽ വിണ്ടുംവിണ്ടും വായിക്കുന്തോറും നമുക്കു അനുഭവപ്പെടുന്നു. പ്രകൃതിയിൽനിന്നുള്ള ആനന്ദം ഹൃദയവികാസത്തോടുകൂടി ഐക്യത്തിലുള്ള ആത്മബോധം, അതിൽനിന്നു ലഭിക്കുന്ന സച്ചിദാനന്ദം—ഇതുയുമാണ് ടഗോർകൃതിയിൽ വീണ്ടുംവീണ്ടും കാണുന്നതു് അദ്ദേഹത്തിന്റെ ഓരോ ജന്മദിനവും ഈ തത്വത്തെ നമ്മുടെ ഹൃദയവുമായി കോർത്തിണക്കുന്നു.

മഹാകവിയുടെ മനസികഭാവം ഗ്രഹിക്കുന്നതു് ആനന്ദാവഹമാണ്. സ്നേഹിക്കുന്നും സ്നേഹിക്കപ്പെടുന്നും അതു നമ്മെ പരിശീലിപ്പിക്കുന്നു.

★

"ഒരുപൊത്തിൽ ഒരു പാമ്പുവസിച്ചിരുന്നു; ആ വഴി ആരുപോയാലും അവരെ അതു കടിച്ചുവന്നതിനാൽ ആ ഭാഗത്തേയ്ക്കു ആരുംതന്നെ പോകാറില്ല. ഒരുദിവസം ഒരു സാധു ആ വഴിയേപോയപ്പോൾ അദ്ദേഹത്തെ കടിക്കാനായി ആ പാമ്പു് ഓടിയെത്തി. എന്നാൽ സമീപത്തെത്തിയതോടുകൂടി, അദ്ദേഹത്തിന്റെ മഹിമയാൽ പാമ്പിന്റെ ക്രൂരത്വം സൗമ്യത്വം മാറിപ്പോയി. ആ മഹാൻ പാമ്പിനോടായി "സഹോദരാ, എന്നെ കടിക്കാൻതുടങ്ങുന്നോ?" എന്നുചോദിച്ചു. പാമ്പു പരിഭ്രമിച്ചു മടുപടിയൊന്നും പറയാതിരുന്നു. പിന്നീടു് ആ യോഗി "സഹോദരാ കേട്ടാല്ലോ! ഇനിമേൽ ഒരുത്തരേയും ഉപദ്രവിക്കരുതേ" എന്നുപറഞ്ഞു പോയി. അദ്ദേഹം പറഞ്ഞതനുസരിച്ചു് ചെയ്യുകൊള്ളാമെന്നു് പാമ്പു തലകുനിച്ചുസമ്മതിച്ചു. ആ മഹാത്മാവു പോയതിനുശേഷം പാമ്പു തന്റെ പുനത്തിൽകയറി, അപ്പോൾ മുതൽ ആക്കം ഉപദ്രവംചെയ്യാതെ ജീവിച്ചുതുടങ്ങി. അല്പദിവസംകഴിഞ്ഞപ്പോൾ ആ ഗ്രാമവാസികൾ, ഈ പാമ്പിന്റെ വീഷമെല്ലാം പോയി, ഇനി ഇതാരേയും കടിക്കയില്ല, എന്നകരുതി അതിനെ ഉപദ്രവിച്ചുതുടങ്ങി. ചിലർ അതിനെ കല്ലെറിഞ്ഞു; ചിലർ ഭയപ്പെടാതെ അതിന്റെ വാലിൽ പിടിച്ചുവലിച്ചു; ഇപ്രകാരം അതിനുണ്ടായ ഉപദ്രവങ്ങൾക്കു അതിരില്ല. ഭാഗ്യത്താൽ മുമ്പു വന്നുപോയ സാധു വീണ്ടും അതുവഴി വന്നു. ശരീരമെല്ലാം വ്രണപ്പെട്ടു്, ശോഷിച്ച പാമ്പിനെനോക്കി, അതിന്റെ കാരണം അറിയാനായി "എന്തു സംഭവിച്ചു?" എന്നുചോദിച്ചു. "സ്വാമിൻ, അങ്ങു് ഉപദേശിച്ചതുപോലെ, ഞാൻ ആരേയും ഉപദ്രവിച്ചില്ല; അതിന്റെ ഫലമാണ് ഇതു; ജനങ്ങളും ഭയമില്ലാതെ എന്നെ ഉപദ്രവിക്കുന്നു" എന്നു് പാമ്പുപറഞ്ഞു. യോഗി ഇതുകേട്ടു് പുഞ്ചിരിയോടുകൂടി, "സഹോദരാ, ആരേയും കടിക്കരുതു് എന്നമാത്രം നിന്നോടുപറഞ്ഞു, ആരേയും ഭയപ്പെടുത്തരുതു് എന്നു ഞാൻപറഞ്ഞില്ലല്ലോ. നീ ആരേയും കടിക്കണ്ടാ, എന്നാൽ അന്യർ നിന്റെ സമീപംവന്നു് ഉപദ്രവിക്കാതിരിക്കാൻവേണ്ടി, നീ ചീറി ശബ്ദിച്ചു് ഭയപ്പെടുത്തി ദൂരെ മാറിക്കൊള്ളണം;" എന്നുപറഞ്ഞു. അതുപോലെ നീ ലോകത്തിൽ ജീവിക്കുന്നകാലത്തോളം, അന്യർ നിന്നോടു് ഭയത്തോടും മര്യാദയോടും പെരുമാറത്തക്കവിധം നടക്കണം; എന്നാൽ ഒരുത്തക്കും ഉപദ്രവംചെയ്യരുതു്. അതായതു് മനസ്സിനേയും ഇന്ദ്രിയങ്ങളേയും വേണ്ടവിധം പ്രവർത്തിപ്പിക്കുന്നതിനു പഠിക്കുക." 3—7

"നീ ധരിച്ചിരിക്കുന്ന വസ്ത്രത്തിന്റെ ഒരു കോണിൽ വേദാന്തത്തെ കെട്ടിവച്ചുകൊണ്ടു് സാധനയിൽ താല്പര്യമുണ്ടാകുക; അതായതു് ജീവിതലക്ഷ്യം പരമാത്മാവിൽ ലയിക്കുന്നതാണെന്ന മനസ്സിൽ ഓർമ്മിച്ചുകൊണ്ടു് നിന്റെ കർമ്മങ്ങളെ ചെയ്യുക." 3—4

"തന്നിൽ താൻ പൂർണ്ണനാകുന്നതാണു് ഈശ്വരദർശനത്തിന്റെ അടയാളങ്ങളിൽ ഒന്നാണ്. സമുദ്രത്തിന്റെ മകരംപരപ്പിൽ അലകൾ ഓളംവെട്ടുന്നു; എന്നാൽ അതിന്നടിയിൽ ആഴത്തിലുള്ള വെള്ളമാകട്ടെ അനങ്ങാതെയിരിക്കുന്നു." 3—18

ശ്രീരാമകൃഷ്ണദേവൻ

—*—



ഇടത്തു്—എലിസബത്തു് രാജ്ഞിയും എഡിൻബറോപ്രഭുവും. വലത്തു് മകളിൽ—രാജ്ഞിയുടെ പിതാവിന്റെ കിരീടധാരണം സംബന്ധിച്ചു നടത്ത ഘോഷം. 1937 മേയു് 12-നു നടന്ന ജാർജ്ജു് ആറാമന്റെ കിരീടധാരണം. അന്നു 11½ വയസ്സു പ്രായമുണ്ടായിരുന്ന ഇന്നത്തെ എലിസബത്തു് രാജ്ഞിയും സഹോദരി മാർഗരറ്റുമാണു് ചിത്രത്തിൽ കാണുന്ന ബാലികമാർ. താഴെ—രാജ്ഞിയുടെ പുത്രനും കിരീടാവകാശിയുമായ ചാൾസു് രാജകുമാരനും പുത്രി ആൻ രാജകുമാരിയും, രാജകുമാരൻ കാർൽവാൾഡ്യുക്കു് ആണു്.





* മഹൻജോദാരയും ഹാരപ്പയും

★

— കാരിത്തറ എൻ. മാധവൻനായർ —

ഭാരതത്തിന്റെ വിപുലമായ ചരിത്രത്തിൽ ഒരു നവീനാദ്ധ്യായം സൃഷ്ടിച്ച മഹൻജോദാരോയും ഹാരപ്പയും (Mahenjodaro & Harppa) പുരാതനഭാരതീയപരിഷ്കാരത്തിന്റെ (Civilisation) ഉറവിടങ്ങളാണ്. ക്രിസ്തുവിന് മുമ്പായിരം വർഷങ്ങൾക്കുമുമ്പ് (B. C. 3000) ഭാരതത്തിൽ നിലവിലിരുന്ന നാഗരികതയെപ്പറ്റിയുള്ള ചരിത്രകാരന്മാരുടെ അറിവ് ഈ ആധുനികലോകത്തുപോലും തുലോം പരിമിതമാകുന്നു. പ്രസ്തുത സ്ഥലങ്ങളിലെ ഭൂഗർഭഗവേഷണത്തിന്റെ ഫലമായി ലഭിച്ച മുദ്രകളിൽ (Seals) കൊത്തിയിട്ടുള്ള വാക്കുകളും വായിക്കുന്നതിനു ഭൂഗർഭഖനനശാസ്ത്രജ്ഞന്മാർക്ക് (Archaeologists) ഇനും സാധിച്ചിട്ടില്ല. എന്നിരുന്നാലും അതിൽ ലിഖിതമായിരിക്കുന്ന ഭാഷ വൈദികകാലത്തെ സംസ്കൃതമോ (Vedic Sanskrit) അതിനോട് ബന്ധമുള്ള മറ്റോ ഏതെങ്കിലും ഭാഷയോ ആയിരിക്കുമെന്ന വിശ്വസിക്കപ്പെടുന്നു. ചരിത്രാതീതകാലത്ത് ജീവിച്ചിരുന്ന പ്രസ്തുത ഭാരതീയരുടെ ഭാഷ ഒരു പക്ഷേ ദ്രാവിഡഭാഷയോട് ബന്ധമുള്ളതായിരിക്കുമെന്നും മറ്റു ചില ഭാഷാപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു.

പ്രാചീനപരിഷ്കാരത്തിന്റെയെല്ലാം മാറിടങ്ങളും നദീതീരങ്ങളായിരുന്നല്ലോ? ഈജിപ്തിലെയും, ചൈനയിലെയും, ബാബിലോണിയായിലെയും, അസ്സീറിയായിലെയുമെന്നുവേണ്ട, ലോകത്തിലെ എല്ലാ പുരാതനപരിഷ്കാരവും നദീതടങ്ങളിലാണല്ലോ വളർന്നുവന്നത്. അതുപോലെ പ്രസ്തുത ഭാരതീയ നാഗരികതയും നദീതടത്തിൽതന്നെയാണ് വളർന്നുവന്നത്. മഹൻജോദാരോയിൽ ഭൂഗർഭഖനനശാസ്ത്രജ്ഞന്മാർക്ക് അതിമനോഹരവും, വിപുലവുമായ ഒരു നഗരത്തെയാണ് കാണുവാൻ കഴിഞ്ഞത്. ഇൻഡ്യയിൽ പ്രാചീനകാലത്തു കഴിവുള്ള ഇൻജിനിയറന്മാരുണ്ടായിരുന്നു എന്ന് ഈ നഗരം തെളിയിക്കുന്നു. ഓരോ പൗരന്റേയും സുഖസൗകര്യങ്ങൾക്കനുയോജ്യമാംവണ്ണം നിർമ്മിച്ചിരുന്ന പ്രസ്തുത നഗരത്തിൽ വലുതും ചെറുതുമായ ഒട്ടനവധി റോഡുകളും ഉണ്ടായിരുന്നു. ജനങ്ങൾ താമസിച്ചുവന്നിരുന്ന വീടുകളിൽനിന്ന് അല്പം അകലെയായുണ്ടായിരുന്ന വലിയ കെട്ടിടങ്ങളും കൊട്ടാരങ്ങളേ, ആരാധനാസ്ഥലങ്ങളോ, ഒരു പക്ഷെ നഗരസമിതികളോ ആയിരുന്നിരിക്കാം. കെട്ടിടനിർമ്മിതിക്ക് ഇഷ്ടികയായിരുന്നു ഉപയോഗിച്ചിരുന്നത്. ഇഷ്ടികകളിലും തടികളിലും കൊത്തുപണികളും യാതൊന്നുമില്ലായിരുന്നു. എന്നിരുന്നാലും ജനലുകളും കതകുകളും അത്യന്തം മനോഹരങ്ങളായിരുന്നു. ചുട്ടകട്ടകളാൽ നിർമ്മിതമായിരുന്ന കിണറുകളിൽനിന്നാണ് അവർ ജലം സംഭരിച്ചുവന്നത്. ധാരാളമാളുകൾക്ക് കുളിക്കുന്നതിനു സൗകര്യമുള്ള കുളിസ്ഥലങ്ങളും ആ നഗരത്തിലുണ്ടായിരുന്നു. അപ്പുകാരമുള്ള ഒരു കുളിമുറിയുടെ വിസ്തീർണ്ണം 11,440 ച അടി ആയിരുന്നു എന്നുള്ളത് പ്രസ്താവയോഗ്യമാണ്. 39 അടി നീളവും 29 അടി വീതിയും 8 അടി താഴ്ചയുമുള്ള ഒരു (Swimming pool) പ്രസ്തുത കുളിമുറിയിലുണ്ടായിരുന്നു.

ഗോതമ്പ്, ബാർലി, പാൽ, മാംസം, മത്സ്യം, പഴവർഗ്ഗങ്ങൾ എന്നിവ അവരുടെ ആഹാരത്തിലുൾപ്പെട്ടിരുന്നു. അവർ ആഹാരത്തിനുവേണ്ടി നിഗ്രഹിച്ചിരുന്ന ജന്തുക്കളിൽ, ആട്ടുമാടുകളും കോഴിയുമാണ് പ്രാധാന്യമർഹിക്കുന്നത്. അവരുടെ വളർത്തുജന്തുക്കളിൽ ആട്, ആന, പശു, ഒട്ടകം, കോഴി മുതലായവ ഉൾപ്പെടുന്നു. കുതിരയെ ഇണക്കി വളർത്താൻ അവർ ആരംഭിച്ചിരുന്നില്ല.

മഹൻജോദാരോയിലെ ജനങ്ങൾ സ്വർണ്ണം, വെള്ളി, ചെമ്പ്, തകരം, ഓട് എന്നിവ ഉപയോഗിച്ചിരുന്നു. ഇരുമ്പ് അവർക്ക് അജ്ഞാതമായിരുന്നു. സ്വർണ്ണം തെക്കെ ഇൻഡ്യയിലെ ഖനികളിൽനിന്ന് കൊണ്ടുവന്നതായിരിക്കുമെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം. ചെമ്പ്, ഓട് മുതലായവ ആയുധങ്ങളും നിർമ്മിക്കുന്നതിനും പാത്രങ്ങളും ഉണ്ടാക്കുന്നതിനും ഉപയോഗിച്ചുവന്നു. വിഗ്രഹങ്ങളും, മുദ്രകളും ചെറിയ പാത്രങ്ങളും എന്നിവ സ്വർണ്ണം അനുയോജ്യമായ കല്ലുകളും രാജപുട്ടണം, കത്തിയവർ എന്നീ സ്ഥലങ്ങളിൽനിന്നാണ് കൊണ്ടുവന്നിരുന്നത്. ആധുനിക ഭാരതത്തിലെ സ്ത്രീകളെപ്പോലെ, പുരാതനഭാരതത്തിലെ ആ മഹിളകളും ആഭരണങ്ങളിൽ അതിയായ ആഗ്രഹമുള്ളവരായിരുന്നതെ! സ്വർണ്ണം, വെള്ളി, ചെമ്പ്, വിലപിടിപ്പുള്ള കല്ലുകൾ, ആനക്കൊമ്പ് എന്നിവയാൽ നിർമ്മിച്ചിരുന്ന ആഭരണങ്ങളാണ് അവരെ കൂടുതൽ ആകർഷിച്ചിരുന്നത്.

മഹൻജോദാരോയിൽ ഉണ്ടാക്കിവന്ന കളിമൺപാത്രങ്ങൾ ആകൃതിയിലും പ്രകൃതിയിലും അത്യുത്തമമായിരുന്നു, സൂക്ഷ്മകലകളില്ലാത്ത അവരുടെ അഭിരുചിയും, പുരോഗതിയും ഇവയിൽനിന്ന് പ്രകടമാണ്.

അവരുടെ മതവിശ്വാസത്തെപ്പറ്റി ഒരു നിശ്ചിത അഭിപ്രായം രേഖപ്പെടുത്തുക അത്ര സുകരമല്ല. Sinha യും Banerjee യുംകൂടി എഴുതിയ History of India എന്ന ഗ്രന്ഥത്തിൽ പറയുന്നതിപ്രകാരമാണ്. "Probably there was no temple or church, for none of the houses so far excavated can be positively described as a house of worship. Tentative conclusions have, however, been drawn from the pictures found on the seals and small images of clay and metal. The worship of a mother Goddess was probably widely practised This feature of religious life connects Mahenjodaro with western Asia, where the worship of this goddess probably originated, rather than with Vedic India where made deities enjoyed a decided preponderance. Mahenjodaro also worshipped a male god, who may be identified with Siva. Phallus worship was practised. Here also we find a contrast with Vedic India, for the Rig Veda clearly denounces the Phallus-worshippers. Animism also was prevalent: trees, beasts and snakes received their shares of worship. Closely connected with religion is the practice of disposing of dead bodies. Three methods were known to them complete burial, fractional burial and post cremation burial.

മഹൻജോദാരോയിലെ ജനങ്ങളെപ്പറ്റി പറയുന്നിടത്തു പ്രസ്തുത ഗ്രന്ഥകാരന്മാർ പറയുന്നതിപ്രകാരമാണ്. "The inhabitants of Mahenjodaro probably belonged to three races. The Mediterranian race, the caucasian race and a race of unknown origin whose descendants are now inhabiting the area from Armenia to the north to Kashmir. ഒരു മംഗോളിയൻ അസ്ഥിപഞ്ജരവും പ്രസ്തുത സ്ഥലത്തുനിന്നു കണ്ടെടുക്കുകയുണ്ടായി. അതിനാൽ Indus Civilisation ഏതെങ്കിലും ഒരു പ്രത്യേക വർഗ്ഗത്തിന്റെ ശ്രമഫലമാണെന്ന് പറയുവാൻ നിവൃത്തിയില്ല. എന്നാൽ ചില ചരിത്രകാരന്മാരുടെ അഭിപ്രായം മഹൻജോദാരോയിലെ ജനങ്ങളും ദ്രാവിഡന്മാരാണെന്നാണ്. അതുകൊണ്ട് Indus Civilisation ദ്രാവിഡസംസ്കാരമാണെന്നും അവർ വാദിക്കുന്നു.

മറ്റുചില ചരിത്രകാരന്മാരുടെ പ്രസ്തുതസംസ്കാരത്തെ വേദകാലത്തിലെ ആര്യസംസ്കാരമായി ചിത്രീകരിക്കാൻ വെമ്പൽകൊള്ളുന്നു. എന്നാൽ ഇവരുടെ വാദമുഖങ്ങളും ദുർബ്ബലങ്ങളാണ്. ഒന്നാമതായി ഉത്ഖനത്തിൽ തെളിഞ്ഞുകാണുന്ന ഗ്രാമീണസംസ്കാരമല്ല മഹൻജോദാരോയിലേത്. രണ്ടാമതായി ഉത്ഖനത്തിൽ പടയാളികളും കുതിരയെ ഉപയോഗിച്ചിരുന്നതായി പ്രസ്താവിച്ചിട്ടുണ്ട്. മഹൻജോദാരോയിലെ ജനങ്ങൾക്കു കുതിരയെ പരിചയമില്ലായിരുന്നു. വേദത്തിൽ പശുവിന് ബഹുമാനമുണ്ടായ ഒരു സ്ഥാനമാണല്ലോ ഉള്ളത്. മഹൻജോദാരോയിൽ കാളയ്ക്കായിരുന്നു പ്രാധാന്യം. മഹൻജോദാരോയിലെ വിഗ്രഹാരാധന വേദകാലത്തെ ആര്യന്മാർക്ക് അജ്ഞാതമായിരുന്നു. വേദകാലത്തു ദേവന്മാർക്കായിരുന്നു പ്രാധാന്യം. എന്നാൽ മഹൻജോദാരോയിൽ ദേവിക്കായിരുന്നു പ്രാധാന്യം. ഈ വാദമുഖങ്ങളെ ഖണ്ഡിക്കാൻ സാധിക്കാത്തിടത്തോളംകാലം പ്രസ്തുതവാദം പ്രക്ഷിപ്തമാണെന്ന പറയാതിരിക്കാൻതരമില്ല. മഹൻജോദാരോയിലെയും മെസോപൊട്ടേമിയായിലെയും സംസ്കാരങ്ങൾതമ്മിൽ അഭേദ്യമായ ചില ബന്ധങ്ങൾ ഉള്ളതായിക്കാണപ്പെടുന്നുണ്ട്. ഇവരണ്ടും സമകാലീനങ്ങളുമാണ്. മഹൻജോദാരോയിൽ ഉപയോഗിച്ചുവന്ന അനവധി മുദ്രകൾ (Seals) ഊർ(Ur) ടെൽഅസ്മേർ (Tel Asmer-near Bagdad) തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് കണ്ടെടുത്തിട്ടുണ്ട്. മഹൻജോദാരോയിൽ ആരാധിച്ചിരുന്ന ദേവിയെ ഈ ഭാഗങ്ങളിലും ആരാധിച്ചുവന്നിരുന്നു. മുന്നോട്ടുപോയാൽ ഭാരതവും മെസോപൊട്ടേമിയായുംതമ്മിൽ അന്ന് അഭേദ്യമായ ബന്ധമുണ്ടായിരുന്നതായിട്ടാണുകാണുന്നത്.

പാശ്ചാത്യചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ ഈജിപ്തിന്റെ പുരാതനനാഗരികതയ്ക്ക് 4,0000 B.C.

* ആശ്രയം History of India by Sinha and Banerjee എന്ന ഗ്രന്ഥത്തിൽനിന്നും.

ബംഗാളും മലയാളവും - ഒരു നോട്ടത്തിൽ

★

— വി. എസ്സ്. കടുങ്ങല്ലൂർ —

ബംഗാളികളും മലയാളികളും തമ്മിൽ ആകൃതിയിലും പ്രകൃതിയിലും വളരെയേറെ സാദൃശ്യങ്ങൾ. ഭാരതത്തിലെ ഇതരഭാഷകളെ അപേക്ഷിച്ചു വളരെയേറെ പുരോഗമിച്ചിട്ടുള്ള ബംഗാളിഭാഷയെക്കുറിച്ചും ബംഗാളിന്റേതായ സംസ്കാരത്തെക്കുറിച്ചും ഏതൊരുബംഗാളിക്കും വലിയ മതിപ്പാണ്. രാഷ്ട്രഭാഷയാകാവുന്നുള്ള അവകാശംപോലും ബംഗാളിക്കുണ്ടെന്നു വിശ്വസിക്കുന്നവർ വിരളമല്ല. ഏറെക്കുറെ പ്രാദേശികമായ മനോഭാവവും സങ്കുചിതമായ വീക്ഷണഗതിയുംമൂലം തങ്ങൾക്കുള്ളതിലേറെമേന്മയുണ്ടെന്നവരുത്താൻ ശ്രമിക്കുന്നവർ വിദ്യാസമ്പന്നരുടെഇടയിൽപോലും കണ്ടെത്താൻ വിഷമമില്ല. തങ്ങളുടെ സമ്പന്നഭാഷയുടെ സംസ്കാരത്തിനും പ്രചാരത്തിനുമായിവേണ്ടി ഒരു സംഘടനതന്നെ ബംഗാളിൽ പ്രവർത്തനം നടത്തുന്നുണ്ട്.

തെക്കേഇന്ത്യക്കാരെക്കുറിച്ചു മതിപ്പുള്ളവരാണ് ബംഗാളികൾ. തെലുങ്കനും തമിഴനും മലയാളിയും ഒറിയക്കാരനുംഎല്ലാം ബംഗാളികൾക്കു മതിപ്പുള്ളവരാണ്. മതിപ്പുശക്തിയിൽ അല്പസ്വല്പം ആഭിജാത്യക്കുറവും ചിലരുടെനോട്ടത്തിൽ ഇല്ലെന്നില്ല. അവരെക്കുറിച്ചു പഴയ ദ്രാവിഡന്മാരുടെ പിൻമുറക്കാരെല്ലെ? ആര്യന്മാരുടെ വംശജർക്ക് പിന്നെ അങ്ങിനതേന്നുന്നതിൽ തെറ്റില്ല.

ബംഗാളികളും മലയാളികളുംതമ്മിലുള്ള സാമൂഹങ്ങളിൽ പ്രധാനം അവരുടെ പൊതു ആദ്രാംശസ്ഥിതിയാണ്. കാഴ്ചയിലും പ്രകൃതിയിലുംകാണുന്ന സാമ്യത്തിനു കാരണവും ഇതുതന്നെയാണ്. ഭാരതത്തിൽ മാറ്റം സംഭവിക്കുന്നതിനുമുമ്പുള്ള തനതായ ഇരുകൂട്ടരുടേയും ആദ്രാംശസ്ഥിതി ഏറ്റവും പിന്നണിയിൽ അടുത്തടുത്തു കാണാം. ആര്യന്മാരുടെ ഇരുകൂട്ടർക്കും പ്രധാനലക്ഷണം. ബംഗാളികൾ കുറച്ചു മത്സ്യവും കൂടുതലുപയോഗിക്കുന്നുണ്ട്. അതുകൊണ്ട് ഗണ്യമായതോതിലല്ലെങ്കിലും അല്പം ഭേദപ്പെട്ടനില അവർക്കുണ്ടുതാനും.

ആദ്രാംശത്തിന്റെ കുറവുകൊണ്ടു തന്നെയായിരിക്കണം, ഇരുകൂട്ടരും ക്ഷണത്തിൽ വികാരാധീനരാകുന്നതു്. പെട്ടെന്നു കോപിക്കുന്നതും പെട്ടെന്ന് ആറിത്തണുത്തു് അങ്ങേയറ്റംസ്നേഹിക്കുന്നതും അവരുടെയിടയിൽ സാധാരണമാണ്.

ഈശ്വരവിശ്വാസത്തിലും ഏറെക്കുറെ അന്ധവിശ്വാസത്തിലും രണ്ടുകൂട്ടരും മോശമല്ല. മുസ്ലിംആധിപത്യത്തിലും പിന്നീടു് വിദേശീഭരണത്തിലും പുലർന്ന ബംഗാളിൽ തലയെടുപ്പുള്ള ക്ഷേത്രങ്ങൾ കുറവായി കാണുന്നതു് സ്വാഭാവികമാണ്. മുസ്ലിമിങ്ങളുടേയും ക്രിസ്ത്യാനികളുടേയും പള്ളികൾ മോടിയിൽ കാണാമെങ്കിലും ഒരുമാതിരി ജീർണ്ണിച്ചനിലയിലാണ് ഹിന്ദുക്ഷേത്രങ്ങളെല്ലാം തന്നെ.

ബംഗാളിൽ മാത്രമല്ല ഏതാണ്ട് ഇന്ത്യമുഴുക്കുതന്നെ അറിയപ്പെടുന്ന ഒന്നാണ് കൽക്കത്താ പട്ടണപ്രാന്തത്തുള്ള കാളി ക്ഷേത്രം. കാളിയുടെ മുമ്പിൽ ആടുകളെ കഴുത്തുവെട്ടുന്നതു് കാണാം. ഇതുകൂടാതെ ഇടയ്ക്കിടെ കാളിക്കുമുമ്പിൽ നരബലി നടന്നിരുന്നുവെന്നാണ് പറയുന്നതു്. ഏതായാലും മനുഷ്യബലി ഇപ്പോഴും തുടർന്നുവരുന്നുണ്ട്. കാളിയെ പ്രീതിപ്പെടുത്താൻ ആടിന്റെ കഴുത്തുവെട്ടുന്നതു് — ഇതും പരിശുദ്ധമെന്നു കരുതപ്പെടുന്ന ദേവിസന്നിധിയിൽവച്ചുതന്നെ — ഇക്കാലത്തു് തികച്ചും പ്രാകൃതമായി തോന്നാതിരുന്നുകയില്ല.

കാളിപൂജയ്ക്കുണ്ട് ബംഗാളിൽ പ്രാധാന്യം. ദുർഗ്ഗാപൂജയും സരസ്വതിപൂജയുംമാറ്റം ആർഭാടത്തോടുകൂടി ദേശീയോത്സവങ്ങളായിത്തന്നെ നടത്തിവരികയാണ്. പട്ടണങ്ങളിലും മാറ്റം കാലത്തിനൊത്തതല്ലെങ്കിലും ചില പരിവർത്തനങ്ങളും ഈ ഉത്സവങ്ങളെസംബന്ധിച്ചിടത്തോളം കണ്ടുവരുന്നുണ്ട്. ദുർഗ്ഗയുടെയും സരസ്വതിയുടെയുംമാറ്റം പ്രിഗ്രഹങ്ങളോടൊപ്പംതന്നെ ഛോസിന്റേയും മാറ്റം പ്രതിമകളും സ്ഥലംപിടിക്കുണ്ട്. പോരെങ്കിൽ കാളിക്കും സരസ്വതിക്കുമൊക്കെ ഉച്ചത്തിൽ ജേവളികളും ഭജനകളുമൊക്കെ ഉച്ചത്തിൽ ജേവിളിക്കുന്ന സമ്പ്രദായം ആദ്യമായി ഞൻ കാണുന്നതു ബംഗാളിലാണ്.

ഗംഗാനദി പുണ്യതീർത്ഥമാണെന്നുള്ളവയ്യ്. ആണ്ടിലൊരിക്കൽ എത്രയെത്ര വിഗ്രഹങ്ങളാണ് അതിൽ തള്ളപ്പെടുന്നതു? പോരെങ്കിൽ ഗ്രഹണം തുടങ്ങിയ ചില സന്ദർഭങ്ങളിൽ നാണയങ്ങളും ധാരാളമായി അതിലാത്തിപ്പെടുന്നുണ്ട്.

രാഷ്ട്രീയകാര്യങ്ങളിലും കലാപരമായ രംഗങ്ങളിലും ബംഗാളികൾ പണ്ടേ മുന്നേറിയിട്ടുണ്ട്. രാഷ്ട്രീയപ്രബുദ്ധതയിൽ മറാഠരെക്കാളും മുന്നിലാണവർ. പക്ഷേ വികാരാധീനരാവുന്നതിൽ അവരുടെകുടെപ്പിറപ്പാണ്.

എന്റെ പരിചയസീമയിൽ പെട്ടിടത്തോളം ബംഗാളികളുമായി ഏറ്റുമുട്ടലുണ്ടാക്കുന്നതു് അവരിൽ കാണുന്ന രണ്ടു പ്രധാനഗുണങ്ങളാണ് — ദുരഭിമാനമില്ലായ്മയും ആവശ്യത്തിനുള്ള വിനയവും. എല്ലാവരിലും ഈ ഗുണങ്ങളുണ്ടെന്നു ഞാനഭിപ്രായപ്പെടുന്നില്ല. അതു സാധ്യവുമല്ലല്ലോ. ഞാൻ ആ ചെറിയസംഭവം അറിയിക്കാം. ഒരുദിവസംഞാൻ ഏകനായി ഒരു ബംഗാളിയുടെ കടയിൽ ചായകുടിക്കുവാൻ കയറി. എനിക്കു ബംഗാളി നല്ലവശമല്ല. കേട്ടാൽ വല്ലതുമൊക്കെ മനസ്സിലാകും, അത്രമാത്രം. ഒരു ചെറിയ ചായക്കടയാണ്. ഒരു എട്ടുപത്തുപേർ — എല്ലാം ബംഗാളികൾതന്നെ — അവിടെ എന്നെപ്പോലെതന്നെ ചായകുടിക്കുന്നുണ്ട്. ഞാൻ ചായകുടികഴിഞ്ഞു പോക്കാറിൽനിന്നും ഒരു രണ്ടണത്തുപാനോട്ടെടുത്തുകൊടുത്തു. കച്ചവടക്കാരൻ അതു തിരിച്ചും മറിച്ചും നോക്കിയിട്ട് തിരികെത്തന്നു. അതെടുക്കുകയില്ലത്രെ. ഞാൻ അല്പം പരുങ്ങലിലായി. കഷ്ടിച്ചു ഞാൻ പറഞ്ഞൊപ്പിച്ചു എന്റെ കൈയിൽ വേറെ തിരുപ്പെട്ടകമാത്രമല്ല ഒപ്പസഞ്ചികൂടിത്തിട്ടുപോകാൻ ഒരു കല്പനയും. മുന്നറയണയുടെ കായ്യമേയുള്ളൂ. ഞാൻ 'മതിരശേയാണെന്ന മനസ്സിലാക്കിയപലർ എന്റെ കയ്യിൽനിന്നും അനേകവട്ടങ്ങൾ തിരിച്ചും മറിച്ചും നോക്കിയിട്ട് പച്ചരസത്തിൽ ചിരിച്ചിട്ടു തിരിച്ചുതന്നു. ചിലർ എണ്ണകൂടിയക്കി. ചിലർ പുച്ഛിച്ചു. ചിലർ ശകാരിക്കുകയുംചെയ്തു. എന്നാൽ ഒരുപോംവഴി ആരും നിർദ്ദേശിച്ചുമില്ല. ഞാൻ നല്ലപോലെ വിയർത്തു അപ്പോഴേക്കും അടുത്തിരുന്ന ഒരുമാന്യൻ എന്റെകൈയിൽനിന്നും ആനോട്ടവാങ്ങി പോക്കറ്റിൽ നിക്ഷേപിച്ചിട്ട് ഒന്നുംപറയാതെ മറ്റൊരു നോട്ടെടുത്തു കൈയിൽതന്നു.

ഞാൻ പലപ്രകൃതക്കാരെ കണ്ടുമുട്ടി. എന്റെ പരവശതയിൽ അപഹസിക്കുന്നവരെ, പ്രതിഫലമൊട്ടുകൂടാതെ ഒരു ചെറിയ ഉപകാരംചെയ്യുന്നതിനു വൈമനസ്യമില്ലാത്തവരേയും. അത്തരക്കാർ ധാരാളമുണ്ട് ബംഗാളിൽ. പ്രത്യേകിച്ചും അല്പസ്വല്പം വിദ്യാഭ്യാസമുള്ളവരുടെകൂട്ടത്തിൽ.

ബംഗാളിലെ ഉപനാട്ടുകാരിലേക്കൊന്നെത്തിനോക്കിയാൽ അമ്പരപ്പിക്കുന്ന പലതും അവിടെക്കാണാം. ഏറെക്കുറെ നമ്മുടെനാട്ടിന്റെ പ്രതീതി ഉണർത്തുന്ന പ്രകൃതിയാണ്. മാവും പ്ലാവും വാഴയുമൊക്കെ നമ്മുടെ നാട്ടിലെപ്പോലെതന്നെ. നിലംപാറിനിൽക്കുന്ന കുടിലുകൾ, അപരിഷ്കൃതരായ ഗ്രാമീണർ എല്ലായിടത്തും വ്യത്തിഹീനത — ഇതെല്ലാംതന്നെ നാമവിടെ മുഖ്യമായി കണ്ടെത്തുന്നതു്. വേണ്ടത്ര ഗതാഗതസൗകര്യമോ പരിഷ്കൃതജീവിതത്തിനുവേണ്ട ഉപാധികളോ ഇല്ല. പോരെങ്കിൽ എവിടെനോക്കിയാലും വൃത്തികേടു തന്നെ. സൂചിപ്രമേഹം മുതലെക്കരവാണവിടെ. നടപ്പുരോഗവും മലവും മൂത്രവുംകൊണ്ടു നിറഞ്ഞിരിക്കും. ചത്തുനാറിയ ജന്തുക്കളുടെ ശവശരീരങ്ങൾ എങ്ങും കാണാതിരിക്കും. പന്നികളും പോത്തുകളുമൊക്കെ ചത്തുകഴിഞ്ഞാൽ വലിച്ചു അടുത്തുള്ള വെളിപ്രദേശത്തിൽ തള്ളുകയാണവർചെയ്യുന്നതു്. ചീഞ്ഞളിഞ്ഞ മാംസം ഉടൻതിന്നുവാൻ തടിച്ചുകൂടിയ കഴുകന്മാരേയും ഗൃധ്രങ്ങളേയും സുലഭമായി കാണാവുന്നതാണ്.

നമ്മെപ്പോലെതന്നെ ഏതാണ്ട് അലസന്മാരാണ് ബംഗാളികളും. വയറുകഴിയാൻമാത്രംകൊണ്ടു് അവർക്കു തൃപ്തിയായി. ദാരിദ്ര്യവും ബുദ്ധിമുട്ടും എത്രതന്നെയുണ്ടെങ്കിലും ഏതു നേരത്തിലാണെങ്കിലും ഏതു ദേശത്തിലാണെങ്കിലും ഒരലസതയാണവർ പ്രദർശിപ്പിക്കുന്നതു്. സംസാരിക്കുന്നകാര്യത്തിൽമാത്രം വളരെ ഉശിരും വശിയുമുണ്ടുതാനും.

വേഷത്തെസംബന്ധിച്ചാണെങ്കിൽ നമ്മുടേതിൽനിന്നും തികച്ചും ഭിന്നമായൊരുനിലപാടാണ് ബം

പഴക്കമുണ്ട്. H. A. Davies എന്ന ചരിത്രകാരൻ 'An outline History of the world' എന്ന ഗ്രന്ഥത്തിൽ പറയുന്നതു് നോക്കുക. "Proffessor Flinders Petrine considers that Egyption Civilisation is as old as 10,000 B. C." അദ്ദേഹം വേറൊരുഭാഗത്തു പറയുന്നു "Contemporary with Egyption Civilisation and posibly even of earlier origin was that which sprang up in Western Asia in the river valley of the Tigris and Euphrates, the region which is called Mesopotamia ഇയിപ്റ്റിനും മെസോപൊട്ടേമിയയ്ക്കുമുള്ള നാഗരീകതകളും സമകാലീനങ്ങളാണെന്നു് ഇതിൽനിന്നുതെളിയുന്നുണ്ടല്ലോ. മെസോപൊട്ടേമിയയിലേയും മഹൻജോദാരോയിലേയും സംസ്കാരങ്ങൾസമകാലീനങ്ങളാണ്. History of India ഏന്നഗ്രന്ഥത്തിൽ Sinha പറയുന്നതു നോക്കുക. "There are good reasons to believe that the pre-historic civilisation of the Indus valley was closely connected with the *Contemporary Civilisation* of Westprn Asia. ഇതു് വാസ്തവമാണെങ്കിൽ മഹൻജോദാരോസംസ്കാരത്തിന്റെ ആരംഭം ഏതാണ്ട് 10 000 B. C. ആയിരിക്കുമല്ലോ. "We are not the beggers of the Civilised World" എന്നു് സ്വാമി വിവേകാനന്ദൻ പറഞ്ഞതു് എത്ര പരമാർത്ഥമായിരിക്കുന്നു.

★



— തകഴി കെ. രാമവാര്യർ —

19-10-1128 — 25-10-1128.
1-6-1953 — 7-6-1953.

അശ്വതി— സഹായിക്കുമായിരുന്നവർ പ്രതികൂലികളായിത്തീരും. മംഗളകാര്യങ്ങളെക്കുറിച്ചു ചിന്തിക്കും. മരാമത്തുകൾക്കു പണം മുടക്കും. വൈകല്യങ്ങളെ തരണംചെയ്യുവാൻ കഴിയും. അയോഗ്യമായ സംഘടനയ്ക്കുനിമിത്തം ധനവ്യയത്തിനും ശോപനത്തിനുമിടയാകും.

ഭരണി—രാഷ്ട്രീയകാര്യങ്ങളിൽ അഭിരമിപ്പാനിടയാകും. അധികാരഭ്രമവും ദുസ്വാതന്ത്ര്യവും പിളർപ്പിനിടയാക്കും. വിശ്രമമില്ലാത്ത യാത്രാദികൃം ആരോഗ്യത്തെ ക്ഷയിപ്പിക്കും. വിരഹം ഉണ്ടാക്കും. ഉന്നതപദവീതിക്കുവേണ്ടി നിലകൊള്ളും. ത്രിദോഷം കോപിക്കും.

കാർത്തിക—ചില സ്വാധീനശക്തിക്കടവുതട്ടും. ഗൃഹജനപീഡ വിട്ടുമാറാതെ ശല്യപ്പെടുത്തും. ലാഭത്തിനു വിളംബംതട്ടും. സന്താനങ്ങളുടെ അഭിവൃദ്ധിക്കു അശ്രാന്തപരിശ്രമങ്ങളും നടത്തും. ബന്ധുക്കളുടെ സമാഗമവും പാരിതോഷികസൽക്കാരങ്ങളും വേണ്ടിവരും.

രോഹിണി—പരിശ്രമത്തിന്റെ ഫലത്തിനു അർഹനായിത്തീരും. ആത്മാർത്ഥമായി പ്രവർത്തി എടുത്തുചാടി അപവാദമുണ്ടാകും. സ്വന്തമാളുകൾ കൃതഘ്നതകാട്ടും. ഉയർന്നവരിൽനിന്നും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കാം. രാജകീയസഹായങ്ങൾക്കു അർഹനായിത്തീരും.

മകയിരം—നഷ്ടങ്ങൾക്കു പരിഹാരമുണ്ടാക്കും. സന്തോഷകരമായ വാർത്തകൾ ശ്രവിക്കും. പ്രശസ്തിസമ്പാദിപ്പാൻ കഴിയും. നേതൃത്വം ലഭിക്കത്തക്ക സംഗതികളിൽ ഏർപ്പെടും. ഭാവികാര്യങ്ങൾ ഉണ്ടാകും. ഏതു കാര്യത്തിലും മനസ്സമാധാനമുദിക്കും.

തിരുവാതിര—ലക്ഷ്യസ്ഥാനപ്രാപ്തിക്കുവേണ്ടി പല ക്ലേശങ്ങളും ദുരിതങ്ങളും സഹിക്കും. അനുകൂലമായ സ്ഥാനചലനം ഉണ്ടാകും. സന്താനപീഡകൾ വ്യർത്ഥം വളർത്തിക്കൊണ്ടിരിക്കും. അഭിമാനത്തിനുവേണ്ടി പലതും മറക്കും മറയ്ക്കും.

പുണർതം—ഗൗരവാവഹമായ കാര്യങ്ങൾ ചുമതലയിൽ വെച്ചുകൊണ്ട് മനസ്സിനെ നീറ്റും. ചില പ്രത്യേക വ്യക്തികളുമായിട്ടുള്ള കൂടിപ്പാടുകൾ നിമിത്തം വിഷമം വർദ്ധിക്കും. നൂതനപരിപാടികളിൽ ഭീതിയുദിക്കും. സമാധാനപൂർവ്വമായ അന്തരീക്ഷം സൃഷ്ടിപ്പാൻ മുതിരും.

പൂയം—ദേശീയകാര്യങ്ങളിൽ പ്രതിപത്തിയുണ്ടാകും. എതിർപ്പുകളെ അതിലംഘിച്ചുകൊണ്ട് ലക്ഷ്യത്തിലേക്ക് കുതിച്ചുചാടും. നിഷ്പ്രയാസമായ കാര്യസാധ്യതയിലായിരിക്കും. ഏറാമുട്ടൽ ഉണ്ടാകുന്നതു്. സഹകാരികളെ സഹായിക്കും.

ആയില്യം—പണക്കഴപ്പും ഏതു കാര്യത്തിലും നല്ലപോലെ ഞെരുക്കികൊണ്ടിരിക്കും. വിശ്വസിച്ചതിനു വിപരീതമായ അനുഭവങ്ങൾ ഉണ്ടാകും. പ്രവർത്തനമന്ദത ഇച്ഛാഭംഗത്തിനിടവരുത്തും. ഗാർഹികസുഖം കുറയും. ശത്രുക്കൾ കൂടും.

മകം—ആത്മാർത്ഥമായ സേവനവും പരിശ്രമവും പ്രശസ്തിയും കാര്യലാഭവും ഉണ്ടാക്കും. ഭാവിശ്രേയസ്സിനും ഭദ്രതയ്ക്കുംവേണ്ടി ചിലതെല്ലാം ചെയ്യുവാൻ കഴിയും. സൂക്ഷ്മസംഗമം ആശാവഹമായ പുരോഗതി വളർത്തും. ആഗ്രഹിതർ വർദ്ധിക്കും. ധീരത പ്രത്യക്ഷപ്പെടുത്തും.

പൂരം—അമോഹചിന്തനനിമിത്തം നഷ്ടവും വ്യയവും വരും. മനസ്സിനു വൈരിയുണ്ടാകും. കാലദോഷത്താൽ ചില അനിഷ്ടഫലമുളവാകും. കളത്രപീഡയോ സ്ഥാനപരിവർത്തനമോ സംഭവിക്കും. നിസ്സാരകാര്യത്തിൽ പൂർവ്വവിദ്വേഷം പ്രകടമാക്കും.

ഉത്രം—വേണ്ടപ്പെട്ടവരെക്കൊണ്ടുള്ള ദുരിതാനുഭവങ്ങൾ വളർന്നുകൊണ്ടേതന്നെ ഇരിക്കും. ഏതു കാര്യത്തിലും പുരോഗതിയുണ്ടാകും. പൊതുജനപ്രീതിക്കുവേണ്ടി നിലകൊള്ളും. തൊഴിൽക്കാര്യങ്ങൾ പുഷ്ടിപ്പെടുത്തും. അഹിതമായി വർത്തിച്ചിരുന്നവർ അടുത്തുവരും.

അത്തം—പൂർവ്വവിരോധം മറന്ന് വേണ്ടപ്പെട്ടവരെ സഹായിക്കും. പണക്കഴപ്പുകൾ വിട്ടുമാറും. സഹപ്രവർത്തകരെ അതിരറ്റു സ്നേഹിക്കും. രക്തശുദ്ധി കുറയും. സന്താനഹിതത്തിനു വിധേയരാകും. നഷ്ടം പരിഹരിക്കും.

ചിത്തിര—അഭിലാഷങ്ങൾ പൂർത്തീകരിക്കും. സ്വന്തം ജനങ്ങളുമായി ഒരു പരിവർത്തനമുണ്ടാകും. വിരഹവൃഥ ഫലമായി കലാശിക്കും. ആശ്രിതരുടെ ഹിതം പാലിക്കും. പുരോഗതിക്കുവേണ്ടി വ്യയംചെയ്യും. മനസ്സിനു സമാധാനംലഭിക്കും. കഴപ്പുകൾ നീങ്ങും.

ചോതി—ചില അപമാനയവശങ്ങളിൽകൂടി ലാഭമെടുക്കും. തൊഴിൽ അഭിവൃദ്ധിയെ പ്രാപിക്കും. ചെലവിനും കുറവുണ്ടാകയില്ല. ഗൃഹജനസുഖം കുറയും. ദുഃഖവാർത്തകൾ ശ്രവിക്കും. പൊതുസ്ഥാപനങ്ങൾക്കുവേണ്ടി സഹായധനം നൽകും. ഗാർഹികമായ കഴപ്പംസൃഷ്ടിക്കും.

വിശാഖം—പ്രവർത്തനരംഗത്തു വരെ സൂക്ഷിച്ചും നയമായും പെരുമാറും. അലസതവിട്ട് കർമ്മപരമായി പ്രവർത്തിച്ചു പ്രയോജനംനേടും. വിപത്തുകളിൽനിന്നും ഒഴിഞ്ഞുനില്ക്കും. എല്ലാകാര്യങ്ങളും ഹിതംപോലെ സാധിച്ചില്ലെന്നുവരും. ഏറെക്കുറെ സംതൃപ്തിയുണ്ടാകും.

അനിഴം—അധികൃതർ നിമിത്തം വിളംബവും നിരാശയും ഉണ്ടാകും. പ്രത്യേകവ്യക്തികളുടെ സ്നേഹംകൊണ്ടു ശ്രേയസ്സുരമായമാർഗ്ഗങ്ങളും തെളിയും. തന്നെ ചില അനർത്ഥങ്ങളും കഴപ്പുങ്ങളും സൃഷ്ടിക്കും. ഭരണിയെ അപവദിക്കും.

തൃക്കേട്ട — സാമൂഹ്യകാര്യങ്ങളിൽ ഇടപെട്ട് വിജയംവരിക്കും. അനുകൂലമായ സ്ഥാനചലനവും സമ്പത്തികമായ പലവിധകഴപ്പുവും പരിഭ്രമവും നേരിടും. ആശ തൃപ്തികരമാക്കുവാൻശ്രമിക്കും. ചില തല്പരകക്ഷികളുടെ പൂർണ്ണസഹകരണത്തിനു വിധേയരാകും.

മൂലം—പണക്കഴപ്പും പരിഹരിക്കപ്പെടും. വിശ്വാസത്തിൽ അല്പം തകരാറുകൾകാണും. യാത്ര വർദ്ധിക്കും. സൗഹൃദസമ്പർക്കത്തിനു പുതിയ സന്ദർഭങ്ങൾ ഉണ്ടാകും. ക്ഷീണവശങ്ങൾക്കു പരീക്ഷണത്താൽ വിജയമുണ്ടാക്കും. സംഘടിതകാര്യങ്ങളിൽ ബുദ്ധിപരമായി പെരുമാറും.

പൂരാടം—കർമ്മമണ്ഡലത്തിൽ ഉന്മേഷംവളരും. മാനുഷ്യതയും സ്ഥാനഗുണവും ലഭിക്കും. ഉയർന്നവ്യക്തികളുമായുള്ള ബന്ധംപുലർത്തും. കൂടുതൽ പുരോഗതിക്കുള്ളകാര്യങ്ങളെ അഭിമുഖീകരിക്കും.

ഉത്രാടം—ചിരപ്രതീക്ഷിതശ്രമത്തിനു മോചനംലഭിക്കും. അസംതൃപ്തി നീങ്ങും. പുതിയ സഹായികളെ കണ്ടെത്തും. സൗമനസ്യമായ ഒരു സ്ഥാനഭ്രംശം വന്നുചേരും. കഴപ്പുങ്ങൾ നിക്കുവാൻ കഴിയും. മത്സരചിന്തയുദിക്കും.

തിരുവോണം—ഭരണീയത്തമായി അസൈചരതയുണ്ടാകും. ക്ലേശങ്ങളേയും അഭിമുഖീകരിപ്പാൻ തയ്യാറാക്കും. പ്രബലസഹായികളെ കണ്ടെത്തും. അല്പലാഭവും അധികവ്യയവുമുണ്ടാകും. പ്രയോജനത്തിനുതകുന്ന സാധ്യതകൾ ദൃശ്യപ്പെടും. മോചനപരിവർത്തനമാണ്.

അവിട്ടം—സ്വജനങ്ങളുടെ നീരസത്തിനും അമിതവ്യയത്തിനുമിടയുണ്ട്. ഏറ്റിയ ചുമതലകളിൽ മനസ്സുടപ്പിടിക്കും. ബഹുജനമൈത്രിയാഞ്ഛിക്കും. വ്യവസായികളിൽ മന്ദഗതിയാണു പ്രതീക്ഷിക്കാവുന്നതു്. പരിഭ്രമവും ഭീതിയും വളരും.

ചതയം—ഉയർന്നകൂട്ടുകെട്ടുകളും തന്നിമിത്തം അനുകൂലഫലവും സിദ്ധിക്കും. സാമ്പത്തികമായി ചില ബാധ്യതകളും കൈവരും. പ്രതീക്ഷകൾ പലതും സാധിക്കും. സംഗതികളിൽ തൃപ്തിയുണ്ടാകും. ചില പ്രലോഭനകാര്യങ്ങളും ഉണ്ടാകും. സന്താനങ്ങളുമായി അടുഖംജനിക്കും.

പൂരുരുട്ടാതി—സഹകാരിയർ നിമിത്തം കാര്യാഘാതനിയുണ്ടാകും. ചില തെറ്റിദ്ധാരണകൾനിമിത്തം പുരോഗതിക്കു വിഘാതമുണ്ടാകും. പരിശ്രമത്തിനു വിപരീതമായിരിക്കും അനുഭവം ഉണ്ടാകുന്നതു്. ചതിവും അന്തഃഛിദ്രവും പ്രത്യക്ഷപ്പെടും.

ഉത്രട്ടാതി—ധനപരമായ പ്രയാസങ്ങൾനീങ്ങും. സന്താനപരമായി മനഃക്ലേശംജനിക്കും. ചില അപമാനങ്ങൾ സഹിക്കേണ്ടിവരും. ചില കാര്യപരിപാടികൾ നീക്കിവെയ്ക്കും. അഹിതകാര്യങ്ങൾക്കു വിധേയനാകും. സ്വാർത്ഥസേവനത്തിൽ പ്രീതിയാർജ്ജിക്കും.

രേവതി—അനർഹമായ ചെയ്തികൾക്കുവിധേയനാകും. പ്രവർത്തനരംഗത്തു് ചില കഴപ്പംസൃഷ്ടിക്കും. കർമ്മപദ്ധതിക്കായുള്ള ഏർപ്പാടുചെയ്യും. സംഘടിതശ്രമം വിപുലത്തിനിടവരുത്തും. ചെലവു മുന്തിവരും. അസുഖം തന്നേവളർത്തും.

ഗമിക്കുക്കും. പുരുഷന്മാർ ഒരുമാതിരി താഴ്വലിച്ചുകുത്തിയാണെങ്കിലും നടക്കുന്നതു്. മുണ്ടിന്റെ ഒരറ്റം ചിലപ്പോൾ ജൂബായുടെ പോക്കറ്റിലോ, തോളത്തുതന്നെയോ ഇട്ടെന്നുംവരും. എന്നാൽ മുസ്ലിങ്ങളുടെ വസ്ത്രധാരണം നമ്മുടെരീതിയോടടുത്തതാണെന്നാണു്. സ്ത്രീകളുടെകാര്യത്തിൽ ഏതാണ്ടു നമ്മുടെ കഥകളിയിലെ സ്ത്രീവേഷംപോലെയാണു്. മുസ്ലിം സ്ത്രീകൾ ഇപ്പോഴും പർദ്ദക്കുള്ളിൽനിന്നും പുറത്തുചാടിയിട്ടില്ല.

ഏതായാലും ബംഗാളും മലയാളവും തമ്മിൽ വളരെയേറെ സാദൃശ്യമുണ്ടു്. ഏതുവശത്തുകൂടിനോക്കിയാലുംകാണാം വ്യക്തമായ ചില ഐക്യരൂപ്യങ്ങൾ. അവഗണിക്കാവതല്ലാത്ത വൃത്യാസങ്ങളും ഇല്ലാതില്ല.

തിരുവിതാംകൂറിലെ ഉപഭോക്തൃ സഹകരണം

— കെ. ജി. ഗോപാലകൃഷ്ണൻ —
[സെക്രട്ടറി, തിരുവിതാംകൂർ സഹകരണഇൻസ്റ്റിട്ട്യൂട്ട്]

സഹകരണപ്രസ്ഥാനത്തെ പുനഃസംഘടിപ്പിച്ചു പുഷ്ടിപ്പെടുത്താനുള്ള ഒരേ ഒരു നേരായ മാർഗ്ഗം പ്രശസ്തനായ ഒരു സഹകാരിയുടെ അദ്ധ്യക്ഷതയിൽ ഒരു അന്വേഷണസമിതിയെ നിയമിക്കുകയും, ആ സമിതിയുടെ ശുപാർശകളെ ആത്മാർത്ഥതയോടെ നടപ്പിൽവരുത്തുകയുമാണു്.

ബ്രിട്ടീഷ് ഇൻഡ്യയിലെ 1904-ലേയും 1912-ലേയും സഹകരണ ആക്ടുകളിൽനിന്നാണു് തിരുവിതാംകൂറിലെ സഹകരണത്തിന്റെ ഉത്ഭവം. തിരുവിതാംകൂർസംസ്ഥാനത്തിൽ, സഹകരണപ്രസ്ഥാനംനടപ്പിലാക്കുന്നതുള്ള നടപടികളും 1914-ൽ ഗവണ്മെന്റു സ്വീകരിച്ചു. കർഷകരുടെ എല്ലാ കഠിനപ്രശ്നങ്ങളേയും, പ്രത്യേകിച്ചു് എളുപ്പം കടംകിട്ടാനുള്ള വിഷമതയെ, കാർഷികധനസഹായസംഘങ്ങളാൽ പരിഹരിക്കുമെന്നു് ആലും കരുതപ്പെട്ട ഈ ധാരണയെ ആടിസ്ഥാനമാക്കി, ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലും സഹകരണവായ്പാസംഘങ്ങളും സംഘടിപ്പിക്കപ്പെട്ടു. കുറെക്കാലംകഴിഞ്ഞു്, സഹകരണവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെയും സഹകരണപ്രസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പ്രചരണങ്ങളുടേയും ഫലമായി ഇന്ത്യയുടെ മറ്റുഭാഗങ്ങളിൽ കാണുന്നതിലധികവും എല്ലാതരത്തിലും പെട്ട സംഘങ്ങളും നടപ്പിൽവന്നു.

സഹകരണവകുപ്പിന്റെ ഭരണറിപ്പോർട്ടു വായിക്കുന്ന ഒരാൾക്കു് സമീപത്തുള്ള ഏതു വിഭാഗത്തിലും ഖിവിധത്തിലുംപെട്ട പ്രവർത്തനവുമായി തരതമ്യപ്പെടുത്തുമ്പോൾ, ഇതിൽ എന്തെങ്കിലും പ്രസ്താവയോഗ്യമായോ അസാധാരണമായോ ഒന്നും കാണാനുണ്ടാകുകയില്ല. പൊതുവിലുള്ള പുരോഗതി ആനുപാതികമായി ഒരുപോലെതന്നെയാണു്.

1952 ജൂൺ 30-ാംതിയതി സംസ്ഥാനത്തിൽ 2102 സംഘങ്ങളുണ്ടു്. ഇവയിലെല്ലാംകൂടി 293221 അംഗങ്ങളും. ആ വർഷത്തിലെ മൊത്തംപ്രവർത്തനധനം 16443791 രൂപയാകുന്നു. ഇതു് ഒരു സംഘത്തിനു് ശരാശരി 7822 രൂപാവരും. സംഘങ്ങളുടെ എണ്ണവും അവയിലെ മെമ്പറന്മാരുടെ സംഖ്യയും നോക്കുന്നപക്ഷം ഇതുവരെയുള്ള പ്രവർത്തനം ഏതാണ്ടു് തൃപ്തികരമാണെന്നു തോന്നാം. എന്നാൽ സഹകരണപ്രസ്ഥാനത്തിലെ മൂലധനത്തെപ്പറ്റി ചിന്തിക്കുമ്പോൾ പ്രോത്സാഹജനകമായ നിലയല്ല ഉള്ളതു്. പ്രസ്ഥാനം ആരംഭിച്ചതുമുതൽ, ഓരോ വർഷവും ഉള്ള ഇവിടത്തെ നിലയിതാണു്. ഇതിനുള്ള കാരണം, സംസ്ഥാനത്തിലെ ദരിദ്രഭൂരിപക്ഷത്തിന്റെ താഴ്ന്ന ഇടത്തരക്കാരുടെ മോശപ്പെട്ട സാമ്പത്തികസ്ഥിതിയാണെന്നു് തെറ്റായി കരുതിപ്പോരുന്നു. ഇതിന്റെ പ്രധാനകാരണം സഹകരണത്തിൽ വിശ്വാസമില്ലായ്മയാകുന്നു. പാശ്ചാത്യവിദ്യാഭ്യാസം പുരോഗമിച്ചതോടുകൂടി മൂലധനസംരംഭങ്ങൾക്കുള്ള ത്വരം വർദ്ധിച്ചു. പല യൂറോപ്യൻകമ്പനികളുടേയും ശാഖകൾ സംസ്ഥാനത്തിലുണ്ടു്. ചിലവയ്ക്കു് കൃഷിസ്ഥലങ്ങളും തോട്ടങ്ങളും മറ്റു ചിലവയ്ക്കു് സംസ്ഥാനത്തിന്റെ പ്രധാനകേന്ദ്രങ്ങളിലും തുറമുഖങ്ങളിലും പ്രവർത്തിക്കുന്ന മില്ലുകളും വ്യവസായശാലകളും ഉണ്ടു്. സുലഭിതവും നല്ലവണ്ണം ഭരിക്കപ്പെടുന്നതും ആയ ഈ സ്ഥാപനങ്ങളുമായി പലപ്രാവശ്യം ഇടപെടുവാൻ അവസരംലഭിക്കുന്ന അഭ്യസ്തവിദ്യനായ തിരുവിതാംകൂറുകാരൻ, ജോയിന്റു് സ്റ്റോക്കുകമ്പനികളെന്ന ആശയം ഉൾക്കൊള്ളുകയും, അവയുടെ കഴിവുകളെപ്പറ്റി മതിപ്പുള്ളവനായി തീരുകയുംചെയ്തിരിക്കുന്നു.

സംസ്ഥാനത്തിൽ ജോയിന്റു് സ്റ്റോക്കുകമ്പനി റജിസ്ട്രേഷൻ നടപ്പിൽവരുത്തിയതു് 1888-ൽ ആണു്. അതായതു് സഹകരണം പ്രത്യക്ഷപ്പെടുന്നതിനു 26 വർഷം മുമ്പു്. 1914-ൽ രജിസ്ട്രിനകത്തു് 130 ജോയിന്റു് സ്റ്റോക്കുകമ്പനികളും പ്രവർത്തനംനടത്തിയിരുന്നു. ഗവണ്മെന്റു് സഹായിച്ചിട്ടുള്ള മിക്ക ഉദ്യോഗസ്ഥന്മാരും സ്വതന്ത്രമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളും ഒന്നോ അധികമോ ജോയിന്റു് സ്റ്റോക്കുകമ്പനികളിലെ ഡയറക്ടരന്മാരോ, പ്രോത്സാഹകന്മാരോ, ഓഹരിയുടമസ്ഥരോ ആയിരുന്നു. അൻപതോ, അറുപതോ, ഒരുപക്ഷെ നൂറോ ശതമാനം ലാഭം സമ്പാദിക്കണമെന്നതായിരുന്നു പ്രധാനനോട്ടം. സ്വാഭാവികമായിത്തന്നെ സഹകരണം അവരെ ആകർഷിച്ചില്ല. പ്രസ്ഥാനത്തിൽ നിന്നു അവർ വിട്ടുമാറിനിന്നു. ഈ നിലയ്ക്കു കാര്യമായ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടില്ല. 1888 മുതൽ 1947 വരെയുള്ള ആകാലശൂന്യകാലത്തിനകത്തു 368 ബാങ്കുകളും ഉൾപ്പെടെ 2045 കമ്പനികളും ഈ സംസ്ഥാനത്തു രജിസ്റ്റർചെയ്തു എന്നതിൽനിന്നും ഈവസ്തുത ഗ്രഹിക്കാവുന്നതാണു്. 21 ബാങ്കുകൾ ഉൾപ്പെടെ 523 കമ്പനികളും രജിസ്റ്റർചെയ്തിട്ടുള്ളതു് 1939 മുതൽ 1948 വരെയുള്ള രണ്ടാംമഹായുദ്ധകാലത്തിനിടയ്ക്കാണു്. ലാഭചിന്തയും തൽഫലമായുള്ള ഊഹവ്യാപാരമനഃസ്ഥിതിയും സമുദായത്തിന്റെ ഉയർന്നതട്ടിലും കീഴെത്തട്ടിലും ഒരുപോലെ സ്ഥലംപിടിച്ചിരിക്കുന്നു. സഹകരണപ്രസ്ഥാനത്തിനു് ധനം പോരാതെവരുന്നതിനുള്ള പ്രധാനകാരണം ഇതാണു്.

ഇന്ത്യയുടെ ഇതരഭാഗങ്ങളിലെന്നപോലെ, അടുത്തകാലംവരെ ഇവിടെയുണ്ടായിരുന്ന സംഘങ്ങൾപ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നതു് രണ്ടാംമഹായുദ്ധകാലത്തു ഭക്ഷ്യസാധനങ്ങളുടേയുമെന്നല്ല, പഞ്ചസാര തുടങ്ങിയ അത്യാവശ്യസാധനങ്ങളുടേയും കൺട്രോളും സംസ്ഥാനവ്യാപ്തമായ റേഷനിംഗും ഏർപ്പെടുത്തി ഗവണ്മെന്റു് കരുതൽ നടപടികൾസ്വീകരിക്കുവാൻതുടങ്ങിയപ്പോൾമാത്രമാണു് ഉപഭോക്തൃസഹകരണസംഘങ്ങൾ ഏർപ്പെടുത്തുന്നതിനു പ്രചോദനം ലഭിക്കുകയും സംഘങ്ങളുടെ ഇടയ്ക്കു് ഉത്സാഹത്തിര അടിച്ചുകയറാൻ തുടങ്ങിയതു്.

യുദ്ധത്തിന്റെ ഭയങ്കരതമൂലം സാധാരണരീതിയിലുള്ള മാർഗ്ഗത്തിനു് വിഘ്നം നേരിട്ടപ്പോൾമാത്രം സംസ്ഥാനവ്യാപ്തമായ റേഷനിംഗ് ഏർപ്പെടുത്തിയ ആദ്യരംഭൂങ്ങളിലൊന്നാണു് തിരുവിതാംകൂർ. തീരെ കമ്മിയായ സംസ്ഥാനമാകയാൽ, മറ്റു സംസ്ഥാനങ്ങളിൽനിന്നോ പുറംരാജ്യങ്ങളിൽനിന്നോ ഉള്ള ഇറക്കുമതിയെ ആശ്രയിച്ചു അതിനു കഴിയേണ്ടിവന്നു. ഇന്നും റേഷനിംഗ് ഇവിടെ നിലവിലുണ്ടു്. ഭക്ഷ്യധാന്യവിതരണപ്രശ്നം തൃപ്തികരമായും സുനിശ്ചിതമായും പരിഹരിക്കപ്പെട്ടിരുന്നുവരെ, ഇന്നത്തെ രീതി തുടരും.

സംസ്ഥാനവ്യാപ്തമായ റേഷനിംഗത്തിനകത്തു പത്തു ശാഖകളുണ്ടു്. ഗ് നടപ്പിലാക്കിയപ്പോൾ, കൺട്രോൾചെയ്യപ്പെട്ട സാധനങ്ങളുടെ, പ്രത്യേകിച്ചു ഭക്ഷ്യസാധനങ്ങളുടെ, വിതരണച്ചുമതല സഹകരണസംഘങ്ങളെ ഏല്പിക്കുന്നതിനുള്ള സമ്മന സ്സ് സംസ്ഥാനഗവണ്മെന്റിനുണ്ടായി. ഒരു ജനകീയപ്രസ്ഥാനമായതുകൊണ്ടു് സെക്യൂരിറ്റിത്തുക കെട്ടിവയ്ക്കുന്നതിൽ ഒഴിവാക്കുക, വായ്പാസംഘങ്ങളെ ഭക്ഷ്യസാധനങ്ങൾ വില്പനനടത്തുന്ന സ്റ്റോറുകളായി പ്രവർത്തിക്കാൻ അനുവദിക്കുക, അംഗങ്ങളല്ലാത്തവർക്കും വില്പനനടത്തുന്നതിനു് അനുമതിനൽകുക തുടങ്ങിയ പ്രത്യേകാനുകൂല്യങ്ങളും സംഘങ്ങളോടു ഗവണ്മെന്റു് കാണിച്ചു. കാര്യക്ഷമതയുള്ള നല്ല സംഘങ്ങളെ മാത്രമെ ഈ ജോലിക്കായി ചുമതലപ്പെടുത്തിയിരുന്നുള്ള. തൊള്ളായിരത്തോളം സംഘങ്ങൾമുഖാന്തരമാണു് ജോലിനടത്തിയതു്. ആകെയുള്ള റേഷൻ കാർഡുകളിൽ ഏഴിലൊന്നോളം സംഘങ്ങളുടെ ചുമതലയിലായിരുന്നു. ആദ്യത്തെരണ്ടുവർഷങ്ങളിൽ, സാമൂഹ്യസേവനബോധത്തോടെ സംഘങ്ങൾ ഈ കൃത്യം സ്തുത്യർഹമായി നടത്തി. ക്രമേണ സാമൂഹ്യസേവനമനോഭാവം മറയാൻ തുടങ്ങുകയും, മുഷ്യനം ലാഭം എന്നീ ഉദ്ദേശങ്ങൾ മാത്രമുള്ള അനേകം അട്ടിപ്പേറുസംഘങ്ങൾ രംഗപ്രവേശം ചെയ്യുകയും ചെയ്തു. ലാഭം ഉണ്ടാക്കുകയെന്ന ഉദ്ദേശത്തോടെമാത്രം മുന്നോട്ടുവന്ന ഇത്തരം സംഘങ്ങൾ, തങ്ങളുടെ ഉദ്ദേശസാധൂകരണത്തിനുവേണ്ടി രാഷ്ട്രീയപക്ഷപ്പിലും കണ്ട്രോൾപക്ഷപ്പിലും ഉള്ളവരെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി എന്തുവേണമെങ്കിലും ചെയ്യുവാൻ സന്നദ്ധമായിരുന്നു. പ്രസ്ഥാനത്തിലുള്ള എന്തെങ്കിലും തകരാറുകൾകൊണ്ടായിരുന്നില്ല ഇത്തരം ദുഷിച്ച പ്രവണതകൾ പ്രത്യക്ഷപ്പെട്ടതു്. സ്ഥാപിതതാല്പര്യക്കാർക്കു് മുൻകൈ ലഭിച്ചതുകൊണ്ടാണു് ആവിധം സംഭവിച്ചതു്. ഇതിന്റെ ഫലമായി, സഹകരണ റേഷൻഡിപ്പോകളെന്നും, വിതരണസ്റ്റോറുകളെന്നും ഉള്ള പേരുകളിൽ അനേകം അട്ടിപ്പേറുസംഘങ്ങൾ പ്രസ്ഥാനത്തെ മറച്ചുകളഞ്ഞിരിക്കുകയാണു്.

വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്നമിക്ക സംഘങ്ങളും നിയന്ത്രിതസാധനങ്ങളാണു് വിതരണംചെയ്യുന്നതു്. തനിസ്റ്റോറുകളാകട്ടെ തരതമ്യേന കുറവാണു്. പ്രധാനപ്പെട്ട വിനിയോജകസംഘം തിരുവനന്തപുരത്തെ നാലാംനമ്പർ വിനിയോജകസഹകരണസംഘമാണു്. മദ്രാസിലെ ട്രിപ്ലിക്കേൻ അർബൻകോഓപ്പറേറ്റീവ് സൊസൈറ്റിക്കു സമാനമായസംഘമാണിതു്. ഈ സംഘം രാജ്യത്തിലെ സഹകരണപ്രസ്ഥാനത്തോളംതന്നെ പഴക്കമുള്ളതാകുന്നു. നിയന്ത്രിതസാധനങ്ങളും, വസ്ത്രങ്ങളും, എണ്ണ, പഞ്ചസാര, വിറകു് എന്നിവ ഈ സംഘം വിതരണംചെയ്യുന്നു. ഇതിനു നാ

പഞ്ചസാര വിതരണത്തിനുള്ള കൂത്തക എതാനും കാലത്തേയ്ക്ക് ഈ സംഘത്തിന നൽകപ്പെട്ടിരുന്നു. ഇപ്പോൾ ഈ സംഘത്തിന ഗവണ്മെൻറിൽനിന്നു വനം കുപ്പുകം പാട്ടത്തിന നൽകിയിരിക്കുന്നു. ടാങ്കിയം കൃഷിക്ക പുറമെ നഗരത്തിലെ ഉപഭോക്താക്കൾക്ക് മുഴുവൻ തൃപ്തികരമായി കുറഞ്ഞവിലയ്ക്ക് വിറകു വിതരണം നടത്തിവരികയും ചെയ്യുന്നു. സംഘത്തിന് മൂന്നു ലോറികളും നഗരത്തിൽ സ്വന്തം കെട്ടിടങ്ങളും ഗോഡൗണും ഉണ്ട്.

സംസ്ഥാനത്തിലെ ഉപഭോക്തൃസഹകരണരംഗത്തു്, കൈത്തറിനെയ്ത്തു് സഹകരണസംഘങ്ങളും നല്ലൊരു പങ്കു വഹിച്ചിട്ടുണ്ട്. നൂൽവിതരണത്തിനുള്ള മുഴുവൻ അധികാരവും സഹകരണസംഘങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നു. കൈത്തറി വ്യവസായവികസനത്തിനുള്ള കേന്ദ്രസംഘം തിരുവിതാംകൂർ ശ്രീമൂലം കൈത്തറിനെയ്ത്തു സഹകരണസംഘം ആകുന്നു. ഈ സംഘം നൂൽവിതരണം ചെയ്യുകയും, പണിതീർന്ന സാധനങ്ങൾ തിരിച്ചെടുക്കുകയും, നെയ്ത്തുകാരുടെ പ്രൈമറിസംഘങ്ങളിലെ സാധനങ്ങളുടെ വിപണനത്തിനുള്ള സൗകര്യവും ചെയ്തുകൊടുക്കുകയും ചെയ്യുന്നു. കുറേക്കാലത്തേക്കു ഈ സംഘത്തിന് ഗവണ്മെൻറിൽനിന്നു എല്ലാസഹായങ്ങളും നൽകിവന്നു. എന്നാൽ, ഇന്നതിനെ സ്വന്തംകാലിൽ നിൽക്കുവാൻ വിട്ടിരിക്കുകയാണ്. നൂൽക്കയോഗത്തിലുള്ള കെട്ടിക്കിടപ്പുകൊണ്ടും കൈത്തറിസാധനങ്ങൾ കയറ്റിഅയയ്ക്കുന്നതിനുള്ള വിഷമതകൊണ്ടും എല്ലാ നെയ്ത്തുസഹകരണസംഘങ്ങളും വിഷമതകളിൽക്കൂടി കടന്നുപോരികയാണ്. ചരക്കുകളുടെ വില്പനയ്ക്ക് ധനസഹായം ചെയ്യാമെന്നു കടിൽവ്യവസായബോർഡു് സമ്മതിച്ചിട്ടുണ്ട്. പക്ഷേ പ്രസ്തുതപദ്ധതി ഇനിയും ഫലവത്തായിട്ടില്ല.

ക്ഷീരോല്പാദകരുടെ പ്രാഥമിക സംഘങ്ങളുടെ ഒരു യൂണിയനാണ് ഈയിടെതുടങ്ങിയ തിരുവിതാംകൂർ മിൽക്കുസപ്ലൈ കോ ആപ്പറേറീവ് യൂണിയൻ. പ്രൈമറി സംഘങ്ങളിൽനിന്നുലഭിച്ച പാലു് ഈ സംഘം കൈകാര്യംചെയ്യുകയും ദിവസവും ഉപഭോക്താക്കൾക്ക് ക്രമമായ പാൽ വിതരണംനടത്തുകയും ചെയ്യുന്നു. നിത്യവും ഏതാണ്ടു് 2000 പൗണ്ടു് പാൽ വിതരണംചെയ്യുന്നുണ്ടു്. പാലിൽനിന്നുള്ള മറ്റുസാധനങ്ങളും സംഘം വ്യാപാരംചെയ്യുന്നു. കൂടാതെ ഒരു മിൽക്കു്ബാറും നടത്തുന്നുണ്ടു്.

തിരുവനന്തപുരം നഗരത്തിൽ ഉപഭോക്താക്കളുടെ മറ്റൊരുതരത്തിലുള്ള സ്റ്റോറും പ്രവർത്തിക്കുന്നുണ്ടു്. യൂണിവേഴ്സിറ്റി കോ ആപ്പറേറീവ് സ്റ്റോറാണതു്. പാഠപുസ്തകങ്ങളും, നോട്ടുപുസ്തകങ്ങളും, കളിസാമാനങ്ങളും, ലബോട്ടറി ഉപകരണങ്ങളും തുടങ്ങിയവ ഈ സ്റ്റോർ സ്റ്റോക്കുചെയ്യുകയും വിദ്യാർത്ഥികൾക്കും അംഗങ്ങൾക്കും അതു വിതരണംനടത്തുകയുംചെയ്യുന്നു. വിദ്യാർത്ഥികൾക്കു നല്ല ബോണസ്സ് വിതരണംചെയ്യുവരുന്നു. നഗരത്തിലുള്ള എല്ലാ കോളേജുകളിലും ഈ യൂണിവേഴ്സിറ്റി സ്റ്റോറിന്റെ ബ്രാഞ്ചുകളും ഉണ്ടു്. ഈ സ്റ്റോർ വമ്പിച്ച വ്യാപാരംനടത്തിവരുന്നു. പ്രധാനപ്പെട്ട ചില ഉപഭോക്തൃസഹകരണസംഘങ്ങളും നടത്തിവരുന്ന ഇടപാടുകളെസംബന്ധിച്ച സാമാന്യജ്ഞാനം ചുവടെ ചേർക്കുന്ന വിവരങ്ങളിൽനിന്നുലഭിക്കുന്നതാണ്.

മിൽക്കു് സപ്ലൈയൂണിയൻ ത്രു

വാങ്ങിയതു്	—	216035
വിറ്റതു്	—	238280

യൂണിവേഴ്സിറ്റി സ്റ്റോഴ്സ്

വാങ്ങിയതു്	—	1127139
വിറ്റതു്	—	1285876

കോ ആപ്പറേറീവ് ഡിസ്ട്രിബ്യൂട്ടീവ്സ്റ്റോഴ്സ്

വാങ്ങിയതു്	—	1127139
വിറ്റതു്	—	1285876

മെഡിക്കൽസ്റ്റോഴ്സ്

വാങ്ങിയതു്	—	371186
വിറ്റതു്	—	414987

ശ്രീമൂലം വീവേഴ്സ് സൊസൈറ്റി

വാങ്ങിയതു്	—	1361283
വിറ്റതു്	—	14255766

വളംവില്പനയുടെ ഒരുഭാഗവും ഗവണ്മെൻറ് സഹകരണസംഘങ്ങളെയാണ് ഏല്പിച്ചിരുന്നതു്. പൊതുവിൽപറഞ്ഞാൽ ഈ ജോലി തൃപ്തികരമായി നടത്തിവരുന്നു. എന്നാൽ ചില ബുദ്ധിമുട്ടുകളും ഉത്ഭവിച്ചിരിക്കുന്നു. പണം പൊക്കം കൊടുത്തെങ്കിൽ മാത്രമേ സംഘങ്ങൾക്കു വളം വിതരണം ചെയ്യുകയുള്ളു എന്നു് ഗവണ്മെൻറ് ഈയിടെ തീരുമാനിച്ചു. വളം വില്പനവകയിൽ സംഘങ്ങൾക്കു കിട്ടേണ്ട കമ്മിഷൻ യഥാസമയം ലഭിക്കുന്നില്ലെന്നുള്ളതാണ് രണ്ടാമത്തെ ബുദ്ധിമുട്ടു്. അതു ലഭിക്കുന്നതിനുള്ള മാർഗ്ഗത്തിൽ എല്ലാത്തരത്തിലുമുള്ള തടസ്സങ്ങളും വലിച്ചിടപ്പെട്ടിരുന്നു. തങ്ങളും ചെയ്ത കാര്യത്തിനു് ന്യായമായിലഭിക്കേണ്ട കമ്മിഷൻ അവർക്കു കിട്ടാതാക്കിക്കളയുകയും ചെയ്യുന്നു. അധികാരികളുടെ, പ്രത്യേകിച്ചു കൃഷിഡിപ്പാർട്ടുമെൻറുകാരുടെ മനോഭാവം സംഘങ്ങൾക്കു സഹായകമല്ല.

പ്രാഥമിക ഉപഭോക്തൃസഹകരണസംഘങ്ങൾക്കു് സാധനവിതരണം നൽകുന്നതിനായി മൊത്തവ്യാപാരസ്റ്റോറുകൾ ആരംഭിക്കുന്നതിൽ ഫലപ്രദമായ ശ്രമങ്ങളും ഉണ്ടായിട്ടില്ല. സഹകരണപ്രസ്ഥാനത്തെ നന്നാക്കാനോ വികസിപ്പിക്കാനോ ഉള്ള യാതൊരു താല്പര്യവും സംസ്ഥാനഗവണ്മെൻറിനുള്ളതായി തോന്നുന്നില്ല. ഈ യുള്ള രാജ്യത്തിനകത്തു് ഒരു പുതിയ സഹകരണയുഗം സൃഷ്ടിക്കപ്പെടണമെന്നുണ്ടെങ്കിൽ, ബഹുജനങ്ങളുടെ മദ്ധ്യേ ഇന്നു നടമാടുന്ന ജഡനിർമ്മാണസ്ഥാപനങ്ങളുടെ ഭ്രമത്തേയും ലാഭചിന്തയേയും പറിച്ചെറിഞ്ഞു് യഥാർത്ഥമായ സഹകരണമനഃസ്ഥിതി ഉളവാക്കുവാൻതക്കവിധം ജനങ്ങളെ ജാഗ്രത്താക്കണം. ഒരു സാമൂഹ്യസംഘോദ്ദേശ്യമനോഭാവം സൃഷ്ടിക്കപ്പെടണം. മാരകമുറിവുകൾ മൂടിഞ്ഞു തൻനന്നാകണമെന്നുള്ള മനോഭാവം മാറിയിട്ടു്, തന്നോടൊപ്പം തൻറെ സഹോദരന്മാരും നന്നാകണമെന്നുള്ള വിശാലമനോഭാവം വളരണം. ഇന്നു് രാജ്യത്തെ അഭിമുഖീകരിക്കുന്ന വിവിധ സാമ്പത്തികപ്രശ്നങ്ങളെ ശാശ്വതമായി പരിഹരിക്കുവാൻ സാമ്പത്തിക സുരക്ഷിതത്വത്തിൻറെയും സഹകരണസാഹോദര്യത്തിൻറെയും നവീനമാർഗ്ഗത്തിനു മാത്രമേ സാധ്യമാകയുള്ളു. ഇക്കാര്യങ്ങളിൽ ശരിയായനേതൃത്വം സ്റ്റേറ്റു് നൽകേണ്ടിയിരിക്കുന്നു.

[ഇൻഡ്യൻ കോ ആപ്പറേറീവ് റിവ്യൂവിലെ ഒരു ലേഖനത്തിൻറെ പരിഭാഷ]

★

'ആസ്പത്രിയിൽ പോയപ്രകാരം രോഗിയെ സുഖക്കേടു മാറുന്നതിനുമുമ്പു് പോകാൻ അനുവദിക്കയില്ല. രോഗം മാറിയതിനുശേഷം വൈദ്യശാലയ്ക്കുള്ളിൽ അവനു താമസമില്ല. അപ്രകാരമല്ലെ, അജ്ഞാനമെന്ന രോഗം ബാധിച്ചിട്ടുള്ളവർ പ്രകൃതിയാകുന്ന വൈദ്യശാലയിൽ ഇരുന്നേ മതിയാകൂ. അപ്പോൾ കർമ്മംചെയ്ക എന്ന ചികിത്സയ്ക്കു് അവർ വശംവദരാകുന്നു.'' 3-5

"ജീവാത്മാ പരമാത്മാക്കളുടെ യോജിപ്പു്, ഒരു ഘടികാരത്തിലെ മണിക്കൂറും മിനിറ്റും കൂണിക്കുന്ന സൂചികൾപോലുള്ളതാണ്. അവകൾ ഒന്നോടൊന്നു് സംബന്ധപ്പെട്ടിരിക്കുന്നു. ഒന്നിനുമുകളിൽ മറ്റൊന്നു ചേർന്നുവരും, സാധാരണമായി അവകൾ പ്രത്യേകിച്ചിരിക്കുമെങ്കിലും സൗകര്യമുള്ള സന്ദർഭംവരുമ്പോഴെല്ലാം ഒന്നിച്ചുചേരും." 3—17

എന്നാലും ഉപമമൂലമായി ഈ സംഗതി ഒരുവിധം മനസ്സിലാക്കാം. ഒരാൾ ഒരു പത്രുവിൻറെ കൈപ്പു്, വാല്പു്, അകിടു് ഇവകളിൽ ഒന്നു് തൊട്ടുന്നതായി വിചാരിക്കാം. ഇങ്ങിനെ തൊട്ടാൽ ആ പത്രുവിനെ തൊട്ടുന്നതാകയില്ലേ? മനുഷ്യരായ നമുക്കു് പത്രുവിൽനിന്നു് പ്രധാനമായി കിട്ടുന്നതു് അതിൻറെ അകിട്ടിൽ നിന്നുവരുന്ന പാലാണു്. ദിവ്യപ്രേമമാകുന്ന പാലാകട്ടെ, നമുക്കു് ഈ ശരീരവൃത്തരങ്ങളിൽനിന്നു് വലിച്ചെടുക്കുന്നു..'

4—9

ശ്രീരാമകൃഷ്ണദേവൻ.

★

(2-ംപേജിൽനിന്നും തുടർച്ച)

ഈ കഥയിൽ എട്ട് പ്രധാന പുരുഷന്മാരുടെ കഥാപാത്രങ്ങളുണ്ടെങ്കിലും നാലുപാത്രങ്ങളും കഥയുടെ പുരോഗതിയിൽ പറയത്തക്ക യാതൊരു പങ്കും നിർവ്വഹിക്കുന്നില്ല. വല്ലിഎന്നും അല്ലി എന്നും രണ്ടു സ്ത്രീകളുടെ കഥാപാത്രങ്ങളെ ആവിർഭവിപ്പിച്ചിട്ടുണ്ട് ഒരു മോതിരത്തിന്റെ മോഷണകൃത്യത്തിൽ കവിഞ്ഞൊന്നും അവർ നിർവ്വഹിക്കുന്നമില്ല: അഴകു, അനസു എന്നിവരേയും ആവശ്യമില്ലാതെ അടിക്കടി രംഗപ്രവേശം ചെയ്യിക്കുന്നുണ്ട്: ദൈവം പാമ്പായി പ്രത്യക്ഷപ്പെടുന്നതും, കരടി സന്യാസിയാകുന്നതുമെല്ലാം ഇന്നത്തെ ജനകീയയുഗത്തിൽ നിർമ്മിക്കുന്ന ചലച്ചിത്രങ്ങളിൽ കുത്തിതിരുകാതെ കഴിക്കുമായിരുന്നു. ചുരുക്കത്തിൽ പുതുമയോ പൂർവ്വപരബന്ധമോപുരോഗമനശീലമോ ഒന്നുമില്ലാത്ത ഒരു കഥയാണ് സത്യശോധന. ഫോക്സ് ആഫീസിന്റെ ഫോർമുലയ്ക്കുവേണ്ടി അവിഹിതങ്ങളും അനാവശ്യങ്ങളും അശ്ലീലതകളും ആഭാസങ്ങളും കൂട്ടിച്ചേർത്ത് അർത്ഥശൂന്യതകളുടെ ആകത്തുകയായി ചിത്രം അധഃപതിച്ചിട്ടുമുണ്ട്.

ഹൊന്നപ്പാഭാഗവതർ സത്യന്റെയും പണ്ഡരീഭായി ശാന്തിയുടേയും ഭാഗങ്ങളും അഭിനയിച്ചിട്ടുണ്ട്. ഹൊന്നപ്പാഭാഗവതരുടെ അഭിനയം നാടകീയമായിട്ടുണ്ട്. പ്രായക്കൂടുതലുള്ള ആ നടനെ നായകസ്ഥാനത്തേക്ക് അവരോധിച്ചിരിക്കുന്നതും ഉചിതമായിട്ടില്ല. പണ്ഡരീഭായി ഈ ചിത്രത്തിൽ സ്തുത്യർഹമായി അഭിനയിച്ചിട്ടുണ്ട്. ശോകാത്മകഭാഗങ്ങളും അഭിനയിച്ചു ഫലിപ്പിക്കുന്നതിൽ ആ നടിക്കപ്രത്യേകമായസാമർത്ഥ്യവുമുണ്ട്. ടി. എസ്സ്. ബാലയ്യാ (വിജയൻ) വില്ലന്റെ ഭാഗത്തിൽ ശോഭിക്കുന്നുണ്ട്. ജയമ്മ അമ്മയുടെ ഭാഗമാണ ഈ ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നത്. സാധാരണ ചലച്ചിത്രങ്ങളിൽ അഭിനയിക്കുന്ന "സ്റ്റാൻഡേർഡിൽ" ആ നടി അഭിനയിച്ചിട്ടില്ല. ടി. കൃഷ്ണകുമാരി (വള്ളി) തന്മയത്വമായി അഭിനയിച്ചിട്ടില്ല. ജി. എച്ച്. വീരപ്പ, സി. വി. വി. പന്തലു, ലക്ഷ്മീകാന്തം എന്നിവരെല്ലാം സാധാരണ രീതിയിലഭിനയിച്ചിട്ടുണ്ട്. കുമാരികമലയുടെ നൃത്തങ്ങളും ഈ ചിത്രത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും നൃത്തരംഗങ്ങൾക്ക് ഏറ്റവുതയും സൌകര്യവും ലഭിച്ചിട്ടില്ല. ഈ ചിത്രത്തിന്റെ മേന്മ അതിലെ ഗാനങ്ങളെല്ലാം ശ്രുതിമധുരങ്ങളായിട്ടുണ്ടെന്നുള്ളതാണ്. കണ്ണാടക രാഗത്തിലുള്ള ഗാനങ്ങളും എം. എസ്. രംജേശ്വരി, ടി. എസ്സ്. ഭഗവതി, വി. ജെ. വമ്മാ തുടങ്ങിയ പിന്നണിഗായകർ ശ്രുതിമധുരമായി ആലപിച്ചിട്ടുണ്ട്. സംഗീതപ്രേമികളെ ഈ ചിത്രം ഒരുതരത്തിലും നിരാശപ്പെടുത്തുകയില്ലെന്നുള്ളതു ഒരു നേട്ടംതന്നെയാണ്. എ. വി. എം. സ്റ്റുഡിയോ നിർമ്മിച്ചിട്ടുള്ള ഈ ചിത്രത്തിന്റെ സാങ്കേതികവശങ്ങളെല്ലാം നന്നായിട്ടുണ്ടെന്നും നിർമ്മാണകർക്ക് അഭിമാനിക്കുവാൻ വഴികാണുന്നില്ല. സംവിധായകനും വൈദഗ്ദ്ധ്യമൊന്നും പ്രകടിപ്പിച്ചിട്ടില്ല. ചലച്ചിത്രത്തിനു് ആദർശശുദ്ധിയുണ്ടായിരിക്കണമെന്നോ, അവ ജനതയുടെ ബുദ്ധിമുഖമായ ഉന്നമനത്തിനു ഉപകരിക്കണമെന്നോ കലാപരമായി വിജയിക്കണമെന്നോ നമ്മുടെ നിർമ്മാതാക്കൾക്കു യാതൊരു നിർബന്ധവുമില്ലെന്നാണ് "സത്യശോധന" തെളിയിക്കുന്നത്.

★

ത്രിമാനചിത്രങ്ങൾ

ചലച്ചിത്രനിർമ്മാണത്തിലെ ഒരു പുതിയ സംഭവവികാസമാണ് ത്രിമാനചിത്രനിർമ്മാണം. ഹോളീവുഡ്ഡിലെ നിരവധി നിർമ്മാണകേന്ദ്രങ്ങൾ ത്രിമാനചിത്രങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിലും ത്രിമാനചിത്രങ്ങളുടെ നിർമ്മാണം ആസന്നഭാവിയിൽ ആരംഭിക്കുന്നതിനുള്ള സംഘടനകളുമുണ്ട്. ത്രിമാനചിത്രങ്ങളുടെ വളർച്ചയ്ക്ക് ഇപ്പോഴത്തെ "ഫ്ളാറ്റ്" ചിത്രങ്ങൾ വഴിമാറിക്കൊടുക്കേണ്ടിവരുമോ എന്നുള്ളതു് കാലം തെളിയിക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. പാശ്ചാത്യരാജ്യങ്ങളിലെ ത്രിമാനചിത്രങ്ങളുടെ സുസ്ഥിരമായ വിജയത്തിനു ശേഷം ഇന്ത്യയിൽ അവയുടെ നിർമ്മാണം ആരംഭിക്കുന്നതു് കൂടുതൽ അഭികാമ്യമായിരിക്കുമെന്നാണ് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. വിദേശിയർ വിജയകരമായി നിർമ്മിക്കുന്ന ത്രിമാനചിത്രങ്ങൾക്ക് ഇന്ത്യയിൽ വിപുലമായ കമ്പോളം ലഭിക്കുന്നതിനും ഇടയുണ്ട്. ഇന്ത്യയിലും ത്രിമാനചിത്രങ്ങൾ നിർമ്മിക്കേണ്ട ആവശ്യവും പരിതഃസ്ഥിതിയും ഇന്നല്ലെങ്കിൽ നാളെയെങ്കിലും ആവിർഭവിക്കുന്നതാണ്. പക്ഷെ ത്രിമാനചിത്രത്തിന്റെ നിർമ്മാണവിജയത്തിനു ആവശ്യമായ സാങ്കേതികപരിജ്ഞാനവും സാമഗ്രികളും ഇന്ത്യ ആർജ്ജിക്കേണ്ടിയിരിക്കുന്നു.

ഹോളീവുഡ്ഡിൽ ത്രിമാനചിത്രങ്ങളുടെ നിർമ്മാണം ആരംഭിച്ചതോടുകൂടി തൊഴിലില്ലായ്മ്മ രൂക്ഷം ചലച്ചിത്രനടീനടന്മാരെ ബാധിച്ചുതുടങ്ങിയിട്ടുണ്ട്. പാരമൌണ്ട് പിക്ചേഴ്സ് അവരുടെ സ്ഥിരം നടികളിൽ പലരേയും പിരിച്ചുവിട്ടിട്ടുണ്ട്. വാർണർ കമ്പനിക്കാർ മൂന്നു താരങ്ങളെയൊഴിച്ചു മറ്റുള്ളവരെ പിരിച്ചുവിട്ടു. എം. ജി. എം. കമ്പനിക്കാർ 23 താരങ്ങളെയൊഴിച്ചു മറ്റുള്ളവരെയെല്ലാം ജോലിയിൽനിന്നു വിട്ടയച്ചു. "ടെൻറിയത്തു സെഞ്ചുറിഫോക്സ്" കമ്പനിക്കാർ ഏഴു താരങ്ങളെയൊഴിച്ചു മറ്റുള്ളവരെ പിരിച്ചുവിട്ടിരിക്കുന്നു. ക്ലാർക്ഗേബിളിനെപ്പോലുള്ള നക്ഷത്രങ്ങൾ വിദേശങ്ങളിൽ പോയി ചലച്ചിത്രങ്ങൾ നിർമ്മിക്കുവാൻ ആരംഭിച്ചിട്ടുണ്ട്. ഡാനികേയും സ്വന്തമായി ചിത്രങ്ങൾ നിർമ്മിക്കുവാൻ ആരംഭിച്ചിട്ടുണ്ട്. ത്രിമാനചിത്രങ്ങളുടെ നിർമ്മാണത്തിനു് ആവശ്യമായ ഉപകരണങ്ങൾക്കുവേണ്ടി ഹോളിവുഡ്ഡിലെ നിർമ്മാണകർ ഏകദേശം 110 കോടി ഡോളർ ചിലവഴിച്ചിട്ടുണ്ട്. വാർണർ കമ്പനിക്കാരുടെ ഹൌസ് ആഫ് വാക്സ് എന്ന ത്രിമാനചിത്രം താമസിയാതെ ലണ്ടനിലും ന്യൂയോർക്കിലും പാരീസിലും പ്രദർശിപ്പിക്കുന്നതാണ്. ഈ ചിത്രത്തിന്റെ വിജയം ഉദ്ദേശിച്ചതിനുശേഷമെ ബ്രിട്ടനിലെ നിർമ്മാണകർ വൻതോതിൽ ത്രിമാനചിത്രങ്ങൾ നിർമ്മിക്കുകയുള്ളൂ. ബ്രിട്ടീഷ് ചലച്ചിത്രനിർമ്മാതാക്കളുടെ ശ്രദ്ധ ഇപ്പോൾ പരീക്ഷണനിരീക്ഷണങ്ങളിൽ വ്യാപൃതമായിരിക്കുകയാണ്.

* * *

കുട്ടികളുടെ സിനിമാപ്രദർശനം

ബ്രിട്ടനിൽ കുട്ടികളുടെ 2500-ൽ പരം സിനിമാ ക്ലബ്ബുകൾ പ്രവർത്തനത്തിലിരിക്കുന്നു. അഞ്ചുവയസ്സിൽ കുറഞ്ഞപ്രായമുള്ള കുട്ടികളെ ഈ ക്ലബുകളിൽ അംഗങ്ങളായി സ്വീകരിക്കാറില്ല. കുട്ടികൾക്കു സിനിമാകാണുന്നതിനുള്ള എല്ലാ സൌകര്യങ്ങളും നൽകുന്നതു ക്ലബ്ബിന്റെ നിയന്ത്രണത്തിലാണ്. കുട്ടികളെ നിന്ദകൊണ്ടു് സിനിമാകാണുന്നതിനു അനുവദിക്കാറില്ല. ക്ലബ്ബിന്റെ നിർദ്ദേശാനുസരണം സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സിനിമാശാലകളിലെ പ്രദർശനം കാണുന്നതിനെ കുട്ടികളെ അനുവദിക്കാറുള്ളൂ. കുട്ടികൾക്കുവേണ്ടി നിർമ്മിക്കുന്ന ചിത്രങ്ങൾ സാധാരണയായി ഒന്നരമണിക്കൂർ പ്രദർശിപ്പിക്കത്തക്കവിധത്തിൽ ദൈർഘ്യമുള്ളവയായിരിക്കും. കുട്ടികളുടെ സിനിമാപ്രദർശനസംബന്ധിച്ചു ചില പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിനു് ഒരു കമ്മിറ്റിയേയും ബ്രിട്ടൻ നിയോഗിച്ചിട്ടുണ്ട്.

* * *

ശ്രീരാമകൃഷ്ണ പരമഹംസർ

ഡയറക്ടർ മധുബോസും ലോകൻ ബോസുംകൂടി രാമകൃഷ്ണപരമഹംസരുടെ ജീവിതത്തേയും സന്ദേശങ്ങളേയും ആസ്പദമാക്കി ഒരു ചലച്ചിത്രം നിർമ്മിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൽക്കട്ടയിലെ മൂവീടോൺസ്റ്റുഡിയോയിൽ ഈ ചിത്രം നിർമ്മിക്കുന്നതാണ്. ഇംഗ്ലീഷ്, ഹിന്ദി, ബങ്കാളി, തമിഴ്, എന്നീ നാലു ഭാഷകളിലായിരിക്കും ചിത്രം തയ്യാറാക്കുന്നതു്. മധുബോസ്തന്നെ ചിത്രം സംവിധാനം ചെയ്യുന്നതായിരിക്കും. "കഥാമൃതം" "രാമകൃഷ്ണപരമഹംസരുടെ ജീവിതം" എന്നീ രണ്ടു ഗ്രന്ഥങ്ങളെ ആസ്പദമാക്കിയായിരിക്കും ഈ ചിത്രം നിർമ്മിക്കുന്നതു്. രാമകൃഷ്ണമിഷൻ സൊസൈറ്റിക്കാരുടെ അനുവാദവും ആശംസയും ഈ ചിത്രത്തിന്റെ നിർമ്മാണത്തിനു ലഭിച്ചിട്ടുണ്ട്. 19-ംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആ ദിവ്യാത്മാവിന്റെ മഹത്തായ ജീവിതത്തിന്റെ എല്ലാ വശങ്ങളും ഈ ചിത്രത്തിൽകൂടി ആവിഷ്കരിക്കുന്നതാണ്. രാമകൃഷ്ണപരമഹംസന്റെ ഭാഗം ആരെക്കൊണ്ടു് അഭിനയിപ്പിക്കണമെന്ന കാര്യത്തെപ്പറ്റി തീരുമാനിക്കപ്പെട്ടിട്ടില്ല. ഡിസംബർമാസത്തിൽ ചിത്രത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

★

വാർത്തകൾ

പ്രവർത്തകരുടെ അഭിപ്രായവൈരുദ്ധ്യങ്ങൾമൂലം ബോംബെയിലെ വിശ്വസിനിട്ടോൺസ് സ്റ്റുഡിയോയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു.

* * *

റെയിൽവേശതാബ്ദിവാർഷികംസംബന്ധിച്ചു ബോംബെയിലെ സെൻട്രൽ ആൻഡ് വെസ്റ്റേൺറെയിൽവേബിൽഡിംഗുകളും വൈദ്യുതദീപങ്ങളാൽ അലങ്കരിക്കുകയുണ്ടായി. ഇലക്ട്രിക്ബൾബുകളാൽ പ്രശോഭിച്ചുകൊണ്ടിരുന്ന കെട്ടിടങ്ങളെല്ലാംതന്നെ പി. എൻ. ഫിലിംസ് ഷൂട്ടുചെയ്തു "പ്രിസണർ ആഫ് ഗോൾകൊണ്ടേ" എന്ന ചിത്രത്തിൽ ചേർത്തിട്ടുണ്ട്.

* * *

പ്രൊഡ്യൂസർ ജോൺ സി. ചാന്യൻ ആഫ്രിക്കയിൽവച്ചു നിർമ്മിക്കുന്ന "ഈജിപ്തിലെ രാജ്ഞി" എന്ന വർണ്ണചിത്രത്തിൽ അഭിനയിക്കുന്നതിനു് ഹെഡ്ഡിലാമറെ തിരഞ്ഞെടുത്തിരിക്കുന്നു.

* * *

ജെ. ആർതർ റാങ്ക് നിർമ്മിക്കുന്ന "മില്യൻപൗണ്ട് ബാങ്കുനോട്ട്" എന്ന വർണ്ണചിത്രത്തിൽ അഭിനയിക്കുന്നതിനായി ഗ്രാഹാംഗ്രീനിനെ തിരഞ്ഞെടുത്തിരിക്കുന്നു. മാർക്ടെയിനാണ് ഈ ചിത്രത്തിന്റെ കഥ എഴുതിയിരിക്കുന്നതു്.

* * *

ബ്രിട്ടീഷ് രാജ്ഞിയുടെ കിരീടധാരണംസംബന്ധിച്ചുള്ള ഫിലിംനിർമ്മാണത്തിൽ ഐർലണ്ടിലെ ഫിലിംനിർമ്മാണകർ നിസ്സഹകരിക്കുന്നതിനു് തീരുമാനിച്ചിരിക്കുന്നു.

* * *

സിനിമാശാലകളിലെ പുകവലി നിരോധിക്കുന്ന ഒരു ബിൽ ബീഹാർ ഗവർമ്മെൻറ് അസംബ്ലി പാസ്സാക്കിയിരിക്കുന്നു. താമസിയാതെ ബീഹാറിൽ ഈ നിയമം ഉൽജ്ജിതത്തിൽ വരുന്നതാണ്.

* * *

കുമാരി ലക്ഷ്മിയുടെ "ഭരതനാട്യം അരങ്ങേറ്റം" സംബന്ധിച്ചുള്ള സ

മേളനം കോഴിക്കോട്ടെ വാണിവിലാസ് സഭയിലെയോഗത്തിൽവെച്ച് ആഘോഷിച്ചിരിക്കുന്നു. സമ്മേളനത്തിൽ ആധ്യക്ഷ്യംവഹിച്ചതു് ഫ്രൊഫസർ ഡയറക്ടരും നടനമായ ശ്രീ: വി. നാഗയ്യരായിരുന്നു. സിനിമയിൽക്കൂടി ഭരതത്തിലെ പൌരാണികനൃത്തകലയും സംഗീതവും അധഃപതിച്ചുകൊണ്ടിരിക്കുകയാണെന്നു നാഗയ്യർ പ്രസംഗിക്കുകയുണ്ടായി.

* * *

കൽക്കട്ടാ സൈൻകോർപ്പറേഷൻ ഫിലിംസിന്റെ "ചികിത്സാസംഘം" എന്ന ചിത്രത്തിന്റെ മുഹൂർത്തകർമ്മം ബങ്കുരം നാഷണൽസ്റ്റുഡിയോയിൽവെച്ചു നിർവഹിച്ചിരിക്കുന്നു. ബങ്കാളിലെ ഒരു ഹാസസംഹിത്യകാരനായ പരശുരാമനാണു് ഈ ചിത്രത്തിനു് കഥ എഴുതിയിരിക്കുന്നതു്. ഭിരാജ് ഭട്ടാചാര്യർ, തുഷാർ ചക്രവർത്തി, ജയന്ത് ചൗധരി, അരുൺ ചാറ്റർജി, മോലിനാദേവി തുടങ്ങിയവരാണു് ഈ ചിത്രത്തിൽ അഭിനയിക്കുന്നതു്. രണ്ടുമൂന്നു പുതുമുഖങ്ങളും ഈ ചിത്രത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്.

* * *

ബെർലിനിൽവെച്ചു് ജൂൺ 18-ാംതീയതിമുതൽ 28-ാംതീയതിവരെ ആഘോഷിക്കുന്ന ഫിലിം ഫെസ്റ്റിവലിൽ "ആവാര"യും "ബൂട്പോളീഷും" പ്രദർശിപ്പിക്കുന്നതായിരിക്കും.

* * *

മയൂരചിത്രാഫിലിംസ് ഉണ്ണിവർത്തി ആചാര്യയുടെ ഉജ്ജാത്തിനെവലിനെ ആസ്പദമാക്കി ഒരു ഹിന്ദിചലച്ചിത്രം നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ശകുന്തള, അഭിഭട്ടാചാര്യ തുടങ്ങിയവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണു്. രവീന്ദ്രദേവാണു് ഈ ചിത്രം സംവിധാനംചെയ്യുന്നതു്.

* * *

ഹിന്ദിയിലെ ഒരു സ്വഭാവനടനായ ബിപിൻഗുപ്തായും തന്റെ ദാമ്പത്യജീവിതത്തിന്റെ സിൽവർജൂബിലി ബോംബെയിലെ ശിവാജിപാർക്കിലുള്ള സ്വവസതിയിൽവച്ചു ആഘോഷിച്ചിരിക്കുന്നു. ജയന്തദേശായി ഡി. എം. പഞ്ചോളി, ശയൻമുക്കർജി, ഹേമൻഗുപ്താ, പാണിമജുംദാർ, എച്ച്. എസ്. റാവെയിൽ, എസ്. എൻ. ബാനർജി, കൃഷ്ണകുമാർ, യശോധരകേട്കു, ആശാ, ഇഫ്തീക്കർ പ്രദീപ്കുമാർ, സുലോചനാചാറ്റർജി, ഹേമാനന്ദഗുപ്താ തുടങ്ങിയവർ ചടങ്ങുകളിൽ സംബന്ധിച്ചിരുന്നു.

* * *

വിനോബാഭാവേയുടെ ഭൂദാനയജ്ഞത്തെയും അദ്ദേഹത്തിന്റെ ജീവിതസന്ദേശങ്ങളേയുംകുറിച്ചു ഒരു ചലച്ചിത്രം നിർമ്മിക്കുന്നതിനുള്ള പ്രാരംഭജോലികൾ ബോംബയിലെ ആർ. കെ. സ്റ്റുഡിയോയിൽ ആരംഭിച്ചിട്ടുണ്ടു്. ബൂട്പോളീഷിനു് കഥ എഴുതിയ മാനപ്രതാപാണു് ഈ ചിത്രത്തിനും കഥ എഴുതിയിരിക്കുന്നതു്.

* * *

നിർമ്മാതാവും സംവിധായകനുമായ സി.സി. കപൂർ, നായനഗറിലെ താരങ്ങളെയുമിച്ചു പൂനായിൽ ചില ഔട്ഡോർരംഗങ്ങൾ ഷൂട്ടുചെയ്തുതിരിക്കുന്നു. ഗീതാബാലി, ബീഗം പാരാ, ലീലാചിറ്റ്നീസ്, ശേഖർ, ജഗദേവ് എന്നിവരാണു് മുഖ്യതാരങ്ങൾ. ശങ്കർ-ജയ്കൃഷ്ണന്റെ സംഗീതസംവിധാനവും ലത-തലത്തു മുഹമ്മദ് എന്നിവരുടെ ഗാനങ്ങളും ബോക്സ് ആഫീസ്സിന്റെ പുതിയ വെളിച്ചമാകുന്നു. അടുത്തതന്നെ റിലീസാകുന്ന സാമൂഹ്യകഥയാണു് "നായനഗർ."



"മനുഷ്യരുടെ പുണ്യപാപങ്ങൾ അവരുടെ പ്രവൃത്തിയെയല്ല, മനസ്ഥിതിയെ ആശ്രയിച്ചാണു് ഇരിക്കുന്നതു്. രണ്ടു സ്നേഹിതന്മാർ ഒരുമിച്ചുപോകുമ്പോൾ ഭഗവതംവായിക്കുന്ന ഒരു സ്ഥലത്തുചെന്നു. അവരിലൊരാൾ "സ്നേഹിതാ, ഇടയ്ക്കു സ്വല്പം താമസിച്ചു് ഈ സദ്വാർത്തകൾ കേൾക്കാം" എന്നുപറഞ്ഞു, മറ്റവൻ ഇതിനുമറുപടിയായി, "ഭാഗവതംകേൾക്കുന്നതിനാൽ എന്തുരസം? നമുക്കു ദാസിവീട്ടിൽപോയി സുഖിച്ചിരിക്കാം" എന്നുപറഞ്ഞു. ആദ്യത്തേവൻ ഇതിനുയോജിച്ചില്ല; അതുകൊണ്ടു് ഭഗവതംവായിക്കുന്ന സ്ഥലത്തിരുന്നു് അതു കേൾക്കുന്നതിനുള്ളിൽ മറ്റവനാകട്ടെ ദാസിവീട്ടിലേക്കുപോയി. എന്നാലും അവനു് അവിടെ സുഖമുണ്ടായില്ല." കഷ്ടം ഞാനെന്തുചെയ്തു"? എന്തിനു് ഇവിടെ വന്നു? എന്റെ സ്നേഹിതൻ ഹരിയുടെ ദിവ്യചരിത്രം കേട്ടുകൊണ്ടു് സുഖിച്ചിരിക്കുന്നു' എന്നു വിചാരിച്ചു് ദാസിവീട്ടിലിരിക്കുന്ന സമയത്തും ഹരിയെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നു. ഭഗവതം കേൾക്കാനിരുന്നവനും സുഖമുണ്ടായില്ല. "എന്റെ സ്നേഹിതനോടുകൂടി ദാസിവീട്ടിൽപോയിരുന്നെങ്കിൽ അവനെപ്പോലെ എനിക്കും സുഖിക്കാമായിരുന്നു" എന്നുവിചാരിച്ചുകൊണ്ടിരുന്നു. വാസ്തവത്തിൽ ഇവൻ ഭഗവതവായന നടക്കുന്ന സ്ഥലത്തിരിക്കുമ്പോഴും അതുകേൾക്കാതെ ദാസിവീട്ടിനെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നതിനാൽ, അവിടെപ്പോയില്ലെങ്കിലും, പോകുന്നതുമൂലമുണ്ടാകുന്ന പാപത്തിനിരയായി. ദാസിവീട്ടിലേക്കുപോയവൻ ഭഗവതവായനയെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നതിനാൽ, അവനു് ആ ദുഷിച്ചസ്ഥലത്തുകൂടി പുണ്യംസിദ്ധിച്ചു." 3—6

ശ്രീരാമകൃഷ്ണദേവൻ

★



ഞരമ്പുകളെ ശക്തിപ്പെടുത്തി ധാതുപുഷ്ടി ഉണ്ടാക്കുന്നതും ശാസ്ത്രീയമായ അംഗീകാരം സിദ്ധിച്ചിട്ടുള്ളതുമായ ഒരു

വിശിഷ്ട ടോണിക്ക്

(പ്രത്യേകിച്ചു് സ്ത്രീകൾക്കു പ്രസവാനന്തരം വളരെ ഉത്തമം)

പല ചികിത്സകൾക്കുശേഷം, നിങ്ങളുടെ ദേഹദൌർബല്യത്തെ അകറ്റി ദുഗ്ധാശയസംബന്ധമാക്കി തീർപ്പാക്കാനും, ശരീരപുഷ്ടി ഉണ്ടാക്കി സുഖപ്രസവം ഉണ്ടാക്കുന്നതിനും, രക്തവർദ്ധനവിനും, മാംസക്ഷയത്തിനും അത്യുത്തമമായ അനുഗ്രഹീതമായ സഞ്ജീവി,

ഡോക്ടർ ജോൺസൺസ്

എലിക്സിർ-ഡി-ചവന

(അശ്വഗന്ധം, കുങ്കുമം, സ്വർണ്ണം, വൈറ്റാമിൻസ് മുതലായ അപൂർവ്വം വിലപിടിച്ചതുമായ ഔഷധങ്ങളും ചേർത്തിട്ടുള്ളതു്)

ബഹുമാനപ്പെട്ട ശ്രീ: പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പിതാവായ രാജശ്രീ. മോട്ടിലാൽ നെഹ്റുവിന്റെ വൈദ്യശിഖാമണിയായ രാജവൈദ്യകവിരാജ് മുക്കർജിയുടെ പ്രശസ്തപ്രശംസയ്ക്കും, അനവധി വൈദ്യവിശാരദന്മാരുടെയും, ആയിരക്കണക്കിനു് പ്രശസ്തന്മാരായ ഡോക്ടറന്മാരുടെയും, ഉപയോഗിച്ച കൈമേൽ ഫലംകണ്ടാസ്വദിച്ച നിരവധി പൊതുജനങ്ങളുടെയും അകമഴിഞ്ഞ ആശംസകളും പ്രശംസകളും നേടിയതും ഏറ്റവും ഫലപ്രദവുമായതുമാണു ഈ ദിവ്യൌഷധം.

നിങ്ങളുടെ ബന്ധുമിത്രാദികളെയും നിങ്ങളുടെ പ്രായംചെന്നവരെയും അവരുടെ ക്ഷീണാവശത്തു പറഞ്ഞു 'എലിക്സിർ-ഡി-ചവന'വാങ്ങി ഉപയോഗിച്ചു ക്ഷീണരഹിതരായി സന്തോഷജീവിതം തുടരുവാൻ അറിയിക്കുക. ഇതു നിരവധി രോഗികളെ അവരുടെ സാധാരണജീവിതത്തിലേയ്ക്കു ഉയർത്തിയിട്ടുണ്ടു്. ഓരോ തുള്ളി ടോണിക്കും പുനർജീവൻ നൽകുന്ന അമൃതാണു്. ആദ്യത്തെ ഒരു മാത്രതന്നെ നിങ്ങളുടെ സിരകളിൽ നവചൈതന്യം പ്രവഹിപ്പിക്കുകയും, രോഗത്തിൽ നിന്നും പൂർണ്ണശമനം സിദ്ധിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

പഥ്യം ഇല്ല.

24 ഔൺസുകുപ്പി 1-ക്കു് വില 5 രൂ: 8 ണ.
12 " " " 3 രൂ: 4 ണ.

നിർമ്മാതാക്കൾ:

ജോൺസൺസ് ഫാർമ്മസ്യൂട്ടിക്കൽ വർക്സ്, ആലപ്പുഴ.

എല്ലാ ഇംഗ്ലീഷുമരുന്നുഷാപ്പുകളിലും കിട്ടുന്നതാണു്.



ജപ്പാൻരീതിയിലുള്ള നെൽക്കൃഷി

ലോകത്തിലുള്ള മിക്കരാജ്യങ്ങളിലും ഇന്നു ഭക്ഷണക്ഷാമം കൊടുമ്പിരിക്കൊള്ളുന്ന കാലമാണെല്ലോ. ഇന്ത്യാ ബാബ്വിഭജനം, പാക്കിസ്ഥാൻ സ്ഥാപനം തുടങ്ങിയ പല രാഷ്ട്രീയ കുഴപ്പങ്ങളും ഇന്ത്യൻയൂണിയനിലെ ഭക്ഷണക്ഷാമത്തെ അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിച്ചിരിക്കുന്നു. ഇന്ത്യ ഒരു കാർഷികരാജ്യമാണെന്നിരിക്കിലും പല കാരണങ്ങൾകൊണ്ടും ഇന്ത്യയിൽ കൃഷിചെയ്യുന്നതെല്ലാം ഇന്ത്യാക്കാരുടെ ആവശ്യത്തിനു മതിയാകുന്നില്ല. ഈ ക്ഷാമത്തിനുള്ള ഏറ്റവും പ്രധാനമായ കാരണം ഈ നാട്ടിലെ കൃഷിസമ്പ്രദായത്തിന്റെ ന്യൂനതയാണ്. ധാന്യകൃഷിചെയ്യുന്ന രാജ്യങ്ങളിൽ ഏറ്റവും കുറഞ്ഞ വിളവു ലഭിക്കുന്നതു നമ്മുടെ രാജ്യത്താണ്. ഏറ്റവും അധികമധികം മുള്ളതു ജപ്പാനിലുമാണ്. ധാരാളം വിളവുകിട്ടുന്ന മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു ജപ്പാൻകൃഷിസമ്പ്രദായത്തിനു ചിലവും വളരെ കുറവാണ്. ഓരിദ്ധ്യദേവത ഏറ്റവുമധികം ബാധിച്ചിട്ടുള്ള നമ്മുടെ രാജ്യത്തു് ഏറ്റവും ചുരുങ്ങിയചിലവിൽ ഏറ്റവുമധികം വിളവുവർദ്ധിപ്പിക്കുവാൻ പര്യാപ്തമായ രീതിതന്നെ സ്വീകരിക്കാതെ തരമില്ലല്ലോ. ആ നിലയ്ക്കു ജപ്പാൻ നെൽകൃഷി സമ്പ്രദായംതന്നെയാണ് നമുക്കേറ്റവും യോജിച്ചതും പ്രയോഗികമായതും.

ജപ്പാൻസമ്പ്രദായത്തിന്റെ വൈദഗ്ദ്ധ്യംസമ്മാനിച്ച് ആ രീതി ഇവിടേയും പരീക്ഷിച്ചുനോക്കി വിജയിച്ച ചില വിദഗ്ദ്ധന്മാർ ഇന്നു നമ്മുടെ ഗവൺമെന്റിന്റെ പൂർണ്ണമായ സഹായസഹകരണങ്ങളോടുകൂടി നാട്ടിന്റെ സഞ്ചരിച്ച് ഈ കൃഷിസമ്പ്രദായത്തെപ്പറ്റി പ്രായോഗികമായ പരിചയം നാട്ടുകാർക്കു നൽകിവരുന്നുണ്ടെന്നുള്ളതു സന്തോഷാവഹംതന്നെ. എന്നാൽ മറ്റൊല്ലാകാര്യത്തിലുമെന്നപോലെ ഈ നവീനരീതി സ്വീകരിക്കുവാൻ നാം എത്രത്തോളം ഉത്സാഹം പ്രദർശിപ്പിക്കുമെന്നകാര്യം വളരെ സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഗവൺമെന്റ് എത്രതന്നെ ഉത്സാഹിച്ചാലും പുതിയ ഏർപ്പാടുകൾ ചെയ്താലും അതിന്റെയെല്ലാം ഫലം സിദ്ധിക്കണമെങ്കിൽ നാട്ടുകാരായ നാം പ്രയത്നിക്കതന്നെ വേണം. പുതിയതിനെയെല്ലാം സംശയാത്മകമായവീക്ഷത്തിൽ വീക്ഷിക്കുന്ന നമ്മുടെ മനോഭാവം മാറിയാൽമാത്രമേ നമുക്കു മേന്മയുണ്ടാകുകയെന്നല്ല നമ്മുടെ നാട്ടിലെ 90 ശതമാനം ജനങ്ങളും ഇന്നനുഭവിച്ചുവരുന്ന പട്ടിണിക്കും ദാരിദ്ര്യദുഃഖത്തിനും ശമനമുണ്ടാകയുള്ളൂ. നമ്മുടെ കൃഷിക്കാർ നവീനസമ്പ്രദായങ്ങളെ സ്വീകരിക്കുവാൻ വൈമനസ്യം പ്രദർശിപ്പിക്കുന്നതിനുള്ള പ്രധാനഹേതു, അജ്ഞാനാന്ധകാരത്തിൽ കിടന്നു നരകിക്കുന്ന അവരുടെ സംകുചിതമനഃസ്ഥിതിയാണ്. വിദ്യാഭ്യസ്തർക്കുമാത്രമേ പ്രാചീനാർവാചീനകാര്യങ്ങളുടെ തരതമ്യപഠനംനടത്തി നല്ലതേതു് ചീത്തയേതു് എന്നു മനസ്സിലാക്കി മാമൂലിനെ തൃജിച്ചു പുതിയതിൽ സ്വീകരയോഗ്യമായതിനെ സ്വീകരിക്കുവാനുള്ള വിശാലമനഃസ്ഥിതി ഉണ്ടായിരിക്കയുള്ളൂ.

പ്രായംചെന്നവർക്ക് എങ്ങിനെ വിദ്യാഭ്യാസം നൽകുന്നുണ്ട് എന്നതു് ഇന്നത്തെ ഏറ്റവും പ്രധാന പ്രശ്നങ്ങളിലൊന്നാണ്. 'വയോജനവിദ്യാഭ്യാസ'ത്തിനുവേണ്ട ഏർപ്പാടുകൾ ഗവൺമെന്റും, പല സ്വകാര്യസമുദായസേവനസ്ഥാപനങ്ങളും ചെയ്യുന്നുണ്ട് എന്നുള്ളതു സമാധാനഹേതുകംതന്നെ. എന്നാൽ ചെറുകുട്ടികൾ ഒരു 'ഹരത' എന്നു തുടങ്ങി അക്ഷരങ്ങളും മുഴുവൻ എഴുതുവാൻ പഠിപ്പിക്കുന്ന അഭ്യസനരീതി വയോജനങ്ങൾക്കു ഒരിക്കലും പാഠിയതല്ല. അക്ഷരങ്ങളും എഴുതി പഠിക്കാതെ വായിക്കുവാൻ പഠിക്കാമെന്നുള്ളതു നമ്മുടെ മുത്തശ്ശിമാർ പുരാണങ്ങളും വായിക്കുന്ന സമ്പ്രദായത്തിൽനിന്നു അനുഭവപ്പെട്ടിട്ടുണ്ട്. ഒരൊറ്റ അക്ഷരംപോലും എഴുതി പഠിക്കാതെ രാമായണം, ഭാരതം, ഭാഗവതം എന്നീ പതിനായിരക്കണക്കിനു ശ്ലോകങ്ങളുടെ പുരാണങ്ങളും നമ്മുടെ മുത്തശ്ശിമാരെന്നല്ല, ഇന്നും നമ്പൂതിരിയില്ലങ്ങളിലെ അന്തർജ്ജനസ്ത്രീകളും "വെള്ളംപോലെ" വായിക്കാറുണ്ട്. ആ സ്ഥിതിക്ക് പ്രായംചെന്നവരെ പഠിപ്പിക്കുന്നതു പത്രങ്ങളോ അവർക്കു ജീവിതയോധനത്തിൽ അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട വിഷയം പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളോ വായിക്കുവാൻ മാത്രമാണ്. ഇപ്രകാരം ലോകകാര്യങ്ങളിൽ ഒരു പൊതുജ്ഞാനം ലഭിച്ചാൽ മാത്രമെ ജനങ്ങൾക്കു വിവേകബുദ്ധിയും വിശാല മനഃസ്ഥിതിയുമുണ്ടാകയുള്ളൂ.

അജ്ഞരായ നമ്മുടെ സാധു കൃഷീവലന്മാരുടെ പുതിയ രീതികളും പരീക്ഷിച്ചുനോക്കുന്നതിലുള്ള വിമുഖത തീരണമെങ്കിൽ അഭ്യസ്തവിദ്യർതന്നെ പാടത്തിറങ്ങി പരീക്ഷണം നടത്തണം. അതിനു വിദ്യാഭ്യസ്തരെ ആഹ്വാനം ചെയ്യുകയാണ് ഈ ലേഖനത്തിന്റെ മുഖ്യോദ്ദേശ്യം.

ജപ്പ് കൃഷിസമ്പ്രദായത്തെ സംബന്ധിച്ചു നമ്മുടെ ഗവൺമെന്റ് ചില സചിത്രലഘുലേഖകൾ പ്രസിദ്ധീകരിച്ചിട്ടുള്ളവയിൽനിന്നു ചില ഭാഗങ്ങളും താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"ഭൂരിപക്ഷം കൃഷിക്കാരും ഏക്കർക്ക 10 മൺ നെല്ലുമാത്രമെ വിളവെടുക്കുന്നുള്ളൂ. എന്നാൽ ജപ്പ് രീതി പരീക്ഷിച്ച കൃഷിക്കാർക്ക് 30 മൺ വിളവെടുക്കുവാൻ സാധിച്ചിരിക്കുന്നു."

"ആദ്യം വിത്തുവിതയ്ക്കുവാനുള്ള തടമുണ്ടാക്കണം. 25 അടി തടത്തിൽ 1 മൺ കമ്പോസ്റ്റ് വളമോ, ചാണകമോ വളമായി ചേർക്കണം. ഓരോ 25 അടിക്കും ഓരോ റാത്തൽ വളമിസ്റ്റ് ചേർക്കണം. മണ്ണിലുള്ള കല്ലും മറ്റും കളഞ്ഞു മൂടുവാക്കി അതിന്റെ മീതെ നല്ല കമ്പോസ്റ്റ് വളമിട്ടു മീതെ ചാരം വിതയ്ക്കുക.

കൃഷിചെയ്യാനുള്ള നിലങ്ങളും കൊയ്തു കഴിഞ്ഞയുടനെ ഉഴുതിടണം. 4 അടി വീതിയും 3 ഇഞ്ചു് ഉയരവുമുള്ള തടങ്ങളുണ്ടാക്കണം. തടങ്ങളും തമ്മിൽ ഓരോ അടി ഇടവിട്ടിരിക്കണം.

മിക്ക കൃഷിക്കാരും അധികം വിത്തു് വിതയ്ക്കുന്നു. 50 റാത്തൽ വിത്തു സാധാരണ വിതയ്ക്കുന്ന സ്ഥലത്തു 20 റാത്തൽ വിത്തു വിതച്ചാൽ മതി.

ഏറ്റവും നല്ല വിത്തു് ലഭിക്കണം. വിത്തു് ഒരു പാത്രത്തിൽ ഉപ്പുവെള്ളത്തിൽ കുതിർത്തിട്ട നല്ലപോലെ ഇളക്കിയാൽ ചീത്തവിത്തെല്ലാം മുകളിലേയ്ക്കു പൊങ്ങിവരും. പിന്നെ വിത്തു 20 മിനിട്ട് പൊരെനോക്സ്മിക്സ്ചറിൽ കുതക്കണം. ഓരോ 25 അടി തടത്തിലും ഓരോ റാത്തൽ വിത്തു് വിതയ്ക്കണം. വിതച്ചതിനുശേഷം മീതെ $\frac{1}{8}$ ഇഞ്ചു കനത്തിൽ ഉലർന്ന മണ്ണ് വിതറുക. മഴ പെയ്തില്ലെങ്കിൽ നനയ്ക്കേണ്ടിവരും.

മുളച്ചു് 8 ദിവസം കഴിഞ്ഞാൽ കളകളെല്ലാം പറിച്ചുകളയണം. ഞാറു് പാകമായാൽ പറിച്ചുനടണം. 6 മുതൽ 8 ഇഞ്ചുവരെ ഉയരം വളരുന്നതും ആറാമത്തെ തളിർ വന്നുകഴിഞ്ഞതുമായ ഞാറാണ് പറിച്ചുനടേണ്ടതു്. ഓരോ ഞാറായി വേരുകൾ പൊട്ടാതെ പറിക്കണം. അധികം എണ്ണം ഒന്നിച്ചുനടുന്നതു് അനാവശ്യമാണ്; നഷ്ടവുമാണ്. ഞാറുകൾ ചായ്ച്ചുനടുന്നതു് ശരിയല്ല; നേരെതന്നെ നടണം. ഞാറിനോടൊന്നിച്ചു വിരലുകൾ പിടിച്ചു് വിരലുകൾ മണ്ണിനടിയിലേക്ക് താഴ്ത്തി വേരുകൾ അമർത്തെ മണ്ണിട്ടുറപ്പിച്ച നടണം. ഞാറുകൾ നേർവരിയായി നടണം.

ഞാറുകൾ പറിച്ചുനട്ടു് രണ്ടാഴ്ച കഴിയുമ്പോൾ വീണ്ടും കളകൾ പറിച്ചു നീക്കംചെയ്യണം. ഒരുമാസം കഴിഞ്ഞാൽ ഓരോ ഏക്കറും 200 റാത്തൽ വളമിസ്റ്റ്ചർ ഞാറുകളുടെ വേരുകളുടെ ഇടയിലേക്ക് ഇളക്കിയിടണം. ചെടികൾ തിങ്ങിവളരാതിരിക്കുവാൻ ഇടയ്ക്കിടെ തടങ്ങളുടെ ഇടയിലുള്ള ചെറിയ വരമ്പുകളിന്മേൽകൂടി നടന്നു് ഇരുഭാഗത്തെ ചെടികളും വരമ്പിൽനിന്നു് കണ്ടത്തിലേക്കു് ചായ്ച്ചുകൊടുക്കണം.

കതിർ വരുന്നതിനു് രണ്ടാഴ്ചകൂടി മുമ്പു് ശുശ്രൂഷകളെല്ലാം നിർത്തണം. ഈ സമയത്തു് മണ്ണിളക്കിയാൽ വിളവു കുറഞ്ഞുപോകുവാൻ ഇടയുണ്ട്."

മേൽപ്രസ്താവിച്ച നിർദ്ദേശങ്ങളിൽനിന്നു് മനസ്സിലാകുന്നതു നമ്മുടെ കൃഷിരീതിയും ജപ്പ്കൃഷിസമ്പ്രദായവും തമ്മിൽ ചില ചില്ലറ വ്യത്യാസങ്ങളും മാത്രമേയുള്ളുവെന്നതാണ്.

1. ഞാറുകൾക്കു് പുഷ്ടിയുണ്ടാകുവാൻവേണ്ടി അധികം വിത്തു് വിതച്ചു ഞാറുകൾ കൂട്ടംകൂടി വളരാതെ സൂക്ഷിക്കുക; ഒറ്റൊറ്റയായി ഞാറുകൾ പറിക്കുക; ഞാറു പറിച്ചുനടുമ്പോൾ വേരുകൾ പൊട്ടാതെ ഓരോന്നായി പറിച്ചു് ഓരോന്നായി (നാലിൽ കൂടുതൽ ആവശ്യമേയില്ല) കുത്തനെ നിർത്തി വിരലിന്റെ അറ്റം മണ്ണിൽ താഴ്ത്തി തൈകൾ കേടുകൂടാതെ മണ്ണിൽ ഇറക്കുക. തൈകൾ തമ്മിൽ 10 ഇഞ്ച് അകലം ഉണ്ടായിരിക്കയും വേണം. വിത്തു് തെരഞ്ഞെടുക്കുന്നകാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കേണമെന്നുള്ളതാണ് ഏറ്റവും പ്രധാനസംഗതി.

ഈയും നിസ്സാരങ്ങളായ ചില വസ്തുക്കളും വരുത്തുന്നതുകൊണ്ടു് വിളവു മുന്നിരട്ടിപ്പിക്കുവാൻ സാധിക്കുമെന്നതുകൊണ്ടു് നമ്മുടെ കൃഷിക്കാർ നിശ്ചയമായും ഈ സമ്പ്രദായം പരീക്ഷിച്ചുനോക്കേണ്ടതാണു് എന്നതിനു് സംശയമില്ല. ഈ കൃഷിസമ്പ്രദായത്തെപ്പറ്റി ശരിയായ വിവരങ്ങൾ ഗ്രാമീണന്മാർക്കു നൽകി അവരെ ഈ രീതി സ്വീകരിക്കുവാൻ പ്രോത്സാഹിപ്പിക്കേണ്ടതു് അഭ്യസ്തവിദ്യരുടെ കടമയാണെന്നും കൂടി ഒരു പ്രാവശ്യം ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ.

ടി. സി. കെ.

★

നിങ്ങൾക്കറിയാമോ?

താഴെ ചേർക്കുന്നവ ഓരോന്നും എവിടെയാണു്?

താജ്മഹൽ, അജന്താ നദികളുടെ ഴ

7 ദിവസങ്ങൾക്കുള്ളിൽ

പ്രമേഹം

സുഖപ്പെട്ടു

മൂത്രത്തിലധികം പഞ്ചസാര പോകുന്നതിനാണു് പ്രമേഹ (Diabetes) മെന്നു പറയുന്നതു്. ഇതു ഒരു ഭയങ്കര വ്യാധിയാണു്. പ്രമേഹരോഗി അനുദിനം മരണത്തിലേയ്ക്കു നീങ്ങുന്നു. പ്രമേഹ ചികിത്സയ്ക്കു ഡാക്ടർമാർ വിധിച്ചിട്ടുള്ളതു് ഇൻസുലിൻ കുത്തിവെപ്പുകളാണു്. ഈ കുത്തിവെപ്പുകൊണ്ടൊന്നും രോഗശമനമുണ്ടാകുന്നതല്ല. കുത്തിവെപ്പിന്റെ ശക്തിയുള്ള കാലത്തോളം പഞ്ചസാര തല്ക്കാലം ഇല്ലാതായി കാണാം.

അധികദാഹം, വിശപ്പു്, ഇടയ്ക്കിടെ മൂത്രം പോകുക (പഞ്ചസാരയോടുകൂടി,) ചൊറിയുക എന്നിവയാണു് ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ. ഇതു കഠിനമായാൽ പ്രമേഹക്കുരു, വീക്കം, തിമിരം മുതലായ രോഗങ്ങളും ബാധിക്കുന്നു.

"വീനസ്സ്"ചൂർണം" ആധുനികശാസ്ത്രത്തിന്റെ ഒരൽഭുത കണ്ടുപിടിത്തമാണു്. ഇതുപയോഗിച്ച ആയിരമായിരം പ്രമേഹരോഗികളും മരണത്തിന്റെ പിടിയിൽനിന്നും രക്ഷപ്പെട്ടിട്ടുണ്ടു്. "വീനസ്സ്"ചൂർണം" രണ്ടുമൂന്നു ദിവസം ഉപയോഗിക്കുമ്പോഴേക്കുത്തന്നെ മൂത്രത്തിലെ പഞ്ചസാര കുറയുകയും ഇടയ്ക്കിടെ മൂത്രം ഒഴിയുന്നതു് നിൽക്കുകയും ചെയ്യുന്നു. മൂന്നാലുദിവസം കൊണ്ടുതന്നെ പകുതി സുഖമായ അനുഭവം ഉണ്ടാകുന്നു. യാതൊരു പ്രത്യേക പഥ്യമോ കുത്തിവെപ്പോ ആവശ്യമില്ല. കൂടുതൽ വിവരത്തിനു് ഇംഗ്ലീഷ് ലഘുലേഖയ്ക്കു് ആവശ്യപ്പെടുക. 50 ഗുളികയുള്ള കുപ്പിക്കു് വില 6 ക. 12 ണ. പാക്കിങ്ങുപോസ്റ്റേജ് സൌജന്യം.

Venus Research Laboratory.
P. B. No.587, Calcutta (MNW)

കുന്ന പ്രദേശം, ഇന്ത്യയിലെ കപ്പൽനിർമ്മാണകേന്ദ്രം, ഇന്ത്യയിലെ ഏറ്റവും മുഖ്യമായ ബുദ്ധമതവിഹാരം, ഇന്ത്യയിലെ ഏറ്റവും വലിയ റെയിൽവേസ്റ്റേഷൻ, ഇന്ത്യയിലെ ഏറ്റവും വലിയ വെള്ളച്ചാട്ടം, തിരുവേണി, ജീനമതാചാര്യനായ ശ്രീമതേശ്വരന്റെ ഏറ്റവും വലിയ പ്രതിമ.

2. ഏതേതു രാജ്യങ്ങളാണു് തങ്ങളെച്ചേർന്ന ഓരോ ചക്രവർത്തിമാരും ഭരിച്ചിട്ടുള്ളതു്.

അലക്സാണ്ടർ, അശോകൻ, വിക്രമാദിത്യൻ, ജൂലിയസ് സീസർ, ഖുത്തൻഖാമൻ, നെപ്പോളിയൻ.

3. ഇന്ത്യയെ കണ്ടെത്തൽ" എന്ന പുസ്തകം എഴുതിയതാരാണു്?

4. ആചാര്യവിനോബാഭാവേ, ശ്രീനാരായണഗുരുസ്വാമികൾ, ശ്രീരാമകൃഷ്ണപരമഹംസൻ, സേവിയർപുണ്യവാളൻ ഇവരാരാണു്?

5. മധുര, ബൈസവാഡ, തിരുച്ചിനാപ്പള്ളി, ശാഞ്ചസ്, ബഹനാറിസ്, കൃഷ്ണിക്കാവു്, മധ്യസംസ്ഥാനങ്ങൾ, യു. പി. (സംയുക്തസംസ്ഥാനങ്ങൾ) ഈ പേരുകൾക്കുള്ള സാംതന്ത്ര്യസമ്പാദനത്തിനുശേഷം ഉണ്ടായിട്ടുള്ള മാറ്റങ്ങളെന്തു്?

6. എവറസ്റ്റ്കൊടുമുടി ആരോഹണശ്രമത്തിനു് ശ്രമിച്ചവരിൽ ഏറ്റവും അധികം ഉയരത്തിൽ കയറിയവരാരാണു്? ഏതുകൊല്ലത്തിൽ? എത്രയടി ഉയരം? അവരെത്തിയ കൊടുമുടിയുടെ പേരെന്തു്?

7. ഇന്ത്യയിൽ ആർക്കെല്ലാമാണു് നോബൽസമ്മാനം ലഭിച്ചിട്ടുള്ളതു്?

8. ധീരപ്രവൃത്തികൾക്കു നൽകുന്ന ഇന്ത്യൻയൂണിയനിലെ ഏറ്റവും വലിയ ബഹുമതിമുദ്രയേതു്? ഇതു് ലഭിച്ചിട്ടുള്ളവരാരെല്ലാം?

9. ആരാണെന്നറിയാമോ?

(അ) ഒന്നാമത്തെ ഇന്ത്യൻ ഗവർണ്ണർ.

(ആ) ഒന്നാമത്തെ ഇന്ത്യൻ കോൺഗ്രസ് അദ്ധ്യക്ഷൻ.

(ഇ) ഒന്നാമത്തെ നോബൽ സമ്മാനം ലഭിച്ച ഇന്ത്യൻ.

(ഈ) ഒന്നാമത്തെ ഇന്ത്യൻ കോൺഗ്രസ് അദ്ധ്യക്ഷ.

(ഉ) ഒന്നാമത്തെ ഇന്ത്യൻ സുപ്രൈന്യാധിപൻ.

(ഊ) ഒന്നാമത്തെ ഇന്ത്യൻ എം. എ. ബിരുദധാരിണി.

(എ) ഇന്ത്യയിലെ ചീഫ് ജസ്റ്റീസ്.

(ഏ) ഇന്ത്യയിലെ ഗ്രാമുഖപത്രങ്ങളും.

10. നിങ്ങൾക്കറിയാമോ? ഇന്ത്യയിലെ ഏറ്റവും ഉയർന്നുള്ള കെട്ടിടമേതാണെന്നു്?

ഏറ്റവും ജനസംഖ്യയുള്ള നഗരം?
ഏറ്റവും വിസ്താരമേറിയ രാജ്യവിഭാഗം?
ഏറ്റവും വലിയ ഗ്രഹക്ഷേത്രം?
ഏറ്റവും വലിയ മുസ്ലീംപള്ളി?
ഏറ്റവും അധികം കരിമ്പുകൃഷി ചെയ്യുന്ന പ്രദേശം?

അംഗങ്ങളുടെ പേരുവിവരം

★

(തുടർച്ച)

1404 കേരം കെ. ജോൺ C/o കെ. സി. ജോൺ ബി. ഏ. ബി. എൽ. അഡ്വക്കേറ്റ് മാവേലിക്കര. (ചെറുകഥ)

1405 വി. പി. ഷൺമുഖംപിള്ള, വലിയിറക്കത്തുവീട്ടിൽ, പത്തനംതിട്ട (ചെറുകഥ)

1406 വി. രാധാകൃഷ്ണൻനായർ C/o വി. ആർ. എൻ. കണ്ണവിളാകം, ശാസ്താംകോട്ട. (തീപ്പെട്ടിപടം-ശേഖരണം)

1407 കെ. ജി. ജോൺതരകൻ, കുട്ടവിളവീട്ടിൽ, കോവൂർമുറി, തേവലക്കര. (ചെറുകഥ)

1408 ആർ. ശ്രീധരൻപിള്ള C/o ആർ. മധുസൂദനൻപിള്ള, വിളയിൽ, കരീപ്പുഴ പെരിനാട്ടിൽ. (കവിത)

1409 പി. സദാനന്ദൻപിള്ള, കോച്ചേവീട്ടിൽ, കരീപ്പുഴ പെരിനാട്ടിൽ. (ചെറുകഥ)

1410 എസ്. വാസുദേവൻപിള്ള, അറാടത്തുവീട്ടിൽ, കരീപ്പുഴ പെരിനാട്ടിൽ. (നാടകംകളി)

1411 കെ. സരസ്വതിഅമ്മ, സരസ്വതിവിലാസം, കരീപ്പുഴ പെരിനാട്ടിൽ. (ചെറുകഥ)

1412 എൻ. സദാനന്ദൻ, തൈക്കടത്തുകിഴക്കതിൽവീട്ടിൽ, കരീപ്പുഴ പെരിനാട്ടിൽ. (കവിത)

1413 സി. ശാരദഅമ്മ, പിള്ളേത്തുവീട്ടിൽ, കരീപ്പുഴ, പെരിനാട്ടിൽ (തയ്യൽ)

1414 ആർ. ഗോപിനാഥൻപിള്ള, വിളയിൽ, കരീപ്പുഴ പെരിനാട്ടിൽ (പുസ്തകപാരായണം)

1415 ടി. ആർ. കൃഷ്ണൻകുട്ടി C/o എൻ. പൊന്നമ്മ, താഴത്തിടത്തുവീട്ടിൽ, മൈനാഗപ്പള്ളി പുത്തൻചന്ത. (ചെറുകഥ)

1416 മാസ്റ്റർ ശരത്ചന്ദ്, മലേപ്പറമ്പിൽവീട്ടിൽ, വാഴപ്പള്ളിക്കിഴക്ക് ചങ്ങനാശ്ശേരി. (ചിത്രമെഴുത്തു്)

1417 കെ. തങ്കമണി, മണിഭവനം, കിഴക്കേനട ചെങ്ങന്നൂർ. (സംഗീതം)

1418 കുമാരി, പി. മുണ്ടാളിനി, തോപ്പിൽവീട്ടിൽ, കൊറ്റാർകാവു് മാവേലിക്കര.

1419 പി. പത്മ, തോപ്പിൽവീട്ടിൽ, കൊറ്റാർകാവു് മാവേലിക്കര.

1420 പി. സുവർണ്ണ, തോപ്പിൽവീട്ടിൽ, കൊറ്റാർകാവു് മാവേലിക്കര.

1421 പി. ശ്യാമള ടി ടി ടി

1422 കെ. ശശീധരൻനായർ, ടി ടി ടി

1423 ററി. ഗോപകുമാരൻ, ടി ടി ടി

1424 കെ. പി. ഗോപാലകൃഷ്ണൻ, കല്ലേലി—കല്ലേലിഭാഗം, ആലപ്പുഴ.

1425 കെ. കെ. രാമചന്ദ്രൻ, ടി ടി ടി

1426 കെ. പി. ഗംഗമ്മ, കല്ലേലി, കല്ലേലിഭാഗം ആലപ്പുഴ. (ചെറുകഥ)

1427 പി. വി. നായർ, C/o കെ. പി. പിള്ള, T. C. 828 പാലസ്സ് റോഡ്-പട്ടം, തിരുവനന്തപുരം. (ചെറുകഥ)

1428 പി. എൻ. നായർ, C/o കെ. പി. പിള്ള, T. C. 828 പാലസ്സ് റോഡ്-പട്ടം തിരുവനന്തപുരം. (തീപ്പെട്ടിപടം ശേഖരണം)

1429 ജി. ഗോപിമോഹനനസ്സന്നിത്താൻ, വഴുതനത്തു് ബംഗ്ലാവു് അട്ടൂർ. (തിപ്പെട്ടിപടം ശേഖരണം)

1430 ടി. എം. ഗോപിനാഥൻപിള്ള, തച്ചേത്തുവീട്ടിൽ, ഏലൂർ, ആലുവാ, (ചെറുകഥ)

1431 എൻ. ഈശ്വരൻനമ്പൂതിരി C/o പി. വി. നാരായണൻനമ്പൂതിരി, മാതെത്തു്, പെരിമനഇല്ലം കൂട്ടയോഗർ, മന്നാർ. (കവിത)

1432 എം. രവിവർമ്മരാജാ, മുല്ലരിക്കാട്ടിൽ, ഓമല്ലൂർ. (തീപ്പെട്ടിപടം ശേഖരണം.)

1433 എസ്സ്. ബാലകൃഷ്ണവാര്യർ C/o ആർ. ശ്രീധരവാര്യർ, മറോത്തുവാര്യം, മാവേലിക്കര. (ചെറുകഥ)

1434 എം. എൻ. രാജേന്ദ്രപ്രസാദ് C/o എൻ. നാരായണപിള്ള, ലീലാസദനം, പള്ളിം. (ചെറുകഥ) (തുടരും)


ഏറ്റവും അധികം വിദ്യാഭ്യാസപ്രചാരമുള്ള രാജ്യവിഭാഗം?

ഏറ്റവും അധികം നീളമുള്ള റോഡ്?

* * *

നിങ്ങൾക്കറിയാമോ? രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഇന്ത്യയിൽ 3 കോടിമുതൽ 4 കോടിവരെ ജനസംഖ്യ വർദ്ധിച്ചിട്ടുണ്ടെന്നു്?

ഏറ്റവുംവലിയ കാപ്പിത്തോട്ടവും?



കുട്ടിച്ചേച്ചിക്കുള്ള കത്തു്

കഴിഞ്ഞലക്കം അീഴ്പ്പള്ളിയിലെ ചേച്ചിയുടെ കത്തു് വായിച്ചു. വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾക്കു് പ്രാധാന്യം നൽകുന്നതു് വളരെ നല്ലതാണു്. ഒരു അഖിലമലയാളി—അല്ലെങ്കിൽ കേരളസംഘടന "കൈരളീ ബാലസമിതി" എന്ന പേരിൽ രൂപീകരിക്കുന്നതു് ചേച്ചി അഭിപ്രായപ്പെട്ടതു് വിജയത്തിൽ എത്തിക്കുന്നതിനു ചേച്ചിക്കു് എന്റെ ഹൃദയംഗമമായ അഭിനന്ദനം.

ജി. ആർ. അംബികാദേവി.
നം: 865.

★

തിരുത്തു്

1319 സി. സുഭദ്രക്കുട്ടിയമ്മ, 1320 സി. രാധാമണിയമ്മ ഇവരുടെ രണ്ടു പേരുടേയും ഇനിഷ്യൽ 'ഡി' ആണെന്നറിയിക്കുന്നു. 1332-ാംനമ്പർ അംഗത്തിന്റെ വിട്ടുപേർ വയലിക്കുട്ടി എന്നാണു്.

★

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വലിച്ചു് യൌവനം നിലനിൽക്കുന്നതിനു് സഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ചു് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

വ്യവനപ്രാശംലേഹ്യം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ഹൃദ്രോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങൾ ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓജസ്സശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഹെഡാഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

ധന്വന്തരിവൈദ്യശാല, H O തൊടുപുഴ, തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ	10. കുന്നാട്ടുകുളം	19. തക്കല	27. പാറപ്പൂർ	35. പൊൻകുന്നം
2. ആലുവാ	11. കൊട്ടാരക്കര	20. തിരുവനന്തപുരം	28. പന്തളം	36. മദ്രാസ്
3. ആറ്റിങ്ങൽ	12. കൊച്ചി	21. തിരുവല്ലാ	29. ബാംഗ്ലൂർ	37. മാർത്താണ്ഡം
4. ഇടപ്പള്ളി	13. കൊല്ലം	22. തൃപ്പൂണിത്തുറ	30. പാലാ	38. മാവേലിക്കര
5. ഈരാറ്റുപേട്ട	14. കോതമംഗലം	23. തൃശ്ശൂർ	31. പിറവം	39. മുണ്ടക്കയം
6. എറണാകുളം	15. കോഴിക്കോട്	24. നാഗർകോവിൽ	32. പുനലൂർ	40. മൂവാറ്റുപുഴ
7. കായംകുളം	16. കോട്ടയം	25. നെടുമങ്ങാട്	33. പൂഞ്ഞാർ	41. വാഴക്കുളം
8. കാഞ്ഞാർ	17. ചങ്ങനാശ്ശേരി	26. നെയ്യാറ്റിൻകര	34. പെരുമ്പാവൂർ	42. വൈക്കം
9. കിളിമാനൂർ	18. ചേർത്തല			

മനുഷ്യശരീരത്തിലെ ഇത്തിൾക്കണ്ണികൾ അഥവാ പരാദങ്ങൾ

— മാവേലിക്കര എൻ. രാമചന്ദ്രൻ —

വിഷയത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുമുമ്പ്

Green's Mannual of Pathology and Morbid anatomy; Text book of Pathology By J. M. Beattie and W. E. C. Dickson 'എന്നീ ഗ്രന്ഥങ്ങൾ ഈ ലേഖനരചനയ്ക്ക് അവലംബമായി ഞാൻ സ്വീകരിച്ചിട്ടുണ്ട്. മലയാള ഭാഷയുടെ ശാസ്ത്രപംക്തിയും കാലാനുസൃതം വളർത്തിക്കൊണ്ടുവരുന്നതിൽ കൈരളീപ്രേമികളായവരുടെ കർത്തവ്യവും ആണല്ലോ. അതിനാൽ സാങ്കേതിക പദങ്ങളുടെ പരിഭാഷ Terms in Zoology യിൽ ഉള്ളവ അതുപോലെയും ഇല്ലാത്തവയ്ക്ക് സ്വന്തം പരിഭാഷയും ആണ് സ്വീകരിച്ചിട്ടുള്ളത്. ഒരുപക്ഷേ സ്വന്തമായി പദങ്ങൾ നിർമ്മിച്ചതിൽ എനിക്ക് പ്രമാദങ്ങൾ പറ്റിയിട്ടുണ്ടാവാം. അവയെ പണ്ഡിതരായ വായനക്കാർ ക്ഷമിക്കണമെന്നും വിനീതനായി അപേക്ഷിച്ചുകൊള്ളട്ടെ.

പരാദങ്ങളെക്കുറിച്ച് പൊതുവേ

അന്യജീവികൾ ഇരുന്ന് അവയുടെ ആഹാരം ഭുജിക്കുംചെയ്യുന ജീവികളെ 'പരജീവികളെ'ന്നും പയുന്നു. സസ്യവർഗ്ഗത്തിൽപ്പെട്ടവയ്ക്കുണ്ട് 'പരജീവി' എന്ന സംജ്ഞയുപയോഗിക്കുന്നതിനുള്ള നിയമം വിരളമാണ്. ജന്തുവർഗ്ഗത്തിൽപ്പെട്ടവ 'പരാദങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്നു. പരാദങ്ങളുടെ ആഹാരം ഗൃഹിയുടെ ആഹാരംതന്നെയാണ്. ആഹാരം തേടിപ്പിടിച്ച് ഭക്ഷിക്കാൻ ഈ ഭുക്കുകവീരന്മാർക്ക് വലിയ വിമ്മിഷ്ടമാണ്. എന്നാൽ ഗൃഹിയെ ഉപദ്രവിക്കുന്നതെന്നോ, ഉപദ്രവിക്കാതിരിക്കുന്നതെന്നോ ഇക്കൂട്ടർക്ക് അശേഷം വിചാരമില്ല.

മനുഷ്യശരീരത്തിലെ പരാദങ്ങളെപ്പറ്റി പ്രത്യേകിച്ച്

മനുഷ്യശരീരത്തിലെ പരാദങ്ങളെ അവയുടെ 'ശീല' മനുസരിച്ച് 'ബഹിർപരാദങ്ങളെ'ന്നും (Rebinal parasites) 'ഉപപരാദങ്ങളെ'ന്നും (Internal parasites) രണ്ടായി തരംതിരിച്ചിരിക്കുന്നു. ആദ്യം പറഞ്ഞവ ശരീരത്തിനു പുറത്തു അധിവസിക്കുന്നവയും, രണ്ടാമത്തവ ശരീരത്തിനുള്ളിൽ അധിവസിക്കുന്നവയും ആണെന്ന് പേരിൽനിന്നുതന്നെ വ്യക്തമാകുന്നുണ്ടല്ലോ, നമ്മുടെ ശരീരത്തിൽ താമസിക്കുന്ന കാലയളവ് അടിസ്ഥാനമാക്കി 'പൂർണ്ണപരാദങ്ങൾ' (Wholly parasites) എന്നും 'അപൂർണ്ണ പരാദങ്ങൾ' ((Partially parasities) എന്നും വിഭജിച്ചിട്ടുണ്ട്. ഇതിലാദ്യത്തേത് അവയുടെ ജീവിതചരിത്രം (Life cycle) മുഴുവനും മനുഷ്യശരീരത്തിലാണ് നിർവ്വഹിക്കുന്നത്. പ്രത്യുത, രണ്ടാമത്തേത് ജീവിതചക്രത്തിന്റെ ഒരുഭാഗമേ നമ്മുടെ ശരീരത്തിൽ കഴിച്ചുകൂട്ടുന്നുള്ളൂ. പരാദങ്ങൾക്ക് എല്ലാം ഇത്തരക്കാരുടെ ശരീരത്തിലും അധിവസിക്കുവാനോ, വളരുവാനോ കഴിയുന്നില്ല. അതും ചിലത് ചില ജീവികളുടെ ചില അവയവങ്ങളിൽമാത്രം ജീവിതചക്രത്തിന്റെ ഒരുഭാഗംമാത്രം കഴിക്കുന്നതിനുമേ സാധിക്കുകയുള്ളൂ. ബഹിർപരാദങ്ങളുടെ ചലനേന്ദ്രിയങ്ങളും നല്ലവണ്ണം സ്ഫുടപ്രാപിച്ചതായിരിക്കും. അവ ആഹാരസമ്പാദനത്തിലും, ശത്രുക്കളുടെ കണ്ണിൽപ്പെടാതെ ഓടിയൊളിക്കുന്നതിനും ജീവിയെ സഹായിക്കുന്നു. നേരേമറിച്ച് ഉപപരാദങ്ങളുടെ ചലനേന്ദ്രിയങ്ങൾ സ്ഫുടപ്രാപിച്ചിട്ടുള്ളതുമല്ല. എന്നാൽ അവയുടെ 'പല്ലുകൾ' 'ശ്രുങ്ങി' അല്ലെങ്കിൽ 'മുട്ട്', ചില്ലി' എന്നീ അവയവങ്ങൾ സവിശേഷമാംവണ്ണം സ്ഫുടപ്രാപിച്ചിട്ടുള്ളവയാകുന്നു. ആഹരിക്കുന്നുള്ളവ സ്വീകരിക്കുന്നു പ്രാണവായുവും നേരിട്ടുള്ള ആഹാരണത്തിൽ (direct apsorption) നിന്നും ലഭിക്കുന്നതിനാൽ പചനവ്യൂഹവും (digestivesystem) ശ്വസനവ്യൂഹവും (respiratory system) പരിപൂർണ്ണവളർച്ചയിൽ എത്തിയിട്ടില്ല. ഇവയ്ക്ക് ഉല്പാദനശക്തി മറ്റുജന്തുക്കളെ അപേക്ഷിച്ച് വളരെ കുറഞ്ഞിരിക്കുന്നു.

പരാദങ്ങളിൽനിന്നുമുണ്ടാകുന്ന ഫലം

പരാദങ്ങളിൽനിന്നുമുണ്ടാകുന്ന ഫലം രാസമോ (chemical) കർമ്മികമോ (Mechanical) ആയിരിക്കും. അവയുടെ പരാദങ്ങളുടെ രേചനത്തിൽനിന്നോ (Excretion) വളർച്ചയിൽനിന്നോ (growth) ഉണ്ടാകുന്ന വിഷവസ്തുക്കളാണ് (toxic products.) രാസഫലം (chemical effect) ഈ വിഷം ഗൃഹിയുടെ ശരീരത്തെ വിഷപൂരിതമാക്കുന്നു. കലയുടെ (tissue) നശീകരണത്തിനും, തന്തുസമൂഹങ്ങളുടെ അനാരോഗ്യകരമായ വളർച്ച് (fiterosis)യ്ക്കും അങ്ങനെ പലവിധ വ്യാപനഫലങ്ങൾക്കും (reflex effects) ഇവ കാരണമാകുന്നു. ഇവയ്ക്കു പുറമേ ഗ്രന്ഥിസ്രോതസ്സ് (glaud ducts), കുടൽ (intestines), രക്തക്കുഴലുകൾ (blood vessels) തുടങ്ങിയ കുഴലുകളെ (tube) അടയ്ക്കുന്നതിനും മറ്റും കാരണം കാന്തികഫലം (machanical effect) കൂടുതൽ കാണുന്നു.

ഒരു തെറ്റായ വിശ്വാസം

'ചില പരാദങ്ങൾ നമുക്ക് നന്മ ചെയ്യുന്നതാണെ''ന്ന ഒരു വിശ്വാസം പലർക്കുമുള്ളതായി അനുഭവപ്പെട്ടിരിക്കുന്നു. മനുഷ്യശരീരത്തിൽ ഒരു തരത്തിലുള്ള പരാദങ്ങളും ജീവിക്കുന്നതായില്ലെന്ന് വൈദ്യവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു മാന്യസ്നേഹിതൻ ഇടയിടെ എന്നോട് പറയുകയുണ്ടായി. അങ്ങനെ പറയുന്നതിന് പ്രേരിപ്പിച്ച വസ്തുത എന്തുതന്നെയായിരുന്നാലും, ഇത്തരം തെറ്റായ വിശ്വാസങ്ങളെ ഉന്മൂലനംചെയ്യാൻ ആദ്യം അത്യന്താപേക്ഷിതമായതിനാൽ അതിനുള്ള ശ്രമം തല്പ്രയോജനം പറഞ്ഞുകൊള്ളുന്നു.

നമ്മുടെ ശത്രുക്കൾ

ചില ബഹിർപരാദങ്ങളും, ജന്തുപരാദങ്ങളും (animal parasites) നമ്മുടെ ശരീരത്തെ ആക്രമിക്കാറുണ്ട്. ഷഡ്പദം, ചിലന്തി, ഏരട ഈ വർഗ്ഗത്തിലുള്ളവയാണവ. ഇവയെല്ലാംതന്നെ ബാഹ്യജീവികൾ (Metagoa) ആകുന്നു. ഇവയിൽആദ്യത്തെ രണ്ടിനംവർഗ്ഗത്തിലുൾപ്പെടുന്ന "ചൊറി" (pedieuli) "ചൊറിച്ചിലന്തി" (acari) എന്നിവയെപ്പറ്റി ഏറ്റവും സൂക്ഷ്മമായവിധത്തിൽ ഇവിടെ പ്രതിപാദിക്കാമെന്ന് വിചാരിക്കുന്നു. ശീതോഷ്ണമേഖലയിലെ രാജ്യങ്ങളിലാണ് ഇവ കൂടുതലായി വളരുന്നതു്. ബഹിർപരാദങ്ങളുണ്ടാവുന്നതിനു മുമ്പേ നേരത്തെ പ്രസ്താവിച്ചുകഴിഞ്ഞല്ലോ. 'ചൊറി ഷഡ്പദവർഗ്ഗത്തിലുൾപ്പെടുന്നുവെങ്കിലും അതിനു ചിറകില്ല. 'ചൊറിച്ചിലന്തി' ചിലന്തിവർഗ്ഗത്തിലുമാണുൾപ്പെടുന്നതു്.

ചൊറി


'വൻചൊറി'' (Pediculus Coo poris), ''ഇടച്ചൊറി'' (pediculiss capilis),''ചെറുചൊറി''(pediculus pubis) എന്നിങ്ങനെ ഈ വിഭാഗത്തിലുൾപ്പെട്ട മൂന്നു ഉപജാതികളും നമ്മുടെ ശരീരത്തിൽ അധിവസിക്കുന്നുണ്ട്: ഇവയ്ക്കു മൂന്നിനും പൊതുവായ ഘടകങ്ങളും ഉണ്ടുതാനും. ഒരു മില്ലിമീറ്റർ മുതൽ നാല് മില്ലിമീറ്റർ വരെ നീളം ഇവയ്ക്കുണ്ട്. ശ്രുങ്ങി അഥവാ, തുമ്പിക്കൈ ശിരസ്സിനു രലങ്കാരമായിരിക്കുന്നു. ഒരു ജോടി സ്പർശികളും. അവയ്ക്കു പുറകിലായി രണ്ടു വശത്തും ഓരോ പാർശ്വകീക്ഷികളും (Compound lateral eyes) കൂടി തലയിൽ സ്ഥിതിചെയ്യുന്നുണ്ട്. ഉരസ്സും (Theras), ഉദരവും (Abdomen) ഒരു 'ഇടുക്ക്' (Constriction) മൂലം വേർതിരിപ്പെട്ടിരിക്കുന്നു. ഓരോ ഉപജാതിക്കും ഉരസ്സിൽ മൂന്നുജോടി കാലുകൾ വീതം ഉണ്ട്. ഉദരത്തിലെ കാണാറുള്ള അഥവാ, ഖണ്ഡം (Segment) ഓരോ ജാതിയിലും വ്യത്യസ്തപ്പെട്ടിരിക്കുന്നു. അവയവങ്ങളും, ഉരസ്സ്, ഉദരം ഇവകളുടെ പ്രതലം (Surface) ചിന്നിച്ചിതറിയ രോമങ്ങളാൽ പൂർണ്ണമായിരിക്കുന്നു. വലിപ്പം, നിറം നേന്ദ്രിയം ഇവകൊണ്ടാണ് ആൺ പെൺ ജീവികളെ വേർതിരിച്ചറിയുന്നത്. പെൺചൊറിയുടെ മൂന്നിൽ രണ്ടു ഭാഗത്തു മധ്യഭാഗംവരെ നീണ്ടുകിടക്കുന്നതും ആകുന്നു. അവസാനത്തെ ഉദരകാണ്ഡം പൂർത്തീകൃതിയിലും ഉള്ളതാണ്. വലിപ്പംകൂടാതെ രണ്ടായിപ്പിളർന്നതും, പ്രാചീയോനിനാളം (ventral vagina) ഉള്ളതും ആയ അവസാനത്തെ ഉദരകാണ്ഡവും പെൺജീവിയെ ആണിൽനിന്നും തിരിച്ചറിയുവാൻ സഹായിക്കുന്നു. സംയോഗവേളയിൽ (Copulation time) ആൺജീവിയുടെ മുകളിൽ പെൺജീവിയാണ് സ്ഥിതിചെയ്യുന്നതു്. ഓരോ ഉപജാതിയിലേയും ജീവി ഉല്പാദിപ്പിക്കുന്ന അണ്ഡങ്ങളുടെ സംഖ്യ വ്യത്യസ്തപ്പെട്ടിരിക്കുന്നു ഭ്രൂണങ്ങൾ (embryos) അണ്ഡത്തിനുള്ളിൽവസിച്ചിരിക്കുന്നു. അണ്ഡങ്ങൾ പുറത്തുവരുന്നതിനുമുമ്പുതന്നെ ഭ്രൂണങ്ങൾ വെളിയിൽ വരികയും, രണ്ടോമൂന്നോ ദിവസംകൊണ്ടു പ്രായപൂർത്തിവരികയും ചെയ്യുന്നു.

ഇവ നമ്മുടെ ചർമ്മത്തെകുത്തിപ്പിടിക്കുമ്പോൾ അസഹനീയമായ ചൊറിച്ചിൽ നമുക്കനുഭവപ്പെടുന്നു. അങ്ങനെ നാം കൈകൊണ്ടുശരീരമാകെമാന്തിക്കീറാൻ ഇടയാകുന്നു. ആയതുകൊണ്ടുതന്നെ ചർമ്മഭേദകത്തിനു കാരണമായേക്കാം. അപ്രകാരം തൊലിപൊട്ടുകയാണെങ്കിൽ, ആ വിടവുകളിൽക്കൂടി പലതരം രോഗാണുക്കൾ ശരീരത്തിനുള്ളിൽ കടക്കുന്നതും അതുമൂലം രോഗങ്ങൾ ഉണ്ടാകുന്നതും സാധാരണയുണ്ട്. ഇനിയും ഓരോ ഉപജാതിയെക്കുറിച്ച് വിസ്തരിക്കട്ടെ.

മലയാളരാജ്യം

വൻചൊറി


ചിത്രം ഒന്ന്



ചൊറിയിൽ ഏറ്റവും വലുത് "വ
ചൊറി" യാകുന്നു. മൂന്നർമില്ലിമീ
ർ നീളവും ഒന്നരമില്ലിമീറ്റർ വീ
തിയും ഉള്ള ഈ പരാദത്തിന്റെ ഏതാ
ണ്ട് ചതുരാകൃതിയാണുള്ളത്. ശരീരം
ഏതാണ്ട് (Semi transparent) മാ
ത്രം. നല്ലതിൻവെളിച്ചം സംഘടപ്പി
ച്ചിട്ടുള്ള കാലുകൾ വളരെവേഗ
ത്തിൽ ചലിക്കുന്നതിന് സഹായകമാ
കുന്നു. ഉദരം എട്ടുഖണ്ഡങ്ങളായി നി
ർത്തിരിക്കുന്നു. നാം ധരിക്കുന്ന കമ്പി
കളുടെ പുറവരികളാണ് അധിവാ
സകേന്ദ്രങ്ങളായി ഇവ സ്വീകരിച്ചിരി
ക്കുന്നത്. ഈ ഭാഗങ്ങളിലെ ചർമ്മം
വളരെ മൃദുലമായതിനാൽ ആഹാര
മാധ്യശുമുള്ള സന്ദർഭങ്ങളിൽ തൊലി
ഇളക്കുന്നതിന് ഇവയ്ക്ക് അധിക
മൊന്നും ശ്രമപ്പെടേണ്ട ആവശ്യം വ
രുന്നില്ല. തുണ്ഡം, അഥവാ തുമ്പി
ക്കൈ (Probescis) താഴ്ത്തി ഏതെ
ങ്കിലും 'സ്രോതസ്സി' (Duct) ൽനിന്നും
രക്തം ഊറ്റിക്കുടിക്കുന്നു. നാം ധ
രിക്കുന്ന വസ്ത്രങ്ങളിലാണ് [ഇവ മുട്ട
യിടുന്നത്. ചിലപ്പോൾ നമ്മുടെ
ഉദരത്തിലും ഉരസ്സിലും ഉള്ള രോമങ്ങ
ളിൽ പറ്റിയിരിക്കുന്നതു കാണാവു
ന്നതാകുന്നു.

ഇടച്ചൊറി

ചിത്രം രണ്ട്




I സ്പർശികം. II പാർശ്വകീഴ്ക്കാക്ഷികം. III രണ്ടായി
പിരിഞ്ഞതും പ്രാച്യയോനിനാളം ഉള്ളതുമായ അവസാനത്തെ
ഉദരകാണ്ഡം. IV ശിശ്നം. V കാലുകം.

ഇതു് 'വൻചൊറി'യേക്കാൾ ചെ
റുതും 'ചെറുചൊറി'യേക്കാൾ വല
തും ആകുന്നു. രണ്ടര മില്ലിമീറ്റർ
നീളവും ഒരുമില്ലിമീറ്റർ വീതിയും ഇ
തിനുണ്ട്. ഗുഹ്യത്തിന്റെ നിറംതന്നെ
യാണ് പരാദത്തിനെന്നും നിറം.
ഉദരകാണ്ഡങ്ങളും 'വൻ'പാറിയുടേ
തിനേക്കാൾ കൂടുതിരിക്കുന്നു. മറ്റു
കാര്യങ്ങളിൽ അതുതന്നെ ബാഹ്യരൂപ
ത്തിനും, രണ്ടും ഏതാണ്ട് ഒരുപോ
ലെതന്നെ. ഉദരത്തിൽ ഏഴുകാണ്ഡ
ങ്ങളുണ്ട്. പിടലിയുടെ പൃഷ്ഠഭാഗ
ത്തുണ്ടു് അധിവസിക്കുന്നതു്. മ
റ്റു രണ്ടു നഖങ്ങളുമായി തരതമപ്പെ
ടുത്തുമ്പോൾ ഇവയുടെ കാലുകൾ തു
ലോം ബലമേറിയതുകുന്നു. തനു
ലോം ചലനവേഗതയും ഇതിനു കുറവാ
ണ്. അൻപതും ചിലപ്പോൾ അ
തിലധികവും മുട്ട ഒരുസമയത്തു് ഇടു
ന്നു. പ്രത്യേകമുള്ള ഒരുതരം ദ്രവക
ത്തിന്റെ സഹായത്തോടെ ഇതു
രോമങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്നു.

ചെറുചൊറി

ചിത്രം മൂന്ന്



I സ്പർശികം. II പാർശ്വകീഴ്ക്കാക്ഷികം. III രണ്ടായി
പിരിഞ്ഞതും പ്രാച്യയോനിനാളം ഉള്ളതുമായ അവസാനത്തെ
ഉദരകാണ്ഡം. IV ശിശ്നം. V കാലുകം.

ഇതു് ചൊറിയിൽ ഏറ്റവും ചെറി
യ ഇനമാകുന്നു. ഇതിനു് നീള
ത്തെ അപേക്ഷിച്ചു വീതി വളരെ കൂ
ടുതലാണ്. മറ്റുള്ളവയെ അപേക്ഷി
ച്ചു് ഇതിന്റെ സ്പർശികം വളരെ നീ
ണ്ടുള്ളതാകുന്നു. തലയും ഉരസ്സുംകൂടി
ച്ചേരുന്നഭാഗം അത്ര ഇടുങ്ങിയതല്ല.
ഉരസ്സും ഉദരവുംതമ്മിൽ വേർതിരിയു
ന്നതു് കുലുകളുണ്ട്. ഇവയുടെ
മുൻകാലുകൾ ചെറുതും നടക്കാനുപ
യോഗിക്കുന്നവയും ആകുന്നു. പിൻ
കാലുകൾ ബലവത്തുകളും മുച്ചീയേറി
യ നഖങ്ങളുള്ളവയും ആണ്. ഈ
നഖങ്ങൾകൊണ്ടു് ഇവയ്ക്ക് നമ്മു
ടെ ശരീരത്തിൽ ശക്തിയായി പിടി
ച്ചിരിക്കുവാൻ കഴിയുന്നു. ഒരുപ്രാ
വശ്യം പത്തുപതിനഞ്ചുമുട്ട രോമ
ത്തിന്റെ കണകളിൽ ഇടുന്നു. ഈ
മുട്ട നഗ്നനയനങ്ങൾക്ക് അഗോച
രമാണ്.

"ചൊറിച്ചിലന്തി"

ചിലന്തിവർഗ്ഗത്തിൽപെട്ടതും മ
നുഷ്യശരീരങ്ങളിൽ അധിവസിക്ക
നുതുമായ പരാദങ്ങളിൽ പ്രധാ
നമർഹിക്കുന്നതു് 'ചൊറിച്ചിലന്തി'
(Acarus Scabie) ആകുന്നു. അതി
സൂക്ഷ്മമായതും, ആമയുടെ ആകൃതി
യിലുള്ളതുമായ ഇതിനെ നമ്മുടെ
വെറുംകണ്ണുകൊണ്ട് വെളുത്തു ചെ
റുതായൊരു പൊടിയായി
കാണാൻസാധിക്കും. പെൺജീവി
അധികമർത്തുള്ളപ്പോൾ ആൺ
ജീവി ചർമ്മപ്രതലത്തിൽ പുറത്തി
രിയുകയാണുചെയ്യുന്നതു്: തുകൽ
അഥവാ ചെറിയരോമങ്ങൾ (Setac)
ഇതിന്റെ ശരീരത്തിലുംകമാനം
ണ്ട്. പൃഷ്ഠഭാഗത്തു് മുള്ളുപോലുള്ള
പല അവയവങ്ങളും, പ്രാച്യഭാഗ
ത്തു് സൂചികൂതരൂപത്തിലുള്ള എട്ട്
ചെറുകാലുകളും ഈ ജീവിക്കുണ്ട്.
ആയതമേകിന രോമങ്ങളിലാണ്
ഈ കാലുകൾ അവസാനിക്കുന്നതു്.

വലിപ്പം, കാലുകൾ, ശ്ലേക്ഷണി ഇ
വയുടെ വിസ്താരം, ജനനേന്ദ്രിയം എ
ന്നിവയുടെ പ്രത്യേകതകൾമൂലം പെ
ണ്ണിനെ ആണിൽനിന്നും തിരിച്ചറി
യാൻ കഴിയുന്നു. പെണ്ണിനു് അര
മില്ലിമീറ്റർ നീളവും, ആണിനു്
കാൽമില്ലിമീറ്റർ നീളവും ഉണ്ട്. ഇ
രുജാതിയിലും മുൻകാലുകളും നാലും
ശ്ലേക്ഷണികളിൽ അവസാനിക്കുന്നു.
എന്നാൽ പുറകിലുള്ള നാലുകാലുകളും
പെണ്ണിൻരോമംപോലെ അവസാ
നിക്കുമ്പോൾ, ആണിൽ രണ്ടെണ്ണം
ശ്ലേക്ഷണികളിലാണ് അവസാനിക്ക
ന്നതു്. രണ്ടരികിലുമുള്ള രോമ
ങ്ങളിൽ മറ്റൊന്നായാണ് അവസാനിക്ക

ഒരു ദയനീയ യാത്ര

★

— മന്നാർ കെ. പി. —

യാമിനിയാമദ്യമാരംഭമാകവെ,
വ്യോമത്തിലങ്ങിങ്ങുതങ്ങിയചെമ്മുകിൽ-
അന്തിമാർത്താണ്ഡനെത്തേടിഗമിക്കയാ-
ലെന്തിനോ;പൊങ്ങിരജതവൺകട്ടികൾ.
മാദകരംഗവിലാസവിലോലയും
മേദിനി പാലിൽകുളിച്ചുനിന്നീടവെ.
മോടിയിൽകൈകളുംകെട്ടിയടിച്ചിട്ട-
പാടി,യഗ്രമെത്തിലോട്ടംതടിനിതൻ,
ദക്ഷിണകൂലസ്ഥമാമൊരുഭീരുഹ-
മക്ഷിണഭംഗുലനന്തപത്രങ്ങളെ,

ചേത്തുപിടിച്ചു മരതകപ്പന്തലി-
ട്ടോത്തുപുകഴ്ത്തുന്ന, യാമിനിദേവിയെ
ആശതരംഗത്തിൻചൊൽത്തു
വേഗേന, കാമുകീകാമുകർരണ്ടുപേർ
തത്രചാഞ്ചാട്ടന്ന കൊച്ചോടമൊന്നില-
ങ്ങേത്രയുംവേഗമുപവിഷ്ടരായവർ.
പോകയാ,ണക്കരപൂകയാൻ വൈരാഗ്യ-
മൂകമരണമുഖമണ്ഡലംരണ്ടുമേ.

തോണിപോകുന്ന, യുവവിൻറെപാണിത-
ന്നീണത്തിനോളം മുറിച്ചുമുന്നോട്ടര,
കൈരവകോരകസ്പന്ദനത്താൽ കര-
മാരാൽവരിച്ചൊരപ്പാർവണചന്ദ്രനും;
പൊന്മണിവാരിവിരിച്ചുപോൽവാരിയിൽ
പൊന്തയലാട്ടുന്ന താരകാജാലവും;
കൊച്ചലകുട്ടമായ്താളമിട്ടീടവെ-
യിച്ചപോലോട്ടുന്നകൊച്ചുമീനങ്ങളും,
സച്ഛസുരഭിലസൂനവൃന്ദങ്ങളിൽ
പിച്ചവച്ചെത്തുന്നമന്ദവാതവും;
ആകെമേളിച്ചൊരാസ്ഥിയഭംഗിയി-
ലാകൃഷ്ടമല്ലീഹൃദയങ്ങളല്പവും

വീട്ടകന്ധുക്കൾധനാദിസമസ്തവും
വിട്ടുപോകുന്നതാമിയുവകാമുകർ,
കാട്ടുതീമദ്ധ്യേ കുയിലിണപോലവെ
പെട്ടുപോയയിരുംപ്രശ്നനാളങ്ങളിൽ
പ്രേമിച്ചുപാലിവർ,ജാതിവിട്ടാണുപോ
ധാമദേശാദിതൻ മാനംകെടുത്തിപോ
നാട്ടുകാർവീട്ടുകാരുകെയെതുപ്പിൻറെ-
പൂട്ടുമായെത്തി, 'ചുടണമിദ്രോഹിയെ!'
ദുഷ്ടസമുദായസൂകരത്തേറകം
വിട്ടൊഴിഞ്ഞോടുമിസ്സാധുയുവാക്കളെ,
ഭാവിതന്നുജ്വലപ്രശ്നങ്ങളാരോന്ന-
മാവിലമയിമഥിക്കുന്നമേൽക്കുമേൽ.
പോകയാണനന്യയാത്രയ്ക്കുവർവൈരാഗ്യ
മൂകമരണമുഖമണ്ഡലമപ്പൊഴും.
മാനസമൊന്നിച്ചുചേർന്നിട്ട മാധവ
മാധവിനകരുവൻവെമ്പംപികണ്ണുകളെ
അന്ധമാമാചാരദുഷ്ടനിസംഹാരി-
ച്ചെയ്തുസാധിക്കാൻ? സമുദായസർപ്പ


★

മല്ലികയുടെ ജീവിതസാഫല്യം

★

റവി. എസ്. പൊന്നമ്മ, ബി. എ. കോഴഞ്ചേരി

മാരിവില്ലൊളിമങ്ങും മാതിരിയെഴുംമനോ-
ഹാരിതയെനിക്കില്ല മന്നിനെമിനുക്കിക്കാൻ
തെല്ലുമേകളങ്കത്തിൻ കാളിമകലരാത്തോ-
രുല്ലസദ്വിശുദ്ധിമാം വെണ്മയിൽനിർല്ലീനഞാൻ.
പോളപോൽപൊലിയുന്ന നശ്വരവിഭ്രുതിയിൽ
മേളമായ്കളിയാടാനാശയില്ലെനിക്കുള്ളിൽ.
കേവലമലങ്കാരപ്രൌഢിയിൽനൈസർഗ്ഗിക-
ശ്രീവിളയാട്ടം — വെറുംനാട്യത്തിലാത്മാർത്ഥത-
കാണുമമ്മധുപന്മാരാലപിച്ചീടും വ്യാജ-
വേണുഗാനങ്ങൾകേൾപ്പാനെൻകരംകൊതിപ്പീല
തമ്പുരിൻറെവിശുദ്ധിയെ പാത്തുംപരിഹാസ-
ഗീതകളുരിയാടും ഞാനതുശ്രദ്ധിപ്പീല
എങ്കിലുമവധാനപൂർവകം കാക്കുന്നുഞാൻ
പങ്കിലമാക്കീടാതെയെന്നുടെപരിസരം
എങ്കരംപുലർത്തുന്ന പൂമണംപരത്തിഞാൻ
പങ്കമറ്റൊരുത്തന്റെ സന്ദേശമിളയ്ക്കുകും
പണ്ടൊക്കെപെഴിഞ്ഞോരു പാശ്ചാത്തികളീഷ്യ
പൂണ്ടെന്നെനോക്കും; മമപാതപിന്തുടർന്നീടും.
ചെറുതെങ്കിലുമെൻറെജീവിതം സേവാവൃത-
പരിപൂരിതമാക്കി സാഫല്യമടയുംഞാൻ.
സതതം സുനിർമ്മലസ്നേഹത്തിൻ മനോജ്ഞമാം
മധുവാൽമഹിയാകെ-യാർദ്രമായ്ത്തീർത്തിടുംഞാൻ.



ന്നത്. ഈ സന്ദർഭത്തിലാണ് സംയോഗത്തിന് വളരെ സഹായിക്കുന്ന പെൺജീവിയിൽ ജനനേന്ദ്രിയം അതുവ്യക്തമായിക്കാണാൻ കഴിയുന്നില്ല. എന്നാൽ ആൺജീവിയിൽ "സ്തംഭം" താങ്ങോട്ടുകുടിയ (Horny Support) ശിശ്നം വൃഷ്ണഭാഗത്തുവളരെ വ്യക്തമായി കാണാവുന്നതാണ്. സംയോഗസമയത്തു് പെൺജീവി ആണിനെറ മുകളിൽ സ്ഥിതി ചെയ്യുന്നു.

ഇതിനെറ ലാർവ(Larva) ആൺജീവിയേക്കാളും ചെറുതാണ്. ആഹാരുത്തിനുവേണ്ടി ലാർവയ്ക്കുണ്ട്. പ്രായപൂർത്തി വന്നുകൊണ്ടിരിക്കുമ്പോൾ തൊലിയുരിഞ്ഞുപോയിക്കൊണ്ടിരിക്കുന്നു പ്രായപൂർത്തിയെത്തുന്നതിനുമുമ്പ് കുറഞ്ഞതു് മൂന്നാവസ്ഥാവ്യത്യാസമെങ്കിലും തൊലി ഉരിഞ്ഞുപോകുന്നുണ്ട്. പ്രായപൂർത്തിയായ ലാർവയിൽമാത്രമേ ജനനേന്ദ്രിയങ്ങളും പുതിയ ഏട്ടുകാലുകളും കാണാൻ സാധിക്കുകയുള്ളു. പുതിയ കാലുകൾ രൂപംപ്രാപിക്കുന്നതോടുകൂടി ആദ്യമുണ്ടായിരുന്നവകെ ഴിഞ്ഞുപോകുന്നു. തന്മൂലം ചില പ്രത്യേകസമയങ്ങളിൽ പ്രായപൂർത്തിയെത്തിയ ലാർവയെ പരിശോധിച്ചുനോക്കുകയാണെങ്കിൽ പതിനാലു കാലുകൾ കാണാൻസാധിച്ചെന്നും വന്നേക്കാം.

ഇവ അധികമ്മം തുള്ളിച്ചാണ് മുട്ടയിടുന്നതു്. ദിവസംപ്രതി ഒരുമുട്ടവീതം ഇടുന്നു. പ്രതികൂലപരിതഃസ്ഥിതികളൊന്നും സംഭവിക്കുന്നില്ലെങ്കിൽ പെൺജീവി ഒരാഴ്ചയോളം മുട്ടയിട്ടതിനുശേഷം ചത്തുപോകുന്നു. അപ്പോഴേക്കും മുട്ടവിരിയുകയും, ക്ര

(തുടരും 34-ാം പേജിൽ)



ലോകവൃത്താന്തഗതി

ഏതാണ്ടു് പന്ത്രണ്ടുദിവസമായി ഇന്ത്യയും പാകിസ്ഥാനും തമ്മിൽ പ്രകടമായി വന്ന സൗഹാർദ്ദം, തക്കുടം പരിഹരിക്കുവാൻ ഇരുരാജ്യങ്ങളുടെയും പ്രധാനമന്ത്രിമാർ തമ്മിൽ നേരിട്ടു് ആലോചനകൾ നടത്തുന്നതാണെന്ന ഒരു ദ്യോതകപ്രഖ്യാപനത്തോടെ കൂടി തൽ ദ്വിദിനമായിത്തീർന്നുകൊണ്ടിരിക്കുന്നു. ബ്രിട്ടീഷ്‌രാജ്ഞിയുടെ കിരീടധാരണം സംബന്ധിച്ചു ലണ്ടനിലെത്തുന്ന പ്രധാനമന്ത്രിമാർ ജൂൺ ആദ്യം തമ്മിൽകണ്ടു് പ്രാരംഭചർച്ചകൾ നടത്തുന്നതും തുടർന്നു് ജൂലൈ ആദ്യം കാഠ്മണ്ഡുവിൽവച്ചു സവിശേഷമായ ചർച്ചകൾ നടത്തുന്നതുമാണു്. ഈ ചർച്ചകൾക്കുള്ള കാര്യപരിപാടി ഇരുരാജ്യങ്ങളിലെയും ഉയർന്ന ഉദ്യോഗസ്ഥന്മാർ കൂടിയാലോചിച്ചു തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ടു്, കാഷ്മീർപ്രശ്നം അടക്കം ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള എല്ലാ തർക്കവിഷയങ്ങളും ഈ ചർച്ചകളിൽ ആലോചനയ്ക്കുവരുന്നതാകുന്നു. ഇതിനുമുമ്പും ഇന്ത്യയിലേയും പാകിസ്ഥാനിലെയും പ്രധാനമന്ത്രിമാർ തമ്മിൽ കൂടിക്കാഴ്ചകളും ആലോചനകളും നടന്നിട്ടുണ്ടെങ്കിലും അന്നൊന്നും കാഷ്മീർപ്രശ്നം ചർച്ചയ്ക്കുവന്നിരുന്നില്ല. എന്തെന്നാൽ പ്രസ്തുതപ്രശ്നം ഐക്യരാഷ്ട്രസംഘത്തിന്റെ ആലോചനയ്ക്കു സമർപ്പിക്കപ്പെട്ടിരുന്ന ഒരു വിഷയമായിരുന്നു. എന്നാൽ കാഷ്മീർപ്രശ്നത്തിനും എൻ. തന്നെ പരിഹാരം ഉണ്ടാക്കണമെന്നു് അഭിപ്രായഗതിക്കു ഇപ്പോൾ മാറ്റംസംഭവിച്ചിട്ടുണ്ടു്. മാറിമാറിവരുന്ന രാഷ്ട്രങ്ങളുടേയും അഭിപ്രായം ഇതുതന്നെ എന്നതോന്നുന്നു. അമേരിക്ക ഈ അഭിപ്രായത്തിലെത്തിയിട്ടുണ്ടെന്നുള്ളതിനു് ഡള്ളസ്സിന്റെ യും അല്ലന്റെയും ഈയിടെയിലെ പ്രസ്താവനകളും സൂചനകളും നൽകുന്നുണ്ടു്. ഇന്ത്യയ്ക്കും പാകിസ്ഥാനും ഇതുതന്നെയാണു് അഭിപ്രായമെന്നതോന്നുന്നു. പ്രധാനമന്ത്രി നെഹ്റു തന്റെ ഇംഗിതം എന്തെന്നു പ്രസ്താവിച്ചുകഴിഞ്ഞു. കാഷ്മീർപ്രശ്നത്തിന പരിഹാരമുണ്ടാക്കിക്കഴിഞ്ഞാൽ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ഇതരപ്രശ്നങ്ങളും പരിഹരിക്കുവാൻ വിഷമമുണ്ടാകുകയില്ല. രണ്ടു രാജ്യങ്ങളും തമ്മിലുള്ള തർക്കങ്ങളും പ്രധാനമന്ത്രിമാരുടെ കൂടിയാലോചനകൾവരെ നീട്ടിക്കൊണ്ടുപോകുവാൻ ഇരുരാജ്യങ്ങളും ഉദ്ദേശിച്ചിട്ടില്ല. അതിനുമുമ്പായി പരിഹാരമുണ്ടാക്കാവുന്നതു കായ്യങ്ങൾക്കു പരിഹാരമുണ്ടാക്കണമെന്നാണു് ഇരുരാജ്യങ്ങളുടെയും നിശ്ചയം. അപ്രകാരം പ്രവർത്തിക്കുവാൻ അതായുവർപ്പുകൊണ്ടു് ഓരോശവമെന്റും ഉത്തരവുനൽകിക്കഴിഞ്ഞു. അതിലേക്കു് ഒരു സ്റ്റിയറിംഗ്കമ്മിറ്റിയും നിയുക്തമായിട്ടുണ്ടു്. രണ്ടുരാജ്യങ്ങളും തമ്മിലുള്ള ഒരു തർക്കവിഷയമായിരുന്ന കൃഷ്ണൻ വെള്ളപ്രശ്നത്തിനു ഇതനകാതെ തന്നെ പരിഹാരം ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ടു്. ഇതേസംബന്ധിച്ചുണ്ടായിട്ടുള്ള തീരുമാനം ഒന്നു പരീക്ഷിച്ചുനോക്കാമെന്ന രണ്ടുരാജ്യങ്ങളും തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനം ഏപ്രകാരം നടപ്പിൽവരുത്തണമെന്ന ശ്രദ്ധിക്കുവാൻ ഓരോ രാജ്യവും ഓരോ കമ്മീഷനെയും നിയമിച്ചിട്ടുണ്ടു്.

സിലോണും ഇന്ത്യയും തമ്മിലുള്ള തർക്കപരിഹാരവും ദ്രുതഗതിയിലാകുന്നുണ്ടു്. സിലോണിലുള്ള പത്തുലക്ഷം ഇന്ത്യാക്കാരെ ബാധിക്കുന്ന ഒരു ഉടമ്പടി ലണ്ടനിൽവച്ചു് നെഹ്റുവും സേനാനായകും തമ്മിൽ ഒപ്പുവയ്ക്കുമെന്നും അതിന്റെ നക്കൽ കൈമാറിക്കഴിഞ്ഞുവെന്നും നേരത്തെ റിപ്പോർട്ടുണ്ടായിരുന്നു. ഈ വാർത്തയെ ഇരുപ്രധാനമന്ത്രിമാരും നിഷേധിച്ചിരിക്കുന്നു. എന്നാൽ സിലോണിന്റെ പൗരത്വപ്രശ്നത്തിനു പരിഹാരമുണ്ടാകുമെന്നുള്ളതിനു വ്യക്തമായ സൂചനകളുണ്ടു്. നെഹ്റുവും സേനാനായകും തമ്മിൽ ലണ്ടനിൽവച്ചുകാണുന്നതിനു പുറമെ ഡൽഹിയിൽവച്ചും കാണുമെന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. സിലോണിന്യൻകാരുടെ വിക്ഷോഭകരമായ സംബന്ധിച്ചു കൊളമ്പിലെ ഇന്ത്യൻഹൈക്കമ്മിഷണർ നടത്തിവന്ന സംഭാഷണം ഫലപ്രദമായിത്തീർന്നിട്ടുണ്ടെന്നും അറിയുന്നു.

ബർമ്മയും ഇന്ത്യയും തമ്മിലുള്ള ബന്ധം എത്ര സൗഹാർദ്ദപരമായിരുന്നു. അതിത്തിദേശത്തു രണ്ടു രാജ്യങ്ങളിലെയും പ്രധാനമന്ത്രിമാർ ചേർന്നു നടത്തിയ സമ്മേളനം ഈ സൗഹൃദത്തിന്റെദാർഢ്യത്തെയാണു് കുറിക്കുന്നതു്. അങ്ങിനെ പൂർവ്വദേശത്തു ഇന്ത്യയുടെ നില അമരം അംഗീകരിക്കപ്പെടേണ്ട ഒരു ഘട്ടത്തിൽ എത്തിയിരിക്കുന്നു. അതുകൊണ്ടെന്നായാണു് മദ്ധ്യപൂർവ്വ ദേശത്തെ പര്യടനം മാത്രം ഉദ്ദേശിച്ച പുറപ്പെട്ട ഡള്ളസ്സു് ഇന്ത്യയും സന്ദർശിക്കുവാൻ തയ്യാറായതു്. ഇതുവരെ ഇന്ത്യയെ ശ്രദ്ധാപൂർവ്വം വിമർശിക്കുക പതിവായിരുന്ന സിലോൺ മന്ത്രി സർ ജോൺകോട്വാല അഭിപ്രായപ്പെട്ടതു് ഈ ഘട്ടത്തിൽ ശ്രദ്ധേയമാണു്. അദ്ദേഹം പറഞ്ഞു: "ദക്ഷിണപൂർവ്വേഷ്യയിലെ നാലു അംഗരാഷ്ട്രങ്ങളായ ഇന്ത്യയും, പാകിസ്ഥാനും, സിലോണിനും, ബർമ്മയും, ലോകരാഷ്ട്രഗണനയിൽ ഒരു മഹാധാർമ്മികശക്തിയായി അംഗീകരിക്കപ്പെട്ടു മുന്നോട്ടു പോകുവാൻ കഴിയും."

* * *

ഇങ്ങിനെ പൂർവ്വദേശത്തെ മറ്റൊരു ധാർമ്മികശക്തിയായല്ല ഇന്ത്യ ഉയർന്നുവന്നിരിക്കുന്നതു്. ലോകമൊട്ടുക്കുള്ള രാഷ്ട്രങ്ങളും ഇന്ത്യയുടെ നേതൃത്വത്തെ സ്വീകരിക്കുവാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ടു്. കൊറിയൻ സന്ധിപ്രഖ്യാപിച്ചു രൂപീകരിക്കപ്പെട്ടിരുന്ന സമിതിയുടെ അദ്ധ്യക്ഷസ്ഥാനം മദ്ധ്യസ്ഥാനം ഇന്ത്യ ആയിരിക്കുമെന്നുള്ളതിനു് സൂചനകളുണ്ടു്. ഇപ്പോൾ ഇന്ത്യയും ബ്രിട്ടനുംതമ്മിൽ തലപൊക്കിയിട്ടുള്ള അസ്വസ്ഥതകൾക്കു പരിഹാരം ഉണ്ടാക്കുന്നതു് ഇന്ത്യൻ പ്രധാനമന്ത്രി നെഹ്റുവായിരിക്കുമെന്നു കരുതുന്നു. ലണ്ടനിലേയ്ക്കുള്ള മാർഗ്ഗമദ്ധ്യേ കെയ്റോ വിമാനത്താവളത്തിൽവച്ചു് നെഹ്റുവും നാസറും തമ്മിൽ ചർച്ചകൾ നടത്തുകയുണ്ടായി. മടക്കയാത്രയിൽ ഏതാണ്ടു് ദിവസം ഈജിപ്തിൽ പര്യടനം നടത്തുവാൻ നെഹ്റു ഉദ്ദേശിച്ചിട്ടുമുണ്ടു്. താൻ കിരീടധാരണത്തിനു പോകുന്നെങ്കിലും അതു മാത്രമല്ല തന്റെ യാത്രോദ്ദേശമെന്നു നെഹ്റു പറഞ്ഞുകഴിഞ്ഞു. സാമ്രാജ്യത്വീയലോകവീക്ഷണവും നീതിയും അനുസരിച്ചു് അദ്ദേഹം കിരീടധാരണത്തിൽ സംബന്ധിക്കുന്നുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷേ അതോടൊപ്പംതന്നെ സുപ്രധാനങ്ങളായ പല പ്രശ്നങ്ങളും ചർച്ചചെയ്യപ്പെടുന്ന കൺഫറൻസുകളിൽ പങ്കെടുക്കുകയും ചെയ്യും. ഈ ചർച്ചകളുടെ ഫലമായി ലോകക്ഷേമത്തിന്റെ മാർഗ്ഗത്തിൽ ശുഭമായ പുരോഗതി ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. തന്റെ ഇന്ത്യയുടേയും ഇന്ത്യൻ ജനങ്ങളുടേയും സ്ഥാനപതി എന്ന നിലയ്ക്കാണു് ലണ്ടനിലേക്കു പോകുന്നതെന്നു് നെഹ്റു പറഞ്ഞതു് അർത്ഥവത്താണു്.

* * *

ഐക്യകേരളമോ, തിരു-കൊച്ചിയുടെ മദ്രാസ് ലയനമോ ഏതാണു് വേണ്ടതെന്ന പ്രശ്നം ഇന്നു മലയാളികളുടെ ചിന്താവിഷയമായിത്തീർന്നിരിക്കുന്നു. അടുത്ത അവസരത്തിൽ പാലക്കാട്ടുവച്ചു കൂടിയ മലബാർ കോൺഗ്രസ് സമ്മേളനം തിരുവിതാംകൂർ-കൊച്ചിയേയും കൂടികിനേയും അവശിഷ്ടമദ്രാസിനോടുചേർത്തു് ഒരു ദക്ഷിണപ്രവിശ്യ രൂപീകരിക്കണമെന്ന പ്രമേയം അംഗീകരിച്ചിരിക്കുന്നു. ഈ പ്രമേയത്തിന്റെ ചർച്ചാവേളയിൽ ശ്രദ്ധേയമായ എതിർപ്പൊന്നുമുണ്ടായിരുന്നില്ലെങ്കിലും അങ്ങിനെ എതിർത്തവരുടെ എണ്ണം തീരെത്തന്നെ കുറവായിരുന്നു. ഐക്യകേരളവാദികളായിരുന്ന പ്രമേയത്തെ എതിർത്തവർ. സമ്മേളനത്തിന്റെ സ്വാഗതസംഘാധ്യക്ഷനായ ഡോ: ഏ. ആർ. മേനോൻ മലബാറും തിരുവിതാംകൂർ കൊച്ചിയോടുചേർത്തു് ഐക്യകേരളം സൃഷ്ടിക്കുന്നതിനു് തികച്ചും എതിരായിരുന്നു. കൊച്ചിയെ വേർപ്പെടുത്തി മലബാറിനോടു ചേർത്തു് രണ്ടും മദ്രാസിന്റെ ഒരുഭാഗമായിത്തീരുന്നതിനോടായിരുന്നു അദ്ദേഹത്തിന്റെ ആഭിമുഖ്യം. സമ്മേളനം ഉൽഘാടനംചെയ്ത രാജാജി ഈ നിർദ്ദേശത്തോടു തനിക്കു താല്പര്യം ഒന്നുമില്ലെന്നു പ്രസ്താവിക്കുകയുണ്ടായി. അദ്ധ്യക്ഷതവഹിച്ച കട്ടിമാളുഅമ്മ ഏതെങ്കിലും സുനിശ്ചിതമായ നിർദ്ദേശം നൽകാതെ കത്തിരിക്കുവാൻ ഉപദേശിക്കുകയാണു ചെയ്തതു്. എന്നാൽ അവരുടെ അഭിപ്രായംകൂടിയായ മദ്രാസ്സിലെ മുൻമന്ത്രി കോശിപ്പറഞ്ഞു മാധവമേനോൻ ഐക്യകേരളത്തിനുവേണ്ടി ശക്തിയായി വാദിച്ചു. തിരുവിതാംകൂർ പ്രദേശത്തും മദ്രാസ് ലയനത്തെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും ഉണ്ടു്. ഉദയഭാനുവും കെ. പി. നീലകണ്ഠപ്പിള്ളയും ലയനത്തെ അനുകൂലിക്കുമ്പോൾ ജി. പരമേശ്വരൻപിള്ള അതിനെ എതിർക്കുകയാണു ചെയ്യുന്നതു്.

രാജാജി കോൺഫറൻസിൽ ചെയ്ത പ്രസംഗത്തിന്റെ കമ്മ്യൂണിസ്റ്റുകാരുടെ തന്ത്രങ്ങളെ ആക്ഷേപിക്കുകയുണ്ടായി.

* * *


ഫ്രഞ്ചുമന്ത്രിസഭ രാജിവച്ചിരിക്കുന്നു. യുദ്ധാനന്തരം പതിനെട്ടാമത്തെ പ്രാവശ്യമാണു് അവിടെ മന്ത്രിസഭാസ്തംഭനം ഉണ്ടാകുന്നതു്.

* * *


അമേരിക്ക ആറ്റംഷെല്ലും പരീക്ഷിച്ചു നോക്കിയിരിക്കുന്നു. ഹിരോഷിമതകർത്ത തർപ്പണമാക്കിയ അതേ ശക്തിയുള്ള ആറ്റംഷെല്ലാണു് നെവാഡയിൽവച്ചു പരീക്ഷിച്ചുനോക്കിയതു്. ഈ ഷെല്ലിനേക്കൊപ്പം മഹാശക്തിയുള്ള മറ്റൊരു മാരകായുധംകൂടി വലിപ്പിച്ചിരുന്നത്രേ. ഈ ഷെല്ലിന്റെ പരീക്ഷണം 'വിജയപ്രദ'മായിരുന്നുവെന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു.

രണ്ടാമതു അഖിലേന്ത്യാ വക്കീംഗ് ജസ്റ്റലിസ്റ്റ് ഫെഡറേഷൻ വാർക്കിംഗ് തിരുവനന്തപുരത്തുവച്ചു നടന്നു. എം. ചലപതിറാവു ആണു് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചതു്. രാജപ്രമുഖൻ സമ്മേളനം ഉൽഘാടനംചെയ്തു. ഈ സമ്മേളനത്തോടനുബന്ധിച്ചു് തിരുവിതാംകൂർ-കൊച്ചി വക്കീംഗ് ജസ്റ്റലിസ്റ്റ് അസോസ്യേഷന്റെ വാർക്കിംഗും കൂടി. എം. രാമറാവു ആണു് ഈ യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചതു്.

ശങ്കേഴ്സ് വീക്ക്ലിയുടെ ആഭിമുഖ്യത്തിൽ നടന്ന കുട്ടികളുടെ കലാമത്സരത്തിനു ലഭിച്ച ചിത്രങ്ങൾ തിരുവനന്തപുരത്തു വിമൻസ് കോളേജ് ഹാളിൽ പ്രദർശിപ്പിച്ചിരുന്നു. സ്പീക്കർ കെ. പി. നീലകണ്ഠപ്പിള്ളയാണു പ്രദർശനം ഉൽഘാടനം ചെയ്തതു്.



നാർഫക്കിലെ ഡ്യൂക്ക് ആണ് ഇംഗ്ലണ്ടിലെ ഏറ്റവുമാർക്കാം. കിരീടധാരണം സംബന്ധിച്ച ജോലികളുടെ നിർവഹണം ഏറ്റവുമാർഷലിലാണ് നിക്ഷിപ്തമായിരിക്കുന്നത്.




എലിസബത്തു് രാജ്ഞിയും കാമൺവെൽത്തു് പ്രധാനമന്ത്രിമാരും (ഇൻഡ്യയുടെയും ഭക്ഷിണാഫ്റിക്കയുടെയും ധനകാര്യമന്ത്രിമാരാണ് ചിത്രത്തിൽ. മി: നൂസ്സിമുളീൻ പാക്കിസ്ഥാൻ മന്ത്രിപദത്തിൽനിന്നു നീക്കംചെയ്യപ്പെട്ടിരിക്കുകയുമാണ്.)

(32-ാം പേജിൽനിന്നും തുടർച്ച)


മേണ ലാർവയാക്കുകയും, പൂണ്ണവള ർച്ചയിലെത്തുകയുംചെയ്യുന്നു. സംയോഗാനന്തരം പെൺജീവി ഗർഭം ധരിക്കുകയും മുട്ടയിട്ടുതുടങ്ങുകയും, ഒരാഴ്ചയോളം തുടർന്നു മുട്ടയിട്ടതിനുശേഷം ചാവുകയും അങ്ങനെ അവയുടെ ജീവിതചക്രം നിർവ്വിഘ്നം നടന്നുകൊണ്ടിരിക്കുകയുംചെയ്യുന്നു. ആൺജീവികളുടെ ചർമ്മത്തെ തുളയ്ക്കുന്നില്ല. അധിതലീയം (epitheliam) ഉരിഞ്ഞുപോകുന്നതനുസരിച്ച് ചർമ്മപ്രതലത്തിൽ പ്രവേശിച്ച് ചുറ്റിത്തിരിയുകമാത്രമേ ചെയ്യുന്നുള്ളൂ.


ഈ ജന്തു ശരീരത്തിലെവിടെയെങ്കിലുമുണ്ടെങ്കിൽ ആഭാഗത്തു് അതിയായ ചൊറിച്ചിൽ ഉണ്ടായിരിക്കും. കാൽ കയ്യു്, ബാഹ്യജനനേന്ദ്രിയം ഇവ ശരീരവുമായി ചേരുന്ന ഭാഗങ്ങളിലാണ് ഇവ പ്രധാനമായി അധിവസിക്കാറുള്ളതു്.


ഈ ജീവികളുള്ള സാധനങ്ങളും, തുണി, കിടക്ക, രോഗബാധിതമായ ചർമ്മം എന്നിവകളുമായുള്ള സമ്പർക്കം മൂലം 'ചൊറിച്ചിലന്തി' മറ്റു ശരീരങ്ങളിലേയ്ക്കും വ്യാപിക്കുന്നു. Postular Ereption എന്ന രോഗത്തിനു് കാരണക്കാർ ഈ ജീവികളാകുന്നു.




വില്യം ഒന്നാമന്റെ കിരീടധാരണം 1066. ഉദ്ദേശം 1475-ൽ ഇംഗ്ലണ്ടിലെ എഡ്വർഡ് നാലാമനുവേണ്ടി തയാറാക്കപ്പെട്ട ഒരു കയ്യെഴുത്തു ഗ്രന്ഥത്തിൽനിന്നും. ഇതിപ്പോൾ ബ്രിട്ടീഷു് മ്യൂസ്യത്തിലാണ്.










കൊല്ലംകോട്ടരാജാസാഹിബിന്റെ അനന്തരവൾ ശ്രീമതി ശാരദ നാട്ടി ബി. എ. യും, മദ്രസ് ക്രിസ്ത്യൻ കോളേജിലെ അസിസ്റ്റൻറ് ശ്രീ. വി. രാമചന്ദ്രൻ എം എ. യും തമ്മിലുള്ള വിവാഹം കൊല്ലംകോട്ടവച്ചു ആഘോഷിക്കപ്പെട്ടിരിക്കുന്നു. തഞ്ചാവൂർ ശ്രീ: കെ. വെങ്കിട്ടരാമയ്യരുടെ പുത്രനാണ് വരൻ.



ശ്രീ ചട്ടമ്പിസ്വാമിതിരുവടികളും



യു. എസ്. ആർമി നഴ്സ് കോറിലെ ലെഫ്: മിൽഡ്രഡ് എൽ. റഷ്, വാഷിംഗ്ടനിലെ വിമൻസ് നാഷനൽ പ്രസ് ക്ലബ്ബ് കൊറിയായിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ അമേരിക്കൻ നഴ്സുകളുടേയും പേരിൽ "ഈ വർഷത്തെ വനിത" എന്ന നിലയിൽ മിൽഡ്രഡ് റഷിനെ ബഹുമാനിക്കുകയുണ്ടായി. പ്രസ്തുത സേവനത്തിനുള്ള ഒരു അവാർഡും തൽസംബന്ധമായി അവർക്കു നൽകപ്പെട്ടു. കൊറിയായിലെ യു. എസ്. സേനകളുടെകൂടെ റഷ് നിർവ്വഹിച്ച പ്രശസ്തസേവനത്തിനാണ് ഈ സമ്മാനം നൽകപ്പെട്ടതു്.

ടത്തു് മുകളിൽനിന്നു താഴോട്ടു്—

1. ശതവത്സരാഘോഷം പന്മന ആശ്രമത്തിൽവച്ച ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ സമാധിദിനത്തിൽ, അടുത്തകിണ്ടത്തിൽ ശതവത്സരാഘോഷങ്ങളും നടത്തുന്നതിനെപ്പറ്റി ശ്രീ: മള്ളൂരിന്റെ അദ്ധ്യക്ഷതയിൽ കൂടിയയോഗം ചിത്രത്തിൽ ശ്രീ: മള്ളൂർ, കവിയൂർ സ്വാമികളും, ഡോക്ടർ വേലായുധൻനായർ, വിദ്യാനന്ദതീർത്ഥപാദസ്വാമികളും, കേരളഹിന്ദുമിഷ്യൻ പ്രസിഡൻറ് ശ്രീ. ശങ്കരനാരായണയ്യർ ശ്രീ: മന്നത്തു പത്മനാഭൻ, പുത്തേഴത്തു രാമൻമേനോൻ, തുരുനാട്ടു കുഞ്ഞൻപിള്ള എൻ. ഗോപാലപിള്ള (പ്രിൻസിപ്പൽ, എസ്. എൻ കൃഷ്ണപിള്ള മുതലായവരെ കാണാം. 2 പന്മന ബാലഭട്ടാരകേശ്വരക്ഷേത്രത്തിൽ നടന്ന ചട്ടമ്പിസ്വാമിതിരുവടികളുടെ സമാധിദിനത്തിൽ യോഗത്തിനുശേഷമെടുത്ത ഫോട്ടോ. (ഇടത്തുനിന്നു) മെ വി കെ. വേലപ്പൻ, മന്നത്തു പത്മനാഭൻ, മള്ളൂർ ഗോവിന്ദപ്പിള്ള, വിദ്യാനന്ദതീർത്ഥപാദസ്വാമികളും, പുത്തേഴം, ശങ്കരനാരായണയ്യർ, കുമാളത്തുശങ്കുപ്പിള്ള, ബാരിസ്റ്റർ എം. ആർ. നാരായണപിള്ള, ഡോക്ടർ വേലായുധൻനായർ, കുമരകം പരമേശ്വരൻപിള്ള, ഡോക്ടർ പി. ജി. പിള്ള മുതലായവർ. 3 സമാധിദിനത്തിൽ പന്മന ആശ്രമത്തിൽ ശ്രീ കവിയൂർ സ്വാമികളും, സംസ്കൃതകോളേജ് പ്രിൻസിപ്പാൾ എൻ. ഗോപാലപിള്ള, തുരുനാട്ടു കുഞ്ഞൻപിള്ള, ശ്രീ: കൃഷ്ണനന്ദൻ മുതലായവർ.

ഉടനെ

ചിത്രീകരണം ആരംഭിക്കുന്നു

★

കനകാ—ശോഭാ ജായിൻവ് പ്രൊഡക്ഷൻസ്

തൊഴിലാളി

(തമിഴ്)

—: നടീനടന്മാർ :—

മനോഹർ, രാംമോഹൻ, കെ. രാമസ്വാമി,
സി. വി. വി. പന്തലു, കൃഷ്ണകുമാരി, സി. ആർ.
രാജകുമാരി, കുമാരി തുളസി, സി. ആർ. ലക്ഷ്മി
മറ്റു അനേകം അനുഗ്രഹിത നടീനടന്മാർ.

★

ഡയറക്ഷൻ: ഗോപാൽ.

മ്യൂസിക് ഡയറക്ഷൻ: പി. എസ്. ദിവാകർ.

കഥ—സംഭാഷണം: മുട്ടത്തു വക്കി.

സൂപ്പർവിഷൻ: കെ. വേമ്പു. ★ ക്യാമറാ: പി. ബാലസുബ്രഹ്മണ്യം.

സ്റ്റുഡിയോ—രേവതി.

For Particulars:-

SHOBHA PRODUCTIONS,

34 A San Thome High Road,

MYLAPORE, MADRAS.

Edited, printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.